മാവേലിക്കര ജില്ലാ കൃഷിഫാമിൽ ഒരു സെക്യൂരിറ്റി ജീവനക്കാരൻ മാത്രമാണുള്ളത്. ഈ ജീവനക്കാരന് സെയിൽസ് കൗണ്ടറിലെ വിൽപ്പനയുടെ ചുമതലയാണ് നൽകിയിരിക്കുന്നത്. കാർഷിക വേലകൾക്ക് വേണ്ടി നിയമിത രായ ജീവനക്കാരിൽ പലരും 'സെക്യൂരിറ്റി ' വേലകളാണ് ചെയ്യുന്നത്. ഇപ്രകാരം സെക്യൂരിറ്റി ജോലികളിൽ നിയോഗി ക്കുന്നവർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നതും ശ്രദ്ധയിൽപ്പെട്ടു. പൊതുഖജനാവിൽ നിന്ന് പണം കൈപ്പറ്റുന്നവരെ നിയോ ഗിക്കപ്പെട്ട തൊഴിൽ ചെയ്യിക്കാതെ മറ്റ് തൊഴിലിന് നിയോഗിക്കുന്നത് ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കും.

എറണാകുളത്തെ ഒക്കൽ സീഡ് ഫാമിലും സ്ഥിരം തൊഴിലാളികളുടെ 38 തസ്തികകൾ ഒഴിവുണ്ട്. സാമൂഹ്യ വിരുദ്ധരുടെ ശല്യമുള്ള ആലുവ സീഡ് ഫാമിൽ വാച്ച്മാന്റെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. തൃശ്ശൂരിലെ പാണ ഞ്ചേരി ഫാമിൽ സ്ഥിരം തൊഴിലാളികളുടെ 43 തസ്തികകളിൽ ഒരു ആൾ മാത്രമാണുള്ളത്.

മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമിൽ 65 തൊഴിലാളികളുടെ തസ്തികയിൽ 21 തൊഴിലാളികൾ മാത്രമേ നിലവിലുള്ളൂ. കർഷകത്തൊഴിലാളികളുടെയും ഫീൽഡ് ജീവനക്കാരുടെയും തസ്തികകൾ 66% ഒഴിഞ്ഞു കിടക്കുന്നതു കൃഷിഫാമിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. പുതിയ നിയമനം നടത്താൻ സാങ്കേതിക പ്രയാസമുള്ള സാഹചര്യത്തിൽ പീസ് വർക്ക് കരാർ മുഖേന തൊഴിലാളികളെ കണ്ടെത്താൻ ഫാം അധികൃതർക്ക് അനുമതി നൽകാവുന്നതാണ്.

കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷിഫാമിൽ 67 സ്ഥിരം തൊഴിലാളികളുടെ തസ്തികയിൽ 37 എണ്ണം ഒഴിഞ്ഞു കിടക്കുകയാണ്.

കോഴിക്കോട് ജില്ലാപഞ്ചായത്തിനു കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രത്തിൽ 2 കൃഷി അസിസ്റ്റന്റുമാർ, 12 സ്ഥിരം തൊഴിലാളികൾ, 12 കാഷ്വൽ തൊഴിലാളികൾ എന്നീ തസ്തികകൾ മാത്രമാണുള്ളത്. മേലടി ബ്ലോക്ക് പഞ്ചായത്ത് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മേൽ നോട്ടത്തിലാണ് ഫാം പ്രവർത്തിക്കുന്നത്. ഒരു കൃഷി ഓഫീസറുടെ മേൽനോട്ട ചുമതല ഉണ്ടാവേണ്ടതാണ്. ഫാമിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് അത്യന്താപേ ക്ഷിതമാണ്. നിലവിലെ ജീവനക്കാർക്കൊപ്പം ഒരു കൃഷി ഓഫീസറുടേയും ഒരു ക്ലാർക്കിന്റെയും തസ്തികകൂടി ലഭ്യമാ യാൽ വടക്കൻ ജില്ലകളിലെ കേരകർഷകർക്ക് മുഴുവൻ പ്രയോജനകരമാകും വിധം തെങ്ങിൻതൈ ഉൽപ്പാദനത്തിലും വൈവിധ്യവൽക്കരണത്തിലും ക്ഷമത കൈവരിക്കാൻ ഫാമിന് കഴിയും.

സംസ്ഥാനത്തെ എല്ലാ സീഡ് ഫാമുകൾക്കും, ഒരു ക്ലാർക്ക് തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും, കാസറഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ പ്രസ്തുത തസ്തിക അനുവദിച്ചിട്ടില്ല. എസ്റ്റാബ്ലിഷ്മെന്റ് വർക്കുകൾ ചെയ്ത് തീർക്കേണ്ടി വരുന്നതിനാൽ കൃഷി ഓഫീസർക്ക് ഫീൽഡ് സൂപ്പർവിഷന് തടസ്സം നേരിടുന്നുണ്ട്.

പല ഫാമുകളിലും ഫാമിന്റെ പ്രവർത്തനത്തിന് അനുവദിച്ച അംഗീകൃതമായ തസ്തികകൾ പലതും പിന്നീട് സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. അത്യാവശ്യമായ തസ്തികകൾ പലതും ഒഴിഞ്ഞു കിടക്കുന്നതും കൃഷിഫാമിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. മിക്ക ഫാമുകളിലും നൈറ്റ് വാച്ചർ/വാച്ച്മാന്റെ തസ്തിക ഒഴിഞ്ഞു കിട ക്കുകയാണ്. ഫാമുകളുടെ സംരക്ഷണത്തിന് ഈ തസ്തിക നികത്തേണ്ടത് ആവശ്യമാണ്. ധാരാളം വൃക്ഷസമ്പത്തു കളും, വിവിധ വിത്തുകളും, തൈകളും, മറ്റ് വിലപിടിപ്പുള്ള കാർഷിക യന്ത്രങ്ങളും നിറഞ്ഞ ജില്ലാ കൃഷിത്തോട്ടങ്ങ ളുടെ സംരക്ഷണത്തിന് ആവശ്യമായ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന് ജില്ലാപഞ്ചായത്തധികാരികൾ ശ്രദ്ധി ക്കേണ്ടതാണ്.

ഫാമിൽ തൊഴിലാളികളെ നിയമിക്കുന്നതിന് മാനദണ്ഡങ്ങളോ വ്യവസ്ഥകളോ നിലവിലില്ല. തൊഴിലാളികളെ ആവശ്യമുള്ളപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും പിന്നീട് കാഷ്വൽ ജീവനക്കാരാക്കുകയും സ്ഥിരം തൊഴിലാളികളുടെ ഒഴിവു വരുമ്പോൾ പരിഗണിക്കുകയും ചെയ്യുന്നു. യാതൊരു മാനദണ്ഡവുമില്ലാതെ ഫാമിലെ സ്ഥിരം തൊഴിലാളികളുടെ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള അവസരമാണ് ഇതിലൂടെ ഉണ്ടാകുന്നത്. ആയതിനാൽ തൊഴിലാളികളുടെ നിയമനത്തിന് വ്യവസ്ഥയും മാനദണ്ഡവും നിശ്ചയിക്കുന്നതിന് അടിയന്തിര നടപടി കൾ ആവശ്യമാണ്.

## 5. ജലസേചന സൗകര്യങ്ങൾ ഫലപ്രദമല്ല

കൃഷിഫാമുകളുടെ പ്രവർത്തനത്തിന് ജലസേചന സൗകര്യങ്ങൾ അനിവാര്യമാണ്. പ്രവർത്തനക്ഷമതാ ഓഡിറ്റിൽ കൃഷിഫാമുകളിലെ ജലസേചന സൗകര്യം അവലോകനം ചെയ്യുകയുണ്ടായി.

### ചിറയിൻകീഴ് സീഡ് ഫാം

തിരുവനന്തപുരം ജില്ലാപഞ്ചായത്തിനു കീഴിലുള്ള ചിറയിൻകീഴ് സീഡ് ഫാമിലെ നെൽകൃഷിയിടങ്ങളിൽ മണൽ, മണ്ണ് എന്നിവയുടെ തോത് കൂടുതലാണ്. മഴയുടെ ലഭ്യത കുറവുള്ള സമയങ്ങളിൽ പാടങ്ങളിൽ ജലം സംഭരിച്ച് നിർത്തുവാൻ സാധിക്കുന്നില്ല. സ്വകാര്യവ്യക്തികൾ നീർച്ചാലുകൾ അടച്ചതാണ് ഇവിടെ ജലലഭ്യതയ്ക്ക് തടസ്സമാകുന്നത്. കിഴുവിലം ഗ്രാമപഞ്ചായത്താണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത്.

### കനാൽ ജലവും, തടയണയും ജലസേചനത്തിന് പ്രയോജനപ്പെടുന്നില്ല

അടൂർ സീഡ് ഫാമിന്റെ ജലസേചനം ഉദ്ദേശിച്ച് കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി 3 കിലോമീറ്റർ നീളത്തിൽ ഇറിഗേഷൻ കനാൽ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കോടികൾ ചെലവഴിച്ച് നിർമ്മിച്ച കനാൽ ഫാമിന് പ്രയോജനം ചെയ്യുന്നില്ല. മിക്കപ്പോഴും വെള്ളം ആവശ്യമുള്ള അവസരങ്ങളിൽ കനാൽ ജലം തുറന്നു കിട്ടാറില്ല. മാത്രമല്ല അനവസരങ്ങളിൽ വെള്ളം തുറന്നുവിടുന്നതിനാൽ വിളവെടുപ്പിനെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. കാലാകാലങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താത്തതിനാൽ കനാൽ കാടുകയറി ജലസേചനം അസാദ്ധ്യമായ അവസ്ഥയിലാണ്.

ഫാമിന്റെ ഒരു വശത്തുകൂടി കടന്നു പോകുന്ന പള്ളിക്കലാറിന് കുറുകെ പണികഴിപ്പിച്ചിട്ടുള്ള തടയണ ഇപ്പോൾ ഉപയോഗപ്പെടുത്തുന്നില്ല. ഈ തടയണയ്ക്ക് ഷട്ടറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചാൽ ചെലവില്ലാതെ ഫാമിലേക്ക് വെള്ളം തിരിച്ചു വിടാനാവും.


തടയണ ഉപേക്ഷിക്കപ്പെട്ട നിലയിൽ, അടൂർ കൃഷിഫാം

### ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രയോജനരഹിതം

അടൂർ കൃഷിഫാമിൽ 2011-12 വർഷം ജില്ലാപഞ്ചായത്ത് 2.75 ലക്ഷം രൂപ മുടക്കി നിർമ്മിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കൊണ്ട് ഫാമിന് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. 18 ഏക്കർ പാടശേഖരം ജലസേചനം നടത്തുന്നതിന് കേവലം 10 എച്ച്.പി. ശേഷിയുള്ള പമ്പ് സെറ്റാണ് സ്ഥാപിച്ചിട്ടുള്ളത്. ഇത് തികച്ചും അപര്യാപ്തമായതിനാൽ ഈ സംവിധാനം ഉപയോഗിക്കാതെ ഡീസൽ പമ്പ് ഘടിപ്പിച്ചാണ് ജലസേചനം നടത്തുന്നത്. ഇലക്ട്രിക് പമ്പ് ഉപയോഗിക്കാതെ ഡീസൽ പമ്പ് ഉപയോഗിക്കുന്നത് ഫാമിന് വൻ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നു. ജില്ലാപഞ്ചായത്തിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസം കാരണം ഡീസൽ വാങ്ങാനാകാതെ പമ്പിംഗ് മുടങ്ങുന്ന സ്ഥിതിയുമുണ്ട്. ഇത് കൃഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഫാമിന്റെ ജലസേചനത്തിന് ഉതകുന്ന ക്ഷമതയുള്ള ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിനു പകരം യാതൊരു ദീർഘവീക്ഷണവുമില്ലാതെ പദ്ധതി നടപ്പിലാക്കിയതു മൂലം ഇതിന് ചെലവഴിച്ച ലക്ഷങ്ങൾ പാഴായിരിക്കുന്നു.

### ടാങ്ക് നിറയ്ക്കാൻ ശേഷിയില്ലാത്ത പമ്പ്- പദ്ധതി പരാജയം

അടൂർ കൃഷിഫാമിലെ 'ഡി' ബ്ലോക്കിലെ 4 ഏക്കർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനായി 8.22 ലക്ഷം രൂപ ചെലവഴിച്ച് 2011-12 വർഷം ഒരു കിണറും, പമ്പ് ഹൗസും നിർമ്മിച്ചിട്ടുണ്ട്. 3 മീറ്റർ വ്യാസത്തിലുള്ള കിണറിൽ സ്ഥാപിച്ചിട്ടുള്ള പമ്പ്സെറ്റിന്റെ ശേഷി 1.5 എച്ച്.പി. മാത്രമാണ്. വൻതുക ചെലവഴിച്ച് കിണറും പമ്പ് ഹൗസും സ്ഥാപിച്ചശേഷം വേണ്ടത്ര ക്ഷമതയില്ലാത്ത പമ്പ്സെറ്റ് സ്ഥാപിച്ചത് യുക്തിരഹിതമായ നടപടിയാണ്. കൂടാതെ ഫാം ഓഫീസ് കോമ്പൗണ്ടിൽ കേരകൃഷിയുടെ ജലസേചനത്തിനും ഓഫീസ് ആവശ്യത്തിനുമായി രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ഭാഗമായി പതിനായിരം ലിറ്റർ ശേഷിയുള്ള ഒരു ടാങ്കും പൈപ്പ് ലൈനും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ടാങ്ക് നിറയ്ക്കുന്നതിന് ശേഷിയുള്ള പമ്പ് സ്ഥാപിക്കാത്തതിനാൽ അതു ഉപയോഗക്ഷമമായിട്ടില്ല. ദീർഘവീക്ഷണമില്ലാതെയും അശാസ്ത്രീയമായും പദ്ധതികൾ ആവിഷ്കരിച്ചതുമൂലം ലക്ഷ്യം കൈവരിച്ചിട്ടില്ല.

**പമ്പ ഇറിഗേഷൻ പദ്ധതിയുടെ കനാൽ ഉപയോഗപ്പെടുത്തുന്നില്ല**

സീഡ് ഫാമിലെ ജലസേചനത്തിന് വേണ്ടി ഉദ്ദേശിച്ചുകൊണ്ട് പമ്പ ഇറിഗേഷൻ പദ്ധതിയിൽ നിന്നും 700 മീറ്റർ നീളത്തിൽ ഫാമിലേക്ക് ഒരു കനാൽ നിർമ്മിച്ചിട്ടുണ്ട്. ഇത് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്താത്തതിനാൽ ശോചനീയാവസ്ഥയിലാണ്. വേനൽക്കാലത്ത് ഫാമിലേക്ക് കനാൽവഴി വെള്ളം തുറന്നുവിടുന്നതിന് അധികൃതർ നടപടി സ്വീകരിക്കുന്നില്ല. 2012 വിരിപ്പ് സീസണിൽ യഥാസമയം കനാൽ വഴി ജലം ലഭിക്കാതിരുന്നതിനാൽ വരൾച്ചയെത്തുടർന്ന് നെൽകൃഷി നശിക്കാനിടയായി. ഫാം ഓഫീസർ കാലാകാലങ്ങളിൽ ഇറിഗേഷൻ വകുപ്പിന്റെയും ജില്ലാപഞ്ചായത്തിന്റെയും മുമ്പാകെ ഈ പ്രശ്നം ഉന്നയിക്കുന്നുണ്ടെങ്കിലും പമ്പാ ഇറിഗേഷൻ പദ്ധതിയുടെ ഗുണഫലം ഫാമിന് ലഭ്യമായിട്ടില്ല. എറണാകുളം ജില്ലാപഞ്ചായത്തിനു കീഴിലുള്ള വൈറ്റില കോക്കനട്ട് ഫാം പ്രവർത്തനത്തിന് താൽക്കാലികമായി അനുവദിച്ചിട്ടുള്ള സ്ഥലത്ത് തെങ്ങിൻതൈ പരിപാലനത്തിനായുള്ള ജലസേചന സൗകര്യം പര്യാപ്തമല്ല.

**തൃശ്ശൂർ – എടത്തിരുത്തി സീഡ് ഫാം – ചെറുപുഴ ചിറയ്ക്കൽ ശുദ്ധജല പദ്ധതി പ്രവർത്തനസജ്ജമായില്ല**

മഴക്കാലത്ത് ഫാമിലെ അധികജലം ഒഴുകി പോകുന്നതിന് ജില്ലാപഞ്ചായത്ത് ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തിയ ചിറയ്ക്കൽ-ചെറുപുഴ കനാലിലേക്ക് ഫാം തോട് ബന്ധിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കാൻ 22.01.08 ലെ ഫാം കൗൺസിൽ ആവശ്യപ്പെട്ടിട്ടും സജീവമായ നടപടികൾ ജില്ലാപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. മതിയായ ജലസേചന സൗകര്യങ്ങളുടെ അഭാവംമൂലം വിരിപ്പ് കാലയളവിൽ 9.5 ഹെക്ടർ പ്രദേശം മുഴുവൻ കൃഷിയിറക്കാൻ സാധിക്കുന്നില്ല.

പാലക്കാട് ജില്ലയിലെ കോങ്ങാട് 2 കുഴൽക്കിണർ ഉണ്ടെങ്കിലും മോട്ടോർ സ്ഥാപിക്കാത്തതിനാൽ ഉപയോഗിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമിൽ വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുന്നതിന് ഒരു കിലോമീറ്റർ അകലെ പുഴയിൽ നിന്ന് വെള്ളം പമ്പ് ചെയ്ത് ഫാമിലെ കുളത്തിൽ സംഭരിക്കുന്നു. കുളത്തിൽ നിന്ന് ടാങ്കിലേക്ക് പമ്പ് ചെയ്താണ് ഫാമിന്റെ വിവിധ ഭാഗങ്ങളിലെത്തിക്കുന്നത്. കുളം, പമ്പ് ഹൗസ്, വിതരണപൈപ്പുകൾ തുടങ്ങിയവ സംരക്ഷണമില്ലാതെ നശിച്ചു തുടങ്ങിയിട്ടുണ്ട്.



നാശോന്മുഖമായ കുളം, ചുങ്കത്തറ കൃഷിഫാം

**അശാസ്ത്രീയമായ പാർശ്വഭിത്തിനിർമ്മാണം – ജലസേചന കനാൽ ഉപയോഗ്യമല്ലാതായി**

മലപ്പുറം ജില്ലയിലെ ചോക്കാട് സീഡ് ഫാമിലെ കൃഷിയിടത്തിൽ ജലസേചനത്തിന് ഉപയോഗിച്ചിരുന്ന ചെറിയ കനാലിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനും കനാൽ കൂടുതൽ ഉപയോഗപ്രദമാക്കുന്നതിനും ജില്ലാപഞ്ചായത്ത് 2008-09, 2009-10 വർഷങ്ങളിലായി 12,47,993/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തി സംബന്ധമായ രേഖകൾ ഒന്നും തന്നെ ഫാമിൽ ലഭ്യമല്ല.

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ താഴെ പറയുന്നു.

1. പാർശ്വഭിത്തി പലയിടങ്ങളിലും തകർന്നിട്ടുണ്ട്.
2. ഭിത്തി നിർമ്മാണത്തിന് കരിങ്കൽ ഡ്രൈറബിൾ & മേസണറി നടത്തുകയാണ് ചെയ്തത്. സിമന്റ് ഉപയോഗിച്ച വിടവുകൾ അടയ്ക്കാത്തതിനാൽ കനാലിലൂടെ വെള്ളം ഒഴുക്കിയാൽ വിടവുകളിലൂടെ നഷ്ടപ്പെടാൻ സാധ്യതയുണ്ട്.
3. പാർശ്വഭിത്തി നിർമ്മാണത്തിന്റെ ഭാഗമായി കനാലിന്റെ ആഴം വർദ്ധിപ്പിച്ചതിനാൽ ഫാമിലെ കൃഷിയിടത്തിന്റെ നിരപ്പിനേക്കാൾ കനാലിന് ഒരു മീറ്ററോളം ആഴക്കൂടുതലാണ്. ഇതുമൂലം കനാലിൽ ഒരു മീറ്ററിലധികം ഉയരത്തിൽ വെള്ളം കെട്ടിനിർത്തിയാൽ മാത്രമേ കൃഷിയിടത്തിലേക്ക് വെള്ളമെത്തിക്കാനാവൂ. ഫാമിലെ നിലവിലുള്ള ജലസേചന സംവിധാനമനുസരിച്ച് ഇത്തരത്തിൽ വെള്ളം കെട്ടി നിർത്തുക അസാദ്ധ്യമാണ്.

പ്രവൃത്തി നടത്തിയതിനുശേഷം കനാലിലൂടെയുള്ള ജലസേചനം നാളിതുവരെ സാധ്യമായിട്ടില്ല. അശാസ്ത്രീയമായും ഫാമിന്റെ ആവശ്യങ്ങൾ പരിഗണിക്കാതെയുമുള്ള പാർശ്വഭിത്തി നിർമ്മാണംമൂലം കനാൽ പൂർണ്ണമായും ഉപയോഗശൂന്യമായി. പ്രവൃത്തിക്ക് ചെലവ് ചെയ്ത 12,47,993/- രൂപ പാഴ്ചെലവായി മാറി.



ഉപയോഗശൂന്യമായ കനാൽ, ചോക്കാട് കൃഷിഫാം

**വികലമായി നടപ്പാക്കിയ കുളം പുനരുദ്ധാരണ പദ്ധതി**

പത്തനംതിട്ട പുല്ലാട് സീഡ് ഫാമിലെ ജലസേചനത്തിന് പ്രധാനമായും ആശ്രയിച്ചു വരുന്ന 'എ' ബ്ലോക്കിലെ കുളം പുനരുദ്ധരിക്കാൻ 2009-10 വർഷം ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിയിൽ ഉൾപ്പെടുത്തി 8 ലക്ഷം രൂപ അടങ്കലിൽ പദ്ധതി നടപ്പിലാക്കി. കുളത്തിന്റെ ആഴം നാലര മീറ്റർ വർദ്ധിപ്പിക്കുന്നതിനും വിസ്തൃതി വർദ്ധിപ്പിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. 3.94 ലക്ഷം രൂപയ്ക്ക് പൂർത്തിയാക്കിയ പദ്ധതിയിൽ കുളത്തിലെ ആഴം വർദ്ധിപ്പിക്കൽ എന്ന പ്രവൃത്തി ചെയ്തിട്ടില്ല. മാത്രമല്ല കുളത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാർശ്വഭാഗങ്ങൾ ഇടിച്ച് കുളത്തിൽ നിക്ഷേപിക്കുകയാണുണ്ടായത്. ഇക്കാരണത്താൽ കുളത്തിന്റെ ജലസംഭരണശേഷി കുറയാനിടയായി. പദ്ധതിയുടെ ഭാഗമായി പമ്പ്ഹൗസ് നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. കുളം പുനരുദ്ധാരണത്തിന് ആവിഷ്കരിക്കപ്പെട്ട പദ്ധതി വികലമായി നടപ്പാക്കിയതിനാൽ ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല.

## 6. കാർഷിക യന്ത്രവൽക്കരണം പരാജയം; ലക്ഷങ്ങൾ പാഴായി

നിലമൊരുക്കുന്നതു മുതൽ വിളവെടുപ്പും സംസ്ക്കരണവും വരെയുള്ള കൃഷിയിലെ വിവിധ രംഗങ്ങളിൽ മനുഷ്യാധ്വാനം ലഘൂകരിക്കുന്നതിന് യന്ത്രവൽക്കരണം സഹായകമാകുന്നു. ഉൽപ്പാദന ചെലവ് കുറച്ച് ഉൽപ്പാദന വർദ്ധനവിന് കാർഷിക യന്ത്രവൽക്കരണം പ്രയോജനപ്പെടുന്നു. കൃഷിഭൂമിയുടെ വിസ്തൃതി, ഉൽപ്പാദന വർദ്ധനവിന്റെ അളവ്, ഉൽപ്പാദന ചെലവ്, തൊഴിലാളികളുടെ ലഭ്യത എന്നിവ പരിഗണിച്ചാണ് കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കേണ്ടത്.

പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ഭാഗമായി ജില്ലാപഞ്ചായത്തിനു കൈമാറിയ കൃഷിഫാമുകളിൽ യന്ത്രവൽക്കരണത്തിന്റെ സാധ്യത എത്രത്തോളം പ്രയോജനപ്പെടുത്തി എന്ന് വിലയിരുത്തുകയുണ്ടായി.

18.09.95 ലെ ജി.ഒ(പി) 189/95/തസ്വഭവ പ്രകാരം കൃഷിഫാമുകളിലെ യന്ത്രവൽക്കരണം ജില്ലാപഞ്ചായത്തുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നാൽ ജില്ലാപഞ്ചായത്തുകളുടെകീഴിലുള്ള കൃഷി ഫാമുകളിലെ യന്ത്രവൽക്കരണം ഫലപ്രദമല്ല. ആവശ്യത്തിന് യന്ത്രങ്ങളുടെ അഭാവം ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. യന്ത്രങ്ങൾ അറ്റകുറ്റപ്പണി നടത്തി ഉപയോഗ്യമാക്കുന്നതിലും വീഴ്ച വരുത്തുന്നുണ്ട്. സർക്കുലർ നമ്പർ 22312/ഡി.എ.2/2011/തസ്വഭവ തീയതി 11.05.11 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള യന്ത്രങ്ങൾ ഓരോ സീസണിലും അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കേണ്ടതാണ്. ഇതിന് പൊതു ഉദ്ദേശ്യ/സംരക്ഷണ/തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് കൃഷിഫാം യന്ത്രവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ 2010-11 വർഷം വാങ്ങിയ പവർറിപ്പർ വെള്ളമുള്ള പാടത്ത് കൊയ്തെടുക്കാൻ കഴിയാത്തതിനാൽ ഉപയോഗിക്കാൻ കഴിയുന്നില്ല. ഉപയോഗപ്രദമല്ലാത്ത ഉപകരണങ്ങൾ ലേലം ചെയ്ത് വിൽക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതുമൂലം അവ നശിക്കുകയാണ്. പെരിങ്ങമ്മല കൃഷിഫാമിൽ യന്ത്രങ്ങൾ വാങ്ങുന്നതിന് 2010-11, 2011-12 കാലയളവിൽ ജില്ലാപഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. ഫാമിൽ യന്ത്രങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.



ചിറയിൻകീഴ് സീഡ് ഫാം

കൊല്ലം ജില്ലയിലെ കടയ്ക്കൽ സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭൂവിസ്തൃതിയുടെ 90% വും നെൽകൃഷിക്കായാണ് ഉപയോഗിക്കുന്നതെങ്കിലും ഒരു ട്രാക്ടർ പോലും ലഭ്യമാക്കാൻ ജില്ലാപഞ്ചായത്തിന് സാധിച്ചിട്ടില്ല. കൃഷി ഇറക്കേണ്ട സമയത്ത് പലപ്പോഴും ട്രാക്ടറുകളും മറ്റും വാടകയ്ക്ക് ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു. കൊട്ടാരക്കരയിലെ സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭൂവിസ്തൃതിയുടെ 54% വും നെൽകൃഷിയ്ക്കാണ് ഉപയോഗിക്കുന്നതെങ്കിലും സ്വന്തമായി ഒരു ട്രാക്ടർ ഇല്ല എന്നുമാത്രമല്ല രണ്ടു ടില്ലറുകളിൽ ഒന്നു പ്രവർത്തനക്ഷമവുമല്ല.

പത്തനംതിട്ട ജില്ലയിലെ അടൂർ കൃഷിഫാമിൽ കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കാത്തത് ഫാമിന്റെ നടത്തിപ്പ് ചെലവിൽ വൻ വർദ്ധനവിനിടയാക്കുന്നു. ഫാം നടത്തിപ്പിന്റെ 60% തൊഴിലാളികൾക്കുള്ള വേതന ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നു. രണ്ടു പവർ ടില്ലറുകളിൽ ഒരെണ്ണം ലിഫ്റ്റ് ഇറിഗേഷനു വേണ്ടി വെള്ളം പമ്പ് ചെയ്യുന്നതിനാണ് ഉപയോഗിക്കുന്നത്. ഫാമിന് ഉണ്ടായിരുന്ന ഒരു പവർ റീപ്പർ പുല്ലാട് സീഡ് ഫാമിന് വിട്ടുനൽകി. നിലം ഉഴുന്നതിന് ട്രാക്ടർ വാടകയ്ക്ക് എടുത്താണ് ഉപയോഗിക്കുന്നത്. ഫാമിന് ആവശ്യമായ കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

## 63 ലക്ഷത്തിന്റെ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉപയോഗശൂന്യമായ നിലയിൽ

പത്തനംതിട്ട ജില്ലാപഞ്ചായത്ത് 2009-10 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 63.3 ലക്ഷം രൂപ മുതൽ മുടക്കി വാങ്ങിയ കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉപയോഗശൂന്യമായ നിലയിലാണ്. പത്തനംതിട്ട ജില്ലയിലെ മൂന്ന് സീഡ് ഫാമുകൾക്ക് നൽകുന്നതിന് ഉദ്ദേശിച്ചായിരുന്നു ഇവ വാങ്ങിയത്. എന്നാൽ ഫാമുകളിലെ നെൽപ്പാടങ്ങൾക്ക് ഇവ അനുയോജ്യമല്ലാത്തതിനാൽ വിതരണം നടന്നില്ല. സ്വരാജ് ബ്രാൻഡ് ഇനത്തിൽപ്പെട്ട ഈ യന്ത്രങ്ങൾ ജില്ലയിലെ പാടശേഖരങ്ങൾക്കും അനുയോജ്യമല്ല. കർഷകർ ഈ യന്ത്രങ്ങളെ ആശ്രയിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും യന്ത്രങ്ങൾ കൊണ്ട് വന്ന് കൊയത്ത് നടത്തുന്ന സ്ഥിതിയാണുള്ളത്. നാളിതുവരെ 200 മണിക്കൂർ മാത്രമാണ് ഈ യന്ത്രങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്.

ജില്ലയിലെ അടൂർ, പുല്ലാട് സീഡ് ഫാമുകളിലായി ആകെ 35 ഏക്കറിൽ താഴെ മാത്രമാണ് നെൽകൃഷി ചെയ്യുന്നത്. ഈ സാഹചര്യത്തിൽ സീഡ് ഫാമുകൾക്കായി വൻതുക ചെലവഴിച്ച് 3 കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങിയത് വേണ്ടത്ര പഠനമോ, പരിശോധനയോ കൂടാതെയാണ്. യന്ത്രങ്ങളുടെ ഉപയോഗക്ഷമതയും ആവശ്യകതയും പരിശോധിക്കാതെ വാങ്ങിയതുമൂലം ഇവയ്ക്ക് മുടക്കിയ 63.30 ലക്ഷം രൂപ ഫലത്തിൽ പാഴായിരിക്കുന്നു. ഈ വിഷയത്തിൽ ജില്ലാപഞ്ചായത്തിന്റെയും കൃഷിവകുപ്പിന്റെയും ശ്രദ്ധ പതിയേണ്ടതും സത്വര നടപടി ഉണ്ടാകേണ്ടതുമാണ്.

## കാർഷിക യന്ത്രങ്ങൾ സംരക്ഷണമില്ലാതെ നശിക്കുന്നു

പത്തനംതിട്ട ജില്ലയിലെ പുല്ലാട് കൃഷി ഫാമിന്റെ ഓഫീസ് കോമ്പൗണ്ടിൽ കോയിപ്രം കൃഷിഭവൻ വക ലക്ഷങ്ങൾ വിലമതിക്കുന്ന ഒരു ട്രാക്ടർ മാസങ്ങളായി സംരക്ഷണമില്ലാതെ തുറസ്സായ സ്ഥലത്ത് കിടന്ന് നശിക്കുന്നു.

കോട്ടയം ജില്ലയിലെ കോഴ കൃഷിഫാമിൽ ആവശ്യമായ യന്ത്രങ്ങൾ ഇല്ലാത്തത് ഫാമിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതായി സീനിയർ കൃഷി ഓഫീസർ അറിയിച്ചു. വാലാച്ചിറയുള്ള സ്റ്റേറ്റ് സീഡ് ഫാമിൽ 25.08.08 ൽ നൽകിയ കമ്പയിൻഡ് ഹാർവെസ്റ്റർ കേടായി തുരമ്പെടുത്ത് നശിച്ചു കിടക്കുന്നു.



**കമ്പയിൻഡ് ഹാർവെസ്റ്റർ - വാലാച്ചിറ സീഡ്ഫാം**

ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമിൽ 2003 മോഡൽ ഒരു ട്രാക്ടർ മാത്രമാണുള്ളത്. പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിന് 2010 മുതൽ ജില്ലാപഞ്ചായത്തിനോട് ആവശ്യപ്പെടുന്നു എങ്കിലും ഫണ്ട് ലഭിച്ചിട്ടില്ല. യന്ത്രങ്ങളുടെ അപര്യാപ്തത ഫാമിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. യന്ത്രങ്ങളുടെ ഉപയോഗം എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയോ, യന്ത്രങ്ങളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.



ആലപ്പുഴ ജില്ലയിലെ മാവേലിക്കര കൃഷിഫാമിൽ ലക്ഷങ്ങൾ വിലമതിക്കുന്ന കാർഷിക യന്ത്രങ്ങൾ വർഷങ്ങളായി ഉപയോഗിക്കാതെ കാടുപിടിച്ച് കിടക്കുന്നു. ട്രെയ്‌ലർ, ട്രാക്ടർ, സൈറൺ, പമ്പ്സെറ്റുകൾ എന്നിവയെല്ലാം വിശാലമായ ഫാമിന്റെ അങ്ങിങ്ങായി ഉപേക്ഷിക്കപ്പെട്ട് തുരുമ്പെടുത്ത് നശിക്കുകയാണ്.

എറണാകുളം ജില്ലയിലെ 10.8 ഹെക്ടർ നെൽകൃഷിയുള്ള ഒക്കൽ സീഡ് ഫാമിൽ 2 കൊയ്ത്തു യന്ത്രവും ഒരു മെതിയന്ത്രവും കേടായി കിടക്കുന്നുണ്ട്. ഇത് അറ്റകുറ്റപ്പണി നടത്തി ഉപയോഗ്യമാക്കാൻ യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല.

ജില്ലാപഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 2008-09 വർഷം ഗ്രാമപഞ്ചായത്തുകൾക്കായി വാങ്ങി നൽകിയ 17 ലക്ഷം രൂപ വിലവരുന്ന കമ്പയിൻഡ് ഹാർവെസ്റ്റർ ഫാം കോമ്പൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ഈ യന്ത്രത്തിന്റെ ചുമതലക്കാരൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) വൈറ്റില ആണെങ്കിലും ആയത് ഫാമിൽ യാതൊരു സുരക്ഷാക്രമീകരണങ്ങളുമില്ലാതെ തുറസ്സായ സ്ഥലത്താണ് സൂക്ഷിച്ചിരിക്കുന്നത്.

ആലുവ സീഡ് ഫാമിൽ യന്ത്രങ്ങൾ ശരിയായി സൂക്ഷിക്കുന്നതിനുള്ള കെട്ടിട സൗകര്യം ഇല്ല. മുപ്പൂകൃഷിയിറക്കുന്ന ഫാമിൽ ഒരു കൊയ്ത്തു യന്ത്രത്തിന്റെ ആവശ്യമുണ്ട്. കഴിഞ്ഞ രണ്ടു വർഷത്തിന്റെ പ്രോജക്ടുകളിലും ഫാമിന്റെ ഈ ആവശ്യം ജില്ലാപഞ്ചായത്ത് പരിഗണിച്ചിട്ടില്ല. ഫാമിൽ ഉപയോഗിക്കുന്ന ഫൈബർ ബോട്ട് ജില്ലാപഞ്ചായത്ത് നൽകിയതാണെങ്കിലും മണ്ണെണ്ണയ്ക്ക് ഇതുവരെ പെർമിറ്റ് നേടിയെടുക്കാൻ ജില്ലാപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സർക്കാർ ഫാമിന് കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റ് ലഭിച്ചിട്ടില്ല എന്നത് ഒരു പോരായ്മയാണ്.

തൃശ്ശൂർ ജില്ലാപഞ്ചായത്തിനു കീഴിലുള്ള കൃഷിഫാമുകളിൽ ആവശ്യത്തിന് യന്ത്രങ്ങളില്ല. പാണഞ്ചേരി വിത്തുല്പാദനകേന്ദ്രത്തിൽ നിലവിൽ ട്രാക്ടർ ഇല്ല. ടില്ലർ ഒരെണ്ണമുള്ളത് ഉപയോഗക്ഷമമല്ല. നിലവിലുള്ള യന്ത്രങ്ങൾ സമയബന്ധിതമായ ഫാം പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ല. ഇരിങ്ങാലക്കുട നാളികേര നഴ്സറിക്ക് സ്വന്തമായി യന്ത്രങ്ങൾ ഇല്ല.

ലക്ഷങ്ങൾ വിലമതിക്കുന്ന കാർഷിക ഉപകരണങ്ങൾ ഉപയോഗശൂന്യമായി മണ്ണുത്തി കൃഷിഫാമിന്റെ പരിസരത്ത് തുരുമ്പെടുക്കുന്നതായി ഓഡിറ്റ് സ്ഥലപരിശോധനയിൽ കാണുവാൻ സാധിച്ചു. ഇതു കൂടാതെ 2001-ൽ കൃഷി ഡയറക്ടർ വാങ്ങി നൽകിയ 16,79,600/-രൂപ വിലയുള്ള 4 കുമ്പോട്ടോ കമ്പയിൻഡ് ഹാർവെസ്റ്ററുകൾ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്നു. ഇതുകൂടാതെ 3 ബെയിലറുകൾ 4 മാസമായി ഫാം പരിസരത്ത് തുറന്ന അന്തരീക്ഷത്തിൽ കിടന്നു നശിക്കുകയാണ്. കൂടാതെ 2 ടെയിലറുകൾ വർഷങ്ങളായി ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. അറ്റകുറ്റപ്പണിയ്ക്കായി മണ്ണുത്തി ഫാമിലെ 7.5 എച്ച്.പി. മോട്ടോർ 25.10.07 ൽ റെയ്ഡ്കോയ്ക്ക് നൽകിയത് നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല.



**മണ്ണുത്തി കൃഷിഫാമിൽ തുരുമ്പെടുക്കുന്ന യന്ത്രങ്ങൾ**

പാലക്കാട് ജില്ലയിലെ കുന്നത്തൂർ കൃഷിഫാമിൽ 2004 ൽ വാങ്ങിയ കമ്പൈൻഡ് ഹാർവെസ്റ്റർ 2010-11 വർഷം 1,16,873/-രൂപ ചെലവഴിച്ച് അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഉപയോഗിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം യന്ത്രവൽക്കരണത്തിന്റെ അഭാവമാണ്. ആധുനിക കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ച് ഫാമിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടില്ല. കഴിഞ്ഞ 2 വർഷത്തിനിടയിൽ ചുങ്കത്തറ കൃഷിഫാമിൽ യന്ത്രവൽക്കരണത്തിന് ജില്ലാപഞ്ചായത്ത്

പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. വിവിധ കൃഷികൾക്ക് നിലം ഉഴുന്നതിന് യന്ത്രങ്ങൾ അനിവാര്യമാണ്. വർഷങ്ങൾ പഴക്കമുള്ള ട്രാക്ടർ ഇടയ്ക്കിടെ കേടാകുന്നത് ഫാമിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു. ഇപ്പോൾ കൃഷി വകുപ്പ് താൽക്കാലികമായി നൽകിയ ട്രാക്ടറാണ് ഫാമിൽ ഉപയോഗിക്കുന്നത്. ഫാമിലെ കാടുകൾ വെട്ടിമാറ്റുന്നതിനുള്ള വീഡ് കട്ടറുകളും കുഴി കുത്തുന്നതിനുള്ള ഓഗറും ലഭ്യമാക്കിയാൽ ഉൽപ്പാദന ചെലവ് കുറയ്ക്കാനാകും.

കോഴിക്കോട് ജില്ലയിലെ കൂത്താളി കൃഷിഫാമിൽ കാർഷിക യന്ത്രങ്ങൾ ലഭ്യമാണെങ്കിലും പലതും പ്രവർത്തനക്ഷമമല്ല. പ്രവർത്തനരഹിതമായവ അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്തിട്ടില്ല. യന്ത്രസാമഗ്രികളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തു സൂക്ഷിക്കുന്നില്ല. തന്മൂലം യന്ത്രങ്ങൾ നഷ്ടപ്പെട്ടാൽ തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയാണുള്ളത്. കാസർഗോഡ് ജില്ലയിലെ പുല്ലൂർ കൃഷിഫാമിൽ യന്ത്രവൽക്കരണത്തിൽ പോരായ്മകളില്ല. എന്നാൽ ജില്ലാപഞ്ചായത്ത് 2009-10 സാമ്പത്തിക വർഷത്തിൽ വാങ്ങിയ 5 എച്ച്.പി. മോട്ടോറും അനുബന്ധ ഉപകരണങ്ങളും പമ്പ് ഹൗസിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

കൃഷിഫാമുകളുടെ നടത്തിപ്പ് ചെലവിന്റെ ഭൂരിഭാഗവും തൊഴിലാളികൾക്കുള്ള വേതനമാണ്. കാർഷിക യന്ത്രവൽക്കരണം ശരിയായ രീതിയിൽ നടപ്പാക്കിയാൽ വേതനമിനത്തിലെ ചെലവ് ഗണ്യമായി കുറയുന്നതും ഫാമുകളുടെ നടത്തിപ്പ് ചെലവ് കുറയ്ക്കുന്നതിന് കഴിയുന്നതുമാണ്. ചെലവു കുറച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാനുതകുന്ന, ഉപയോഗക്ഷമത ഉറപ്പുവരുത്തി കാർഷിക യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനോടൊപ്പം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അവയുടെ സമയബന്ധിതമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ആവശ്യമായ ജീവനക്കാരുടെ സേവനം കൂടി ഉറപ്പുവരുത്തുന്നതിന് ജില്ലാപഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. കൃഷി ചെലവ് കുറയ്ക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള ആധുനിക യന്ത്രവൽക്കരണത്തിന്റെ അഭാവം കൃഷി ഫാമുകളിൽ പ്രകടമാണ്.

കാലക്രമേണ കൃഷിഫാമുകൾ പൂർണ്ണമായി യന്ത്രവൽക്കരിച്ചാൽ തീർച്ചയായും ലക്ഷ്യമിടുന്ന ഉൽപ്പാദനം കൈവരിക്കാൻ സാധിക്കും.

## 7. വിത്ത്- വളം സംഭരണം, ഉപയോഗം

ഭൂരിഭാഗം കൃഷി ഫാമുകളിലും വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ എന്നിവയുടെ സംഭരണവും ഇടപാടുകളും സുതാര്യമാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിത്ത്, വളം എന്നിവയുടെ സംഭരണത്തിനായി 2010-11, 2011-12 എന്നീ വർഷങ്ങളിലെ ചെലവ് **അനുബന്ധം-5 ൽ** ചേർത്തിരിക്കുന്നു.

### അപാകതകൾ

മാവേലിക്കര കൃഷിത്തോട്ടത്തിലെ 'എ' ബ്ലോക്കിൽ മണ്ണിര കമ്പോസ്റ്റ് പ്ലാന്റ് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്നു. ടൺ കണക്കിന് ജൈവാവശിഷ്ടങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഈ ഫാമിൽ മണ്ണിര കമ്പോസ്റ്റ് നിഷ്പ്രയാസം പ്രവർത്തനക്ഷമമാക്കാവുന്നതാണ്. ലഭ്യമായ ഉറവിടങ്ങൾ പൂർണ്ണമായി ഉപയോഗപ്രദമാക്കാതെ വില കൊടുത്ത് വളം വാങ്ങുന്ന രീതി അഭികാമ്യമല്ല.

ആലുവ വിത്തുല്പാദനകേന്ദ്രത്തിൽ വാങ്ങിയ വിത്തിനങ്ങൾ കൃത്യമായി രജിസ്റ്ററുകളിൽ ചേർക്കുന്നതിനും വർഷാവസാനം സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നതിനും ശ്രദ്ധചെലുത്തുന്നില്ല.

തൃശ്ശൂർ മണ്ണുത്തി സീഡ് ഫാമിൽ 28.01.12 ന് വാങ്ങിയ 6055 കിലോഗ്രാം ജ്യോതി നെൽവിത്തിൽ (വിരിപ്പ്) 750 കിലോഗ്രാം സീഡ് സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ്. എടത്തുരുത്തി സീഡ് ഫാമിൽ 2100 കിലോഗ്രാം നെൽവിത്ത് നീക്കിയിരിപ്പുണ്ട്. കാലപ്പഴക്കം വിത്തുകളുടെ അങ്കുരണശേഷി നഷ്ടപ്പെടുത്തുന്നു. വിത്തിന്റെ അങ്കുരണശേഷി കാലയളവ് 26.11.2012 ൽ അവസാനിക്കുന്നതാണ്. സംസ്ഥാന വിത്ത് വികസന അതോറിറ്റി യഥാസമയം സീഡ് ഫാമുകളിൽ നിന്ന് വിത്ത് സംഭരിക്കാത്തതിനാൽ ഇവ്വിധം വിത്തുകളുടെ അങ്കുരണശേഷി കുറയുകയും, കർഷകർക്ക് ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമല്ലാതാവുകയും ചെയ്യുന്നു. മേൽത്തരം നെൽവിത്തുകൾ കർഷകർക്ക് ലഭ്യമാക്കുകയെന്ന ഫാമുകളുടെ ലക്ഷ്യത്തിന് വിരുദ്ധമാണിത്.

മലപ്പുറം ചോക്കാട് സ്റ്റേറ്റ് സീഡ് ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന നെൽവിത്തുകൾ യഥാസമയം കേരള സീഡ് ഡവലപ്മെന്റ് അതോറിറ്റി സംഭരിക്കുന്നില്ല. 2010-11 വർഷത്തിൽ ഉൽപ്പാദിപ്പിച്ച 3105 കിലോഗ്രാം നെൽവിത്ത് ഉപയോഗശൂന്യമായി.

അതോറിറ്റിയുടെ ആവശ്യകത ഉറപ്പുവരുത്തി ശേഷിക്കുന്ന വിത്തുകൾ യഥാസമയം വിൽപ്പന നടത്തിയിരുന്നുവെങ്കിൽ ഈ നഷ്ടം ഒഴിവാക്കാമായിരുന്നു.

കണ്ണൂർ ജില്ലാപഞ്ചായത്തിനു കീഴിലുള്ള പാലയാട് തെങ്ങിൻ തൈ ഉൽപ്പാദന കേന്ദ്രത്തിൽ സംഭരിച്ച വിത്തു തേങ്ങകൾ തുറസ്സായ സ്ഥലത്താണ് സൂക്ഷിക്കുന്നത്. ഇത് വിത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നു.


വിത്തുതേങ്ങകൾ തുറസ്സായ സ്ഥലത്ത് സൂക്ഷിച്ചിരിക്കുന്നു

## 8. ഫാം ഉൽപ്പന്ന വിപണന വിവരങ്ങൾ

പ്രാദേശിക കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വിവിധയിനം നടീൽ വസ്തുക്കളും വിത്തുകളും ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്യുക എന്നതാണ് ഫാമുകളുടെ പ്രവർത്തന ലക്ഷ്യം. ഫാമിലെ വിൽപ്പന കൗണ്ടർ വഴിയും വിവിധ കൃഷിഭവനുകൾ വഴിയുമാണ് നടീൽ വസ്തുക്കൾ കർഷകർക്ക് എത്തിക്കുന്നത്. സംസ്ഥാന കൃഷി വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലാണ് നടീൽ വസ്തുക്കളും വിത്തുകളും വിൽപ്പന നടത്തുന്നത്. തന്മൂലം മിതമായ വില മാത്രമേ കർഷകർക്ക് നൽകേണ്ടതുള്ളൂ. ഇതോടൊപ്പം ഫാമിലെ മറ്റു ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നുണ്ട്. പ്രാദേശിക വില നിലവാരം പരിഗണിച്ചാണ് ഇപ്രകാരമുള്ള ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത്. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ കൂടുന്ന വിലനിർണ്ണയ കമ്മിറ്റിയാണ് ഇപ്രകാരം വിപണിയുടെ വില നിശ്ചയിക്കുന്നത്. ഈ കമ്മിറ്റിയിൽ ജില്ലാപഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും അംഗമായിരിക്കും. ഇപ്രകാരം വിൽപ്പന നടത്തി കിട്ടുന്ന തുക ജില്ലാപഞ്ചായത്ത് അക്കൗണ്ടിൽ അടയ്ക്കുകയാണ് ചെയ്യുന്നത്.

ഉൽപ്പന്ന വിപണനത്തിന്റെ വരവ്-ചെലവ്, സ്റ്റോക്ക് വിറ്റഴിക്കൽ എന്നിവയുടെ രജിസ്റ്ററുകൾ ഫാമുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഭൂരിഭാഗം കൃഷിഫാമുകളും ബന്ധപ്പെട്ട രജിസ്റ്ററുകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഫാം ഉൽപ്പന്നങ്ങൾ യഥാസമയം വിറ്റഴിക്കുവാൻ സാധിക്കുന്നുണ്ട്. പ്രാദേശിക കർഷകരുടെ ആവശ്യാനുസരണം വിത്തുകളും തൈകളും ലഭ്യമാക്കാൻ ഭൂരിഭാഗം കൃഷിഫാമുകൾക്കും കഴിയുന്നുണ്ട്. സീഡ് ഫാമുകൾ വിത്തുകൾ ഭൂരിഭാഗവും കേരളാ സ്റ്റേറ്റ് സീഡ് അതോറിറ്റിക്കാണ് നൽകി വരുന്നത്.

പ്രധാന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എല്ലാ കൃഷിഫാമുകളിലും സെയിൽസ് കൗണ്ടറുകൾ തുടങ്ങേണ്ടതാവശ്യമാണ്. കൂടാതെ വിവിധ ഉൽപ്പന്നങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനുവേണ്ട സംവിധാനങ്ങളും എല്ലാ കൃഷി ഫാമുകളിലുമുണ്ടാകേണ്ടതാണ്.

## 9. ഫാം വരവും ചെലവും

ആദായകരമായ സംരംഭങ്ങൾ എന്ന നിലയിൽ കൃഷിഫാമുകളെ കാണാനാവില്ല. എങ്കിലും ഫാമുകളുടെ വരുമാനവും, ചെലവും പഠന വിധേയമാക്കുകയുണ്ടായി. 2008-09 മുതൽ 2011-12 വരെയുള്ള വർഷങ്ങളിൽ നടീൽ വസ്തുക്കളുടെയും ഉൽപ്പന്നങ്ങളുടെയും വിൽപ്പനയിലൂടെ ലഭിച്ച വരവിന്റെയും ഫാം നടത്തിപ്പിനായി ചെലവഴിച്ച തുകയുടെയും വിവരം താഴെ കൊടുക്കുന്നു. ഫാമിൽ നിന്നുള്ള വരവ് ജില്ലാ പഞ്ചായത്തിൽ അടവാക്കുകയാണ് ചെയ്യുന്നത്. ഫാമുകളിൽ നിന്നുള്ള വരുമാനം അവയുടെ നടത്തിപ്പിന് തികയുന്നില്ല എന്ന കാര്യം ചുവടെ കൊടുക്കുന്ന കണക്കുകളിൽ നിന്ന് വ്യക്തമാകുന്നു.

| വർഷം | ആകെ വരവ് (കോടി) | ചെലവ്-എസ്റ്റാബ്ലിഷ്മെന്റ് ചാർജസ് (കോടി) | ആകെ ചെലവ് (കോടി) |
|---|---|---|---|
| 2008-09 | 7.096 | 11.352 | 16.667 |
| 2009-10 | 5.744 | 11.061 | 16.732 |
| 2010-11 | 5.597 | 11.412 | 17.549 |
| 2011-12 | 6.749 | 19.399 | 27.648 |

ഫാമുകളിലെ വിവിധയിനം വിത്തുകളുടെയും തൈകളുടെയും ഉൽപ്പാദനത്തിലും വിൽപ്പനയിലുമുണ്ടാകുന്ന കുറവാണ് വരവ് കുറയുന്നതിന് കാരണം. മാത്രമല്ല വിത്തും, തൈകളും വിൽപ്പന നടത്തുമ്പോൾ ലഭ്യമാകുന്ന തുക മാത്രം വരവിനത്തിൽ ഉൽപ്പെടുത്തുമ്പോൾ ചെലവിനത്തിൽ, ഉൽപ്പാദനത്തിന് ചെലവാകുന്ന തുകയുടെ കൂടെ വകുപ്പുതല ചെലവുകളും ജീവനക്കാരുടെ വേതനം, ഓഫീസ് ചെലവുകൾ, പെട്രോൾ, ഡീസൽ, വൈദ്യുതി മുതലായ ചെലവുകളും, തൊഴിലാളികളുടെ കൂലി, യാത്രാബത്ത തുടങ്ങിയവയും കണക്കിലെടുക്കുന്നു.

ഫാം നടത്തിപ്പ് ചെലവിന്റെ ഭൂരിഭാഗവും ഉദ്യോഗസ്ഥരുടെ ശമ്പളവും തൊഴിലാളികളുടെ വേതനവും ഇനത്തിലുള്ളതാണ്. കാർഷിക യന്ത്രവൽക്കരണം ശരിയായ വിധത്തിൽ നടപ്പിലാക്കാത്തത് ഫാമിന്റെ നടത്തിപ്പ് ചെലവിൽ വൻ വർദ്ധനവിനിടയാക്കുന്നുണ്ട്. കർഷകർക്ക് കുറഞ്ഞ നിരക്കിൽ വിത്ത്/തൈ, കാർഷിക വിളകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനും, കർഷകർക്ക് ആവശ്യമായ സഹായവും പരിശീലനവും നൽകുന്നതിനും ഉദ്ദേശിച്ചാണ് കൃഷിഫാമുകൾ സ്ഥാപിച്ചിരിക്കുന്നത്. എങ്കിലും ഫാമിനു  ലഭ്യമായ സ്ഥലസൗകര്യവും മനുഷ്യ വിഭവവും കാര്യക്ഷമമായി പ്രയോജനപ്പെടുത്തി പരമാവധി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഫാമധികാരികളും, ജില്ലാപഞ്ചായത്തധികാരികളും ശ്രദ്ധ പതിപ്പിക്കേണ്ടതും  വരുമാനം ഉയർത്തേണ്ടതും അത്യാവശ്യമാണ്. ഫാമിന്റെ നടത്തിപ്പ് സംസ്ഥാന സർക്കാരിന്/ജില്ലാ പഞ്ചായത്തിന് ബാധ്യതയായി മാറാതിരിക്കാൻ ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

## 10. ഫാം സാമ്പത്തിക ഇടപാടുകളിൽ പോരായ്മകൾ

ജില്ലാപഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ഫാമുകളുടെ വരുമാനം ജില്ലാപഞ്ചായത്തുകളുടെ തനതു ഫണ്ടിലാണ് ഒടുക്കുന്നത്. ഭൂരിഭാഗം കൃഷിഫാമുകളും  സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട രേഖകൾ കൃത്യതയോടും ചിട്ടയായും സൂക്ഷിക്കുന്നുണ്ട്. വരവുകൾ ജില്ലാപഞ്ചായത്തിൽ ഒടുക്കുകയും അതിന്റെ രസീതുകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഫാമുകൾക്ക് അക്കൗണ്ടിംഗ് സമ്പ്രദായം നിലവിലില്ല. വരവു-ചെലവുകൾ പ്രത്യേകം തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കുന്നുമില്ല.

ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന വിത്തുകളും തൈകളും ആവശ്യാനുസരണം എഫ്.ടി.ഇൻവോയ്സുകൾ പ്രകാരം വിവിധ കൃഷിഭവനുകൾ, വിത്ത് വികസന അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകുകയും അവയുടെ വില പ്രസ്തുത സ്ഥാപനങ്ങൾ ജില്ലാപഞ്ചായത്തിൽ അടവാക്കുകയും ചെയ്യുന്ന രീതിയാണ് തുടർന്നു വരുന്നത്.  വിറ്റഴിക്കുന്ന വിത്തുകളുടെയും തൈകളുടെയും വില കൃഷിഭവനുകൾ ഫാമിൽ ഒടുക്കുന്നതിനു പകരം ട്രഷറിയിൽ നേരിട്ട്  ഒടുക്കുന്ന സംഭവങ്ങളും ഉണ്ട്. പലപ്പോഴും ഫാമുകൾക്ക് ഇൻവോയ്സ്/ചെല്ലാൻ പകർപ്പുകൾ കൈമാറാത്തതിനാൽ  ഫാമിന്റെ കൃത്യമായ വരവ് തിട്ടപ്പെടുത്താനാവുന്നില്ല.

ഉദാ:
അഞ്ചൽ കൃഷിഫാം, കൊല്ലം
വിത്തുല്പാദനകേന്ദ്രം, ആലുവ
കൃഷിഫാമുകൾ, തൃശ്ശൂർ

ഇത്തരത്തിലുള്ള സാമ്പത്തിക ഇടപാട് നിർത്തലാക്കി ഫാമിൽ നിന്ന് വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങളുടെ എല്ലാ തുകയും ഫാമിൽ ഒടുക്കിയ ശേഷം ജില്ലാപഞ്ചായത്തിൽ അടക്കാനുള്ള സംവിധാനം നടപ്പിൽ വരുത്തുന്നത് ഫാമിന്റെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കാൻ സഹായിക്കും.

പത്തനംതിട്ട ജില്ലയിലെ പുല്ലാട് സീഡ്  ഫാമിൽ നിന്നുള്ള വരവുകൾ ഫാമിന്റെ പ്രവർത്തനത്തിന്  പൂർണ്ണമായും ചെലവഴിക്കപ്പെടുന്നില്ല. ഫാമിൽ നിന്നുള്ള വരവിനത്തിൽ 9,21,769/- രൂപ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിച്ചിട്ടും ഫാമിന് ആവശ്യമായ ഫണ്ട് അലോട്ട് ചെയ്യാൻ കാലതാമസം നേരിടുന്നുണ്ട്. ഫാമിൽ നിന്നുള്ള വരവുതുകകൾ ഫാമിന്റെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ടതും, ആവശ്യപ്പെടുന്ന തുക യഥാസമയം അനുവദിക്കേണ്ടതുമാണ്.

കോഴിക്കോട് ജില്ലാപഞ്ചായത്തിനു കീഴിലുള്ള തിക്കോടി തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തൈകൾ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് പുറമേ, ചില വർഷങ്ങളിൽ കണ്ണൂർ, കാസറഗോഡ്, വയനാട്, കൊല്ലം തുടങ്ങിയ മറ്റ് ജില്ലകളിലെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർക്കും വിതരണം ചെയ്യുന്നുണ്ട്. എന്നാൽ  വിതരണം ചെയ്യുന്ന തൈകളുടെ വില ഈടാക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ സ്ഥാപനത്തിന് കഴിയുന്നില്ല. ഫാം പ്രൊഡ്യൂസ് രജിസ്റ്റർ തെങ്ങിൻ തൈ വിതരണ രജിസ്റ്റർ, രശീതികൾ മറ്റ് അനുബന്ധരേഖകൾ

എന്നിവ പരിശോധിച്ചതിൽ 2010-11 ൽ വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ വിലയായി 9,84,745/- രൂപയും 2011-12 ൽ 2,17,072/- രൂപയും 2012-13 ൽ 4,59,656/- രൂപയും പിരിഞ്ഞു കിട്ടേണ്ടതുണ്ട്. ഫാം കൗൺസിൽ, ഫാം മാനേജ്മെന്റ് കമ്മിറ്റി എന്നീ മോണിറ്ററിംഗ് സംവിധാനങ്ങളും ഈ അപാകത ശ്രദ്ധിച്ചതായി കാണുന്നില്ല. ഇക്കാര്യത്തിൽ ജില്ലാപഞ്ചായത്ത് അധികാരികളുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതും ലഭിക്കുവാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തികളിൽ നിന്നുള്ള വരുമാനം അതേ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കണമെന്ന വ്യവസ്ഥ മിക്കയിടത്തും പാലിക്കുന്നില്ല. ഫാമിൽ നിന്ന് കാലാകാലങ്ങളിൽ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്ന തുകകൾ ഫാമിന്റെ ആവശ്യത്തിലേക്ക് ചെലവഴിക്കപ്പെടുന്നില്ല. ഫാമുകളുടെ ആവശ്യങ്ങൾക്കായി ഫാമധികൃതർ ആവശ്യപ്പെടുന്ന ഫണ്ട് യഥാസമയം പൂർണ്ണമായും ലഭ്യമാക്കുന്നതിൽ ചില ജില്ലാപഞ്ചായത്തുകളെങ്കിലും വിമുഖത കാണിക്കുന്നുണ്ട്. കൂടാതെ ഫാമിൽ കൃത്യമായ ഒരു അക്കൗണ്ടിംഗ് സംവിധാനം ഇല്ലാത്തതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തുവാനും കൃത്യമായി വീഴ്ചകൾ പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കുന്നില്ല.

## 11. ഫാം കൗൺസിൽ പ്രവർത്തനം കാര്യക്ഷമമല്ല

കൃഷിഫാമിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാനും നടത്തിപ്പ് മെച്ചപ്പെടുത്താനുമാവശ്യമായ നടപടികൾ ശുപാർശ ചെയ്യുന്നതിനായി 01.12.88 ലെ സ.ഉ.(ആർ.ടി) നമ്പർ 1782/88/എഡി പ്രകാരം ഫാമുകളിൽ ഫാം കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്. 25.01.08 ലെ സ.ഉ. 14/08/കൃഷി പ്രകാരം ഫാം കൗൺസിലിന്റെ ഘടന പുന:ക്രമീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം ജില്ലാപഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനും ഫാം മേധാവി കൺവീനറുമാണ്. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് മെമ്പർ, ഫാം കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റുമാർ, ഫാം തൊഴിലാളികളുടെ അംഗീകൃത സംഘടനയുടെ 2 പ്രതിനിധികൾ എന്നിവർ കൗൺസിൽ അംഗങ്ങളുമായിരിക്കും. സമിതികളുടെ യോഗങ്ങളിൽ കുറഞ്ഞത് മൂന്നിലൊന്ന് അംഗങ്ങൾ പങ്കെടുക്കണം. കൂടാതെ സമിതി രണ്ടുമാസത്തിലൊരിക്കൽ യോഗം ചേരണം. ഫാമിലെ പൊതുവായ വികസന പ്രവർത്തനങ്ങൾ, തൊഴിലാളികളുടെ നിയമനം, തൊഴിലാളികളുടെ അവധി, ആക്ഷൻ പ്ലാൻ, ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ, ഫാമിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ ഫാം കൗൺസിലിന്റെ മീറ്റിംഗിൽ ചർച്ച ചെയ്യുകയും അതനുസരിച്ച് ഫാമിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യണം.

പ്രവർത്തനക്ഷമതാ പരിശോധനയിൽ ഫാം കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായി. മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമിലെയും, കാസറഗോഡ് ജില്ലയിലെ പുല്ലൂർ കൃഷിഫാമിലെയും ഫാം കൗൺസിലുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

കോട്ടയം ജില്ലയിലെ കോഴ സീഡ് ഫാം, കോഴ കൃഷിഫാം എന്നിവിടങ്ങളിൽ ഫാം കൗൺസിൽ യോഗം കൂടുന്നുണ്ട്. എന്നാൽ പല യോഗങ്ങളിലും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് പ്രതിനിധികളുടെ സാന്നിദ്ധ്യം ഉണ്ടായിട്ടില്ല. വാലാച്ചിറ സീഡ് ഫാമിൽ മിനിട്ട്സ് ബുക്കുപ്രകാരം 31.05.11 വരെ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ മിനിട്ട്സ് കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

താഴെ പറയുന്ന ജില്ലകളിൽ ഫാം കൗൺസിലുകൾ യഥാസമയം യോഗം ചേരുന്നില്ലായെന്ന് ഓഡിറ്റ് പരിശോധനയിൽ വ്യക്തമായി.

പത്തനംതിട്ടജില്ലയിലെ അടൂർ കൃഷിഫാം

പാലക്കാട് ജില്ലയിലെ കൃഷിഫാമുകൾ, തൃശ്ശൂർ ജില്ലയിലെ കൃഷിഫാമുകൾ

കണ്ണൂർ-കരിമ്പം കൃഷിഫാം

കൗൺസിലിന്റെ അറിവോടെയോ, പങ്കാളിത്തത്തോടെയോ അല്ല ഫാമിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. കൗൺസിലിന്റെ സജീവ ഇടപെടൽ ഇല്ലാത്തതിനാൽ പല പദ്ധതികളും ഫാമിന് പ്രയോജനപ്പെടാതെ വിഫലമാകാൻ ഇടയായിട്ടുണ്ട്.

കോഴിക്കോട് കൂത്താളി കൃഷിഫാമിൽ ഫാം കൗൺസിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലാപഞ്ചായത്തിന്റെ 25.05.11 ലെ 29/11(5) നമ്പർ തീരുമാനപ്രകാരം ഫാം മാനേജ്മെന്റ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. രണ്ട് സമിതികൾ നിലവിൽ ഉള്ളപ്പോൾ ഒരേ വിഷയത്തിൽ തന്നെ വ്യത്യസ്തമായ തീരുമാനങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ രണ്ട് സമിതികളുടെ ആവശ്യകത പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

കൃത്യമായ കാലയളവുകളിൽ യോഗം ചേരുന്നതുവഴി ഫാമിന്റെ പ്രവർത്തനങ്ങൾക്ക് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ ഫാം കൗൺസിലുകൾക്ക് സാധിക്കും. ഇതോടൊപ്പം തൊഴിലാളികളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, കാർഷികോത്സവങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഫാം കൗൺസിലിനു നിർവ്വഹിക്കാൻ സാധിക്കും.

## 12. ലക്ഷ്യം പൂർത്തിയാക്കാത്ത പദ്ധതികൾ

### ലക്ഷ്യം കൈവരിക്കാനാകാത്ത ടിഷ്യൂകൾച്ചർ ലാബ് :- അഞ്ചൽ കൃഷിഫാം

1992 ൽ പ്രവർത്തനം ആരംഭിച്ച ടിഷ്യൂകൾച്ചർ ലാബ് 2006-07 ലെ ജില്ലാപഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 12.5 ലക്ഷം രൂപ ചെലവഴിച്ച് നവീകരിക്കുകയുണ്ടായി. നവീകരണത്തെ തുടർന്ന് ഓരോ വർഷവും വലിയ തുക വീതം ലാബിന് വേണ്ടി ചെലവഴിക്കുന്നുണ്ട്. പ്രതിവർഷം 200000 ടിഷ്യൂകൾച്ചർ തൈകൾ ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2007-08 ൽ ലാബ് നവീകരിച്ചത്. എന്നാൽ പ്രതിവർഷം ശരാശരി 50000 തൈകൾ മാത്രമാണ് ലാബിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. സ്ഥാപിത ലക്ഷ്യത്തിന്റെ 25% മാത്രമേ കൈവരിക്കാനായുള്ളു. പ്രവർത്തനം പൂർണ്ണ തോതിലാക്കാനുള്ള ശ്രമങ്ങളും അധികൃതരിൽ നിന്നുണ്ടാകുന്നില്ല. ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന തൈകൾ മുഴുവൻ വിറ്റുപോകുന്നുണ്ട്. പൂർണ്ണതോതിൽ ഉൽപ്പാദനം നടന്നാൽ ഫാമിന്റെ വരുമാനം ഗണ്യമായി വർദ്ധിക്കുന്നതാണ്.

### മൂന്നരലക്ഷം ബോട്ടിലുകൾ കഴുകാൻ 75 ലക്ഷം ശേഷിയുള്ള വാഷിംഗ് യൂണിറ്റ്:- അഞ്ചൽ കൃഷിഫാം

കൃഷി ഫാമിന്റെ ബയോടെക്നോളജി വിഭാഗത്തിനുകീഴിൽ പ്രവർത്തിക്കുന്ന ടിഷ്യൂകൾച്ചർ ലാബിൽ 2011-12 വർഷം 5,50,000/- രൂപ ചെലവിൽ ഒരു സെമി ഓട്ടോമാറ്റിക് ബോട്ടിൽ വാഷിംഗ് യൂണിറ്റ് സ്ഥാപിക്കുകയുണ്ടായി. മിനിറ്റിൽ 70 മുതൽ 100 വരെ ബോട്ടിലുകൾ കഴുകാൻ ശേഷിയുള്ളതാണ് പ്രസ്തുത യൂണിറ്റ്. വർഷത്തിൽ 300 ദിവസം 6 മണിക്കൂർ പ്രവർത്തിച്ചാൽ തന്നെ പ്രതിവർഷം 75,60,000 ബോട്ടിലുകൾ ഈ യൂണിറ്റിൽ കഴുകാൻ സാധിക്കും. ലാബ് അതിന്റെ സ്ഥാപിതശേഷി പൂർണ്ണമായി കൈവരിക്കുന്ന അവസ്ഥയിൽ പോലും പ്രതിദിനം 1200 ബോട്ടിലുകൾ മതിയാകും. പ്രതിദിനം 1200 ബോട്ടിലുകൾ വേണ്ടിവരുന്നെങ്കിൽ പോലും പ്രതിവർഷം (300 ദിവസത്തേക്ക്) 360000 ബോട്ടിലുകൾ കഴുകിയാൽ മതിയാകും. മൂന്നര ലക്ഷത്തോളം ബോട്ടിലുകൾ കഴുകാൻ വേണ്ടി എഴുപത്തി അഞ്ചര ലക്ഷത്തിലധികം ബോട്ടിലുകൾ കഴുകാൻ ശേഷിയുള്ള യൂണിറ്റ് സ്ഥാപിച്ചത് വഴി ഫാമിന് വലിയ തുകയുടെ പാഴ്ചെലവുണ്ടായിട്ടുണ്ട്. കൂടാതെ ബോട്ടിലുകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന 'അഗർ' നീക്കം ചെയ്യുന്നതിനോ, ബോട്ടിലുകളുടെ അടപ്പുകൾ കഴുകുന്നതിനോ വാഷിംഗ് യൂണിറ്റിനു സാധിക്കുന്നില്ല. ഇതിനായി തൊഴിലാളികളെ ഉപയോഗിച്ച് 'പ്രീവാഷ് ' നടത്തേണ്ടിവരുന്നതായും ഫാം സൂപ്രണ്ട് അറിയിച്ചു.

വാഷിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനു മുമ്പ് ലാബിന്റെ ശേഷിയും യൂണിറ്റിന്റെ ശേഷിയും വിലയിരുത്തിയില്ല എന്നും, ലാബിലെ ആവശ്യം നിറവേറ്റുന്നതിന് യൂണിറ്റ് പര്യാപ്തമാണോ എന്നു പരിശോധിച്ചിരുന്നില്ല എന്നും മേൽ വസ്തുതകളിൽ നിന്ന് വ്യക്തമാകുന്നു.

### കവർപോലും പൊട്ടിക്കാതെ ലാമിനാർ എയർഫ്ളോ കാബിനറ്റ്-: അഞ്ചൽ കൃഷിഫാം

ടിഷ്യൂകൾച്ചർ ലാബിനുവേണ്ടി 2011-12 വർഷം 80631/- രൂപ ചെലവിൽ ഒരു ലാമിനാർ എയർഫ്ളോ കാബിനറ്റ് വാങ്ങുകയുണ്ടായി. സ്യൂഡോമോണസ് ഉൽപ്പാദിപ്പിക്കുവാൻ വേണ്ടിയാണ് ഈ യൂണിറ്റ് വാങ്ങിയത്. 14.03.12 ൽ വാങ്ങിയ ഈ യൂണിറ്റ് 24.08.12 ൽ ഓഡിറ്റ് പരിശോധന സന്ദർഭത്തിലും കവർ പോലും പൊട്ടിക്കാതെ ലാബിനു വെളിയിൽ തുറസ്സായ സ്ഥലത്ത് സുരക്ഷിതമല്ലാതെ വച്ചിരിക്കുന്നതാണ് കണ്ടത്.

## കുരുമുളക് നഴ്സറി- മാതൃകാ നഴ്സറി


പെരിങ്ങമ്മല കൃഷിഫാമിലെ കുരുമുളക് തൈകൾ

2010-11 വർഷം 70000 കുരുമുളക് വിത്തുകൾ മുളപ്പിച്ച് കവറുകളിലാക്കി കർഷകർക്ക് നൽകാൻ പെരിങ്ങമ്മല കൃഷി ഫാമിന് സാധിച്ചിട്ടുണ്ട്. അത്യുൽപ്പാദനശേഷിയുള്ള കരിമുണ്ട, പന്നിയൂർ ഇനങ്ങളിലുള്ള കുരുമുളക് തൈകളാണ് ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകിയിട്ടുള്ളത്.

### സംയോജിത കൃഷി വികസനം

ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യം മുന്നിൽക്കണ്ട് സംയോജിത കൃഷി ആരംഭിച്ചിരുന്നു. കരനെൽകൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. മൃഗസംരക്ഷണത്തിന്റെ ഭാഗമായി 2 പശുക്കളെ വാങ്ങുകയും (നിലവിൽ കുട്ടികൾ ഉൾപ്പെടെ 5 പശുക്കൾ) ഇവയിൽ നിന്നും ലഭിക്കുന്ന വളം ഉപയോഗിച്ച് ക്യാന്റീനിലെ ഒരു ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. 3 സെന്റിൽ കുറയാത്ത ടാങ്കിൽ മത്സ്യ കൃഷി നടത്തുന്നുണ്ട്. ലക്ഷ്യവിപുലീകരണത്തിനായി 15 സെന്റിലും (ആർ.ഐ.ഡി.എഫ് പ്രോജക്ട് ) 25 സെന്റിലും (സ്റ്റേറ്റ് ഹോൾട്ടികൾച്ചറൽ മിഷൻ പ്രോജക്ട്) കുളങ്ങൾ നിർമ്മിച്ചു വരുന്നുണ്ട്. എന്നാൽ കരനെൽകൃഷി ഇപ്പോൾ ചെയ്യുന്നില്ല. 2011-12 സാമ്പത്തിക വർഷം മുതൽ ഫാമിൽ ഏകദേശം ഒരേക്കറോളം വിസ്തൃതിയിൽ അലങ്കാര ചെടികളുടെ നഴ്സറി ആരംഭിച്ചിട്ടുണ്ട്.

### മലപ്പുറം ജില്ല- ചുങ്കത്തറ കൃഷി ഫാം

### വിജയം കണ്ട കോളിഫ്ളവർ/കാബേജ് കൃഷി പദ്ധതി

മലപ്പുറം ജില്ലയിലെ ചുങ്കത്തറ കൃഷിഫാമിൽ കോളിഫ്ളവർ, കാബേജ് എന്നിവയുടെ ലക്ഷക്കണക്കിന് തൈകൾ ഉൽപ്പാദിപ്പിച്ച് മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുകയുണ്ടായി.

മലപ്പുറം ജില്ലാപഞ്ചായത്ത് 2010-11 വർഷത്തിൽ ഉൽപ്പാദനമേഖലയിൽ ചുങ്കത്തറ കൃഷിഫാമിനായി സമഗ്ര കാർഷിക വികസനം എന്ന പദ്ധതിയിലൂടെ 8,73,500/-രൂപ വകയിരുത്തുകയുണ്ടായി. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) വഴി സ്വാശ്രയ കർഷക സമിതികളിൽ നിന്ന് കാബേജ്, കോളിഫ്ളവർ വിത്തുകൾ സംഭരിച്ചു.





ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പു പദ്ധതിയിൽ ജോലിചെയ്യുന്നവരെ ഉപയോഗപ്പെടുത്തി ഫാമിൽ നിർമ്മിച്ച പോളിഹൗസിൽ ലക്ഷക്കണക്കിന് തൈകൾ ഉൽപ്പാദിപ്പിച്ചു. പ്രോജക്ടിന് വകയിരുത്തിയ 8,73,500/-രൂപയിൽ 4,01,192/-രൂപയായിരുന്നു ഈ പദ്ധതിക്കായി ചെലവഴിച്ചത്. എന്നാൽ 3,12,000 തൈകൾ രണ്ടു രൂപ നിരക്കിൽ വിറ്റ വകയിൽ 6,24,000/-രൂപ ജില്ലാപഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കുകയുണ്ടായി. കാബേജ്, കോളിഫ്ളവർ ഉൽപ്പാദനം വഴി കർഷകർക്ക് ലഭിച്ച ആദായം കൂടി പരിഗണിക്കുമ്പോൾ ഈ പ്രോജക്ടിന്റെ വിജയം എടുത്തു പറയേണ്ടതാണ്.

## 14. ഫാമുകളുടെ നടത്തിപ്പ് – ജില്ലാ പഞ്ചായത്തിന്റെ പങ്ക്

കേരള പഞ്ചായത്ത് രാജ് ആക്ട് 173-ാം വകുപ്പ് 1-ാം ഉപവകുപ്പ് 5-ാം പട്ടിക പ്രകാരം കാർഷിക മേഖലയിൽ ജില്ലാപഞ്ചായത്ത് നിർവ്വഹിക്കേണ്ട ചുമതലകൾ വിവരിക്കുന്നു.

- ❖ *കാർഷിക മേഖലയിൽ പുതുമയുള്ള ഫീൽഡ് ട്രയലുകളും പൈലറ്റ് പ്രോജക്ടുകളും പ്രചരിപ്പിക്കുക*
- ❖ *തദ്ദേശീയമായി ആവശ്യമുള്ള ഗവേഷണവും വികസനവും നടത്തുക*

ഇത്തരത്തിലുള്ള ചുമതലകൾ പ്രധാനമായും നിർവ്വഹിക്കേണ്ടത് ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള കൃഷിഫാമുകളിലാണ്.

ജില്ലാപഞ്ചായത്തുകളിൽ നിന്ന് യഥാസമയം ഫണ്ട് അനുവദിച്ചു കിട്ടാത്തതു ഫാമിലെ വിള സംരക്ഷണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി പ്രവർത്തനക്ഷമതാ പരിശോധനയിൽ കണ്ടെത്തി. 16.1.2010 ലെ സർക്കാർ ഉത്തരവ് 3591/10/തസ്വഭവ പ്രകാരം ജില്ലാപഞ്ചായത്തുകൾക്ക് കീഴിൽ വരുന്ന എല്ലാ ഫാമുകൾക്കും 10,000/- രൂപയുടെ ഇംപ്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. പലപ്പോഴും നടപടിക്രമങ്ങളുടെ സങ്കീർണ്ണത കാരണം ഇമ്പ്രസ്റ്റ് റീകൂപ്പ് ചെയ്യുന്നതിനു കാലതാമസം നേരിടുന്നുണ്ട്.

ഇടുക്കി ജില്ലയിലെ അരിക്കുഴ കൃഷിഫാമിൽ കൃഷിക്കാവശ്യമായ ജൈവവളം വാങ്ങുന്നതിനും കാർഷിക ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുമുള്ള അനുമതിയ്ക്കായി മാസങ്ങൾ കാത്തിരിക്കേണ്ടി വന്നിട്ടുള്ളതായി ഫയലുകളിൽ നിന്ന് വ്യക്തമാകുന്നു. കാലാവസ്ഥക്കനുസൃതമായി ചെയ്യുന്ന കൃഷികളുടെ കാര്യത്തിന് ഇപ്രകാരമുള്ള നിസ്സംഗത ഉൽപ്പാദന വർദ്ധനവിനെ ബാധിക്കും. ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ ജില്ലാപഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

കോഴിക്കോട്ടെ തിക്കോടി തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രത്തിനു ലഭ്യമായ മുഴുവൻ സ്ഥലവും പ്രയോജനപ്പെടുത്തി ശേഷി വർദ്ധിപ്പിക്കാനോ തെങ്ങ് കൃഷി ലാഭകരമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കാനോ ജില്ലാപഞ്ചായത്ത് ശ്രമമൊന്നും നടത്തിയിട്ടില്ല. പരമ്പരാഗത തൈകൾക്കു പകരം അത്യുൽപ്പാദനശേഷിയും രോഗപ്രതിരോധശേഷിയും ഉള്ളവയും ചെറിയ കാലയളവിൽ ഉൽപ്പാദനം തരുന്നതുമായ തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുവാൻ ജില്ലാപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ഉൽപ്പാദന മേഖലയിൽ കോടികളുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടും ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനോ, ആധുനിക യന്ത്രവൽക്കരണം സാധ്യമാക്കുന്നതിനോ ഉള്ള ശ്രമങ്ങൾ ജില്ലാപഞ്ചായത്തുകളുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നില്ല. വികസന ഫണ്ട്, സംരക്ഷണഗ്രാന്റ്, തനത് ഫണ്ട് എന്നിവ വിനിയോഗിച്ച് ഫാമിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതുവഴി കർഷകർക്ക് നല്ലയിനം വിത്തുകളും തൈകളും ലഭ്യമാക്കുന്നതിനും ജില്ലാപഞ്ചായത്തിന്റെ ഫലപ്രദമായ ഇടപെടൽ അനിവാര്യമാണ്. ഫാമിന്റെ വികസനം സംബന്ധിച്ച് കാർഷിക മേഖലയിലെ വിദഗ്ധരുമായി ചർച്ച നടത്തുകയും പ്രോജക്ടുകൾ തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഫാം അധികാരിയുടെ സാമ്പത്തിക പരിധിയും ഇംപ്രസ്റ്റ് തുകയുടെ പരിധിയും കാലാനുസൃതമായി ഉയർത്തേണ്ടത് അനിവാര്യമാണ്.

## 15. ജൈവകൃഷിയിലേക്കുള്ള മടങ്ങിപ്പോക്ക്

മാനവരാശി ഉൾപ്പെടെയുള്ള ജീവജാലങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഭീഷണി വ്യവസായിക അടിസ്ഥാനത്തിൽ ഉപയോഗിച്ചു വരുന്ന കീടനാശിനികളാണ്. കീടനാശിനികൾ മണ്ണിന്റെ സ്വാഭാവിക പ്രതിരോധശേഷി നഷ്ടപ്പെടുത്തി മണ്ണിനെ വിഷലിപ്തമാക്കുന്നു. കേരളത്തിന്റെ അവസ്ഥയും മറിച്ചല്ല. പരിസ്ഥിതിക്ക് ദോഷകരമായതും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായ രാസവളങ്ങളുടെ ഉപയോഗം പല രോഗങ്ങളെയും ക്ഷണിച്ചു വരുത്തി. രാസകൃഷിയുടെ ദുരന്തഫലങ്ങൾ അനുഭവിച്ച കേരളീയർ ജൈവകൃഷി സമ്പ്രദായത്തിലോട്ടുള്ള തിരിച്ചുപോക്ക് തുടങ്ങി കഴിഞ്ഞു. മണ്ണിന്റെ സ്വാഭാവിക പ്രതിരോധശേഷി പ്രയോജനപ്പെടുത്തി കീടങ്ങളെ നശിപ്പിച്ച് പച്ചക്കറികളും മറ്റും ഉൽപ്പാദിപ്പിക്കുന്ന ജൈവകൃഷി രീതിക്ക് ഇന്ന് പ്രചാരമേറുന്നു.

കേരളത്തെ മുഴുവൻ രാസകീടനാശിനി വിമുക്ത മേഖലയാക്കി മാറ്റി പൊതുജനാരോഗ്യം സംരക്ഷിക്കുക

## ആലുവ, കരുനാഗപ്പള്ളി മാതൃകകൾ

(1) എറണാകുളം ജില്ലാപഞ്ചായത്തിനു കീഴിലുള്ള ആലുവ വിത്തുല്പാദന കേന്ദ്രം ജൈവകൃഷി മാതൃകാപരമായി നടപ്പിലാക്കി വരുന്നു. അസോള, വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി, രാജ്ഫോസ്, ബയോഫോസ്, ബയോ പൊട്ടാഷ് എന്നിവയാണ് ഇവിടെ ഉപയോഗിക്കുന്ന ജൈവ വളങ്ങൾ. പശുവിൻ ചാണകം, മൂത്രം എന്നിവയും വേപ്പിൻ പിണ്ണാക്കും ചേർത്ത് ജീവാമൃതം തയ്യാറാക്കി ഉപയോഗിക്കുന്നതിനാൽ പതിര് പരമാവധി കുറച്ച് വിത്തുകളുടെ ഉൽപ്പാദന വർദ്ധനവ് സാധ്യമാക്കുന്നുണ്ട്. കൂടാതെ ഫിഷ് അമിനോ ആസിഡും തയ്യാറാക്കി വളമാക്കുന്നുണ്ട്. നാളികേരത്തിന്റെ തൊണ്ട് തെങ്ങിൻ ചുവട്ടിൽ തന്നെ പുതയിടുന്നതിനാൽ തെങ്ങിൽ നിന്നുള്ള ആദായം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.കാലിത്തൊഴുത്തിനോട് ചേർന്ന് തയ്യാറാക്കിയ കമ്പോസ്റ്റു പിറ്റുകളിൽ മണ്ണിര കമ്പോസ്റ്റ് തയ്യാറാക്കി അതും ഉപയോഗിക്കുന്നുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിലൂടെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിനെ സമ്പൂർണ്ണ ജൈവകൃഷിയിടമാക്കി അംഗീകരിച്ചു കൊണ്ട് 'മാതൃകജൈവ വിത്തുല്പാദനകേന്ദ്രം ' എന്ന ജൈവ സർട്ടിഫിക്കേഷൻ ഒല്ലക്കോൺ ഇന്ത്യ എന്ന അന്താരാഷ്ട്ര സംഘടന നൽകിയിട്ടുണ്ട്.

(2) കരുനാഗപ്പള്ളി തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് മറ്റ് ഫാമുകൾക്കും കർഷകർക്കും മാതൃകയാണ്. ഫാമിൽ നിന്നുള്ള ജൈവമാലിന്യങ്ങൾ ഫലപ്രദമായി സംസ്ക്കരിക്കുന്നതിനും സമ്പുഷ്ടമായ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിനും ഈ മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് കഴിയുന്നു. കൂടാതെ മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഫാമിൽ നിന്നും മണ്ണിരകളെ വിലയ്ക്ക് നൽകുന്നതിനോടൊപ്പം സാങ്കേതികോപദേശം നൽകുകയും ചെയ്യുന്നു.

എന്നലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ജൈവകാർഷിക നയം നടപ്പിലാക്കി വരുന്നു. ഇതിനനുബന്ധമായി കീടനാശിനികളുടെ വിവേചനരഹിതവും അനിയന്ത്രിതവുമായ വിതരണവും ഉപയോഗവും തടയുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 17.01.11 ലെ (എം.എസ്) 22/2011/കൃഷി നമ്പർ ഉത്തരവിൽ വ്യക്തമാക്കുന്നു. സംസ്ഥാന സർക്കാർ ജൈവകൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും സർക്കാരിന്റെ കീഴിലുള്ള കൃഷി ഫാമുകൾ ഇത് ഭാഗികമായി മാത്രമേ നടപ്പിലാക്കുന്നുള്ളൂ. മലപ്പുറം ചുങ്കത്തറ കൃഷിഫാമിൽ ജൈവകൃഷിക്ക് മുൻഗണന നൽകി വരുന്നു. രാസവളം, കീടനാശിനി എന്നിവ അത്യാവശ്യഘട്ടങ്ങളിൽ നിയന്ത്രിത അളവിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ.

## 16. വയനാട് ജില്ലാ കൃഷിഫാമിന്റെ ആവശ്യകത

വയനാട് ജില്ലയിൽ ജില്ലാപഞ്ചായത്തിന്റെയോ, സർക്കാരിന്റെയോ നിയന്ത്രണത്തിൽ കൃഷിഫാമില്ല. ജില്ലയിലെ മൊത്തം കൃഷിഭൂമിയുടെ 33.65% തോട്ടവിളയായ കാപ്പിയാണ് കൃഷി ചെയ്യുന്നത്. അതോടൊപ്പം നെല്ല്, കുരുമുളക്, വാഴ, ഇഞ്ചി, റബ്ബർ, തെങ്ങ്, പച്ചക്കറികൾ എന്നിവയും കൃഷി ചെയ്യുന്നുണ്ട്. നെല്ല് 22,772/- ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ കേരകൃഷിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ജില്ലയിലെ കാർഷിക രംഗം ഇന്ന് പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. പ്രധാന വിളകളായ കാപ്പി, കുരുമുളക്, നെല്ല്, വാഴ, ഇഞ്ചി, പച്ചക്കറികൾ എന്നീ വിളകൾക്ക് വില തകർച്ച ഉണ്ടായിട്ടുണ്ട്. ജില്ലയിലെ കൃഷിക്കാർക്കുണ്ടായിട്ടുള്ള സാമ്പത്തിക ബാദ്ധ്യതകളും, കർഷക ആത്മഹത്യകളും പരിശോധിച്ച് വയനാട് ജില്ലയെ 30.12.2011 ലെ ജി.ഒ (എം.എസ്) നമ്പർ 279/2011/കൃഷി നമ്പർ ഉത്തരവുപ്രകാരം ദുരന്തബാധിത പ്രദേശമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയിലെ കാർഷിക രംഗത്തിന് ഉണർവ്വേകാനും കാർഷിക പദ്ധതികൾക്ക് പിന്തുണ നൽകുന്നതിനും പൊതുമേഖലയിൽ കൃഷി ഫാം പോലെയുള്ള സംവിധാനം അനിവാര്യമാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

## 17. ഫാം ടൂറിസം – സാദ്ധ്യതകൾ

വിനോദ സഞ്ചാരത്തിന് പുതിയ മേഖലകൾ തേടുന്ന കേരളത്തിൽ ഫാം ടൂറിസത്തിന് അനന്ത സാധ്യതകളുണ്ട്. കാർഷിക മേഖലയുടെ വേഗത്തിലുള്ള വളർച്ച ത്വരിതപ്പെടുത്തുന്നതിന് ഫാം ടൂറിസത്തിന് കഴിയും. സഞ്ചാരികളെ ആകർഷിക്കുന്ന രീതിയിൽ കൃഷിയേയും, കൃഷി ഭൂമിയെയും ഒരുക്കിയാൽ ഫാം ടൂറിസം സാധ്യമാകും. കേരളത്തിലെ ഭൂപ്രകൃതിയും, കാലാവസ്ഥയും ഫാം ടൂറിസത്തിന് അനുയോജ്യമാണ്.

ഫാമിലെ വിവിധ വിളകൾ, കാർഷിക രീതികൾ, കാർഷിക യന്ത്രങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനോടൊപ്പം മാതൃകാ അടുക്കളത്തോട്ടം, ഔഷധസസ്യത്തോട്ടം തുടങ്ങിയവ ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചാൽ ഫാം ആകർഷണീയമാക്കാം. ശാസ്ത്രീയമായി രൂപകൽപ്പന ചെയ്ത കൃഷിയിടത്തോടൊപ്പം ക്വാർട്ടേഴ്സുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കി, ഫാം ടൂറിസത്തിന് അടിസ്ഥാനമായി Farm Website തയ്യാറാക്കി വിവരങ്ങളും സേവനങ്ങളും അതോടൊപ്പം Online booking സൗകര്യവും ഏർപ്പെടുത്തുന്നത് വിനോദ സഞ്ചാരികൾക്ക് കൂടുതൽ സൗകര്യപ്രദമാകും. നമ്മുടെ കാർഷിക സംസ്ക്കാരത്തെ മറ്റുള്ളവരിലേക്ക് പകരുന്നതിനൊപ്പം ഫാമിലെ ഉൽപ്പന്നങ്ങൾ എളുപ്പത്തിൽ വിപണനം നടത്താനും പ്രവേശന ഫീസ് വഴി വരുമാനം ലഭ്യമാക്കാനും ഫാം ടൂറിസം ഇടയാക്കും.

ഫാം ടൂറിസം സാക്ഷാത്കരിക്കുന്നതിന് സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ് പോലുള്ള കമ്പനികൾ ഫാം ടൂറിസത്തിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്.

ജില്ലാപഞ്ചായത്തുകൾക്ക് കൈമാറിയ കൃഷിഫാമുകളിൽ ഫാം ടൂറിസത്തിന് അനുയോജ്യമായ സാഹചര്യം ഉണ്ടെങ്കിൽ ജില്ലാപഞ്ചായത്ത്/ഫാം അധികാരികൾ അത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താൻ മുൻകൈയെടുക്കേണ്ടതാണ്.

## 3.2.7. നിഗമനങ്ങൾ

1. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൃഷിഫാമുകൾ ജില്ലാപഞ്ചായത്തിന് കൈമാറിയെങ്കിലും ഫാമുകളുടെ വികസനത്തിന് എടുത്തു പറയത്തക്ക പദ്ധതികൾ നടപ്പാക്കാൻ ജില്ലാപഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടില്ല.
2. കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഫാമുകളുടെ ഉൽപ്പാദന ക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു.
3. നൂതന കൃഷിരീതികൾ അവലംബിക്കുന്നതിലൂടെയും കാർഷിക യന്ത്രവൽക്കരണത്തിലൂടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൃഷി ലാഭകരമാക്കുന്നതിനും ഫാമുകൾ നടപടികൾ കൈക്കൊള്ളുന്നില്ല.
4. തൊഴിലാളികളുടെ കുറവ് ഫാമുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.
5. ഫാം ഉടമസ്ഥതയിലുള്ള വസ്തു സർവ്വേ നടത്തി അതിർത്തി നിശ്ചയിച്ച് ചുറ്റുമതിൽ/വേലി കെട്ടി സംരക്ഷിക്കാത്തതിനാൽ കൈയ്യേറ്റത്തിനും ഫാം ഉൽപ്പന്നങ്ങൾ നശിക്കുന്നതിനും കാരണമാകുന്നു.
6. ജൈവകൃഷി രീതിക്ക് ഊന്നൽ നൽകുന്നില്ല.
7. ഫാമുകളുടെ വരുമാനം അതിന്റെ നടത്തിപ്പിന് തികയുന്നില്ല.
8. ഫാം ഭൂമി പൂർണ്ണമായി കൃഷിക്ക് ഉപയുക്തമാക്കുന്നില്ല.
9. ഫാമിലെ യന്ത്രങ്ങൾ പ്രയോജനപ്പെടാതെ നശിക്കുന്നു.
10. ഫാം കൗൺസിൽ യോഗങ്ങൾ കൂടുന്നുണ്ടെങ്കിലും ഫാം വികസന പ്രവർത്തനങ്ങൾക്ക് സജീവ പങ്കാളിത്തമുണ്ടാകുന്നില്ല.
11. കൃഷിഭവനുകൾ വഴി വിറ്റഴിക്കുന്ന തൈകളുടെയും വിത്തുകളുടെയും വില ഫാമിൽ ഒടുക്കുന്നതിനു പകരം ട്രഷറിയിൽ നേരിട്ട് ഒടുക്കുന്നതിനാൽ ഫാമിന്റെ കൃത്യമായ വരവ് തിട്ടപ്പെടുത്താനാവില്ല.
12. ഫാമുകൾക്ക് ഒരു അക്കൗണ്ടിംഗ് സമ്പ്രദായം നിലവിൽ ഇല്ല. നിശ്ചിത രീതിയിൽ കണക്കുകൾ സൂക്ഷിക്കുകയോ, വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റിന് വിധേയമാക്കുകയോ ചെയ്യുന്നില്ല.
13. കൃഷിഫാമുകളിൽ ഗവേഷണ പ്രവർത്തനങ്ങളോ, നൂതനമായ പരീക്ഷണങ്ങളോ നടത്തുന്നില്ല.

## 3.2.8. ശുപാർശകൾ

1. ഫാമുകളുടെ ഉടമസ്ഥതയിലുള്ള സ്ഥലം കൃത്യമായി അതിർത്തി നിർണ്ണയം നടത്തി ചുറ്റുമതിൽ/ വേലി കെട്ടി സംരക്ഷിക്കുക.
2. ഫാമുകളുടെ ഭൂമിയും അടിസ്ഥാനസൗകര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുക.
3. ആധുനിക കൃഷിരീതികളുടെ പരീക്ഷണശാലയായി കൃഷിഫാമുകളെ മാറ്റാൻ നടപടികൾ സ്വീകരിക്കുക.
4. ഫാമുകളിലെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പ്രദർശന/വിൽപ്പന മേളകൾ സംഘടിപ്പിക്കാൻ കൃഷി വകുപ്പും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും മുൻകൈ എടുക്കണം.
5. ഫാമുകളിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക. മുഴുവൻ യന്ത്രങ്ങളും ഉപയോഗിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക.
6. ജൈവ കാർഷിക നയം പൂർണ്ണമായി നടപ്പിലാക്കുക.
7. ഫാമുകളിലെ ഉൽപ്പാദനശേഷി കുറഞ്ഞതും പ്രായം കൂടിയതുമായ ഫലവൃക്ഷങ്ങൾ മുറിച്ചുമാറ്റി പകരം അത്യുൽപ്പാദനശേഷിയുള്ളതും വാണിജ്യപ്രാധാന്യമുള്ളതുമായ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക
8. ഫാമുകളിലെ ഒഴിവുള്ള തസ്തികകളിൽ നിയമാനുസൃത നിയമനങ്ങൾ നടത്തി തൊഴിലാളികളുടെ കുറവ് പരിഹരിക്കുക.
9. ഫാം മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
10. ജില്ലാപഞ്ചായത്ത് ഫാമുകളുടെ മോണിറ്ററിംഗ് സംവിധാനം ശക്തമാക്കണം.
11. ഫാമുകളിൽ അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
12. ഫാം ടൂറിസത്തിന് അനുയോജ്യമായ പദ്ധതികൾ നടപ്പാക്കുക.
13. കൃഷിഫാമുകളുടെ പ്രവർത്തനം സമഗ്രമായി വിലയിരുത്തുന്നതിന് കൃഷി വിദഗ്ധരും, മാനേജ്മെന്റ് വിദഗ്ധരും അടങ്ങുന്ന കമ്മിറ്റി രൂപവൽക്കരിക്കുകയും കമ്മിറ്റിയുടെ ശുപാർശകൾ സമയബന്ധിതമായി നടപ്പാക്കുകയും ചെയ്യുക.

# 3.3. തദ്ദേശഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും



## പ്രവർത്തനക്ഷമതാ റിപ്പോർട്ട്

ഏറെ ശ്രദ്ധേയമായ കേരള മാതൃകാവികസനത്തിലെ പ്രധാന ഘടകമാണ് ആരോഗ്യമേഖലയിലെ മുന്നേറ്റം. ഒരു വികസ്വരരാജ്യത്തായിരുന്നിട്ടു കൂടി, വികസിത രാഷ്ട്രങ്ങളോട് കിടനിൽക്കുന്ന നേട്ടങ്ങളാണ് ആരോഗ്യ മേഖലയിൽ കേരളം സ്വായത്തമാക്കിയിട്ടുള്ളത്. വികേന്ദ്രീകൃതാസൂത്രണം കേരളത്തിന്റെ ആരോഗ്യമേഖലയ്ക്ക് കൂടുതൽ കരുത്തു പകർന്നു. എന്നാൽ ആരോഗ്യമേഖലയിൽ ദീർഘവീക്ഷണ ത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞി ട്ടില്ല.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെയും, സബ് സെന്ററുകളു ടെയും അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ കാര്യക്ഷമമാ ക്കുന്നതിനും ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടില്ല.ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളും ആരോഗ്യമേഖലയിൽ മാതൃകാപരമായ പ്രോജക്ടുകൾക്ക് രൂപം നൽകി നടപ്പാക്കിയിട്ടില്ല. അന്യദേശക്കാരായ തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. പാലിയേറ്റീവ് കെയർ പദ്ധതി മിക്ക തദ്ദേശസ്വയംഭരണങ്ങളിലും മാതൃകാപരമായി നടത്തി വരുന്നു. നിർമ്മൽ പുരസ്കാര തുക മാലിന്യസംസ്ക്കരണ/ശുചീകരണ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നില്ല. പകർച്ചവ്യാധി പ്രതിരോധരംഗത്തും, ജീവിതശൈലീരോഗങ്ങളുടെ ചികിത്സയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

| വിഷയവിവരം | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | 3.3.1 | 119 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 3.3.2 | 122 |
| ഓഡിറ്റ് മാനദണ്ഡങ്ങൾ | 3.3.3 | 123 |
| ഓഡിറ്റ് അധികാരം | 3.3.4 | 123 |
| ഓഡിറ്റിന്റെ രീതി, വ്യാപ്തി | 3.3.5 | 123 |
| **ഓഡിറ്റ് കണ്ടെത്തലുകൾ** | 3.3.6 | 124 |
| ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല | 3.3.6.1 | 124 |
| വർഷങ്ങളായി നികത്തപ്പെടാത്ത തസ്തികകൾ | 3.3.6.2 | 126 |
| അടിസ്ഥാനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല | 3.3.6.3 | 127 |
| പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 3.3.6.4 | 129 |
| ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ- ദീർഘവീക്ഷണത്തിന്റെ അഭാവം | 3.3.6.5 | 130 |
| നടപ്പിലാക്കാത്ത പദ്ധതികൾ | 3.3.6.6 | 132 |
| തദ്ദേശസ്ഥാപനങ്ങളിലെ മാതൃകാപദ്ധതി-വയോമിത്രം | 3.3.6.7 | 133 |
| ആരോഗ്യമേഖലയിലെ വർക്കിങ് ഗ്രൂപ്പുകൾ സജീവമല്ല | 3.3.6.8 | 134 |
| ഹോസ്പിറ്റൽ മാനേജിങ് കമ്മിറ്റികൾ | 3.3.6.9 | 135 |
| ദേശീയ ഗ്രാമീണ ആരോഗ്യദൗത്യം | 3.3.6.10 | 138 |
| സ്കൂൾ ആരോഗ്യപദ്ധതി | 3.3.6.11 | 140 |
| പാലിയേറ്റീവ് പരിചരണം | 3.3.6.12 | 141 |
| പകർച്ചവ്യാധികളും, രോഗപ്രതിരോധ നടപടികളും | 3.3.6.13 | 144 |
| അന്യസംസ്ഥാനതൊഴിലാളികളും, ആരോഗ്യപ്രശ്നങ്ങളും | 3.3.6.14 | 146 |
| ജീവിതശൈലീരോഗങ്ങളുടെ വ്യാപനം | 3.3.6.15 | 147 |
| രോഗപ്രതിരോധ കുത്തിവെയ്പ്പ് ശ്രദ്ധേയമായ നേട്ടം | 3.3.6.16 | 148 |
| ആരോഗ്യസ്റ്റാന്റിങ് കമ്മിറ്റികൾ | 3.3.6.17 | 150 |
| ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള പ്രത്യേക പൊതുസഭ | 3.3.6.18 | 151 |
| പൊതുശൗചാലയങ്ങളും, ആരോഗ്യപ്രശ്നങ്ങളും | 3.3.6.19 | 152 |
| നിർമ്മൽ പുരസ്ക്കാരത്തുകയുടെ വിനിയോഗം | 3.3.6.20 | 153 |
| പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പ്രത്യേക പദ്ധതികൾ | 3.3.6.21 | 155 |
| സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം | 3.3.6.22 | 156 |
| കെ.എം.എം.എൽ. മുഖേനയുള്ള ആരോഗ്യപ്രശ്നങ്ങൾ | 3.3.6.23 | 156 |
| നിഗമനങ്ങൾ | 3.3.7 | 158 |
| ശുപാർശകൾ | 3.3.8 | 159 |

## 3.3.1. ആമുഖം

ആരോഗ്യമുള്ള ജനത ഒരു ദേശത്തിന്റെയും, അതിലൂടെ ഒരു രാഷ്ട്രത്തിന്റെയും സമ്പത്തും പ്രതീക്ഷയുമാണ്. ആരോഗ്യമേഖലയിൽ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണ് കേരളം. വികസിത രാജ്യങ്ങളോട് കിടപിടിക്കുന്നതാണ് കേരളത്തിലെ ആരോഗ്യമേഖലയും അതിന്റെ ക്രിയാത്മകവും സജീവവുമായ പ്രവർത്തനങ്ങളിലൂടെ കൈവരിച്ച നേട്ടങ്ങളും. കേരളത്തിൽ ആരോഗ്യ സൂചകങ്ങളിൽ വിജയമുണ്ടായതിന്റെ ഫലമായി ഗണനീയവും ഏകീകൃതമായതുമായ ഒരു പ്രാഥമിക ആരോഗ്യ പരിചരണ സമ്പ്രദായം ഉണ്ടായി. എന്നിരുന്നാലും ആധുനിക രോഗങ്ങളുടെ വ്യാപനവും രോഗസംക്രമണത്തിന്റെ വൈജാത്യവും കേരളത്തിൽ പ്രധാന പ്രതിസന്ധിയായി മാറിയിരിക്കുകയാണ്. ജീവിതശൈലീ രോഗങ്ങൾ, വാർദ്ധക്യ സഹജരോഗങ്ങൾ, സാമൂഹ്യ ശുചിത്വപ്രശ്നങ്ങൾ, മലിനീകരണം പരിസരവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ പ്രചാരം, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സാംക്രമിക രോഗങ്ങളുടെ വ്യാപനം എന്നിവയാണ് കേരളത്തിലെ ആരോഗ്യ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ.

**2011 വർഷത്തെ കേരളത്തിലെ അടിസ്ഥാന ആരോഗ്യ സൂചകങ്ങൾ**

| | | |
|---|---|---|
| 1 | ജനനനിരക്ക് ( 1000 ജനസംഖ്യയിൽ) | 14.7 |
| 2 | മരണ നിരക്ക് (1000 ജനസംഖ്യയിൽ) | 6.8 |
| 3 | ശിശുമരണ നിരക്ക് (1000 ജനസംഖ്യയിൽ) | 12 |
| 4 | മാതൃമരണ നിരക്ക് (ഒരു ലക്ഷത്തിന്) | 81 |
| 5 | ആയൂർദൈർഘ്യം (പുരുഷന്മാർ) | 71.4 |
| 6 | ആയൂർദൈർഘ്യം (സ്ത്രീകൾ) | 76.3 |

മെച്ചപ്പെട്ട പൊതുജനാരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്ന വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സുപ്രധാന പങ്കാണുള്ളത്. 11-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ, ആരോഗ്യമേഖലയിൽ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വിശദമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. സാമൂഹ്യാധിഷ്ഠിത വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി രോഗപ്രതിരോധത്തിനുള്ള പദ്ധതികൾ, രോഗ ചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ, പുതിയ പശ്ചാത്തല സൗകര്യങ്ങൾക്കും സാമഗ്രികൾക്കുമുള്ള പദ്ധതികൾ മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ വർക്കിംഗ് ഗ്രൂപ്പും മാനേജ്മെന്റ് കമ്മിറ്റിയുമായി ചേർന്ന് തയ്യാറാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. അതുപോലെ തന്നെ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്നതിലുപരി ആശുപത്രി പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യം എന്ന സമീപനത്തിന് ഊന്നൽ നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ സമഗ്രമായൊരു കാഴ്ചപ്പാടോടെയല്ല ആരോഗ്യമേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റി എന്നിവയുടെ ഈ രംഗത്തുള്ള പ്രവർത്തനം ആശാവഹമല്ല. വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നുവരുന്ന പദ്ധതി നിർദ്ദേശങ്ങൾ മിക്കപ്പോഴും പദ്ധതികളായി പരിണമിക്കുന്നില്ല. ദീർഘവീക്ഷണമില്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും പ്രാദേശിക ഭരണ കൂടങ്ങളുടെ നിഷ്ക്രിയാവസ്ഥയും ആരോഗ്യ മേഖലയുടെ ദിശാബോധം നഷ്ടപ്പെടുത്തുന്നതിന് കാരണമാകുന്നു. ഇത് ആരോഗ്യപൂർണ്ണമായ സമൂഹ സൃഷ്ടിയെന്ന ക്രിയാത്മക ലക്ഷ്യത്തെ തടസ്സപ്പെടുത്തുന്നു.

1995 ഒക്ടോബർ 2 മുതൽ പ്രാബല്യത്തോടെ സർക്കാരിൽ നിക്ഷിപ്തമായിരുന്ന ചുമതലകൾ തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾക്ക് കൈമാറി 18.09.95 ൽ 189/95/തസ്വഭവ നമ്പറായി സർക്കാർ ഉത്തരവായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട നിയമങ്ങളും ചുമതലകളും ചുവടെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1)–ാം വകുപ്പ് 3–ാം പട്ടിക

## ഗ്രാമപഞ്ചായത്തുകളുടെ

**അനിവാര്യചുമതലകൾ**

- ❖ സാംക്രമിക രോഗവാഹികളെ നിയന്ത്രിക്കുക
- ❖ രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പാക്കുക.

**മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ**

- ❖ ഡിസ്പെൻസറികളും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക.
- ❖ മാതൃ-ശിശു ക്ഷേമകേന്ദ്രങ്ങൾ നടത്തുക
- ❖ രോഗവിമുക്തിയും മറ്റു പ്രതിരോധനടപടികളും നടത്തുക.
- ❖ കുടുംബക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുക
- ❖ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1)–ാം വകുപ്പ് 4–ാം പട്ടിക

## ബ്ലോക്ക് പഞ്ചായത്തുകളുടെ

**മേഖലാടിസ്ഥാനത്തിലുള്ളചുമതലകൾ**

- ❖ ബ്ലോക്ക് പഞ്ചായത്തിനുള്ളിൽ എല്ലാത്തരം ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 173 (1)–ാം വകുപ്പ് 5–ാംപട്ടിക

## ജില്ലാപഞ്ചായത്തുകളുടെ

**മേഖലാടിസ്ഥാനത്തിലുള്ളചുമതലകൾ**

- ❖ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള ജില്ലാ ആശുപത്രികളും നിയന്ത്രിക്കുക.
- ❖ പ്രത്യേക വിഭാഗത്തിൽപ്പെട്ട വികലാംഗരുടേയും മാനസിക രോഗികളുടെയും സംരക്ഷണത്തിനായി കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- ❖ കേന്ദ്ര സംസ്ഥാന സ്പോൺസേർഡ് പരിപാടികളെ ജില്ലാതലത്തിൽ ഏകോപിപ്പിക്കുക.

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 30(1)–ാം വകുപ്പ് 1–ാം പട്ടിക

## മുനിസിപ്പാലിറ്റികളുടെ

**മേഖലാടിസ്ഥാനത്തിലുള്ളചുമതലകൾ**

- ❖ ഡിസ്പെൻസറികളും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും (എല്ലാത്തരം ചികിത്സ സമ്പ്രദായങ്ങളിലും പെടുന്നവ) നടത്തുക.
- ❖ ശിശുക്ഷേമ കേന്ദ്രങ്ങളും മാതൃസംരക്ഷണ ഭവനങ്ങളും നടത്തുക
- ❖ കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുക
- ❖ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുക
- ❖ മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക

**കേരളത്തിലെ ആരോഗ്യസ്ഥാപനങ്ങൾ**

കേരളത്തിലെ ആരോഗ്യ/ആയുർവേദ/ഹോമിയോ വകുപ്പുകളുടെ കീഴിലുള്ള പ്രധാന സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ആരോഗ്യ വകുപ്പ് | | ആയുർവേദ വകുപ്പ് | | ഹോമിയോ വകുപ്പ് | |
|---|---|---|---|---|---|
| സ്ഥാപനങ്ങൾ | എണ്ണം | സ്ഥാപനങ്ങൾ | എണ്ണം | സ്ഥാപനങ്ങൾ | എണ്ണം |
| പ്രാഥമിക ആരോഗ്യകേന്ദ്രം | 835 | ആയുർവേദ ആശുപത്രികൾ | 119 | ഹോമിയോ ആശുപത്രികൾ | 30 |
| സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ | 230 | ആയുർവേദ ഡിസ്പെൻസറികൾ | 745 | ജില്ലാ ആശുപത്രികൾ - 13<br>താലൂക്ക് ആശുപത്രികൾ - 17 | |
| താലൂക്ക് / ജില്ല/സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള ആശുപത്രികൾ | 103 | സ്പെഷ്യാലിറ്റി ആശുപത്രികൾ | 10 | ഹോമിയോ ഡിസ്പെൻസറികൾ<br>ജനറൽ - 486<br>എസ്.സി.പി - 42<br>ടി.എസ്.പി - 23 | 551 |
| ഡിസ്പെൻസറികൾ | 25 | | | | |
| റ്റി.ബി.ക്ലിനിക്/ സെന്ററുകൾ | 17 | | | | |
| ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ | 29 | | | | |
| കുഷ്ഠരോഗ നിയന്ത്രണ യൂണിറ്റുകൾ | 3 | | | | |
| സബ്സെന്ററുകൾ | 5403 | | | | |




**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യസ്ഥാപനങ്ങൾ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ 1226 അലോപ്പതി മെഡിക്കൽ സ്ഥാപനങ്ങളിൽ 938 പ്രൈമറി ഹെൽത്ത് സെന്ററുകളും 105 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും 63 ഗവൺമെന്റ് ആശുപത്രികളും 41 താലൂക്ക് ആശുപത്രികളും 11 ജില്ലാ ആശുപത്രികളും ഉൾപ്പെടുന്നു.

കൈമാറിയ 792 ആയുർവേദ മെഡിക്കൽ സ്ഥാപനങ്ങളിൽ 679 ഡിസ്പെൻസറികളും 113 ആശുപത്രികളും ഉൾപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമായ 575 ഹോമിയോ മെഡിക്കൽ സ്ഥാപനങ്ങളിൽ 544 ഡിസ്പെൻസറികളും 31 ആശുപത്രികളും ഉൾപ്പെടുന്നു. ആകെ 2593 സ്ഥാപനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയത്.

| ആരോഗ്യസ്ഥാപനങ്ങൾ | എണ്ണം |
|---|---|
| അലോപ്പതി | 1226 |
| ആയുർവേദ | 792 |
| ഹോമിയോപ്പതി | 575 |
| ആകെ | 2593 |

അവലംബം: ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഇവ കൂടാതെ 21 യുനാനി ആശുപത്രികളും, 28 സിദ്ധ ആശുപത്രികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിൽ പ്രവത്തിക്കുന്നു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ആരോഗ്യവും അനുബന്ധസേവനങ്ങൾക്കും അനുവദിച്ച പദ്ധതി വിഹിതത്തിന്റെ 59% തുക 2010-11 ലും 69% തുക 2011-12 ലും ചെലവഴിക്കപ്പെട്ടു.

| | | 2010-11 (തുക കോടിയിൽ) |
|---|---|---|
| പദ്ധതി ഫണ്ട് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
| ആകെ | 2885.6029 | 1918.2869 |
| സേവനമേഖല | 970.911 | 571.068 |
| ആരോഗ്യവും അനുബന്ധ മേഖലകളും | 185.971 | 109.725 |
| | | 2011-12 (തുക കോടിയിൽ) |
| പദ്ധതി ഫണ്ട് വിഹിതം | അനുവദിച്ച തുക | ചെലവഴിച്ച തുക |
| ആകെ | 2817.768 | 2180.522 |
| സേവനമേഖല | 1330.986 | 947.769 |
| ആരോഗ്യവും അനുബന്ധ മേഖലകളും | 312.303 | 215.789 |

അവലംബം: ഐ.കെ.എം.




ആകെ വാർഷിക പദ്ധതി ചെലവിൽ 2010-11, 2011-12 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യമേഖലക്കായി ചെലവഴിച്ച തുകയുടെ വിശകലനം **അനുബന്ധം 7 ൽ** ചേർത്തിരിക്കുന്നു.

## 3.3.2. ഓഡിറ്റ് ലക്ഷ്യങ്ങൾ

1. ആരോഗ്യ മേഖലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന പ്രാധാന്യവും മേഖലയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ, പൊതുവായ ചുമതലകൾ എന്നിവ നിർവ്വഹിക്കുന്നതിൽ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ടോയെന്ന് എന്ന് വിലയിരുത്തുക.
2. 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത പദ്ധതികൾ, അവയുടെ നിർവ്വഹണം, അവയ്ക്കായി ചെലവഴിച്ച ഫണ്ടുകൾ, പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ എന്നിവയുടെ പരിശോധന.

3. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, കർമ്മസമിതി എന്നിവയുടെ പ്രവർത്തനം വിലയിരുത്തൽ.

4. ആശുപത്രി നിർവ്വഹണസമിതിയുടെ രൂപീകരണം, പ്രവർത്തനം എന്നിവ പരിശോധിക്കുക.

5. ആതുര ശ്രുശ്രൂഷാരംഗത്ത് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുവാൻ ഉദ്ദേശിച്ച് ദേശീയതലത്തിൽ നടപ്പാക്കി വരുന്ന ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ കേരളത്തിലെ പുരോഗതിയുടെ വിശകലനം.

6. രോഗപ്രതിരോധ നടപടികൾ, സാന്ത്വന ചികിത്സ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാർ നിർദ്ദേശം എത്രമാത്രം പാലിച്ചുവെന്നതിന്റെ പരിശോധന.

7. ആരോഗ്യകേന്ദ്രങ്ങളിൽ ശുചിത്വ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ പരിശോധന.

## 3.3.3. ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം നിക്ഷിപ്തമായ ചുമതലകൾ

2. 1994 ലെ കേരള മുനിസിപ്പൽ ആക്ട് 30(1) വകുപ്പ് 1-ാം പട്ടിക പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ

3. സ.ഉ.(പി) 189/95/തസ്വഭവ തീയതി 18.09.95 പ്രകാരം അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി ചുമതലകളും സ്ഥാപനങ്ങളേയും ജീവനക്കാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ടുള്ള ഉത്തരവ്.

4. സ.ഉ(പി) 566/95/ആരോഗ്യകുടുംബക്ഷേമവകുപ്പ് തീയതി 23.12.95-ആരോഗ്യവകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറുന്ന അധികാര-അവകാശങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

5. ജി.ഒ(എം.എസ്) 128/07/തസ്വഭവ തീയതി 14.05.2007 11-ാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ.

6. 12.04.06 ലെ സ.ഉ(പി ) 177/06/ധന ധനവിനിയോഗ മാർഗ്ഗരേഖ.

7 സർക്കുലർ നമ്പർ 66373/ഡി.എ.1/2009/തസ്വഭവ തീയതി 02.11.09 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ.

8. 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങൾ.

9. ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ/ സർക്കുലറുകൾ.

## 3.3.4. ഓഡിറ്റ് അധികാരം

1994 ലെ കേരള ലോക്കൽ ഫണ്ട് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ

1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(3)

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ

എന്നിവ അനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത ഓഡിറ്റർ.

## 3.3.5. ഓഡിറ്റിന്റെ രീതി, വ്യാപ്തി

2012 ഓഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ ഓഡിറ്റിനോടനുബന്ധിച്ച് 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനാവലോകനം നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക **അനുബന്ധം-6** ആയി ചേർത്തിരിക്കുന്നു. ഓഡിറ്റിന് വിധേയമാക്കിയ സ്ഥാപനങ്ങളിൽ നിന്നുള്ള വിവരശേഖരണം, അനുബന്ധ ഫയലുകളുടെ പരിശോധന, ആരോഗ്യ സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന തുടങ്ങിയവയിലൂടെ ലഭിച്ച വിവരങ്ങൾ പ്രവർത്തനാവലോകന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 3.3.6. ഓഡിറ്റ് കണ്ടെത്തലുകൾ

## 1. ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല

പൊതുജനാരോഗ്യ സേവനത്തിന്റെ അടിസ്ഥാന യൂണിറ്റുകളാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ. രോഗപ്രതിരോധ പ്രവർത്തനം, പ്രതിരോധ കുത്തിവെയ്പുകൾ, ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയ നിരവധി സേവനങ്ങൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. ജനങ്ങളുടെ അടുത്തേയ്ക്ക് ചെന്ന് ആരോഗ്യസേവനം ചെയ്യേണ്ട സ്ഥാപനങ്ങളാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്നവയാണ് സബ് സെന്ററുകൾ. വാക്സിനേഷൻ, ഗർഭിണികളുടെ പരിശോധന, കുടുംബക്ഷേമ മാർഗ്ഗങ്ങൾ എന്നിവ സബ്സെന്ററുകൾ വഴി ലഭ്യമാക്കുന്നു.

ആരോഗ്യവകുപ്പിന് കീഴിലുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ തുടങ്ങിയവയ്ക്ക് ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സ്റ്റാഫ് പാറ്റേൺ തുടങ്ങിയവ സംബന്ധിച്ച് വിശദമായ ഉത്തരവ് ജി.ഒ(ആർ.റ്റി ) 568/08/ആ.കു.വ. പ്രകാരം ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക-അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുന്തിയ പരിഗണന നൽകുവാൻ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

തെരഞ്ഞെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തിയതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ.

- ❖ മിക്ക ആരോഗ്യ കേന്ദ്രങ്ങൾക്കും സൗകര്യപ്രദമായ കെട്ടിടമില്ല.
- ❖ ഭൂരിഭാഗം ആരോഗ്യകേന്ദ്രങ്ങളിലും മരുന്ന് സൂക്ഷിക്കുവാനുള്ള സൗകര്യം പരിമിതമാണ്.
- ❖ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആരോഗ്യകേന്ദ്രങ്ങൾ വിരളമാണ്.
- ❖ ആരോഗ്യകേന്ദ്രങ്ങളിൽ ഉപകരണങ്ങൾ, ഫർണിച്ചറുകൾ പര്യാപ്തമല്ല.
- ❖ ഭൂരിഭാഗം ആരോഗ്യകേന്ദ്രങ്ങൾക്കും സ്വന്തമായി വാഹനമില്ല.
- ❖ ഡോക്ടർമാർക്കും ജീവനക്കാർക്കും റസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടില്ല.

പരിശോധനാ വിധേയമാക്കിയ 48 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ **അനുബന്ധം 8 ൽ** ചേർത്തിരിക്കുന്നു.

### അപാകങ്ങൾ

ആരോഗ്യ സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ ഏറ്റെടുത്തതും പൂർത്തിയാകാത്തതുമായ നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ നടപടിയെടുക്കേണ്ടതുമാണെന്ന് 22.05.09 ലെ സർക്കുലർ നമ്പർ 22725/ഡി.ബി.2/09/തസ്വഭവ ൽ വ്യക്തമാക്കിയിരുന്നു. എങ്കിലും ആരോഗ്യസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

### നാശോന്മുഖമായ ഒ.പി.കെട്ടിടം

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഒ.പി.വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം 1997 ജൂണിൽ ഉത്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചതാണ്. കെട്ടിടത്തിന്റെ ടെറസ് പായൽ പിടിച്ച് വെള്ളം കെട്ടി നിൽക്കുകയും മഴ സമയങ്ങളിൽ കെട്ടിടം ചോർന്നൊലിക്കുകയുമാണ്.ഇരുപത് കിടക്കകൾ ഉള്ള കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി (85 ലക്ഷം രൂപ അടങ്കൽ) 05.05.09 ൽ ഐ.എസ്.എം. ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ചിരുന്നു. ഇതുകൂടാതെ ആശുപത്രിയുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിന് 2.06.2011 ൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ തുടർ നടപടികൾ ഉണ്ടായിട്ടില്ല.



സംരക്ഷണമില്ലാതെ നശിക്കുന്ന ഒ.പി.കെട്ടിടം

## ഉപയോഗശൂന്യമായ പേവാർഡ് കെട്ടിടം

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ കുറ്റിവട്ടം ആയുർവേദാശുപത്രിക്കുവേണ്ടി 7,08,000/- രൂപ ചെലവിൽ എം.പി.ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പേവാർഡ് കെട്ടിടം 2010 ജൂൺ 22-ന് നിർമ്മാണം പൂർത്തിയാക്കി. നിർമ്മാണവൈകല്യംമൂലം കെട്ടിടം നാളിതുവരെ ഉപയോഗയോഗ്യമാക്കാതെ നിഷ്ക്രിയ ആസ്തിയായി തുടരുന്നു.

## പണിപൂർത്തീകരിക്കാത്ത ഐ.പി. ബ്ലോക്ക്

ആലപ്പുഴ ജില്ലയിലെ ചേർത്തല ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ ഐ.പി ബ്ലോക്കിന്റെ നിർമ്മാണം 2006-07 വർഷം ആരംഭിച്ചുവെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തിയാക്കപ്പെടാത്ത ഈ കെട്ടിടത്തിന്റെ ഉത്ഘാടനം 04.09.10 ൽ നിർവ്വഹിക്കപ്പെട്ടു. തുടർന്ന് രണ്ടു വർഷം കഴിഞ്ഞെങ്കിലും കെട്ടിടം ഇപ്പോഴും പ്രവർത്തനസജ്ജമല്ല.

ഇരുപത് രോഗികളെ മാത്രം കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രിയിൽ ഏകദേശം 35 രോഗികൾ വരാന്തയിലും ഇടനാഴിയിലും തിങ്ങിനിറഞ്ഞ് കിടക്കുന്ന അവസ്ഥയാണുള്ളത്. 2011-12 വർഷം ഈ കെട്ടിടത്തിന്റെ പൂർത്തിയായ ഭാഗത്തിന്റെ വൈദ്യുതീകരണത്തിനും മറ്റുമായി 1,36,975/-രൂപ ചെലവഴിച്ചു. വികസന ഫണ്ടിൽ നിന്നും 1,47,69,123/-രൂപ ചെലവഴിക്കപ്പെടാതെ അവശേഷിച്ചിരുന്നിട്ടും ആയുർവേദാശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാത്തത്, ആരോഗ്യമേഖലയുടെ വികസനത്തിന് നഗരസഭയുടെ താൽപര്യ കുറവിലേക്ക് വിരൽ ചൂണ്ടുന്നു.

കാസറഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2009-10 വർഷത്തിൽ പൂർത്തീകരിച്ച മാതൃ-ശിശു വാർഡ് കെട്ടിടത്തിനുവേണ്ടി പദ്ധതി വിഹിതത്തിൽ നിന്നും ആകെ 25.54 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2009-10 വർഷത്തിൽ 40 സെറ്റ് കട്ടിൽ, ബെഡ്ഡ്, മെഡിക്കൽ ബോക്സ് കം ടേബിൾ, അലമാരകൾ എന്നിവ 2,64,557/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. പക്ഷേ വാർഡ് ഇപ്പോഴും ഉപയോഗയോഗ്യമാക്കിയിട്ടില്ല. അതുപോലെ തന്നെയാണ് ആശുപത്രിക്കായി വാങ്ങിയ ഫർണിച്ചറുകളും.

## പ്രവർത്തനം നിലച്ച രോഗനിർണ്ണയ കേന്ദ്രം

കോഴിക്കോട് നഗരസഭയിൽ 1999-ൽ പ്രവർത്തനം ആരംഭിച്ച കൊയപ്പത്തൊടി ഡിസ്പെൻസറിയുടെ കെട്ടിടത്തിന്റെ സ്ഥിതി ശോചനീയമാണ്. ഈ കെട്ടിടത്തിൽ രോഗികളെ പരിശോധിക്കുവാൻ കഴിയാത്തതു കൊണ്ട് സമീപത്തുള്ള ടി.ബി.ക്ലിനിക്കിലാണ് ഡോക്ടർ പരിശോധന നടത്തുന്നത്. സ്റ്റാഫ് റൂം, മരുന്ന് ഗോഡൗൺ എന്നിവയ്ക്കാണ് നിലവിൽ ഈ കെട്ടിടം ഉപയോഗിക്കുന്നത്. നഗരസഭയിലെ എല്ലാ അർബൻ ഹെൽത്ത് ഡിസ്പെൻസറികളിലേയ്ക്കും മരുന്ന് ഇഷ്യൂ ചെയ്യുന്ന സ്റ്റോർ ഇവിടെയാണ് പ്രവർത്തിക്കുന്നത്. കാറ്റും ഈർപ്പവുമുള്ള മുറിയിലാണ് മരുന്നുകൾ സൂക്ഷിക്കുന്നത്. അലമാരകളോ റാക്കുകളോ ഇല്ലാത്തതിനാൽ മരുന്നിന്റെ പെട്ടികൾ നിലത്ത് അട്ടിയിട്ടിരിക്കുകയാണ്.

ഡിസ്പെൻസറിയുടെ സമീപത്തായി സ്ഥിതിചെയ്യുന്ന മുൻകൂട്ടി രോഗനിർണ്ണയം നടത്താനുള്ള കേന്ദ്രം (Early Disease Detection Centre) 22.12.92 ൽ ഉത്ഘാടനം കഴിഞ്ഞെങ്കിലും 2 വർഷത്തിനകം തന്നെ പ്രവർത്തനം നിലച്ചു. ഫ്രിഡ്ജും ലാബ് ഉപകരണങ്ങളും അലമാരകളും മറ്റ് ഫർണിച്ചറുകളും അടഞ്ഞ കെട്ടിടത്തിൽ നശിച്ചുകൊണ്ടിരിക്കുകയാണ്.



അടച്ചുപൂട്ടിയ കെട്ടിടത്തിനുള്ളിൽ നശിക്കുന്ന ലാബ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ

## ആരോഗ്യഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നില്ല

വിവിധ വാർഡുകളിലായി ചേർത്തല നഗരസഭയുടെ അധീനതയിൽ 4 ഉപകേന്ദ്രങ്ങൾ ഉണ്ട്. എന്നാൽ ഇവയിലൊന്നിലും ഇപ്പോൾ ആരോഗ്യ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഇവയിൽ ഒന്ന് ഭിന്നശേഷിയുള്ള കുട്ടികളുടെ അധ്യയനത്തിനുള്ള 'ആർദ്ര ' സ്കൂളായി പ്രവർത്തിക്കുന്നു. മറ്റൊന്നിൽ അംഗൻവാടി പ്രവർത്തിക്കുന്നു. മറ്റ് രണ്ട് കെട്ടിടങ്ങൾ യാതൊരു പ്രവർത്തനവുമില്ലാതെ പൂട്ടിയിട്ടിരിക്കുന്ന അവസ്ഥയാണ്.

**ആലുവ മാതൃക**

ആലുവ താലൂക്ക് ആശുപത്രിയിൽ അത്യാഹിതവിഭാഗം, ഐ.സി.യൂണിറ്റ് ബയോ കെമിസ്ട്രി ലാബ്, ഐ.എം.എ.യുടെ നേതൃത്വത്തിലുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങൾ ലഭ്യമായ ബ്ലഡ് ബാങ്ക്, ഹോം നഴ്സിംഗ് സെന്റർ, ഡയാലിസിസ് സെന്റർ എന്നിവ പ്രവർത്തിക്കുന്നുണ്ട്. 9 മുറികളുള്ള പേ വാർഡ് നഗരസഭ പണികഴിപ്പിച്ച താണ്. ഒരു അർബൻ ലെപ്രസി സെന്ററും, റ്റി.ബി ക്ലിനിക്കും ഇവിടെ പ്രവർത്തിക്കുന്നു. കുടുംബക്ഷേമ പദ്ധതി ക്കായി പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിൽ ശസ്ത്രക്രിയയ്ക്കായി മാത്രം പ്രത്യേകമായി ഒരു വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. ആശുപത്രിയിൽ വികസനസമിതി, ഐ.എം.എ. എന്നിവ വളരെ കാര്യക്ഷമമായ പ്രവർത്തനം നടത്തി വരുന്നു.

വൈറൽ രോഗങ്ങളും മറ്റ് ജലജന്യരോഗങ്ങളും പടർന്നുപിടിക്കാൻ സാധ്യത കൂടുതലുള്ള നഗരസഭാ പ്രദേശത്ത് ജനങ്ങളുടെ ആരോഗ്യസംരക്ഷണം എന്ന പ്രത്യേക ഉദ്ദേശത്തോടെ സ്ഥാപിതമായ സ്ഥാപനങ്ങൾ ഉദ്ദേശലക്ഷ്യങ്ങൾക്ക് വിരുദ്ധമായി പ്രത്യേക സ്കൂളായി പ്രവർത്തിച്ചു വരുന്നു. അങ്കണവാടിയായി പ്രവർത്തിച്ചു വരുന്ന ആരോഗ്യ ഉപ കേന്ദ്രത്തിന്റെ കെട്ടിടം ശോചനീയമായ അവസ്ഥയിലാണ്. ഇടിഞ്ഞു വീഴാറായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്ക ണവാടി കുട്ടികളുടെ ജീവന് തന്നെ ഭീഷണിയാണ്.

## 2. വർഷങ്ങളായി നികത്തപ്പെടാത്ത തസ്തികകൾ

കോഴിക്കോട് നഗരസഭയിൽ ക്ഷയരോഗചികിത്സയ്ക്കായി 1936 ൽ സ്ഥാപിതമായ ഇടിയങ്ങര ടി.ബി.ക്ലിനി ക്കിൽ 10 വർഷത്തിലധികമായി ടി.ബി.സ്പെഷ്യലിസ്റ്റ്, മെഡിക്കൽ ഓഫീസർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതി നാൽ ക്ഷയരോഗാശുപത്രി എന്ന നിലയിൽ സ്ഥാപനം പ്രവർത്തിക്കുന്നില്ല. എട്ട് അർബൻ ഹെൽത്ത് ഡിസ്പെൻസറി കളും രണ്ട് ആയുർവേദ ആശുപത്രികളുമാണ് കോഴിക്കോട് കോർപ്പറേഷന്റെ കീഴിലുള്ളത്. രണ്ട് ആയുർവേദ ആശു പത്രികളിലും ഡോക്ടർമാരില്ല. വർഷങ്ങളായി എട്ട് ഡിസ്പെൻസറികളിലും കൂടി രണ്ട് സ്ഥിരം ഡോക്ടർമാരും ഒരു താൽക്കാലിക ഡോക്ടറുമാണ് ഉള്ളത്. ഏഴ് ഡിസ്പെൻസറികളിൽ ചികിത്സ നടത്തുന്നത് മൂന്ന് ഡോക്ടർമാരാണ്. ചില ഡിസ്പെൻസറികളിൽ ആഴ്ചയിൽ 2 ദിവസവും മറ്റുള്ളവയിൽ ആഴ്ചയിൽ മൂന്ന് ദിവസവുമാണ് ഡോക്ടർമാ രുടെ സേവനം ലഭ്യമാകുന്നത്. ആരോഗ്യസേവന രംഗത്തെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്നുള്ള വഴിമാറ്റത്തിന് ഉദാഹര ണങ്ങളാണ് ഇത്തരം പ്രവർത്തനങ്ങൾ.

കോഴിക്കോട് നഗരസഭയിലെ അർബൻ ഹെൽത്ത് ഡിസ്പെൻസറികളുടെ ജീവനക്കാരുടെ ഒഴിവു വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ആരോഗ്യ സ്ഥാപനം | തസ്തികയുടെ പേര് | അനുവദിച്ച തസ്തിക | ഒഴിവ് |
|---|---|---|---|---|
| 1 | കൊയപ്പത്തൊടി ഡിസ്പെൻസറി | മെഡിക്കൽ ഓഫീസർ | 1 | 1 |
| | | ഫാർമസിസ്റ്റ് | 2 | 1 |
| | | നഴ്സിംഗ് അസിസ്റ്റന്റ് | 2 | 2 |
| | | സ്വീപ്പർ | 1 | 1 |
| 2 | പള്ളിക്കണ്ടി ഡിസ്പെൻസറി | മെഡിക്കൽ ഓഫീസർ | 1 | 1 |
| 3 | റ്റി.ബി.ക്ലിനിക്ക്, ഇടിയങ്ങര | റ്റി.ബി.സ്പെഷ്യലിസ്റ്റ് | 1 | 1 |
| | | മെഡിക്കൽ ഓഫീസർ | 1 | 1 |
| | | റേഡിയോ ഗ്രാഫർ | 1 | 1 |
| | | ലാബ് ടെക്നീഷ്യൻ | 1 | 1 |
| | | സ്റ്റാഫ് നഴ്സ് | 1 | 1 |
| | | എക്സറേ അറ്റൻഡർ | 1 | 1 |
| 4 | വെള്ളയിൽ ഡിസ്പെൻസറി | മെഡിക്കൽ ഓഫീസർ | 1 | 1 |
| 5 | അർബൻ ഹെൽത്ത് സെന്റർ, വെസ്റ്റ്ഹിൽ | മെഡിക്കൽ ഓഫീസർ | 1 | 1 |
| 6 | അർബൻ ഹെൽത്ത് സെന്റർ, മാങ്കാവ് | ഫാർമസിസ്റ്റ് | 2 | 2 |
| 7 | ആയുർവേദ ഡിസ്പെൻസറി, വെസ്റ്റ്ഹിൽ | മെഡിക്കൽ ഓഫീസർ | 1 | 1 |
| | | ഫാർമസിസ്റ്റ് | 1 | 1 |



ഹെൽത്ത് സെന്ററല്ല, ഇവ അൺഹെൽത്ത് സെന്റർ

കോർപ്പറേഷൻ ഹെൽത്ത് ഡിസ്പെൻസറികളുടെ ഇല്ലായ്മകളിലേക്ക് വിരൽചൂണ്ടുന്ന പത്രവാർത്ത

കാസർഗോഡ് മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള ആയുർവേദാശുപത്രിയിൽ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ രണ്ടു വർഷമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. 2010-11 വർഷം അറ്റകുറ്റപ്പണികൾക്കും ഫർണിച്ചർ വാങ്ങുന്നതിനുമുള്ള 2,50,000/- രൂപ ചെലവഴിച്ചു. എന്നാൽ ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടികളുണ്ടായില്ല. ആവശ്യമായ കെട്ടിട സൗകര്യവും കട്ടിലും കിടക്കയും ഉപയോഗശൂന്യമാണ്.

## ക്ലിനിക്കൽ ലബോറട്ടറിയുടെ ശോച്യാവസ്ഥ

ചേർത്തല നഗരസഭയുടെ കീഴിലുള്ള താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ലാബോറട്ടറിയുടെ അവസ്ഥ വളരെ ശോചനീയമാണെന്ന് കണ്ടു. രോഗ നിർണ്ണയത്തിന് വേണ്ടി ശേഖരിച്ച രക്തം, കഫം തുടങ്ങിയവയുടെ പരിശോധനയ്ക്കു ശേഷം അവശേഷിച്ചവ ശരിയായി സംസ്ക്കരിക്കപ്പെടാതെ ലബോറട്ടറിക്കു ചുറ്റും ഒഴുകിപരന്ന് കിടക്കുന്ന സ്ഥിതിയാണ്.

വിവിധ സാംക്രമിക രോഗ ഹേതുക്കളായ രോഗാണുക്കൾ നിറഞ്ഞ മാലിന്യം ചുറ്റുപാടുകളിലേയ്ക്ക് വ്യാപിക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നു.





കണ്ണൂർ ജില്ലയിലെ വേങ്ങാട് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വകുപ്പിൽ നിന്നും പഞ്ചായത്തിൽ നിന്നുമായി ലഭ്യമാകുന്ന മരുന്നുകൾ സൂക്ഷിക്കുവാൻ ഡിസ്പെൻസറിയിൽ സംവിധാനമില്ല.

## 3. അടിസ്ഥാന സൗകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല

ഏറ്റവും മെച്ചപ്പെട്ട രീതിയിലുള്ള കെട്ടിട സൗകര്യമുള്ള പ്രൈമറി ഹെൽത്ത് സെന്ററാണ് എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്ത് പി.എച്ച്.സി. കുട്ടികളുടെ വാർഡ്, ലേബർ വാർഡ്, മെയിൻ വാർഡ്, സ്ത്രീകളുടെ വാർഡ്, സർജിക്കൽ വാർഡ് എന്നിങ്ങനെ 5 വാർഡുകളിലായി 20 കിടക്കകൾ സ്ഥാപിച്ച് ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കാൻ തക്ക സൗകര്യം കെട്ടിടത്തിനുണ്ട്. എന്നാൽ ഈ വാർഡുകളൊന്നും തന്നെ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ചില വാർഡുകൾ ആശുപത്രിയിലെ പഴയ സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂമുകളായി ഉപയോഗിക്കുകയും ബാക്കിയുള്ളവ അടച്ചുപൂട്ടിയിടുകയുമാണ്. പുതുതായി നിർമ്മിച്ച ഒ.പി. ടിക്കറ്റ് കൗണ്ടർ, പ്രാഥമിക ശുശ്രൂഷ നൽകുവാനുള്ള മുറി എന്നിങ്ങനെ പശ്ചാത്തലസൗകര്യങ്ങൾ എല്ലാമുണ്ടായിട്ടും അതൊന്നും പ്രയോജനപ്പെടുത്താതെ ഔട്ട്പേഷ്യന്റ് വിഭാഗംമാത്രം പ്രവർത്തിക്കുന്ന ഒരു പി.എച്ച്.സി.യാക്കി നിലനിർത്തുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള അലംഭാവമാണ്. വാഴക്കുളം പി.എച്ച്.സി.ക്ക് സ്വന്തമായി ആംബുലൻസുണ്ട്. രണ്ട് മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ 26 ജീവനക്കാരാണ് വാഴക്കുളം പി.എച്ച്.സി.യിലുള്ളത്. 3 സ്റ്റാഫ് നഴ്സുമാർ, 2 നഴ്സിംഗ് അസിസ്റ്റന്റുമാർ, 6 ഹെൽത്ത് ഇൻസ്പെക്ടർമാർ, 6 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ തുടങ്ങി ആരോഗ്യമേഖലയിൽ വൈദഗ്ധ്യമുള്ള ജീവനക്കാരാണ് പി.എച്ച്.സി.യിലുള്ളത്. തദ്ദേശീയരുടെയും അന്യ സംസ്ഥാന തൊഴിലാളികളുടെയും ആരോഗ്യസുരക്ഷാ പദ്ധതിയോ പ്രോജക്ടോ (പെയിൻ &

പാലിയേറ്റീവ് പ്രോജക് ഒഴികെ) ഗ്രാമപഞ്ചായത്തോ, പി.എച്ച്.സി.യോ നടത്തി കാണുന്നില്ല. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് പൊതുജനാരോഗ്യം സംരക്ഷിക്കാൻ ആരംഭിച്ച സർക്കാർ സംവിധാനങ്ങൾ തകർക്കപ്പെടുന്നതിന്റെ നേർകാഴ്ചയാണ് ഇവിടെ.

## നിർമ്മാണം പൂർത്തിയാക്കിയ വാർഡ് കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല



വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ മേപ്പാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇന്ത്യാ പോപ്പുലേഷൻ പ്രേജക്ട് പ്രകാരം 1991 ൽ നിർമ്മാണം പൂർത്തീകരിച്ചതും ഏകദേശം 200 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ളതുമായ ലാബു കെട്ടിടം ഇതുവരെ ഉപയോഗിക്കാനായിട്ടില്ല. കെട്ടിടത്തിലേക്ക് കടന്നുചെല്ലാനുള്ള വഴി സൗകര്യം ഇല്ലാത്തതാണ് ഇതിനു കാരണം. ശരിയായി ആസൂത്രണം ഇല്ലാതെ നിർമ്മിച്ചതിനാൽ ലക്ഷക്കണക്കിന് രൂപയുടെ ചെലവ് പാഴായികൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണുള്ളത്.

## ആശുപത്രി ഭൂമി സ്വകാര്യ വ്യക്തി കയ്യേറി ; ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിലെ ചാത്തല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിന് സൗജന്യമായി ലഭിച്ച ഭൂമിയിൽ 1997 ൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനുവേണ്ടി കെട്ടിടം നിർമ്മിച്ചു.



പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ഭൂമി കൈയ്യേറി സ്വകാര്യവ്യക്തി നിർമ്മിച്ച കെട്ടിടം

ആശുപത്രി ഭൂമിയുടെ ഒരു ഭാഗം സ്വകാര്യ വ്യക്തികൾ കൈയേറിയതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 11.02.2008 ൽ മെഡിക്കൽ ഓഫീസർ ഏറനാട് താലൂക്ക് തഹസീൽദാർക്ക് ഭൂമിയുടെ അതിരുകൾ തിരിച്ച് അടയാളപ്പെടുത്തുന്നതിന് അപേക്ഷിച്ചെങ്കിലും നടപടിയുണ്ടായില്ല. 16.02.2011 ലെ ആശുപത്രി മാനേജിംഗ് കമ്മറ്റി തീരുമാനപ്രകാരം 22.02.11 മെഡിക്കൽ ഓഫീസർ വീണ്ടും അപേക്ഷിച്ചതിനെ തുടർന്ന് ഭൂമി അളന്നു സ്കെച്ച് ലഭ്യമാക്കുകയും അതിരുകൾ അടയാളപ്പെടുത്തുകയുമുണ്ടായി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിന് ചുറ്റുമതിൽ കെട്ടാൻ സംരക്ഷണഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാമെന്ന് 14.03.2005 ലെ 12245/പി.1/05 തസ്വഭവ ഗവൺമെന്റ് സർക്കുലർ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ അതിരുകൾ അടയാളപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ചുറ്റുമതിൽ നിർമ്മിച്ച് ആശുപത്രിയുടെ ആസ്തി സംരക്ഷിക്കാൻ ഫലപ്രദമായ നടപടി ഉണ്ടായിട്ടില്ല. ഭൂമിയുടെ ഒരു ഭാഗത്ത് ചുറ്റുമതിൽ നിർമ്മിക്കാനുള്ള അസ്തിവാരമിട്ടത് അതേപടി നില നിൽക്കുന്നുണ്ട്. സ്വകാര്യവ്യക്തി കയ്യേറി നടത്തിയ നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുകയോ ഈ ഭാഗത്ത് ചുറ്റുമതിൽ കെട്ടാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

## മാതൃക പി.എച്ച്.സി.

പത്തനംതിട്ട ജില്ലയിലെ ഏറത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് ശോച്യാവസ്ഥയിലായ കെട്ടിടവും ശുദ്ധജലക്ഷാമവും സ്ഥിരം ഡോക്ടറില്ലാത്തതുംമൂലം നിത്യേന ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം 40 ൽ താഴെ മാത്രമായിരുന്നു. യാത്രാസൗകര്യങ്ങൾ പരിമിതമായ ഇവിടെ നിന്ന് ജനങ്ങൾ 7 കിലോമീറ്റർ അകലെയുള്ള അടൂർ ജനറൽ ആശുപത്രിയെയാണ് ആശ്രയിച്ചിരുന്നത്. എന്നാൽ 2009 ജൂണിൽ പുതുതായി ചാർജ്ജെടുത്ത മെഡിക്കൽ ഓഫീസറുടെയും ടീമിന്റെയും ചിട്ടയായ പ്രവർത്തനത്തെ തുടർന്ന് ഈ അവസ്ഥയ്ക്ക് വലിയ മാറ്റമുണ്ടായി. ലഭിച്ച ഫണ്ടുകൾ മുഴുവൻ വിനിയോഗിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കി ആശുപത്രിയുടെ നിലവാരമുയർത്തി. ശോച്യാവസ്ഥയിലായ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ഓരോ വർഷത്തേയും ഫണ്ടുപയോഗിച്ച് പി.എച്ച്.സി.ക്ക് അത്യാവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി. ഇപ്പോൾ ശരാശരി 100 പേർ ദിനംപ്രതി ഒ.പി. യിൽ എത്തുന്നുന്നുണ്ട്.

**ഒ.പി.യിൽ വന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധന**

| വർഷം | രോഗികളുടെ എണ്ണം |
|---|---|
| 2008-09 | 13423 |
| 2009-10 | 16902 |
| 2010-11 | 19853 |
| 2011-12 | 25318 |

ആരോഗ്യപരിപാലനരംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് പി.എച്ച്.സി. ക്ക് കഴിഞ്ഞിട്ടുണ്ട്. 250 ൽ അധികം പ്രമേഹരോഗികൾ എൻ.സി.ഡി. (NCD-Non Communicable Diseases) ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലയിൽ ഏറ്റവും മാതൃകാപരമായി പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിയത് ഏറത്ത് പഞ്ചായത്താണ്. പകർച്ചവ്യാധി നിയന്ത്രണ പരിപാടികളും സ്കൂൾ ഹെൽത്ത് പ്രോഗ്രാമും കാര്യക്ഷമമായി നടപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 2012 വർഷം പൗരാവകാശരേഖ, ആരോഗ്യസന്ദേശങ്ങളടങ്ങിയ കലണ്ടർ, സാന്ത്വന പരിചരണവും ജീവിത ശൈലീരോഗനിയന്ത്രണവും-കൈപുസ്തകം എന്നിവയും പുറത്തിറക്കി PHC മാതൃക കാട്ടി.

## 4. പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

11-ാം പദ്ധതികാലയളവിൽ ആരോഗ്യമേഖലയിൽ താഴെ പറയുന്ന പ്രോജക്ടുകൾക്ക് ഊന്നൽ നൽകാൻ 14.05.07 ലെ ജി.ഒ(എം.എസ്) 128/07/തസ്വഭവ(പദ്ധതി മാർഗ്ഗരേഖ) ഉത്തരവിൽ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

1. സാമൂഹാധിഷ്ഠിത വോളണ്ടിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി രോഗപ്രതിരോധത്തിനുള്ള പ്രോജക്ടുകൾ.
2. രോഗചികിത്സ മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ
3. സേവനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും സ്ഥാപനങ്ങളുടെ മാനേജ്മെന്റിനും സ്ഥാപനാടിസ്ഥാനത്തിൽ സേവന പ്രദാന പദ്ധതി.
4. പുതിയ പശ്ചാത്തല സൗകര്യങ്ങൾക്കും സാമഗ്രികൾക്കുമുള്ള പ്രോജക്ട്
5. മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുടെയും സാമഗ്രികളുടെയും മേന്മവർദ്ധിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകൾ.

ആരോഗ്യമേഖലയിലെ കൃത്യമായ സ്ഥിതി വിവരകണക്കുകളോ, ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല.

ആരോഗ്യമേഖലയിൽ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കുവാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രോജക്ടുകൾക്ക് രൂപം നൽകുകയുണ്ടായി. ഗ്രാമ/വാർഡ് സഭകളിലും മറ്റ് ജനകീയ വേദികളിലും ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ നിന്ന് മുൻഗണന പ്രകാരമാണ് ഇത്തരം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികളും തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടും സംയോജിപ്പിച്ചുകൊണ്ട് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും വേണ്ടി തയ്യാറാക്കുന്ന പദ്ധതികളിൽ പലതും നടപ്പിലാക്കപ്പെടുന്നില്ല. 11-ാം പദ്ധതി കാലയളവിൽ ആവിഷ്കരിച്ചു നടപ്പാക്കിയ പ്രോജക്ടുകളുടെ വിശകലനത്തിൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയിൽ മാതൃകാപരമായ പ്രോജക്ടുകൾ രൂപം നൽകി നടപ്പാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആരോഗ്യമേഖലയിലെ പദ്ധതികളുടെ അവലോകനം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 2010-11 വർഷം പദ്ധതി ഫണ്ടിൽ നിന്നോ മെയിന്റനൻസ് ഗ്രാന്റിൽ നിന്നോ തുക ചെലവഴിച്ചിട്ടില്ല. 2011-12 വർഷം ആകെ ചെലവ് 10,000/-രൂപ മാത്രമാണ്.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് 2010-11, 2011-12 വർഷങ്ങളിൽ അലോപ്പതി മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. ആരോഗ്യം, ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പല പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. മയ്യനാട് ഗ്രാമപഞ്ചായത്തിൽ അലോപ്പതി മേഖലയിൽ 2010-11 വർഷം 13000/-രൂപ ചെലവഴിച്ച് 'ആരോഗ്യ പരിരക്ഷ' എന്ന പദ്ധതി മാത്രമാണ് നടപ്പാക്കിയത്. ആയുർവേദ മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയില്ല. 2011-12 ൽ 2,10,000/-രൂപ മാത്രമാണ് ഗ്രാമപഞ്ചായത്ത് ആരോഗ്യമേഖലയിൽ ചെലവഴിച്ചത്.

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി 25 ലക്ഷം രൂപ അടങ്കൽ വകയിരുത്തി ഒരു കർമ്മ പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ ഉദ്ദേശിച്ചതിലെ ഒരു പ്രധാന ഘടകം ചികിത്സയായിരുന്നു. എന്നാൽ പദ്ധതി കാലയളവ് അവസാനിച്ചപ്പോഴും ഈ ഇനത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. തുടർന്ന് 2011-12 വർഷം പുതുക്കിയ കർമ്മ പദ്ധതി പ്രകാരം ചികിത്സയ്ക്ക് നൽകുന്നതിന് 3,64,800/-രൂപ വകയിരുത്തിയെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. പദ്ധതിയുടെ ഭാഗമായി ഫീൽഡ് സർവ്വേ നടത്തി കണ്ടെത്തിയ രോഗികൾക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കാതിരുന്നത് പദ്ധതി നടത്തിപ്പിലെ പാളിച്ചയാണ് കാണിക്കുന്നത്.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വരുന്ന പദ്ധതി നിർദ്ദേശങ്ങൾ മിക്കപ്പോഴും പദ്ധതികളായി പരിണമിക്കുന്നില്ല. സേവന മേഖലയിൽ പഞ്ചായത്ത് ചെലവഴിക്കുന്ന തുകയിൽ നാമമാത്രമായ വിഹിതം മാത്രമാണ് ആരോഗ്യമേഖലയ്ക്ക് നീക്കിവയ്ക്കുന്നത്. 2010-11, 2011-12 വർഷങ്ങളിൽ ഇത് യഥാക്രമം 8% ഉം 5% ഉം മാത്രമാണ്. ഇത് ആവശ്യവുമായി തുലനം ചെയ്യുമ്പോൾ തുച്ഛമാണ്. ആരോഗ്യമേഖലയ്ക്ക് വകയിരുത്തുന്ന വികസന ഫണ്ട് അപര്യാപ്തമായതിനാൽ പദ്ധതികൾ നടപ്പാക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. ഉദാഹരണമായി 'പ്രമേഹ രക്തസമ്മർദ്ദ രോഗങ്ങൾക്ക്' എന്ന പദ്ധതി 2011-12 വർഷം മെഡിക്കൽ ഓഫീസർ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഫണ്ടില്ലാത്തതിനാൽ നടപ്പാക്കിയില്ല. പ്രസ്തുത വർഷം 'സന്ധിവാത ക്ലിനിക്' എന്ന പേരിൽ ഒരു പദ്ധതിക്ക് അംഗീകാരം വാങ്ങിയിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞില്ല. ആരോഗ്യമേഖലയ്ക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിൽ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് പട്ടിക 3 പ്രകാരമുള്ള ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾക്ക് അർഹിക്കുന്ന പരിഗണന 11-ാം പദ്ധതി കാലത്ത് ഗ്രാമപഞ്ചായത്തുകൾ നൽകിയിട്ടില്ല.

ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള വളരെകുറച്ച് പദ്ധതികൾ മാത്രമേ പെരുമ്പാവൂർ നഗരസഭ ആസൂത്രണം ചെയ്തിട്ടുള്ളൂ. വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാനും സാധിച്ചിട്ടില്ല. 2010-11 വകയിരുത്തലിന്റെ 81% ഉം 2011-12 ൽ 41% വുമാണ് ചെലവഴിച്ചത്.

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ നല്ലൂർനാട് സി.എച്ച്.സി.യിൽ ഓപ്പറേഷൻ തീയറ്റർ, എക്സ്റേ എന്നീ സജ്ജീകരണങ്ങൾ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ പ്രവർത്തിപ്പിക്കാൻ പറ്റുന്നില്ല. 2004 ൽ പണിത കുട്ടികളുടെ വാർഡ് നാളിതുവരെയായി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വിപുലമായ അടിസ്ഥാന സൗകര്യങ്ങളുള്ള നല്ലൂർനാട് സി.എച്ച്.സി. പദ്ധതികളുടെ ആസൂത്രണത്തിലെ അപാകം നിമിത്തം രോഗികൾക്ക് പ്രയോജനപ്പെടാത്ത സ്ഥിതിയാണ്.

## 5. ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ – ദീർഘവീക്ഷണത്തിന്റെ അഭാവം

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിന് ആരോഗ്യമേഖലയിൽ മാതൃകാപരമായ പ്രോജക്ടുകൾക്ക് രൂപം നൽകി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പാലിയേറ്റീവ് പരിചരണത്തിനുള്ള 'പരിരക്ഷ' പദ്ധതി മാത്രമാണ് വേറിട്ട് നിൽക്കുന്നത്. ആരോഗ്യമേഖലയ്ക്ക് വകയിരുത്തിയ തുക ചെലവഴിച്ച് പ്രൊജക്ട് ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനും ജാഗ്രത പുലർത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊജക്ടുകളാണ് ലക്ഷ്യം കാണാതെ പോയതിൽ മിക്കതും. ആയുർവേദാശുപത്രി അടിസ്ഥാനസൗകര്യങ്ങളുടെ കുറവിൽ പ്രയാസപ്പെടുന്നതിന് പ്രധാനകാരണം ദീർഘവീക്ഷണത്തോടെ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിക്കാത്തതാണ്. വികസന ഫണ്ടും സംരക്ഷണഗ്രാന്റും, പെർഫോമൻസ് ഗ്രാന്റും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല.

## ചികിത്സയുടെ ഭാഗമല്ലാതെയുള്ള മരുന്നു വിതരണം

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ ആരോഗ്യമേഖലയിൽ 2009-10, 2010-11, 2011-12 വർഷങ്ങളിൽ വൈദ്യശാഖകൾ മുഖേന ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കും വിധമാണ്.

| വർഷം | അലോപ്പതി | ഹോമിയോ | ആയുർവേദം | ആകെ |
|---|---|---|---|---|
| 2009-10 | 160000 | - | 1340000 | **1500000** |
| 2010-11 | 199442 | 30000 | 1500000 | **1729442** |
| 2011-12 | 192137 | 100000 | 850000 | **1142137** |
| | **551579** | **130000** | **3690000** | **4371579** |

ഈ മൂന്നു വർഷങ്ങളിലായി ആകെ ചെലവഴിച്ച 43,71,579/-രൂപയുടെ 85% ഉം ആയുർവേദ മേഖലയിലാണ് ചെലവഴിച്ചത്. ഇതിൽ തന്നെ ഓരോ വർഷവും ആയുർവേദ ഡിസ്പെൻസറിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾക്കു നൽകാനുള്ള മരുന്നിനുള്ള ചെലവ് വളരെ കുറവാണ്. കരുണ, സ്വാസ്ഥ്യ, ഉണർവ് എന്നീ പേരുകളിൽ പ്രോജക്ടുകൾ തയ്യാറാക്കി യാതൊരു രോഗ നിർണ്ണയവും നടത്താതെ ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിനാണ് ഭൂരിഭാഗം തുകയും ചെലവഴിച്ചിരിക്കുന്നത്.വൃദ്ധർ, സ്ത്രീകൾ എന്നിവർക്ക് പ്രോജക്ടുകൾ വഴി വിതരണം ചെയ്യാനായി ഈ വർഷങ്ങളിൽ വാങ്ങിയ മരുന്നുകളുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | ആശുപത്രിയിലെ ആവശ്യത്തിനുവേണ്ടി വാങ്ങിയ മരുന്നിന്റെ വില | പ്രോജക്ടു പ്രകാരം വിതരണം ചെയ്യാൻ വാങ്ങിയ മരുന്നിന്റെ വില | ആകെ |
|---|---|---|---|
| 2009-10 | 290000 | 1050000 | **1340000** |
| 2010-11 | 200000 | 1300000 | **1500000** |
| 2011-12 | 250000 | 600000 | **850000** |
| | **740000** | **2950000** | **3690000** |

രോഗികളായി ചികിത്സ തേടി ആശുപത്രിയിലെത്തുന്നവർക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള പ്രാധാന്യം കുറച്ച് വിവിധ പ്രോജക്ടുകളിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നവർക്ക് ആവശ്യകത പരിഗണിക്കാതെ ചുരുങ്ങിയ ദിവസം കൊണ്ട് ഔഷധങ്ങൾ വിതരണം ചെയ്യാനുള്ള പ്രോജക്ട് ആവിഷ്ക്കരിച്ചതും അലോപ്പതി ഹോമിയോ ഡിസ്പെൻസറികളുടെ നടത്തിപ്പിന് ആനുപാതികമായി വിഹിതം നീക്കിവെക്കാതിരുന്നതും പദ്ധതി ആസൂത്രണത്തിൽ വന്ന പിഴവാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 1-ാം ഉപ വകുപ്പ് 3-ാം പട്ടിക പ്രകാരം നിർണ്ണയിച്ച പഞ്ചായത്തിന്റെ അനിവാര്യവും പൊതുവായിട്ടുള്ളതുമായ ചുമതലകളിൽ ആരോഗ്യം പുഷ്ടിപ്പെടുത്തുന്നതിനായുള്ള ഔഷധങ്ങളുടെ വിതരണം ഉൾപ്പെടുന്നില്ല. ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖകളിലും ഇപ്രകാരം വൻതോതിൽ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകുന്നില്ല. ഇക്കാര്യങ്ങൾ പരിഗണിക്കാതെയാണ് പ്രോജക്ടിനായി ഈ വർഷങ്ങളിൽ 2950000/- രൂപ ചെലവഴിച്ചത്.

## സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി-കൈമാറിയത് ഒരു കോടി ; നഗരസഭയ്ക്ക് അലംഭാവം

തിരുവനന്തപുരം നഗരസഭ, റീജിയണൽ ക്യാൻസർ സെന്റർ, സാക്ഷരതാ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ 2007-08 മുതൽ നടത്തി വരുന്ന സാന്ത്വനം സമഗ്ര ക്യാൻസർ ചികിത്സാ പദ്ധതി നഗരസഭാ പരിധിയിലുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള, ക്യാൻസറിന് മുന്നോടിയായ അസുഖങ്ങൾ ബാധിച്ചു കഴിയുന്നവരെ കണ്ടെത്തി ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. നഗരസഭപ്രദേശത്തെ തെരഞ്ഞെടുത്ത 20 കേന്ദ്രങ്ങളിൽ വച്ച് ക്യാൻസർ ബോധവൽക്കരണ പരിപാടികളും രോഗനിർണ്ണയ ക്യാമ്പുകളും നടത്തുന്നു. ക്യാമ്പുകളുടെ സംഘാടനം, പ്രചരണം എന്നിവയെല്ലാം ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിലാണ് നടത്തുന്നത്. ക്യാമ്പുകളിൽ വരുന്നവർക്ക് പരിശോധനയും, ചികിത്സാ ആവശ്യമായി വരുന്നുവെങ്കിൽ വരുമാന പരിധി തെളിയിക്കുന്നതിനുസരിച്ച് സൗജന്യ പരിശോധന ആർ.സി.സി. നടത്തി കൊടുക്കുകയും ക്യാൻസർ രോഗികളാണെങ്കിൽ 10000/-രൂപ ചികിത്സാ ധനസഹായം നൽകുകയും ചെയ്യുന്നു.

പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് എല്ലാ മാസവും 30-ാം തീയതിക്കകവും, ചെലവു തുകയുടെ വിശദ വിവരവും കണക്കുകളും മൂന്ന് മാസത്തിലൊരിക്കലും RCC നഗരസഭയിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ മാസത്തി ലൊരിക്കൽ RCCയിലെ കോ-ഓർഡിനേറ്റിംഗ് ഓഫീസർ/പ്രതിനിധി, കോർപ്പറേഷൻ അധികാരികൾ എന്നിവർ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

30.03.12 ലെ സ.ഉ(സാധ) നമ്പർ 988/2012 ത.സ്വ.ഭ.വ പ്രകാരം നഗരസഭയുടെ 2011-12 ലെ ക്യാൻസർ നിയന്ത്രണ പദ്ധതി (ജനറൽ-പ്രോജക്ട് നമ്പർ 113/12) നടപ്പാക്കുന്നതിന് 10 ലക്ഷം രൂപയും, വനിതകൾക്കായുള്ള പദ്ധതിയ്ക്ക് (പ്രോജക്ട് നം.181/12) 52,50,000/- രൂപയും RCC ഡയറക്ടറുടെ പേരിൽ നിക്ഷേപിക്കുന്നതിന് അനു മതി നൽകി. 31.03.12 ൽ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച 62.50 ലക്ഷം രൂപ RCC ഡയറക്ടർക്ക് കൈമാറി യിട്ടുണ്ട്.

ചികിത്സാ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അംഗീകരിച്ച് RCC ക്ക് അയ യ്ക്കുന്നുവെങ്കിലും പദ്ധതിയുടെ പുരോഗതി റിപ്പോർട്ടും തുകയുടെ ചെലവ് വിവരവും നഗരസഭയ്ക്ക് ലഭിക്കുന്നില്ല. നഗരസഭയും RCC യും ചേർന്ന് മാസത്തിലൊരിക്കൽ നടത്തേണ്ടുന്ന പദ്ധതി പ്രവർത്തനങ്ങളുടെ വിലയിരുത്തലും നടക്കുന്നില്ല.

2007-08 ൽ പ്രസ്തുത പദ്ധതിയ്ക്കായി പ്രോജക്ട് നം.155/08 പ്രകാരം 37,22,085/- രൂപയും 76/08-ാം നമ്പർ പ്രോജക്ട് പ്രകാരം 18.10.07 ൽ 5 ലക്ഷവും നിക്ഷേപിച്ചിരുന്നു. (ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2009-10 ഖണ്ഡിക 3.15) ടി തുകയുടെ വിനിയോഗം, RCC പക്കൽ നിലനിൽക്കുന്ന ബാക്കി തുക എന്നതിനെപ്പറ്റിയുള്ള ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല.കണക്കുകൾ ലഭ്യമാക്കുന്നതിനായി RCC യ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ഇതിൽ നിന്നും 42,22,085/- രൂപ നൽകി അഞ്ചു വർഷങ്ങൾക്കു ശേഷവും, തുകയുടെ വിനിയോഗം, ബാലൻസ് തുക എന്നതിനെപ്പറ്റി നഗരസഭയ്ക്ക് യാതൊരു അറിവുമില്ല എന്നു വ്യക്തമാകുന്നു. ആരോഗ്യ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതിയുടെ മോണിട്ടറിംഗ് നടത്തേണ്ടത്.

ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് നിയന്ത്രണമില്ലാത്ത അവസ്ഥയാണുള്ളത്. വലിയൊരു തുക RCC യ്ക്ക് കൈമാറുക എന്ന പ്രവർത്തനം മാത്രമേ നഗരസഭ നടത്തിയുള്ളൂ. പദ്ധതി നഗരസഭാ പ്രദേ ശത്തുള്ള അർഹരായ ഗുണഭോക്താക്കൾക്ക് പ്രയോജനമാകുന്നുണ്ടോ എന്നുറപ്പു വരുത്താൻ നഗരസഭയുടെ ഭാഗത്തു നിന്നും യാതൊരു നടപടികളുമുണ്ടാകുന്നില്ല.

## 6. നടപ്പിലാക്കാത്ത പദ്ധതികൾ

വാർഷിക പദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിച്ച ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പല പദ്ധതികളും നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. 2010-11 വർഷം ഹോമിയോ ആശു പത്രിക്ക് മരുന്നു വാങ്ങുന്നതിനായി 70648/-രൂപയും മൊബൈൽ മോർച്ചറിക്കായി 25000/- രൂപയും പഞ്ചായത്ത് ഡിസ്പെൻസറിയിലെ ലബോറട്ടറി ഉപകരണങ്ങളുടെ പുനരുദ്ധാരണത്തിനായി വകയിരുത്തിയിരുന്നെങ്കിലും പദ്ധതി കൾ നടപ്പിലാക്കിയിട്ടില്ല. കൊല്ലം നഗരസഭ ആരോഗ്യമേഖലയിൽ ആസൂത്രണം ചെയ്തിട്ടും നടപ്പിലാക്കാത്ത പദ്ധതി കൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | 2010-11 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയത് | 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയത് |
|---|---|---|---|
| 1 | പാലത്തറ, ശക്തികുളങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുന്ന പ്രവൃത്തി | 2 കോടി | 2 കോടി |
| 2 | വടക്കേവിള ഹോമിയോ ആശുപത്രിക്ക് സ്ഥലം വാങ്ങി കെട്ടിടം പണി | 3 ലക്ഷം | 25 ലക്ഷം |
| 3 | സ്ത്രീകൾക്കായി തിരക്കേറിയ സ്ഥലത്ത് കംഫർട്ട് സ്റ്റേഷൻ | 15 ലക്ഷം | 15 ലക്ഷം |
| 4 | ഡയാലിസിസ് ഉപകരണം സ്ഥാപിക്കൽ | 2 0 ലക്ഷം | 2 0 ലക്ഷം |
| 5 | ഫോഗിംഗ് മെഷീൻ | 14 ലക്ഷം | 14 ലക്ഷം |

## വിവിധ പദ്ധതികൾക്കായി ലഭ്യമാകുന്ന തുക വിനിയോഗിക്കുന്നില്ല

ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾക്കായി വിവിധ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്ന തുകകൾ കാര്യക്ഷമമായി ചെലവഴിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ആശുപത്രി വികസന സമിതിയുടെയും കടമയാണ്.

കേരളം സമർപ്പിച്ച 557 കോടിയുടെ ആരോഗ്യപദ്ധതികൾക്ക് 2012-13 വർഷത്തിൽ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിരുന്നു. മാതൃശിശു ആരോഗ്യം, ശിശുമരണ നിരക്ക് കുറയ്ക്കൽ തുടങ്ങിയവയ്ക്ക് ഊന്നൽ നൽകുന്ന വിപുലമായ പദ്ധതികളാണ് എൻ.ആർ.എച്ച്.എം. ഈ വർഷം സംസ്ഥാനത്ത് ആവിഷ്കരിച്ചിട്ടുള്ളത്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം, രക്ത ബാങ്കുകൾ സ്ഥാപിക്കൽ തുടങ്ങിവയും ലക്ഷ്യമിടുന്നു.

പകർച്ചവ്യാധി പ്രതിരോധത്തിനും, ക്ഷയരോഗം, അന്ധത, കുഷ്ഠരോഗം തുടങ്ങിയവയുടെ നിവാരണത്തിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പുകയില, മദ്യം എന്നിവയുടെ ഉപഭോഗത്തിനെതിരെ ബോധവൽക്കരണവും നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. ആയുർവേദത്തെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും പദ്ധതിയുണ്ട്.

ഈ സാഹചര്യത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾക്കും മറ്റ് ഡിസ്പെൻസറികൾക്കും വിവിധതരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കാൻ വിഹിതം ലഭ്യമാകും. ഫണ്ടുകൾ ഫലപ്രദമായി ചെലവഴിക്കണമെങ്കിൽ ആവശ്യകത കൃത്യമായി വിലയിരുത്തി സമഗ്രപദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

(അവലംബം; 03.09.12 ലെ മാതൃഭൂമി ദിനപത്രം)


557 കോടിയുടെ ആരോഗ്യപദ്ധതികൾക്ക് കേന്ദ്രാംഗീകാരം

## 7. തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാതൃകാ പദ്ധതി- വയോമിത്രം

കേരളത്തിലെ ജനസംഖ്യയുടെ 11% വൃദ്ധ ജനങ്ങളാണ്. വയോജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക ആരോഗ്യമാണ് വയോമിത്രം ലക്ഷ്യം വയ്ക്കുന്നത്. കേരളത്തിലെ 5 നഗരസഭകളിലും, 35 മുനിസിപ്പാലിറ്റികളിലുമാണ് വയോമിത്രം പദ്ധതി നടപ്പാക്കി വരുന്നത്.



അവലംബം: സാമൂഹ്യനീതി വകുപ്പ്

കൊച്ചി നഗരസഭയിൽ ഈ പദ്ധതിക്ക് 07.12.11 ൽ തുടക്കം കുറിച്ചു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യന്റെയും സംയുക്ത സംരംഭമായാണ് ഈ പദ്ധതി ആരംഭിച്ചത്. 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സൗജന്യ വൈദ്യസഹായം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്. ഡോക്ടറും നേഴ്സും, നേഴ്സിംഗ് അറ്റൻഡറും അടങ്ങുന്ന ഈ ക്ലിനിക് തിങ്കൾ മുതൽ വെള്ളിവരെ നഗരസഭയുടെ വിവിധ ഡിവഷനുകളിൽ ക്യാമ്പ് ചെയ്ത് രോഗികളെ പരിശോധിക്കുന്നു. 2012 മാർച്ച് വരെ 1673 പേർക്ക് ഇതുവഴി സൗജന്യ വൈദ്യസഹായം ലഭ്യമാക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക് ദൈനംദിന ജീവിതത്തിൽ ആവശ്യമായി വരുന്ന യാത്ര, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ വയോമിത്രം ഹെൽപ്പ്

ഡെസ്കിലൂടെ നൽകി വരുന്നു. നൂറിലധികം ആളുകൾ ഈ സേവനം നേരിട്ടും ഫോണിലൂടെയും ലഭ്യമാക്കുന്നുവെന്നത് ഇതിന്റെ വിജയമായാണ് കാണുന്നത്. ഇത് കൂടാതെയാണ് പാലിയേറ്റീവ് കെയറും ആബുലൻസിന്റെയും സേവനം നൽകുന്നത്.

സാമൂഹ്യക്ഷേമവകുപ്പിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന വയോമിത്രം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കും തൃശ്ശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള കോട്ടപ്പുറം പഠനോദ്യാനകേന്ദ്രം വിട്ടുകൊടുക്കുകയുണ്ടായി. 55 ഡിവിഷനുകളിലായി 'വയോമിത്രം' പദ്ധതിയുടെ ഗുണഭോക്താക്കളായി നിലവിൽ 2600 വൃദ്ധജനങ്ങളുണ്ട്. ഇവരുടെ പരിചരണമേൽനോട്ടം 1 വീതം ഡോക്ടർ, സ്റ്റാഫ് നഴ്സ്, ജെ.പി.എച്ച്.എൻ. എന്നിവരടങ്ങുന്ന 2 മൊബൈൽ ക്ലിനിക് യൂണിറ്റുകൾ സ്ഥാപിച്ച് നിരീക്ഷിച്ചു വരുന്നു. കോർപ്പറേഷന്റെ 55 ഡിവിഷനുകളിലും ഈ സേവനം ലഭ്യമായി വരുന്നു. മാസംതോറും മരുന്നുകൾക്ക് മാത്രമായി 49000/-രൂപ ചെലവഴിച്ചുവരുന്നു. വൃദ്ധജനങ്ങൾ ഇന്ന് അനുഭവിക്കപ്പെടുന്ന ഒറ്റപ്പെടലിനും ദുരിതങ്ങൾക്കും ഒരു വലിയ കൈത്താങ്ങായി ഈ പദ്ധതികൾ മാറിയിട്ടുണ്ട്. അർഹതപ്പെട്ടവരെ ഇതിന്റെ ഗുണഭോക്താക്കളാക്കി മാറ്റുന്നതിന് വയോമിത്രം കാട്ടുന്ന ജാഗ്രത മാതൃകാപരവും പ്രശംസനീയവുമാണ്.

## 8. ആരോഗ്യമേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾ സജീവമല്ല

14.05.2007 ലെ ജി.ഒ(എം.എസ്) 128/2007 തസ്വഭവ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ മേഖലകളിൽ വിശദമായ വിലയിരുത്തൽ നടത്തുന്നതിനും പ്രോജക്ട് ആശയങ്ങൾ രൂപവൽക്കരിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾ നിർബന്ധമായും രൂപീകരിക്കേണ്ടതാണ്. സാമൂഹ്യാധിഷ്ഠിത വോളന്റിയർമാരുടെ സേവനം ഉപയോഗപ്പെടുത്തി രോഗപ്രതിരോധത്തിനും, രോഗചികിത്സ മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകൾ, പുതിയ പശ്ചാത്തല സൗകര്യങ്ങൾക്കും സാമഗ്രികൾക്കുമുള്ള പ്രോജക്ടുകൾ എന്നിവ ഉൾക്കൊള്ളിക്കുന്ന വിശദമായ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കേണ്ടതാണ്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിയുമായി ചേർന്ന് പ്രവർത്തനം നടത്തേണ്ടതാണ്. 'ആശുപത്രി പ്രതിനിധാനം ചെയ്യുന്ന പ്രദേശത്തിന്റെ മൊത്തത്തിലുള്ള ആരോഗ്യം ' എന്ന സമീപനത്തിന് ഊന്നൽ നൽകി വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ ആവിഷ്ക്കരിക്കേണ്ടതാണെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നടത്തിയ വിശകലനത്തിൽ ആരോഗ്യമേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം പലയിടത്തും കാര്യക്ഷമമല്ല എന്നാണ് കാണാൻ കഴിഞ്ഞത്. കർമ്മസമിതിയുടെ പ്രവർത്തനങ്ങൾ ശുഷ്കമായതുകൊണ്ടുതന്നെ ഒരു സമഗ്ര ആരോഗ്യ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

കൊല്ലം നഗരസഭയിൽ 2010-11 സാമ്പത്തിക വർഷത്തിൽ 3 ദിവസങ്ങളിൽ മാത്രം യോഗം ചേർന്നെങ്കിൽ 2011-12 വർഷത്തിൽ കർമ്മസമിതി യോഗം ചേർന്നതേയില്ല.

കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ പതിനൊന്നാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കും വിധമുള്ള പ്രവർത്തനങ്ങൾ ആരോഗ്യമേഖലയിൽ വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചിട്ടില്ല. ആരോഗ്യമേഖലയിൽ നിലവിലുള്ള അവസ്ഥാപഠനം, പോരായ്മകൾ കണ്ടെത്തൽ, ലക്ഷ്യം നിശ്ചയിക്കൽ, ലക്ഷ്യത്തിലെത്തിച്ചേരാൻ ലഭ്യമായ മനുഷ്യധനസ്രോതസ്സുകൾ വിനിയോഗിച്ചുകൊണ്ട് പ്രോജക്ടുകൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കി അംഗീകാരം വാങ്ങൽ, പദ്ധതികളുടെ മോണിറ്ററിംഗ് എന്നീ ഘട്ടങ്ങളിലൊന്നും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം നടന്നിട്ടില്ല എന്ന് മിനിട്സിൽ നിന്ന് വ്യക്തമാകുന്നു. 1996 ൽ തയ്യാറാക്കിയ പദ്ധതി രേഖയിൽ ആരോഗ്യമേഖലയെക്കുറിച്ച് സമഗ്ര പഠനം നടത്തി തയ്യാറാക്കിയ റിപ്പോർട്ടും പോരായ്മകൾ പരിഹരിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിരുന്നെങ്കിലും പിന്നീട് പുരോഗതിയൊന്നും ഈ മേഖലയിൽ ഉണ്ടായിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ ശുഷ്കമായതുകൊണ്ട് തന്നെ ഒരു സമഗ്ര ആരോഗ്യ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. 2010-11 വർഷത്തിൽ സേവനമേഖലയിലെ ചെലവിന്റെ 4% ഉം 2011-12 ൽ 4.45% ഉം മാത്രമാണ് ആരോഗ്യമേഖലയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തിയത്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെടുന്ന ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അർഹിക്കുന്ന പരിഗണന 11-ാം പദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്തിന് നൽകാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ ഉത്തരവാദിത്തം ഒരു പരിധിവരെ ആരോഗ്യമേഖലയിലെ വർക്കിംഗ്

ഗ്രൂപ്പിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കുമാണെന്ന് വിലയിരുത്തുന്നു.

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗത്തിൽ ആരോഗ്യമേഖല സംബന്ധിച്ച് മുന്നോട്ട്വച്ച് 8 നിർദ്ദേശങ്ങളിൽ 6 ഉം ഹോമിയോ ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മരുന്ന് ലഭ്യമാക്കുന്നതിനും ആയിരുന്നു. ട്രൈബൽ കോളനികളിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2009-10 വർഷത്തിൽ പ്രോജക്ടുകൾക്ക് രൂപം നൽകാൻ വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ല.

തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ കർമ്മസമിതിയുടെ പ്രവർത്തനം തൃപ്തികരമാണ്. ആരോഗ്യമേഖലയുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. തൊളിക്കോട് പി.എച്ച്.സി.യിൽ ഇൻജക്ഷൻ റൂം പണിതതും, ചെട്ടിയാംപാറ ആയുർവേദ ആശുപത്രിക്കും തൊളിക്കോട് ആയുർവേദ ആശുപത്രിക്കും ഫർണിച്ചർ വാങ്ങിയതും പനയ്ക്കോട് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുന്നതിന് നിർദ്ദേശം നൽകിയതും മാതൃകാപരമാണ്.

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ, കർമ്മസമിതി സജീവമാണ്. ആരോഗ്യമേഖലയിൽ പുതിയ പദ്ധതികൾ നിർദ്ദേശിക്കുവാനും അടിസ്ഥാന സൗകര്യ വികസനത്തിനായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും കർമ്മസമിതി ശ്രദ്ധിക്കുന്നുണ്ട്. 2011-12 വർഷത്തിൽ ഇതിന്റെ ഫലമായി ഒട്ടേറെ മാതൃകാപദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുവാനും നടപ്പിലാക്കുവാനും സാധിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിൽ ആരോഗ്യമേഖലയിൽ കർമ്മസമിതികൾ രൂപീകരിച്ചിട്ടില്ല.

കാസർഗോഡ് ജില്ലയിലെ പുല്ലൂർപെരിയ ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യമേഖലയിൽ കർമ്മസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കർമ്മസമിതിയുടെ പ്രധാന പ്രവർത്തനങ്ങളായ മേഖലാ പഠനം, പദ്ധതികളുടെ രൂപീകരണം, മോണിട്ടറിംഗ് തുടങ്ങിയ ഘട്ടങ്ങളിലൊന്നും തന്നെ കാര്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല. യഥാസമയം യോഗം ചേരുന്നതിനും കർമ്മസമിതി വീഴ്ച വരുത്തിയിട്ടുണ്ട്. സമിതിയുടെ മിനിട്സ് പ്രകാരം 10.12.10 ന് ശേഷം 16.07.12-നു മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

പ്രോജക്ടുകൾ മോണിട്ടർ ചെയ്യുന്നതിലും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ പരാജയപ്പെടുന്നതാണ് ആരോഗ്യമേഖലയിലെ സമഗ്ര വികസനത്തിന് വിഘാതമാകുന്നത്.

## 9. ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികൾ

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 173 എ പ്രകാരം സർക്കാരിൽ നിന്നും കൈമാറ്റം ചെയ്യപ്പെട്ട ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനും വേണ്ടി ചെയർമാനുൾപ്പെടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. 2000-ൽ ഇതനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നുവെങ്കിലും 2010 ൽ ചട്ടം പുതുക്കി പുറപ്പെടുവിച്ചു. 2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ പ്രകാരം സർക്കാരിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയ പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ ശരിയായ പരിപാലനം, ആസൂത്രിത വികസനം, മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യൽ എന്നിവയാണ് ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കുറയാത്ത മാനേജിംഗ് കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആരോഗ്യ ധനകാര്യ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, വാർഡ് മെമ്പർ, അസി.എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ അംഗങ്ങളായിരിക്കേണ്ടതാണ്.

ഭൗതിക സൗകര്യങ്ങളും സേവനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഭരണചുമതലയുള്ള പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ ശുപാർശകൾ നൽകുക, പൊതുജനാരോഗ്യസ്ഥാപനത്തെ സംബന്ധിച്ച് പഞ്ചവൽസര-വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സമർപ്പിക്കുക തുടങ്ങിയ അധികാരങ്ങളും മാതൃ-ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, ഫീൽഡ്തല ആരോഗ്യ പ്രവർത്തനങ്ങൾ, രോഗനിർണ്ണയ ചികിത്സാ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക, പൊതുജനാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തങ്ങളും ഉറപ്പിക്കുക തുടങ്ങി ഒട്ടേറെ ചുമതലകളും മാനേജിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

മാനേജ്മെന്റ് കമ്മറ്റിയുടെ നിയന്ത്രണത്തിൽ രൂപവൽക്കരിക്കുന്ന ആശുപത്രി വികസനഫണ്ടിന്റെ സൂക്ഷിപ്പിന് വേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വിവിധ ആശുപത്രി മാനേജിംഗ് കമ്മറ്റികൾ മേൽപ്പറഞ്ഞ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയുടെ വികസന സമിതി 11.10.1988 ൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടണമെന്ന സർക്കാർ നിർദ്ദേശം വികസനസമിതി പാലിക്കുന്നില്ല. 2004-05 മുതലുള്ള മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 15.11.08, 03.11.09, 03.11.11 എന്നീ തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മാനേജിംഗ് കമ്മിറ്റിയിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങളൊന്നും നടപ്പിലാക്കുന്നതിന് യാതൊരു ശ്രമവും ഉണ്ടായിട്ടില്ല.

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിൽ ആശുപത്രികളിലെ മാനേജിംഗ് കമ്മിറ്റികൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല.ആയുർവേദ ആശുപത്രിയിൽ 25.02.03 നുശേഷം സമിതിയോഗം ചേർന്നിട്ടില്ല. ഹോമിയോ ആശുപത്രിയിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 02.12.2011 നു ശേഷം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. സമിതിയുടെ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ചും ആശുപത്രിയുടെ സമഗ്രമായ വികസനം സംബന്ധിച്ചും സമിതി ശുപാർശകളൊന്നും നൽകിയിട്ടില്ല. വിവിധ മാർഗ്ഗങ്ങളിലൂടെ ലഭ്യമാകുന്ന ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ക്രീയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിനു ലഭ്യമാക്കുന്നതിലും ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി വീഴ്ച വരുത്തിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ എടവണ്ണഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ചാത്തല്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ, 2010 ലെ പഞ്ചായത്ത് രാജ് പൊതുജനാരോഗ്യകേന്ദ്രം മാനേജിംഗ് കമ്മറ്റി ചട്ടപ്രകാരമുള്ള കമ്മറ്റി രൂപവൽക്കരിച്ചിട്ടില്ല. 16.06.07 ൽ രൂപവൽക്കരിച്ച ആശുപത്രി വികസനസമിതിയാണ് ഇപ്പോഴും നിലവിലുള്ളത്. 2010 നവംബറിൽ ഗ്രാമപഞ്ചായത്തിൽ പുതിയ ഭരണസമിതി നിലവിൽ വന്നെങ്കിലും ആശുപത്രി മാനേജിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടില്ല. നിലവിലുള്ള വികസനസമിതിയുടെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിന് ബാങ്ക് അക്കൗണ്ട് തുറക്കുകയോ, ക്യാഷ് ബുക്കും അനുബന്ധ രജിസ്റ്ററുകളും സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. വരവ് ചെലവ് നീക്കിയിരുപ്പ് എന്നിവ ആശുപത്രിയിലെ ക്യാഷ്ബുക്കിലും രേഖപ്പെടുത്തിയിട്ടില്ല.

കാസറഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിലെ രണ്ട് ആയുർവേദാശുപത്രികളിൽ ഉദയപുരത്തുള്ള ആയുർവേദ ആശുപത്രിയിൽ മാത്രമേ നിലവിൽ മാനേജിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളൂ. 06.01.05 ലെ യോഗത്തിനുശേഷം പ്രസ്തുത കമ്മിറ്റി 7 വർഷത്തിനുശേഷം 24.07.12 ന് മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മാനേജിംഗ് കമ്മിറ്റികൾ നിലവിൽ പ്രവർത്തനരഹിതമാണ്.

പെരുമ്പാവൂർ നഗരസഭയിൽ ആശുപത്രി നിർവ്വഹണസമിതി രൂപീകരിച്ച് ആദ്യമായി യോഗം ചേർന്നത് 30.06.07 നാണ്. സമിതിയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി ചേരുന്നുണ്ട്. അത്യാവശ്യ സന്ദർഭങ്ങളിൽ മാസത്തിലൊരിക്കലും ചിലപ്പോൾ മാസത്തിൽ രണ്ടും യോഗങ്ങൾ ചേരുന്നുണ്ട്. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങളെ വിലയിരുത്തുകയും പരാതികളെക്കുറിച്ച് അന്വേഷിക്കുകയും കണക്കുകൾ പാസ്സാക്കുകയും ചെയ്യുന്നതാണ് സമിതിയുടെ യോഗങ്ങളിലെ സ്ഥിരം കാര്യപരിപാടി. മിനിട്സ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ക്രീയാത്മക നിർദ്ദേശം, എം.പി.യുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാനും ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം തുടങ്ങുവാനുമാണ്.

കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമപഞ്ചായത്തിൽ 08.02.11 ലാണ് നിലവിലുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചത്. ഇതിനകം 6 യോഗങ്ങൾ ചേർന്നു. ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യോഗങ്ങളിൽ ചർച്ച ചെയ്യുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നു. എച്ച്.എം.സി.യുടെ കീഴിൽ ലാബ്, ഫാർമസി, എക്സറേ യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു. എക്സറേ യൂണിറ്റിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയാണ് ജീവനക്കാരെ നിയമിച്ചിരിക്കുന്നത്.

പരിശോധനയ്ക്ക് വിധേയമാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യകേന്ദ്രങ്ങളിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വിശദാംശങ്ങൾ ഉദാഹരണങ്ങളായി താഴെ ചേർക്കുന്നു.

| ജില്ല | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ | ആരോഗ്യകേന്ദ്രം | HMC രൂപീകരിച്ച തീയതി | HMC യുടെ കീഴിൽ പ്രവർത്തിക്കുന്ന medi. shop, lab എന്നിവയുടെ വിവരം | വരവ് ചെലവ് കണക്ക് ഓഡിറ്റിന് ഹാജരാക്കുന്നത് | HMC പ്രവർത്തനം |
|---|---|---|---|---|---|---|
| കൊല്ലം | പന്മ ഗ്രാമ.പ. | ഗവ. ആയുർവേദ ആശുപത്രി കുറ്റിവട്ടം ഗ്രാമ.പ | 05.06.08 | ലാബ്, ഫാർമസി, എക്സറേ യൂണിറ്റ് | ഇല്ല | 05.08.10 വരെ യോഗങ്ങൾ 5 യോഗങ്ങൾ HMC പുന: സംഘടിപ്പിച്ചിട്ടില്ല |
| | മയ്യനാട് ഗ്രാമ.പ. | സി.കേശവൻ സ്മാരക CHC ആയുർ. ഡിസ്പെൻസറി | 08.02.11 | | ഇല്ല | 6 യോഗങ്ങൾ ചേർന്നു, ആശുപത്രി വികസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്തു നിർദ്ദേശങ്ങൾ സമർപ്പിക്കുന്നുണ്ട്. |
| പത്തനംതിട്ട | ഓമല്ലൂർ ഗ്രാമ.പ. | ഗവ. ആയുർവേദ ആശുപത്രി | 11.10.98 | മെഡിക്കൽ ഷോപ്പ് | | സർക്കാർ നിർദ്ദേശത്തിനനുസരിച്ച് യോഗം ചേരുന്നില്ല, മാനേജിംഗ് കമ്മിറ്റിയിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നില്ല. |
| | തിരുവല്ല നഗരസഭ | ഗവ.താലൂക്ക് ആശുപത്രി, പ്രാഥമിക ആരോഗ്യകേന്ദ്രം ഓമല്ലൂർ | 31.01.08 | | 2009-10 വരെയുള്ള കണക്കുകൾ ഹാജരാക്കി | പ്രവർത്തനം കാര്യക്ഷമമല്ല. |
| ആലപ്പുഴ | ചേർത്തല നഗരസഭ | താലൂക്ക് ആയുർവേദ ആശുപത്രി, ചേർത്തല | | | ഇല്ല | സർക്കാർ നിർദ്ദേശാനുസരണം യോഗം കൂടുന്നില്ല |
| കോട്ടയം | മാഞ്ഞൂർ ഗ്രാമ.പ. | പ്രൈമറി ഹെൽത്ത് സെന്റർ കറുപ്പന്തറ, ആയുർവേദ ഹോസ്പിറ്റൽ, ഹോമിയോ ആശുപത്രി | 28.06.05 01.03.10 രൂപീകരിച്ചിട്ടില്ല | | | 18.11.11 ന് ശേഷം യോഗം ചേർന്നിട്ടില്ല |
| | മുനിസിപ്പാലിറ്റി കോട്ടയം | ഗവ. PHC നാട്ടകം | 2001 | ഇല്ല | | മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു. ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിക്കാറുണ്ട്. |

## 10. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം

ആതുര ശുശ്രൂഷാരംഗത്ത് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാനുദ്ദേശിച്ച് ദേശീയതലത്തിൽ നടപ്പാക്കി വരുന്ന കർമ്മ പരിപാടിയാണ് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം (എൻ.ആർ.എച്ച്.എം). കേരളത്തിലെ പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഗ്രാമീണ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതി 2005-06 മുതൽ കേരളത്തിൽ നടപ്പാക്കി വരുന്നു. പദ്ധതിയുടെ ആദ്യഘട്ടം 2011-12 സാമ്പത്തികവർഷം അവസാനിച്ചു. രണ്ടാംഘട്ടം 2012 സാമ്പത്തിക വർഷം മുതൽ കേരളത്തിൽ സമഗ്രമായി നടപ്പിലാക്കി വരുന്നു. കേരളത്തിൽ പദ്ധതി നടത്തിപ്പിലേക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സൊസൈറ്റി (ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി ) രൂപീകരിക്കുകയും അവയ്ക്ക് 'ആരോഗ്യ കേരളം' എന്ന് പേര് നൽകുകയും ചെയ്തു.

2005 ഏപ്രിലിൽ ആരംഭിച്ച ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം ഗ്രാമങ്ങളിലെ ദരിദ്രർക്ക് എളുപ്പത്തിൽ കുറഞ്ഞ ചെലവിൽ ഉത്തരവാദിത്തത്തോടെ ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ നൽകാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ലക്ഷ്യങ്ങളിൽ ശിശു മാതൃ മരണ നിരക്കുകൾ കുറയ്ക്കൽ, പൊതുജനാരോഗ്യ സേവനങ്ങളുടെ സാർവ്വത്രിക ലഭ്യത ഉറപ്പാക്കൽ, പകർച്ചവ്യാധികളുടെയും മറ്റ് രോഗങ്ങളുടെയും പ്രതിരോധവും നിയന്ത്രണവും, ജനസംഖ്യ വർദ്ധനവ് തടയൽ, പ്രാദേശിക ആരോഗ്യ പൈതൃകത്തിന്റെ പുനരുജ്ജീവനം, ആയുഷ് (AYUSH) പ്രവർത്തനം മുഖ്യധാരയിലേക്ക് എത്തിക്കൽ, ആരോഗ്യകരമായ ജീവിത ശൈലിയുടെ പ്രോത്സാഹനം എന്നിവ ഉൾപ്പെടുന്നു. എല്ലാതലങ്ങളിലും അന്തർമേഖലാ സംയോജനത്തോടുകൂടിയതും പൂർണ്ണവും പ്രവർത്തനക്ഷമവും സമൂഹാധിശത്വമുള്ളതും വികേന്ദ്രീകൃതവുമായ ആരോഗ്യസേവന സംവിധാനം സ്ഥാപിക്കുന്നതിനാണ് ദൗത്യം ഊന്നൽ നൽകുന്നത്. രോഗ കേന്ദ്രീകൃത സമീപനത്തിൽ നിന്നും പ്രവർത്തനാധിഷ്ഠിത ആരോഗ്യസംവിധാനത്തിലേക്കുള്ള മാറ്റത്തിനു വേണ്ടിയാണ് എൻ.ആർ.എച്ച്.എം. ശ്രമിക്കുന്നത്.

ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പരിപാടിയുടെ നടത്തിപ്പിനായുള്ള ധനസഹായം ലഭിക്കുന്നത് സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിക്കാണ്. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ പലതും മാതൃശിശു പ്രവർത്തനങ്ങൾക്ക് എൻ.ആർ.എച്ച്.എം. ഫണ്ടാണ് ഉപയോഗിക്കുന്നത്. മാതൃ ശിശു പരിപാലനത്തിന്റെ ഭാഗമായുള്ള പോഷകാഹാര വിതരണം പ്രതിരോധ മരുന്ന് വിതരണം ശുചിത്വപരിപാലനം തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് എൻ.ആർ.എച്ച്.എം വഴി നടക്കുന്നത്. ഫണ്ട് ഫലവത്തായി വിനിയോഗിച്ചതിലൂടെ സർക്കാർ ആശുപത്രികളുടെ സേവനം കൂടുതൽ മെച്ചപ്പെട്ടു. ആരോഗ്യകുടുംബക്ഷേ സൊസൈറ്റി വഴി നടപ്പാക്കുന്ന പ്രധാന പദ്ധതികൾ

- ജനനി സുരക്ഷായോജന
- ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ
- അർബൻ ആർ.സി.എച്ച്.
- ട്രൈബൽ ഹെൽത്ത്
- വിദ്യാലയാരോഗ്യ പദ്ധതി
- സിസ്റ്റം അഡ്മിനിസ്ട്രേഷൻ
- ആശാ പദ്ധതി
- ഭൂമിക
- സമഗ്ര ആരോഗ്യപദ്ധതി
- പാലിയേറ്റീവ് പരിചരണ പദ്ധതി

സർക്കാർ ഉത്തരവ് ജി.ഒ(പി ) നമ്പർ 204/06/ആകുവ, തീയതി 22 സെപ്തംബർ 2006 പ്രകാരം സംസ്ഥാന സൊസൈറ്റി ഗവേണിംഗ് ബോഡിയുടെ ചെയർപേഴ്സൺ ആരോഗ്യമന്ത്രിയും, എക്സി. കമ്മിറ്റിയുടെ ചെയർപേഴ്സൺ ആരോഗ്യവകുപ്പ് സെക്രട്ടറിയുമാണ്. ഇതു കൂടാതെ സംസ്ഥാനതലത്തിൽ മുഖ്യമന്ത്രി അധ്യക്ഷനായുള്ള സംസ്ഥാന ആരോഗ്യമിഷനും നിലവിലുണ്ട്. സംസ്ഥാന എൻ.ആർ.എച്ച്.എം പദ്ധതികൾ നടപ്പിലാക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് ആയിട്ടാണ് ധനസഹായം സംസ്ഥാന സൊസൈറ്റിക്ക് നൽകുന്നത്.ജില്ലകളിലെ പ്രവർത്തനം നടപ്പിലാക്കാൻ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

## ഘടന




**'ആയുഷ്' പ്രോജക്ട് ആശുപത്രിയുമായി ഏകോപിച്ച് പ്രവർത്തിക്കുന്നില്ല**

ആയുർവേദ, യോഗ, യുനാനി, സിദ്ധ, ഹോമിയോ എന്നീ ചികിത്സാ മേഖലകളെ മുഖ്യധാരയിലെത്തിക്കുക എന്നത് ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ മുഖ്യപരിപാടികളിലൊന്നാണ്. ഇതിനായി എൻ.ആർ.എച്ച്.എം ന്റെ ഭാഗമായി നടപ്പാക്കി വരുന്ന പ്രോജക്ടാണ് 'ആയുഷ്' പ്രോജക്ട് മുഖേന 30 ലക്ഷം രൂപ വകയിരുത്തി പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് ആയുർവേദ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതിക്ക് അനുമതി ലഭിച്ചിരുന്നു. ഇത്തരം ഒരു പദ്ധതി യഥാർത്ഥത്തിൽ നിലവിലുണ്ടോയെന്നും എപ്രകാരമാണ് പദ്ധതി നടപ്പാക്കുന്നതെന്നുമുള്ള വിശദാംശങ്ങളൊന്നും തന്നെ ആയുർവേദാശുപത്രി അധികൃതർക്കോ, ISM ജില്ലാ ഓഫീസിനോ ഗ്രാമപഞ്ചായത്തിനോ ലഭിച്ചിട്ടില്ല. ആയുഷ് പദ്ധതിക്ക് ഗ്രാമപഞ്ചായത്തുമായി ഏകോപനമില്ലാത്തതിനാൽ പദ്ധതിയുടെ ഗുണഫലം ആശുപത്രിക്ക് ലഭ്യമായിട്ടില്ല.

ആലുവ നഗരസഭയിൽ സർക്കാർ ആയുർവേദ ആശുപത്രിവളപ്പിൽ എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ചാണ് ബി-ബ്ലോക്ക് കെട്ടിടം പണികഴിപ്പിച്ചത് .പ്രസ്തുത ഫണ്ട് ഉപയോഗിച്ച് തന്നെ 4 തെറാപ്പിസ്റ്റുകളെ നിയമിച്ച് അവരുടെ സേവനം ആശുപത്രിയിൽ പ്രയോജനപ്പെടുത്തി വരുന്നു.

## 11. സ്കൂൾ ആരോഗ്യ പദ്ധതി

സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്രമായ ആരോഗ്യപരിപാലനം മുഖ്യലക്ഷ്യമാക്കി ആരോഗ്യ കേരളം രൂപകൽപ്പന ചെയ്ത നവീന സംരംഭമാണ് സ്കൂൾ ആരോഗ്യപദ്ധതി. ആരോഗ്യ-വിദ്യാഭ്യാസ-കായിക തദ്ദേശസ്വയംഭരണ വകുപ്പുക ളുടെ സംയുക്ത സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിലൂടെ എൽ.കെ.ജി.മുതൽ ഹയർ സെക്ക ണ്ടറിവരെയുള്ള വിദ്യാർത്ഥികളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നു. ദേശീയ ഗ്രാമീണ ആരോഗ്യ മിഷന്റെ സഹ കരണം ഈ പദ്ധതിക്കുണ്ട്. 2008 ലാണ് സ്കൂൾ ആരോഗ്യപദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയത്. ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര ആരോഗ്യരേഖ എന്ന നിലയ്ക്ക് സ്കൂൾ ടി.സി.യും ഹെൽത്ത് റെക്കോർഡും സംയോജി പ്പിച്ചുകൊണ്ടുള്ള നൂതന സംരംഭം വിദ്യാലയാരോഗ്യ പരിപാടിയുടെ മുഖ്യ ആകർഷണമാണ്. കുട്ടിയുടെ ആരോഗ്യം സംബന്ധിച്ച എല്ലാവിവരങ്ങളും ഈ റെക്കോർഡിൽ ലഭ്യമാക്കുന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂൾ വിദ്യാർത്ഥിക ളുടെ ഒരു സമഗ്ര ആരോഗ്യരേഖയായി ഈ ഹെൽത്ത് കാർഡ് മാറും. ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തെ 1150 സർക്കാർ എയ്ഡഡ് സ്കൂളകളിലാണ് ഈ പദ്ധതി വിജയകരമായി നടപ്പാക്കിയത്. പി.എച്ച്.സി സേവനങ്ങൾ, ആരോഗ്യബോധ വൽക്കരണം, സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം, കൗൺസിലിംഗ് സൗകര്യം തുടങ്ങിയ സേവനങ്ങൾ വിദ്യാലയ ആരോഗ്യ പരിപാടിയിലൂടെ ലഭ്യമാകുന്നു.

ചികിത്സ, സേവനം, പ്രതിരോധ പ്രവർത്തനം, ആരോഗ്യ വിദ്യാഭ്യാസം, സ്കൂൾ ഹെൽത്ത് ക്ലബുകളുടെ പ്രവർത്ത നങ്ങൾ, വിവര ശേഖരണം, ഹൈസ്കൂൾ-ഹയർ സെക്കന്ററി സ്കൂൾ കുട്ടികളെ സംഘടിപ്പിച്ചു കൊണ്ടുള്ള വീഡിയോ ഫെസ്റ്റിവൽ എന്നിവയും പദ്ധതിയുടെ ഭാഗമായി നടന്നു വരുന്നു. രോഗവിമുക്തരായ വിദ്യാർത്ഥികളിലൂടെ ആരോഗ്യ പൂർണ്ണമായ സമൂഹത്തെ സൃഷ്ടിക്കുകയാണ് ലക്ഷ്യം.

ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളും നാഷണൽ റൂറൽ ഹെൽത്ത് മിഷനും സംയുക്തമായി സംസ്ഥാനത്തൊ ട്ടാകെ തെരഞ്ഞെടുത്ത 10% ത്തോളം (1156 സ്കൂളുകൾ) സ്കൂളുകളിൽ 2008 ൽ നടപ്പിലാക്കി തുടങ്ങിയ ആരോഗ്യ പദ്ധതി ഘട്ടം ഘട്ടമായി കേരളത്തിലെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 2011-12 ൽ 25% (3337 സ്കൂളുകൾ) സ്കൂളുകളിൽ നടപ്പാക്കി.

### ശിശുക്ഷേമ മെഡിക്കൽ ക്യാമ്പ്

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സർക്കാർ, എയ്ഡഡ് മേഖലയിലെ എൽ.പി, യു.പി സ്കൂളുകളിലെ കുട്ടികളെ സ്കൂളിൽവച്ച് വിദഗ്ധ ഡോക്ടർമാർ പരിശോധിക്കുകയും, ഔഷധം ആവശ്യമുള്ള കുട്ടികൾക്ക് അവ ആയുർവേദ ആശുപത്രിയിൽ വച്ച് വിതരണം ചെയ്യുകയും ചെയ്യുന്ന ഈ പദ്ധതി വിജയകരമായി പ്രവർത്തിക്കുന്നു. സ്കൂൾ അധികൃതരുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഓരോ കുട്ടിയ്ക്കും ഹെൽത്ത് കാർഡ് നൽകുകയും, ഔഷധ സേവയുടെ വിശദാംശങ്ങൾ ഇതിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. കുട്ടി കളിലെ രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുവാനും, രോഗങ്ങൾ ശൈശവാവസ്ഥയിൽ തന്നെ കണ്ടെത്തുവാനും ചില പഠനവൈകല്യങ്ങൾ ഒരു പരിധിവരെ ഒഴിവാക്കുവാനും ഇതുമൂലം സാധിക്കും. ഇതുവരെ 262 കുട്ടികൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഈ പദ്ധതി സഹായകമാകും. രൂപ 1,76,330/-ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

**'ആയുർമുകുളം' പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിലെ എൽ.പി.സ്കൂൾ വിദ്യാർത്ഥികളുടെ ശ്വാസകോശ സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സ നൽകുന്നതിന് പഞ്ചായത്ത് വിഭാവനം ചെയ്ത പ്രത്യേക ആരോഗ്യപരിപാ ടിയാണ് **'ആയുർമുകുളം പദ്ധതി'.** ഈ പരിപാടിയിലേക്കായി ഒരു ലക്ഷം രൂപ ചെലവഴിച്ച് മരുന്നുകൾ വാങ്ങിയെ ങ്കിലും നാളിതുവരെയായി പദ്ധതി നടപ്പാക്കിയിട്ടില്ല. വാങ്ങിയ മരുന്നുകൾ ആയുർവേദാശുപത്രിയിൽ തന്നെ സൂക്ഷി ച്ചിരിക്കുകയാണ്. എന്നാൽ ആശുപത്രിയിൽ മരുന്നുകൾ ശാസ്ത്രീയമായി സൂക്ഷിക്കാൻ സംവിധാനമില്ല.പദ്ധതി കൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും ഭാവനാശൂന്യമായ കാഴ്ചപ്പാടുകളാണ് ഇത്തരം പദ്ധതി കളെ പരാജയത്തിലെത്തിക്കുന്നത്.

**ഏറത്ത് ഗ്രാമപഞ്ചായത്തിലെ മാതൃകാപ്രവർത്തനങ്ങൾ**

പത്തനംതിട്ട ജില്ലയിലെ ഏറത്ത് ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി.യുടെ ആഭിമുഖ്യത്തിൽ കാര്യക്ഷമമായി നടപ്പാക്കിയ പദ്ധതിയാണ് സ്കൂൾ ഹെൽത്ത് പ്രോഗ്രാം. ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 12 സ്കൂളുകളാണ് ഉള്ളത്. ചൂരക്കോട് എൻ.എസ്.എസ്.ഹയർ സെക്കണ്ടറി സ്കൂളിൽ എല്ലാ ആഴ്ചയും സ്പെഷ്യൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. ഇതുകൂടാതെ വടക്കടത്തുകാവ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും ആഴ്ചയിൽ ഒരു ദിവസം ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെ നേതൃത്വത്തിലുള്ള ടീം സന്ദർശിക്കുന്നുണ്ട്. ബാക്കി എല്ലാ സ്കൂളുകളിലും മാസത്തിൽ ഒരു പ്രാവശ്യം വീതം പ്രോഗ്രാം സംഘടിപ്പിക്കുന്നുണ്ട്. ഡോക്ടറുടെ നേതൃത്വത്തിലുള്ള പരിശോധന പ്രതിമാസം ശരാശരി 2 സ്കൂളുകളിലെങ്കിലും നടക്കുന്നു. ജില്ലയിൽ ഏറ്റവും മികച്ച രീതിയിൽ 'സ്കൂൾ ഹെൽത്ത് പ്രോഗ്രാം ' നടപ്പിലാക്കുന്ന പി.എച്ച്.സി.കളിൽ ഒന്നാണ് ഏറത്ത് പ്രാഥമികാരോഗ്യകേന്ദ്രം.

തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഹൈസ്ക്കൂളിൽ എൻ.ആർ.എച്ച്.എം.ന്റെ നേതൃത്വത്തിൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം നടത്തി വരുന്നു. സ്ക്രീനിംഗ് ക്യാമ്പ്, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ, കൗൺസിലിംഗ് എന്നിവ നടത്തുന്നു. ഓരോ കുട്ടിക്കും ഹെൽത്ത് കാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

**'സ്കൂൾ ആരോഗ്യപദ്ധതി ' പൂർണ്ണപരാജയം**

ആയുർവേദ വകുപ്പ് മുഖേന 2011-12 വർഷം പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ 'സ്കൂൾ ആരോഗ്യപദ്ധതി ' പൂർണ്ണപരാജയമായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളിലേക്ക് വാങ്ങിയ മരുന്ന് വിതരണം ചെയ്യാതെ ഇപ്പോഴും ISM ജില്ലാ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. സ്കൂൾ വിദ്യാർത്ഥികളുടെ പോഷകകുറവ് ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകുമായിരുന്ന പദ്ധതി തദ്ദേശ സ്ഥാപനവും വകുപ്പും തമ്മിലുള്ള ഏകോപനത്തിന്റെ അഭാവത്തിൽ പരാജയപ്പെട്ടു.

## 12. പാലിയേറ്റീവ് പരിചരണം

ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശ രോഗികൾ, പക്ഷാഘാതം പോലുള്ള കാരണങ്ങളാൽ ശരീരം തളർന്നു കിടപ്പിലായവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമുള്ള രോഗികൾക്ക് ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹിക സംഘടനകൾ/ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള സർക്കാരിതര സംഘടനകൾ എന്നീ മൂന്ന് വിഭാഗങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഏറ്റവും മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുന്നതിനാണ് 15.04.08 ലെ സ.ഉ(പി) 109/2008/ആ.കു.ഷേ.വ പ്രകാരമുള്ള പാലിയേറ്റീവ് പരിചരണനയം ലക്ഷ്യമിടുന്നത്. ഹ്രസ്വകാല ദീർഘകാല ലക്ഷ്യങ്ങളാണ് നയം വിഭാവനം ചെയ്യുന്നത്.

രോഗിയേയും കുടുംബത്തേയും സന്നദ്ധപ്രവർത്തകരേയും ബന്ധപ്പെടുത്തികൊണ്ട് രോഗിയുടെ വീട്ടിൽ വച്ചു തന്നെ മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനുദ്ദേശിച്ച ഒരു ഗൃഹ കേന്ദ്രീകൃത പരിചരണ സംവിധാനം (Home Care) ഓരോ പ്രദേശത്തും രൂപപ്പെടേണ്ടതുണ്ട്. ബഹുജന പങ്കാളിത്തത്തോടെ ഇത്തരം പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേതൃത്വം നൽകണം. പാലിയേറ്റീവ് പരിചരണ നയത്തിന് അനുസൃതമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കുലർ നമ്പർ 66373/ഡി.എ.1/2009/തസ്വഭവ തീയതി 02.11.09 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആരോഗ്യവകുപ്പിലെ ഡോക്ടർ, നഴ്സ്, നഴ്സിംഗ് അസസ്റ്റന്റ്, ഫാർമസിസ്റ്റ്, ഫീൽഡ് പ്രവർത്തകർ എന്നിവർക്കുള്ള ബോധവൽക്കരണ പരിപാടികളും പരിശീലനങ്ങളും നടന്നു വരുന്നു. ഇതിന്റെ ഫലമായി കേരളത്തിൽ 250 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ സ്ഥാപനങ്ങളുമായി ചേർന്ന് രോഗികളുടെ വീട്ടിൽ എത്തി പരിചരണം നൽകുന്ന ഹോം കെയർ സംവിധാനം വിജയകരമായി നടപ്പിലാക്കി വരുന്നു.

NRHM ന്റെ സാന്ത്വനപരിചരണ പദ്ധതിയിൻകീഴിൽ സംസ്ഥാനത്ത് 422 ൽ അധികം സാന്ത്വന പരിചരണ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. 2012-13 ൽ NRHM പദ്ധതി പ്രകാരം ഈ പദ്ധതിക്കായി 435.51 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ജീവിതാന്ത്യത്തിൽ കഠിനമായി ദുരിതം അനുഭവിക്കുന്ന രോഗികളുടെ ജീവിതം കുറെക്കൂടി മെച്ചപ്പെട്ടതാക്കുക എന്നതാണ് സാന്ത്വനപരിചരണം കൊണ്ടുദ്ദേശിക്കുന്നത്.

ആരോഗ്യവകുപ്പ് നൽകി വരുന്ന സാന്ത്വന ചികിത്സ മൂന്ന് തലങ്ങളിലായിട്ടാണ് നടത്തി വരുന്നത്.

| | |
|---|---|
| **പ്രാഥമികതലം -** | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാഥമികരോഗ്യ സ്ഥാപനങ്ങളുടെയും പിന്തുണയോടെ ഭവനങ്ങൾ അടിസ്ഥാനമാക്കി നൽകിവരുന്ന ആരോഗ്യപരിചരണങ്ങൾ. |
| **ദ്വിതീയതലം –** | താലൂക്ക്തല ആശുപത്രികളുടെയും സാമൂഹിക പങ്കാളിത്തത്തോടയെും ആശുപത്രികളിൽ നൽകി വരുന്ന ആരോഗ്യപരിചരണങ്ങൾ |
| **തൃതീയതലം –** | മെഡിക്കൽ കോളേജുകളുടെയും സാമൂഹിക പങ്കാളിത്തത്തോടെയും നടപ്പിലാക്കി വരുന്ന ആരോഗ്യ പരിചരണങ്ങൾ. |

ഇന്ത്യയിൽ ഇന്നുള്ള 900 ത്തോളം സാന്ത്വന പരിചരണ സംവിധാനങ്ങളിൽ 90% വും ജനസംഖ്യയുടെ 3% മാത്രം വരുന്ന കേരളത്തിലാണ് നടക്കുന്നത്. ആരോഗ്യമേഖലയിലെ ജനപങ്കാളിത്തമാണ് കേരളത്തിലെ സാന്ത്വന പരിചരണ രംഗത്തെ വികസനത്തിന് കാരണം. 2008 ൽ കേരള സർക്കാർ പ്രഖ്യാപിച്ച പാലിയേറ്റീവ് പരിചരണനയം ഈ രംഗത്തെ വഴിത്തിരിവായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ സംവിധാനങ്ങൾക്കും സാമൂഹ്യപങ്കാളിത്തത്തോടെ സാന്ത്വന പരിചരണ സംവിധാനങ്ങൾ ആവിഷ്കരിക്കാൻ പാലിയേറ്റീവ് പരിചരണനയം വഴിതുറന്നു. ത്രിതല പഞ്ചായത്തിൻ കീഴിൽ 650 ഓളം സാന്ത്വന പരിചരണ സംവിധാനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

ഒരു പ്രദേശത്തെ പരിചരണം ആവശ്യമായ രോഗികളെ കുറിച്ചുള്ള വിവരശേഖരണം മുതൽ സേവന പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതു വരെയുള്ള നേതൃത്വപരമായ ഇടപെടൽ നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. ഇന്ന് പാലിയോകെയർ രംഗത്ത് പരിശീലനം നേടി സജീവമായി പ്രവർത്തനരംഗത്ത് മൊത്തം ജനസംഖ്യയുടെ 0.1% പോലുമില്ല. ഇവരുടെ സാന്നിദ്ധ്യം ഉയരേണ്ടത് അനിവാര്യമാണ്.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി കാലയളവിൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അനിവാര്യമായി നടപ്പാക്കേണ്ട ഒരു പദ്ധതിയാണ് പാലിയേറ്റീവ് പരിചരണം.

സംസ്ഥാനത്ത് പകുതിയിലധികം തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇപ്പോൾ പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. പദ്ധതി പരാജയപ്പെട്ട പഞ്ചായത്തുകളുടെ ഉദാഹരണങ്ങൾ താഴെ പറയുന്നു.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം 'സാന്ത്വനസ്പർശം' എന്ന പേരിലുള്ള പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി 2,00,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കുകയുണ്ടായില്ല. 2012-13 ലും തുക വകയിരുത്തിയെങ്കിലും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. മയ്യനാട് ഗ്രാമപഞ്ചായത്തിലും രണ്ടു വർഷങ്ങളിലും തുക വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയില്ല.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിൽ, പാലിയേറ്റീവ് പരിചരണ പദ്ധതിക്കായി 2011-12 വർഷം വകയിരുത്തിയ 5,00,000/-രൂപയിൽ, സന്നദ്ധ പ്രവർത്തനങ്ങൾക്കുള്ള പരിശീലനത്തിന് 5,000/-രൂപ ചെലവഴിക്കുകയും, പദ്ധതിക്കായി കമ്മ്യൂണിറ്റി നഴ്സിംഗ് പരിശീലനം നൽകുന്നതിന് കുടുംബശ്രീ ജില്ലാമിഷനെ നിയോഗിക്കുകയും ചെയ്തതൊഴികെ യാതൊരു തുടർ പ്രവർത്തനവും നടന്നിട്ടില്ല.

ചേർത്തല നഗരസഭയിലെ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ, 2010-11 കാലയളവ് വരെ പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട യാതൊരു പ്രവർത്തനങ്ങളും നടന്നിട്ടില്ല. 2011-12 സാമ്പത്തിക വർഷം ഇതിനുവേണ്ടി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി ഒരു പദ്ധതി രൂപീകരിച്ച് 40,000/- രൂപയുടെ ഔഷധങ്ങൾ (അലോപ്പതി) വാങ്ങി സൂക്ഷിച്ചതൊഴിച്ചാൽ പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മറ്റൊരു പ്രവർത്തനവും നഗരസഭയിൽ നാളിതുവരെ നടത്തിയിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് 2010-11 സമ്പത്തിക വർഷം പാലിയേറ്റീവ് പരിചരണ പദ്ധതി ആരംഭിച്ചു. പദ്ധതിയിൽ 131 രോഗികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാൻസർ രോഗികൾ, കിഡ്നി സംബന്ധമായ രോഗമുള്ളവർ, ഹൃദയസംബന്ധമായ രോഗമുള്ളവർ, മാനസിക രോഗമുള്ളവർ എന്നിങ്ങനെ 87 പേർക്ക് നിലവിൽ പരിചരണം നൽകുന്നുണ്ട്. രോഗികൾക്ക് വാട്ടർ ബെഡ് പോലെയുള്ള ഉപകരണങ്ങൾ നൽകി വരുന്നു.

കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തിലാണ് പെയിൻ & പാലിയേറ്റീവ് പരിചരണ പദ്ധതി ആരംഭിച്ചത്. മരുന്നുകൾ, വാട്ടർബെഡ്, പരിചരണത്തിനുള്ള വാഹന ചെലവ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 1 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും 80,340/- രൂപ ചെലവഴിക്കുകയും ചെയ്തു. അഗതി ആശ്രയ പദ്ധതി റിപ്പോർട്ട് അടിസ്ഥാനമാക്കാതെയും മാർഗ്ഗരേഖയിൽ അനുശാസിക്കും വിധം അയൽക്കൂട്ട ങ്ങൾ വഴി ഗുണഭോക്താക്കളുടെ പ്രാഥമിക ലിസ്റ്റ് ശേഖരിക്കാതെയും തയ്യാറാക്കിയ ലിസ്റ്റിൽ 62 ഗുണഭോക്താക്കളാ ണുള്ളത്. ദീർഘകാല രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവരുടെയും മാറാരോഗികളുടെയും പ്രശ്നങ്ങളും അവർക്ക് ആവശ്യമായ പരിചരണ പ്രവർത്തനങ്ങൾ, അവയുടെ ഏകോപനം എന്നീ പ്രവർത്തനങ്ങൾക്കായി ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരുടെയും പ്രവർത്തിക്കാൻ താൽപ്പര്യമുള്ളവരുടെയും യോഗം വിളിച്ചു ചേർക്കണമെന്ന് പദ്ധതി നിർദ്ദേശിച്ചിരുന്നു. ഈ യോഗത്തിൽ വച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹോം കെയർ സംവിധാനം നടപ്പിലാക്കാൻ താൽപ്പര്യമുള്ളവരെ ഉൾപ്പെടുത്തി ഒരു ടീമിനെ തെരഞ്ഞെടുക്കണമെന്നുള്ള മുന്നൊരുക്ക പ്രവർത്ത നങ്ങൾ പദ്ധതിയുടെ കാര്യത്തിൽ നടന്നിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിമാസം 3000/-രൂപ വേതനത്തിൽ ഹോം കെയർ നഴ്സിനെ പി.എച്ച്.സി.യിൽ നിയമിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സമഗ്രമായ പ്രോജക്ട് തയ്യാറാക്കൽ, നിരന്തര ശുശ്രൂഷ ആവശ്യമായ രോഗികളുടെ വീട് സന്ദർശനം, പി.എച്ച്.സി.യിലൂടെ മരുന്ന് വിതരണം, പദ്ധതി മോണിട്ടറിംഗ് വ്യക്തികളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും പരമാവധി ധനസമാഹരണം നടത്തൽ തുടങ്ങിയ വിവിധ മേഖലകളിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്തിലെ പെയിൻ & പാലി യേറ്റീവ് കെയർ സംവിധാനം നടത്തിയിട്ടില്ല.

## ചെറുവത്തൂരിലെ വേറിട്ട പ്രവർത്തനങ്ങൾ

കാസറഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സർവ്വേ നടത്തി കണ്ടെത്തിയ 182 രോഗികൾക്ക് ആവശ്യമായ മരുന്ന്, വാട്ടർബെഡ്, വീൽ ചെയർ, വാക്കർ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. പാലിയേ റ്റീവ് കെയറിൽ 3 മാസത്തെ പരിശീലനം കഴിഞ്ഞ ഒരു നഴ്സിനെ നിയമിച്ചു. ആശുപത്രി മാനേജിംഗ് കമ്മിറ്റി മാസ ന്തോറും പാലിയേറ്റീവ് പദ്ധതികളുടെ പ്രവർത്തനം, മോണിട്ടറിംഗ് തുടങ്ങിയ കാര്യങ്ങളിൽ സജീവമായി ഇടപെടുന്നുണ്ട്. പഞ്ചായത്തിലെ സ്കൂളുകളിൽ നിന്നും, കുടുംബശ്രീ അംഗങ്ങളിൽ നിന്നും സാന്ത്വന ചികിത്സ പദ്ധതിയ്ക്കായി 1,12,000/ -രൂപ സ്വരൂപിച്ചിരുന്നു. വ്യാപാരികൾ സന്നദ്ധ സംഘടനകൾ ഫണ്ട് കിട്ടാൻ സാധ്യതയുള്ള മറ്റ് മേഖലകൾ എന്നിവ യിൽ നിന്ന് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചു വരുന്നു.

കാസറഗോഡ് ജില്ലയിലെ പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം ഹോം കെയർ സംവിധാന ത്തിനായി 1 ലക്ഷം രൂപ അടങ്കലുള്ള പ്രോജക്ടിന് അംഗീകാരം വാങ്ങിയെങ്കിലും ബോധവൽക്കരണ ക്ലാസ്സ് മാത്രം നടത്തി 5000/- രൂപ ചെലവഴിച്ചതല്ലാതെ മറ്റൊരു പ്രവർത്തനവും നടത്തിയിട്ടില്ല.

### ചാത്തമംഗലത്തെ പ്രവർത്തന മികവ്

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ 2009 ൽ രൂപംകൊണ്ട പെയിൻ & പാലിയേ റ്റീവ് കെയർ സംവിധാനം പ്രശംസനീയമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ഇടയ്ക്ക് വെച്ച് പദ്ധതി പ്രവർത്തനം നിലച്ചുപോയെങ്കിലും 2010-11 പഞ്ചായത്ത് വാർഷിക പദ്ധതിയിൽപ്പെടുത്തി ധനസഹായം ലഭിച്ചതിന്റെ അടിസ്ഥാ നത്തിൽ പുനരാരംഭിച്ച സംവിധാനം നിലവിൽ 80-ഓളം രോഗികൾക്ക് സേവനം നൽകുന്നുണ്ട്. പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന പ്രൊജക്ട് മാനേജ്മെന്റ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു. വോളണ്ടി യർമാരും പി.എച്ച്.സി. ജീവനക്കാരും ഹോം കെയർ നഴ്സും ഉൾപ്പെട്ട ഹോം കെയർ യൂണിറ്റ് പ്രതിമാസ യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു. പ്രതിവാരം രണ്ടു ദിവസത്തെ ഹോം കെയറും ഒരു ദിവസത്തെ സ്പെഷ്യൽ ഒ.പി.യും നടത്തി വരുന്നു. കൂടാതെ അടിയന്തിര ഘട്ടങ്ങളിൽ എമർജൻസി കെയറും നൽകി വരുന്നു. ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കാര്യക്ഷമമായ പ്രവർത്തനം പെയിൻ & പാലിയേറ്റീവ് കെയർ പ്രവർത്തനം ഗ്രാമപഞ്ചായത്ത് കാഴ്ചവയ്ക്കുന്നു.

**സാന്ത്വനപരിചരണം – മാതൃകാസ്ഥാപനങ്ങൾ**

**1. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി – കുന്നത്തുകാട്, പെരുമ്പാവൂർ**

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കുവേണ്ടി 2 പാലിയേറ്റീവ് കെയർ നഴ്സ്, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. മുഖ്യമായും ഹോം കെയർ ആണ് നൽകുന്നത്. ഹോസ്പിറ്റൽ കെയർ ആവശ്യമുള്ള രോഗികളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നു. ആവശ്യമുള്ള രോഗികളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നു. ആവശ്യമുള്ള രോഗികൾക്ക് വീൽ ചെയർ വാട്ടർ ബെഡ് എന്നിവയും നൽകുന്നു.

ജീവിത ശൈലീ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമായി ആഴ്ചയിലൊരിക്കൽ NCD (Non Communicable Disease) ക്ലിനിക്കിന്റെ പ്രവർത്തനം നടത്തുന്നുണ്ട്. ജീവതി ശൈലീ രോഗനിർണ്ണയത്തിനും തുടർ മാർഗ്ഗ നിർദ്ദേശത്തിനുമായി ആശുപത്രിയുടെ മേൽനോട്ടത്തിൽ ഒരു മെഡിസിൻ ക്ലാസ് 2011-12 വർഷം നടത്തിയിരുന്നു.

കൗമാരക്കാരുടെ ആരോഗ്യസംരക്ഷണത്തിനും മാർഗ്ഗ നിർദ്ദേശം, കൗൺസിലിംഗ് എന്നിവയ്ക്കുമായി എല്ലാ മാസവും രണ്ടാമത്തെയും നാലാമത്തെയും വെള്ളിയാഴ്ചകളിൽ കൗമാര ക്ലിനിക് പ്രവർത്തിക്കുന്നു.

വളരെയധികം പരിമിതികളുണ്ടെങ്കിലും ഉള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ആശുപത്രി നല്ല പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്.

**2. അകത്തേത്തറ**

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ 24.12.2009 ൽ സാന്ത്വന പരിചരണം ആരംഭിക്കുകയും 18.02.2010 ൽ അകത്തേത്തറ പി.എച്ച്.സി. യിൽ പാലിയേറ്റീവ് ഒ.പി.ക്ലിനിക് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 105 രോഗികളാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തത്. ഒരു ഹോം കെയർ നഴ്സ്, 2 ആശാവർക്കർമാർ, ഒരു അങ്കണവാടി വർക്കർ, പി.എച്ച്.സി. ജീവനക്കാരൻ പഞ്ചായത്ത് മെമ്പർ എന്നിവർ ഉൾപ്പെടെ ടീം എല്ലാ തിങ്കളാഴ്ചയും ഹോം കെയർ നടത്തി വരുന്നുണ്ട്. എല്ലാ ബുധനാഴ്ചകളിലും പാലിയേറ്റീവ് ഒ.പി. നടത്തുകയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി മരുന്നുകൾ നൽകുകയും ചെയ്യുന്നുണ്ട്. രോഗികൾക്ക് ട്രൈ സൈക്കിൾ, വീൽ ചെയർ, വാട്ടർ ബെഡ് എന്നിവയും ആവശ്യമായ മറ്റ് സാമഗ്രികളും വിതരണം ചെയ്തു വരുന്നു. പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് പ്രോജക്ട് തയ്യാറാക്കി ആവശ്യമായ തുക അനുവദിക്കുന്നുണ്ട്.

**3. എടവണ്ണ**

മാറാരോഗികൾക്കും, ദുരിതമനുഭവിക്കുന്നവർക്കും മെച്ചപ്പെട്ട പരിചരണം നൽകുന്നതിനായി നൂറിലധികം സന്നദ്ധ സേവകർക്ക് പരിശീലനം നൽകി ഹോം കെയർ സംവിധാനം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ പാലിയേറ്റീവ് പരിചരണത്തിന് രജിസ്റ്റർ ചെയ്ത 335 രോഗികളിൽ 100 രോഗികൾക്ക് ഹോം കെയർ പരിചരണം ലഭ്യമാക്കുന്നുണ്ട്. ഹോം കെയർ സംവിധാനത്തിന്റെ നടത്തിപ്പിന് വേണ്ടി പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും എല്ലാ മാസവും അവലോകന യോഗങ്ങൾ ചേരുകയും പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നുണ്ട്.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലയളവിൽ പാലിയേറ്റീവ് പരിചരണം അനിവാര്യമായും നടപ്പാക്കേണ്ടതിനാൽ ഇതുവരെയും പദ്ധതി ആരംഭിക്കാത്ത ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും 2012-13 മുതൽ അവ നടപ്പാക്കുകയും ഇതിനുള്ള പ്രോജക്ട് നിർബന്ധമായും വാർഷിക പദ്ധതിയിലുൾപ്പെടുത്തേണ്ടതാണെന്നും പദ്ധതി ആരംഭിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും തുടർ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണെന്നും (എം.എസ്) നമ്പർ 228/2012/തസ്വഭവ തീയതി 23.08.12 സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നു.

## 13. പകർച്ചവ്യാധികളും രോഗപ്രതിരോധ നടപടികളും

കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ആത്മാർത്ഥമായ ശ്രമങ്ങളിലൂടെയും ആരോഗ്യരംഗത്ത് കേരളം നേടിയ ശ്ലാഘനീയമായ നേട്ടങ്ങളിൽപ്പെട്ടതാണ് മലേറിയ പോലുള്ള രോഗങ്ങളുടെ നിർമ്മാർജ്ജനം. എല്ലാ വർഷവും മഴക്കാലം വന്നെത്തുന്നതോടെ വിവിധ തരത്തിലുള്ള പകർച്ചവ്യാധികൾക്ക് കേരളം വേദിയാകുന്നു. കേരളം നേരിടുന്ന എക്കാലത്തെയും വലിയ വെല്ലുവിളിയാണ് ശുചിത്വമില്ലായ്മ. വ്യക്തി ജീവിതത്തിൽ ശുചിത്വം പാലിക്കുന്നവരെങ്കിലും

പരിസരശുചിത്വം പാലിക്കുന്നതിൽ ലോകത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ പട്ടികയിലേയ്ക്കാണ് കേരളം നീങ്ങുന്നത്. തന്മൂലം മന്ത്, മലേറിയ, കോളറ തുടങ്ങി മുൻകാലങ്ങളിൽ വ്യാപകമായിരുന്ന പലരോഗങ്ങളും തിരിച്ചെത്തുന്ന സാഹചര്യമാണുള്ളത്. മലിനീകരണത്തിനെതിരെയും രോഗപ്രതിരോധ പ്രവർത്തനങ്ങളേയും കുറിച്ച് വിപുലമായ പ്രചാരണങ്ങൾ നടത്തുന്നുണ്ടെങ്കിലും അത് പൂർണ്ണവിജയത്തിലെത്തിക്കാൻ അധികൃതർക്ക് കഴിയുന്നില്ല. സമഗ്രവും ശാസ്ത്രീയവുമായ കൂട്ടായ സമീപനം കൊണ്ട് മാത്രമേ സമ്പൂർണ്ണ ശുചിത്വവും ആരോഗ്യവുമുള്ള ഒരു സമൂഹത്തെ കെട്ടിപ്പെടുക്കുവാൻ കഴിയു.

ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യംമൂലം പൊട്ടിപ്പുറപ്പെടുന്ന ജല/ജന്തുജന്യ രോഗങ്ങൾ, മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ നടത്തിപ്പിലുള്ള അഭാവംമൂലം കേരളത്തിലെ മാലിന്യ കൂമ്പാരങ്ങൾ, കൊതുകു ജന്യരോഗങ്ങളുടെയും ജലജന്യരോഗങ്ങളുടെ ആധിക്യം ജീവിതശൈലികളിൽ വന്നു ചേർന്നിട്ടുള്ള അനാരോഗ്യകരമായ പ്രവണത തുടങ്ങിയ നിരവധി പ്രശ്നങ്ങളാണ് കേരള ജനത ഇന്ന് അഭിമുഖീകരിക്കുന്നത്. വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളും പൊതുജനാരോഗ്യമേഖല നേരിടുന്ന വെല്ലുവിളിയാണ്.

ആരോഗ്യവിഭാഗം ജീവനക്കാരും, ശുചീകരണ ജീവനക്കാരും പരിസര ശുചീകരണത്തിന് ഒരു പരിധിവരെ സഹായിക്കുന്നുണ്ടെങ്കിലും സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിനായി ലക്ഷ്യബോധത്തോടെ പദ്ധതികൾ വിഭാവനം ചെയ്യാത്തതിന്റെ അപാകങ്ങൾ നിലനിൽക്കുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് പകർച്ചവ്യാധികളുടെ മൂലകാരണം കണ്ടെത്താനുള്ള പരിശീലനം നൽകുന്നില്ല. മാലിന്യ സംസ്ക്കരണ മേഖലയിൽ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. മാലിന്യങ്ങൾ കേന്ദ്രീകൃതമായും സ്രോതസ്സിൽ തന്നെയും സംസ്ക്കരിക്കാൻ നടപടികൾ സ്വീകരിക്കാത്തത് ഗുരുതരമായ ആരോഗ്യ പ്രശ്നമായി നിലനിൽക്കുന്നു.

ആരോഗ്യമേഖലയുടെ സർവ്വോന്മുഖമായ വികസനം ലക്ഷ്യമിട്ട് കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ദേശീയ ഗ്രാമീണ ആരോഗ്യപദ്ധതി, നിലവിലുള്ള ആരോഗ്യ പരിപാടികളുടെ ഏകീകരണവും ശാക്തീകരണവും കൂടുതൽ കാര്യക്ഷമമായ പ്രവർത്തനവുമാണ് ലക്ഷ്യമിടുന്നത്. ആരോഗ്യമിഷന്റെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രധാനമായതിൽ ചിലത് മലമ്പനി, മന്ത്, ഡങ്കിപ്പനി, എലിപ്പനി, മസ്തിഷ്കജ്വരം തുടങ്ങിയ രോഗങ്ങൾ നിയന്ത്രണ വിധേയമാക്കുക, ആശ/ലിങ്ക് വർക്കേഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തി കുടിവെള്ളം, ശുചിത്വം, പോഷണം എന്നീ അടിസ്ഥാന പ്രശ്നങ്ങൾക്ക് സാമൂഹ്യതലത്തിൽ പരിഹാരം കാണുക എന്നിവയാണ്.

**കേരളത്തിൽ സാധാരണ കണ്ടുവരുന്ന പകർച്ചവ്യാധികൾ**

| പകർച്ചവ്യാധി | 2006 | 2007 | 2008 | 2009 | 2010 |
|---|---|---|---|---|---|
| മലേറിയ | 2101 | 1927 | 1804 | 2046 | 2199 |
| ഡെങ്കു | 959 | 677 | 733 | 1425 | 2597 |
| ചിക്കുൻഗുനിയ | 66619 | 24052 | 24685 | 13349 | 1531 |
| ഹെപ്പറ്റൈറ്റിസ് എ | 6285 | 5350 | 6963 | 7844 | 5181 |
| ലെപ്റ്റോപൈറോസിസ് | 1821 | 1359 | 1305 | 1237 | 1016 |
| എച്ച്.1 എൻ.1 | | | | 1578 | 1534 |

അവലംബം: ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റ്

കൊല്ലം ജില്ലയിലെ മയ്യനാട് സി.കേശവൻ സ്മാരക സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ഐ.പി.വാർഡിലെ ടോയ്‌ലെറ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നുള്ള മലിനജലം ആശുപത്രിവളപ്പിലെ ഓടകളിൽ കെട്ടി നിൽക്കുന്നതായി കണ്ടു. ദുർഗന്ധം വമിക്കുന്ന ഈ ഓടകൾ കൊതുകുകളുടെയും രോഗാണുക്കളുടെയും കേന്ദ്രങ്ങളാണ്. മഴക്കാലത്ത് ഓടകൾ നിറഞ്ഞ് കവിയുകയും മലിനജലം ആശുപത്രി വളപ്പിൽ കെട്ടിനിൽക്കുകയും ചെയ്യുന്നു. പകർച്ചവ്യാധികൾ ഉൾപ്പെടെ പലതരം രോഗങ്ങളുമായി ദൈനംദിനം ഇവിടെ നിരവധി പേർ എത്തുന്ന സാഹചര്യത്തിൽ മലിനജലം ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

പന്മന ഗ്രാമപഞ്ചായത്ത് രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുമായി സഹകരിക്കുകയും ചെലവ് വിഹിതം നൽകുകയും ചെയ്തിട്ടുണ്ട്. ദേശീയ മന്തുരോഗ സമൂഹ ചികിത്സാ പരിപാടിയുടെ ഭാഗമായി ബോധവൽക്കരണത്തിനായും പൾസ് പോളിയോ ഇമ്മ്യൂണൈസേഷന് വേണ്ടിയും നോട്ടീസുകൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. മയ്യനാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചിക്കൻപോക്സും മഞ്ഞപിത്തവും (ഹെപ്പറ്റൈറ്റിസ്-എ) വ്യാപകമായി കണ്ടുവരുന്നു. മയ്യനാട് സാമൂഹികാരോഗ്യകേന്ദ്രത്തിൽ കഴിഞ്ഞ 2

വർഷത്തിനുള്ളിൽ 103 പേർ ചിക്കൻപോക്സിനും, 50 പേർ മഞ്ഞപ്പിത്തത്തിനും (ഹെപ്പറ്റൈറ്റിസ്-എ) ചികിത്സയ്ക്കും വിധേയരായി. ഗ്രാമപഞ്ചായത്തിലെ ആയുർവേദ ഡിസ്പെൻസറിയിലെ രേഖകളിൽ നിന്നും, 2012 സെപ്തംബർ മാസം ചില പ്രദേശങ്ങളിൽ മഞ്ഞപ്പിത്തം പടർന്നു പിടിച്ചതായി വ്യക്തമാകുന്നു. ഈ കാലയളവിൽ മൂന്ന് ചികിത്സാ വിഭാഗങ്ങളിൽ നിന്നുമുള്ള മെഡിക്കൽ സംഘങ്ങൾ രോഗബാധിതതരുടെ വീടുകൾ സന്ദർശിക്കുകയും ഇരുന്നൂറോളം പേർക്ക് മരുന്നു നൽകുകയും ചെയ്തു. കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് പ്രതിരോധ മരുന്നും നൽകി. കൊല്ലം നഗരസഭാ പരിധിയിൽ ജലജന്യരോഗങ്ങളായ ഡയേറിയ, ഹെപ്പറ്റൈറ്റിസ്, ഡെങ്കി, ലെപ്‌റ്റോസ്പൈറോസിസ് (എലിപ്പനി ) തുടങ്ങിയ രോഗങ്ങളുടെ എണ്ണം മുൻവർഷങ്ങളിലേതിനേക്കാൾ വർദ്ധിച്ചിരിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു.

കൊല്ലം കോർപ്പറേഷൻ പരിധിയിലെ സർക്കാർ-സ്വകാര്യ ആശുപത്രികളിൽ നിന്നും മലേറിയ, ഹെപ്പറ്റൈറ്റിസ്, ഡെങ്കിപ്പനി, എലിപ്പനി, എച്ച്.വൺ എൻ.വൺ മുതലായ രോഗങ്ങൾ ആശങ്കാവഹമായ രീതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരളത്തിൽ അപൂർവ്വമായി കാണുന്നു മലേറിയ രോഗം കോർപ്പറേഷൻ ശക്തികുളങ്ങര സോൺ പരിധിയിലുള്ള കാവനാടും വടക്കേവിള സോണിലുള്ള പാലക്കര പി.എച്ച്.സി.യിലും റിപ്പോർട്ട് ചെയ്തതായി ആശുപത്രി രേഖകൾ വ്യക്തമാക്കുന്നു. കോർപ്പറേഷന്റെ പരിധിയിലെ ഓടകൾ തകർന്ന് മലിനജലം കെട്ടിക്കിടക്കുന്ന അവസ്ഥയിലാണ്. ഇത് കൊതുകുകളുടെ വംശവർദ്ധനവിനും അതുവഴി മലേറിയ രോഗം പടരുന്നതിനും കാരണമാകുന്നു. രോഗനിർമ്മാർജ്ജനത്തിന് ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.



റയിൽവേ കോളനി ഫ്ളാറ്റുകളിലെ
സെപ്റ്റിക് ടാങ്ക് നിറഞ്ഞ് പൊട്ടിക്കിടക്കുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തി വരുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾ**

- മഞ്ഞപ്പിത്തം, ചിക്കൻപോക്സ്, എലിപ്പനി എന്നീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് നോട്ടീസുകൾ വഴിയും വർഷാവർഷം ബോധവൽക്കരണ പരിപാടികൾ.
- മഴക്കാലത്തിനു മുമ്പ് കിണറുകളിൽ സൂപ്പർ ക്ലോറിനേഷൻ
- സബ് സെന്ററുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ പ്രതിരോധ കുത്തിവെയ്പ്
- കൊതുകിന്റെ ഉറവിട നശീകരണം, ഫോഗിംഗ്, ക്ലോറിനേഷൻ, ഓട ക്ലീനിംഗ്, കാട് വെട്ടൽ, ബോധവൽക്കരണ പ്രവർത്തനങ്ങൾ.
- ഭക്ഷണപദാർത്ഥങ്ങൾ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളിൽ പരിശോധന.
- ഡ്രൈ ഡേ ആചരണം, സ്റ്റഡി പ്രവർത്തനങ്ങൾ

## 14. അന്യസംസ്ഥാന തൊഴിലാളികളും ആരോഗ്യപ്രശ്നങ്ങളും

44 വർഷം മുമ്പ് മലേറിയ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ട രാജ്യത്തെ ഏകപ്രദേശമാണ് കേരളം. മലേറിയ വ്യാപകമായ ഉത്തേരന്ത്യയിൽ നിന്നുള്ള തൊഴിലാളികളുടെ കടന്നു വരവോടെ ഭാവിയിൽ ഈ രോഗം വലിയ പ്രതിസന്ധിയായി മാറുമോയെന്ന ആശങ്ക ഉയർന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ അധിവസിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല.കേരളത്തിൽ നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്ന് കരുതിയിരുന്ന പല രോഗങ്ങളും അന്യസംസ്ഥാന തൊഴിലാളികൾ വഴി വീണ്ടും പ്രത്യക്ഷപ്പെടുന്നതായി വ്യക്തമായിട്ടുണ്ട്. കേരളത്തിലേക്കുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ ഒഴുക്ക് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത് ഗൗരവമായി കാണേണ്ട വിഷയമാണ്. അന്യ സംസ്ഥാന തൊഴിലാളികളെ കണ്ടെത്തി ഹെൽത്ത് ചെക്കപ്പും, ഹെൽത്ത് കാർഡും നിർബന്ധിതമാക്കാൻ ഏതൊരു പ്രവർത്തനവും നടക്കുന്നില്ല.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ 2011-12 ൽ രണ്ടുപേർക്ക് മലേറിയ ബാധിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് രണ്ടും അന്യസംസ്ഥാന തൊഴിലാളികളായിരുന്നു. രോഗബാധിതരാകുന്ന അന്യസംസ്ഥാന തൊഴിലാളികൾ താൽക്കാലിക ചികിത്സ തേടിയ ശേഷം സ്വന്തം നാടുകളിലേക്ക് മടങ്ങുന്നതായാണ് വിവരം.

## 'മരണം വരുന്ന വഴികൾ '

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്തിൽ സാധാരണ ജനങ്ങൾക്ക് എളുപ്പം മനസ്സിലാകുന്ന ഭാഷയിൽ ആവിഷ്കരിച്ച മാലിന്യനിർമ്മാജനം, പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി 'മരണം വരുന്ന വഴികൾ ' എന്ന ഡോക്യൂഫിക്ഷൻ നിർമ്മിക്കുകയുണ്ടായി. കേരളത്തിലാദ്യമായി ആരോഗ്യമേഖലകൾക്കുവേണ്ടി ഒരു ഗ്രാമപഞ്ചായത്തിന്റെ സംരംഭമായ പ്രസ്തുത ഡോക്യൂഫിക്ഷൻ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സംസ്ഥാനത്തെ മറ്റു പഞ്ചായത്തുകളിലു തൃശ്ശൂർ കിലയിലും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.



നിർമ്മാണ പ്രവർത്തനങ്ങൾക്കായി ധാരാളം മറുനാടൻ തൊഴിലാളികൾ കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിൽ താമസിക്കുന്നു. താൽക്കാലികമായി തയ്യാറാക്കിയ ടിൻ ഷീറ്റ് ടെന്റുകളിലാണ് ഇവർ കഴിയുന്നത്. തികച്ചും അനാരോഗ്യകരമായ ചുറ്റുപാടുകളിലാണ് ഇവരുടെ ടെന്റുകളുള്ളതെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. സ്ത്രീകളും കുട്ടികളുമടക്കം താമസിക്കുന്ന ഈ പ്രദേശത്ത് ആരോഗ്യകേന്ദ്രം ജീവനക്കാരുടെ നേതൃത്വത്തിൽ ചികിത്സാക്യാമ്പുകളും രോഗപ്രതിരോധ നടപടികളും സ്വീകരിച്ചു വരുന്നു. പകർച്ചവ്യാധികളും കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും വ്യാപിക്കാതിരിക്കാൻ മറുനാടൻ തൊഴിലാളികൾ തമ്പടിച്ചുകഴിയുന്ന ഇടങ്ങളിൽ പ്രത്യേക ആരോഗ്യസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്. വൃത്തിഹീനമായ ചുറ്റുപാടിൽ ജീവിക്കാൻ വിധിക്കപ്പെട്ട ഇത്തരക്കാരുടെ മനുഷ്യാവകാശങ്ങളെ മുൻനിർത്തിക്കൊണ്ടും ഗ്രാമപഞ്ചായത്തിലെ മൊത്തം ജനതയുടെ ആരോഗ്യത്തെ മുന്നിൽ കണ്ടുകൊണ്ടും വാസയോഗ്യമായ ചുറ്റുപാട് ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

## 15. ജീവിതശൈലീരോഗങ്ങളുടെ വ്യാപനം

കേരളജനത ഇന്ന് രോഗാതുരമായി സമൂഹമായി മാറുകയാണ്. പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, ഉയർന്ന കൊളസ്ട്രോൾ നില, അമിത വണ്ണം, മാനസിക സമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ ജീവിതശൈലിയുമായി ബന്ധപ്പെട്ട് ഇന്ന് വ്യാപകമാണ്. ജീവിതശൈലീരോഗങ്ങളുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് രോഗനിയന്ത്രണത്തിനുള്ള തുടർ ചികിത്സ നൽകുന്നതിന് പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. NRHM ന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ NCD(Non Communicable Disease) ക്ലിനിക്കുകൾ നടക്കുന്നുണ്ടെങ്കിലും തുടർ ചികിത്സ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ സംവിധാനമില്ല.

### ബയോകെമിസ്ട്രി ലാബിന്റെ ആവശ്യകത

രോഗനിർണ്ണയത്തിനുള്ള ലാബ് സൗകര്യം ഇല്ലാത്തത് പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനത്തിലുള്ള പരിമിതിയാണ്. ജീവിതശൈലീരോഗങ്ങളായ രക്തസമർദ്ദം, പ്രമേഹം, കൊളസ്ട്രാൾ തുടങ്ങിയവയുടെ നിർണ്ണത്തിനും ചികിത്സയ്ക്കും ലബോറട്ടറികൾ അത്യന്താപേക്ഷിതമാണ്. സർക്കാർ മേഖലയിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഇ.സി.ജി., എക്സ്റേ മറ്റ് ലബോറട്ടറി പരിശോധനകൾ ഇല്ലാത്തതിനാൽ സ്വകാര്യ സ്ഥാപനങ്ങളിൽ വർദ്ധിച്ച ചെലവിൽ പരിശോധന നടത്തേണ്ടുന്ന സാഹചര്യമാണുള്ളത്. ബയോകെമിസ്ട്രി ലാബ് പി.എച്ച്.സി.ക്ക് അനുബന്ധമായി ആരംഭിക്കുന്നതും അതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതും പി.എച്ച്.സി.കളുടെ പ്രവർത്തനത്തിന് അഭിലക്ഷണീയമാണ്.

### മഴക്കാല പൂർവ്വശുചീകരണം

തിരുവനന്തപുരം നഗരസഭയിൽ 2008, 2009, 2010 വർഷങ്ങളിൽ മഴക്കാലപൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണയജ്ഞം - 2010 തുടങ്ങിയ പദ്ധതികൾക്കായി അച്ചടിച്ച ബ്രോഷറുകൾ നല്ലൊരുപങ്കും വിതരണം ചെയ്തിട്ടില്ല. മഴക്കാലപൂർവ്വ ശുചീകരണം, പകർച്ചവ്യാധി തടയൽ തുടങ്ങിയ നിർദ്ദേശങ്ങൾ പലപ്പോഴും മഴക്കാലം കഴിഞ്ഞും കാർഡുകളിൽ മാത്രമൊതുങ്ങുന്നു. നഗരസഭഫണ്ടിൽ നിന്നും ലക്ഷങ്ങൾ പാഴാകുന്നതല്ലാതെ 'ശുചിത്വനഗരം' വെറും സങ്കല്പം മാത്രമാകുന്നു.

**മാതൃകയായൊരു ശുചിത്വഹർത്താൽ–'ചെറുവത്തൂർ ക്ലീൻ'**

മഴക്കാല രോഗപ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായ കണ്ണൂർ ജില്ലയിലെ ചെറുവത്തൂർ സാമൂഹിക ആരോഗ്യകേന്ദ്രവും, ഗ്രാമപഞ്ചായത്തും സംയുക്തമായി ഒരു ശുചീകരണ ഹർത്താൽ 2012 ജൂൺ 12-ാം തീയതി സംഘടിപ്പിച്ചു. രാവിലെ 8 മണി മുതൽ 11.30 വരെ പഞ്ചായത്തിലെ ജീവനക്കാരും, ഓട്ടോ ടാക്സി സർവ്വീസ് നിർത്തിയും വ്യാപാരികൾ കടകളടച്ചും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. കൂടാതെ പൊതുജനാരോഗ്യ പ്രവർത്തകർ, ആശാ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, തുടങ്ങിയവരും ഹർത്താലിൽ പങ്കെടുത്ത് വിവിധ ഭാഗങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിച്ചു. വളരെ ശ്ലാഘനീയമായ ഈ പ്രവർത്തനരീതി അഭിനന്ദനാർഹവും മാതൃകാപരവുമാണ്.

തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി 'മഴയെത്തും മുമ്പേ' എന്ന പേരിൽ ശുചീകരണ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ നോട്ടീസ് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും നൽകുന്നുണ്ട്. ആശാപ്രവർത്തകരെ ഉപയോഗപ്പെടുത്തി സോഴ്സ് റിഡക്ഷൻ, വെക്ടർ സ്റ്റഡി ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖ വിതരണം എന്നിവ നടത്തുന്നുണ്ട്. കൂടാതെ വകുപ്പിൽ നിന്ന് ലഭിക്കുന്ന പോസ്റ്ററുകൾ ആശുപത്രിയിലും സബ്സെന്ററുകളിലും പ്രദർശിപ്പിക്കുന്നു.

വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ മഴക്കാല പൂർവ്വശുചീകരണത്തിനായി 2010-11 ൽ 42,234/-രൂപയും 2011-12 ൽ 46,445/-രൂപയും വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

കണ്ണൂർ നഗരസഭയിൽ മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പകർച്ചപ്പനി, സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയൽ എന്നിവ നടപ്പാക്കുന്നതിന് നഗരഭരണാധികാരികൾ വിവിധ വകുപ്പ് മേധാവികൾ, ആരോഗ്യ വകുപ്പ് മേധാവികൾ എന്നിവർ പങ്കെടുത്ത യോഗ തീരുമാനപ്രകാരം മുഴുവൻ വാർഡുകളിലും വി.പി.യൂണിറ്റ്, JHI, JPHN എന്നിവരടങ്ങുന്ന ശുചിത്വകമ്മിറ്റി വീടുകൾ തോറും കയറി ബോധവൽക്കരണം നടത്താനും ആഴ്ചയിലൊരിക്കൽ 'ഡ്രൈ ഡേ' ആചരിക്കുന്നതിനും ഓടകൾ വൃത്തിയാക്കുന്നതിനും, ഹോട്ടലുകളിൽ പരിശോധന നടത്തുന്നതിനും, കെട്ടിക്കിടക്കുന്ന മലിനജലം ഒഴുക്കി വിടുന്നതിനും കിണറുകളിൽ ക്ലോറിനേഷൻ നടത്തുന്നതിനും കൊതുക് നിവാരണം ഊർജ്ജിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുകയും നഗരമാലിന്യം യഥാസമയം നീക്കം ചെയ്ത് ശുചിയാക്കുന്നതിന് 'മഴക്കാലപൂർവ്വ ശുചീകരണം' എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

പെരുമ്പാവൂർ നഗരസഭയിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വാർഡ് അടിസ്ഥാനത്തിൽ കൗൺസിലർമാരുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഇതിന് ആശുപത്രിയിൽ നിന്നുള്ള മാർഗ്ഗനിർദ്ദേശങ്ങളും റസിഡന്റ്സ് അസോസിയേഷനുകളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തവും ഉറപ്പുവരുത്തുന്നുണ്ട്.

പകർച്ചവ്യാധികളെ ചെറുക്കണമെങ്കിൽ രോഗങ്ങളെക്കുറിച്ച് കൃത്യമായി പഠിക്കണം. വിവര ശേഖരണം നടത്തണം. പകർച്ചവ്യാധികൾക്ക് കാരണമാകുന്ന രോഗാണുക്കൾ, രോഗപകർച്ചാ സ്വഭാവം, കാലാവസ്ഥ തുടങ്ങിയ പ്രശ്നങ്ങൾ പഠന വിഷയമാക്കേണ്ടതാണ്. രോഗമെന്നാൽ ചികിത്സ മാത്രമായി ചുരുങ്ങേണ്ടതല്ല. പകർച്ചവ്യാധികളെ നിയന്ത്രിക്കാൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണ്.തുടർ പഠനവും ശാസ്ത്രീയ സമീപനവും ഇക്കാര്യത്തിൽ അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു.

## 16. രോഗപ്രതിരോധ കുത്തിവെയ്പ്–ശ്രദ്ധേയമായ നേട്ടം

ആരോഗ്യരംഗത്ത് കേരളം ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങൾക്കും മാതൃകയാണെങ്കിലും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ കുറവുമൂലം നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല രോഗങ്ങളും വീണ്ടും പ്രത്യക്ഷപ്പെടുകയും പൊതുജനാരോഗ്യത്തിന് ഗുരുതരമായ വെല്ലുവിളികൾ ഉയർത്തുകയും ചെയ്യുന്നുണ്ട്.

വാക്സിനേഷൻ രംഗത്ത് കേരളത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിൽ ചിട്ടയായ പ്രവർത്തനം മൂലം തിരുവാലി ഗ്രാമപഞ്ചായത്ത് 100% വാക്സിനേഷൻ എന്ന ലക്ഷ്യത്തോട് വളരെ അടുത്ത് എത്തിയിരിക്കുകയാണ്.

രോഗപ്രതിരോധവുമായി ബന്ധപ്പെട്ട കേന്ദ്ര-സംസ്ഥാന പരിപാടികൾ ഊർജ്ജിതമായി പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ജീവനക്കാരും സന്നദ്ധസേവകരും വിവിധ പരിപാടികളിൽ സജീവമായി പങ്കെടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഇത്തരം പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടും അനുവദിക്കുന്നുണ്ട്. ദേശീയ പൾസ് പോളിയോ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി 2010-11 വർഷത്തിൽ 2699 കുട്ടികൾക്ക് 2011-12 വർഷം 2584 കുട്ടികൾക്കും പോളിയോ തുള്ളി മരുന്ന് നൽകി. ദേശീയ മന്തു രോഗ നിവാരണ പരിപാടിയുടെ ഭാഗമായി 2010-11, 2011-12 വർഷങ്ങളിൽ യഥാക്രമം 24518 പേർക്കും, 23657 പേർക്കും ഡി.ഇ.സി., ആൽബൻഡെസോൾ ഗുളികകൾ വിതരണം ചെയ്തു.

കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ 2011-12 വർഷം രോഗപ്രതിരോധത്തിനും പ്രത്യേക പ്രൊജക്ടുകൾ ഉണ്ടാക്കി പ്രശംസനീയമായ പ്രവർത്തം നടത്തിയിട്ടുണ്ട്. ഈഡിസ് സർവ്വേ നടത്തി ഈഡിസ് കൊതുകുകളുടെ ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിന് 7139 വീടുകൾ സന്ദർശിച്ച് 423 ഉറവിടങ്ങൾ നശിപ്പിച്ചു. ഇതിലേക്കായി 1989 വീടുകളിൽ ഗപ്പി മത്സ്യങ്ങളെ വിതരണം ചെയ്തു.തെരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പകർച്ചവ്യാധികൾക്കെതിരെ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനം | പകർച്ചവ്യാധി | രോഗികളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത വർഷം | തദ്ദേശസ്വയംഭരണ വകുപ്പു സ്വീകരിച്ച നടപടി |
|---|---|---|---|---|---|
| 1 | അകത്തേത്തറ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല | എലിപ്പനി,<br>ഡെങ്കിപ്പനി | 2<br>1 | 2010-1<br>2011-12 | വിവിധ പ്രദേശങ്ങളിൽ സർവ്വേ നടത്തി ആവശ്യമായ മരുന്നു നൽകി രോഗം നിയന്ത്രണ വിധേയമാക്കി |
| 2 | പുറപ്പുഴ ഗ്രാമപഞ്ചായത്ത്, ഇടുക്കി | മലേറിയ | 5 | 2011-12 | ആരോഗ്യ പ്രവർത്തകരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും ശ്രമഫലമായി രോഗം പടരുന്നത് തടയാൻ കഴിഞ്ഞു. |
| 3 | വാഴക്കുളം ഗ്രാമപഞ്ചായത്ത്, എറണാകുളം | മലമ്പനി | 1 | | പി.എച്ച്.സി.യുടെ നേതൃത്വത്തിൽ മാസ്മിയർ കളക്ഷൻ, ബോധവൽക്കരണ ക്ലാസ്സ്, കോൺടാക്ട് സ്മിയർ കളക്ഷൻ, ഫോഗിംഗ്, സ്പ്രെയിംഗ് എന്നിവ നടത്തി. |
| 4 | വടകര നഗരസഭ | ചിക്കൻഗുനിയ<br>ഡങ്കിപ്പനി<br>മലേറിയ<br>മഞ്ഞപ്പിത്തം<br>ടൈഫോയ്ഡ്<br>എലിപ്പനി<br>മുണ്ടിനീര്<br>5-ാം പനി | കൊതുകുജന്യ രോഗങ്ങൾ തടയുന്നതിനായി ഫോഗിംഗ്, സ്പ്രെയിംഗ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു.<br>എലിപ്പനി തടയുന്നതിനായി ബോധവൽക്കരണ ക്ലാസ്സ് നടത്തി. മുണ്ടിനീര്, അഞ്ചാംപനി എന്നിവ തടയുന്നതിന് രോഗപ്രതിരോധ കുത്തിവെയ്പും ഊർജ്ജിതമാക്കിയിട്ടുണ്ട്. മന്ത് രോഗം, പോളിയോ നിർമ്മാർജ്ജനം എന്നിവയ്ക്കായി ഊർജ്ജിതമാക്കിയിട്ടുണ്ട്. | | |
| 5 | മയ്യനാട് ഗ്രാമപഞ്ചായത്ത്, കൊല്ലം | എലിപ്പനി,<br>ഡെങ്കിപ്പനി,<br>മഞ്ഞപ്പിത്തം,<br>ചിക്കൻപോക്സ്, ക്ഷയം,<br>അഞ്ചാം പനി,<br>മലേറിയ | 2011-12 | കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ 103 പേർ ചിക്കൻപോക്സിനും 50 പേർ മഞ്ഞപ്പിത്തത്തിനും (ഹെപ്പറ്റൈറ്റിസ്-എ) ചികിത്സയ്ക്ക് വിധേയമായി. 2012 സെപ്തംബർ മാസം ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ മഞ്ഞപ്പിത്തം പടർന്നു പിടിച്ചിരുന്നു. ഈ കാലയളവിൽ മൂന്ന് ചികിത്സാ വിഭാഗങ്ങളിൽ നിന്നുള്ള മെഡിക്കൽ സംഘങ്ങൾ രോഗബാധിതരുടെ വീടുകൾ സന്ദർശിക്കുകയും 200-ഓളം പേർക്ക് മരുന്നു നൽകുകയുമുണ്ടായി | | |

| | | | | | |
|---|---|---|---|---|---|
| 6 | പന്മന ഗ്രാമപഞ്ചായത്ത്, കൊല്ലം | മലേറിയ | 2 | 2011-12 | പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. |
| 7 | കോട്ടയം നഗരസഭ | മലേറിയ | 1 | | സമയോചിതമായ ചികിത്സ മറ്റ് പ്രതിരോധ നടപടികളുംമൂലം രോഗത്തിന്റെ വ്യാപനം തടയാൻ സാധിച്ചു |
| 8 | ചങ്ങനാശ്ശേരി നഗരസഭ | മലേറിയ | 5 | | മന്ത്, പോളിയോ നിർമ്മാർജ്ജന പരിപാടി കൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. |
| 9 | എടവണ്ണ ഗ്രാമപഞ്ചായ ത്ത്, മലപ്പുറം | മഞ്ഞപിത്തം (ഹെപ്പറ്റൈറ്റിസ്-എ) | 36 | 2011 | പി.എച്ച്.സി.യുടെ നേതൃത്വ ത്തിൽ ഈ പ്രദേശത്ത് ബോധ വൽക്കരണം നടത്തുകയും മുഴുവൻ കിണറുകളും ശുചീ കരിക്കുകയുമുണ്ടായി |
| 10 | ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് | മഞ്ഞപിത്തം<br>മലമ്പനി<br>ചിക്കൻപോക്സ് | 25<br>16<br>2<br>2<br>33<br>20 | 2011<br>2012<br>2011<br>2012<br>2011<br>2012 | അംഗൻവാടികളും സ്കൂളു കളും കേന്ദ്രീകരിച്ചും നോട്ടീ സുകൾ വഴിയും ബോധ വൽക്കരണം നടത്തുന്നു. കുടിവെള്ള സാമ്പിളുകളും പരിശോധനയ്ക്ക് വിധേയമാക്കുന്നു. |

## 17. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റികൾ

2000 ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ ചട്ടം 16 പ്രകാരം ഓരോ മേഖലയിലും രൂപീ കൃതമാകുന്ന സ്റ്റാന്റിംഗ് കമ്മിറ്റികൾ കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യം, കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയി ക്കുന്ന തീയതിയിലും സമയത്തും പഞ്ചായത്ത് ഓഫീസിൽ യോഗം ചേരേണ്ടതാണ്. ആരോഗ്യ മേഖലയ്ക്കായി രൂപീക രിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം, വിലയിരുത്തൽ എന്നിവ നടത്തേ ണ്ടതാണ്. പരിശോധന നടത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തന അവലോകനം-ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

കൊല്ലം നഗരസഭയിൽ 2010-11 വർഷത്തിൽ കമ്മിറ്റി കൃത്യമായി യോഗം ചേരുകയും ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളുടെ അവലോകനവും വിലയിരുത്തലുകളും ഏറെക്കുറെ ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തി ട്ടുണ്ട്. എന്നാൽ 2011-12 വർഷത്തിൽ ആരോഗ്യമേഖലയിലെ പ്രവർത്തനം തൃപ്തികരമല്ല. അടിയന്തിര പ്രാധാന്യമുള്ള പല അജണ്ടകളും വേണ്ടത്ര ചർച്ച നടത്താതെ മാറ്റി വച്ചു. ഉദാഹരണമായി ബി.ഡിവിഷൻ പരിധിയിലുള്ള റെയിൽവേ സ്റ്റേഷന് മുന്നിലൂടെയുള്ള ഓട ആ പരിസരത്തുള്ള ഹോട്ടലുകളിൽ നിന്നുള്ള മലിനജലം ഒഴുകി ദുർഗന്ധം പരത്തുന്നു എന്ന വിഷയം കൗൺസിൽ അജണ്ടയിൽ പലപ്രാവശ്യം വന്നുവെങ്കിലും ഈ വിഷയത്തിൽ ഫലപ്രദമായ തീരുമാനമെടുക്കുന്നതിനോ ഹോട്ടലുകളുടെ ലൈസൻസ് റദ്ദാക്കുന്നതിനോവേണ്ട നടപടി സ്വീകരിച്ചിട്ടില്ല. കുരീപ്പുഴചണ്ടി ഡിപ്പോയിലെ മാലിന്യസംസ്ക്കരണം സംബന്ധിച്ച പ്രശ്നങ്ങൾക്ക് ശാസ്ത്രീയമായ പ്രതിവിധി കണ്ടെത്തി ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും മറ്റുമുള്ള ചർച്ചകൾ നടത്തുന്നതിനെകുറിച്ച് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഒരു തീരു മാനവും എടുത്തതായി കാണുന്നില്ല. പേവിഷം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ചർച്ചയും, പ്ലാസ്റ്റിക് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നത് സംബന്ധിച്ച കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കത്ത് ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി അജണ്ടയിൽ ഉൾപ്പെടുത്തിയെങ്കിലും ചർച്ച ചെയ്യുകയോ മറ്റ് തീരുമാനങ്ങൾ എടുക്കുകയോ ചെയ്തിട്ടില്ല.

കോട്ടയം മുനിസിപ്പാലിറ്റിയിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൂടി ഉൾപ്പെട്ട 'ഹോട്ടൽ വെയ്സ്റ്റ് മാനേജ്മെന്റ് കമ്മിറ്റി ' ഹോട്ടലുകളിലെ വെയ്സ്റ്റ് ശേഖരണത്തിനായി രൂപീകരിച്ചിട്ടുള്ളതാണ്. ഹോട്ടലുകൾ, കാന്റീനു കൾ, ബാറുകൾ തുടങ്ങിയവയ്ക്ക് ഓരേ ക്ലാസ്സ് നിശ്ചയിക്കുകയും ഓരോ ക്ലാസ്സിനും നിശ്ചിത നിരക്കിൽ പ്രതിമാസ

ഫീസ് നിശ്ചയിച്ച് ഇപ്രകാരം ലഭിക്കുന്ന തുക പ്രത്യേക അക്കൗണ്ടിലൂടെ വിനിമയം നടത്തുകയും ചെയ്യുന്നു. അടിസ്ഥാന ലക്ഷ്യം മാലിന്യ സംസ്ക്കരണമാണെങ്കിലും ഇതുവരെയും കമ്മിറ്റിയുടെ നിയമാവലിക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് മാലിന്യശേഖരണത്തിനു വേണ്ടി ഒരു ലോറി വാങ്ങാൻ സാധിച്ചുവെന്നത് നേട്ടമാണ്. ഹോട്ടലുകളിൽ റെയ്ഡ് നടത്തി പഴകിയ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുക്കുന്നതിലും സ്ഥാപന ഉടമകൾക്കെതിരെ പിഴ ഈടാക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാതൃകാപരമായ ഇത്തരം നടപടികൾ തുടർന്ന് കൊണ്ടു പോകേണ്ടതും അത്യാവശ്യമാണ്.

കോഴിക്കോട് ജില്ലയിലെ ഓമശ്ശേരി ഗ്രാമപഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും ഒരു തവണ യോഗം ചേരുന്നുണ്ടെങ്കിലും കാലികമായി ഉയർന്നുവരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും, അതിനു താൽക്കാലിക പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്നതിൽ മാത്രം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഒതുങ്ങി നിൽക്കുന്നു. ആരോഗ്യപൂർണ്ണമായ സമൂഹത്തിന് ആധാരമായി വർത്തിക്കേണ്ട വിവിധ മേഖലകളെ അപഗ്രഥിക്കാനോ കണ്ടെത്തുന്ന പ്രശ്നങ്ങൾ സുസ്ഥിരമായി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാനോ കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ലെന്ന് യോഗ മിനിട്സ് വ്യക്തമാക്കുന്നു. ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യ വികസനവും മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങളും ഗൗരവതരമായി കാണാതിരുന്നത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

വടകര നഗരസഭയിലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും ഒരു തവണ യോഗം ചേരുന്നുണ്ട്. എന്നാൽ നഗരസഭയെ മൊത്തമായി വിശകലനം ചെയ്ത് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിയുന്നില്ല എന്ന് കമ്മിറ്റി മിനിട്സ് വ്യക്തമാക്കുന്നു. നഗരസഭയിൽ തത്സമയം ഉയരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ആയതിന് പരിഹാരം കാണുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

വയനാട് മാനന്തവാടി ഗ്രാമപഞ്ചായത്ത്-പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലും കർമ്മ സമിതിയിലും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു തവണ എല്ലാ മാസവും യോഗം ചേരുന്നുണ്ട്. എന്നാൽ നഗരസഭയെ മൊത്തമായി വിശകലനം ചെയ്ത് ഒരു സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിയുന്നില്ല എന്ന് കമ്മിറ്റി മിനിട്സ് വ്യക്തമാക്കുന്നു. നഗരസഭയിൽ തത്സമയം ഉയരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ആയതിന് പരിഹാരം കാണുകയാണ് ഇപ്പോൾ ചെയ്തു വരുന്നത്.

## 18. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി പ്രത്യേക പൊതുസഭ

14.08.2009 ലെ 39286/3/09 തസ്വഭവ സർക്കുലർ പ്രകാരം ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുമായി വർഷത്തിൽ ഒരിക്കൽ ഈ വിഭാഗത്തിൽപ്പെട്ട ഓരോ വ്യക്തിയുടെയും കുടുംബങ്ങളിൽ നിന്ന് ഒരാൾ എന്ന ക്രമത്തിൽ പ്രതിനിധികളെ ഉൾപ്പെടുത്തി ആസൂത്രണ ഗ്രാമസഭ ചേരുന്നതിന് മുമ്പായി സ്പെഷ്യൽ പൊതുസഭ കൂടുന്നതിനും ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ ചർച്ച ചെയ്യുന്നതിനും നിർദ്ദേശിച്ചിരുന്നു.

കൊല്ലം നഗരസഭ ഈ വിഭാഗത്തിൽ വരുന്നവരുടെ ഉന്നമനത്തെ ലക്ഷ്യമിട്ടുകൊണ്ട് വിവിധ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ആവശ്യമായ ഉപകരണങ്ങളുടെ വിതരണം,

### മാതൃകാ പരിപാടികൾ

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്ലാസ്റ്റിക്കിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ പരിസരങ്ങളിലെ പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെയുള്ള നടപടികൾ, ആശുപത്രി മാലിന്യങ്ങൾ പഞ്ചായത്ത് പ്രദേശത്ത് മറവു ചെയ്തതിനെതിരെയുള്ള നടപടികൾ തുടങ്ങി വിവിധ വിഷയങ്ങളിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. പെരുമ്പാവൂർ നഗരസഭയുടെ സ്റ്റാന്റിംഗ് കമ്മിറ്റി ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങളുടെ മേൽനോട്ടം, വിലയിരുത്തൽ എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്.

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ എന്നിവ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. എന്നിരുന്നാലും ഈ വിഭാഗത്തിലുള്ള വ്യക്തികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനും ഇവരെ മുഖ്യധാരയിലേയ്ക്ക് ഒരു പരിധിവരെയെങ്കിലും ഉയർത്തികൊണ്ടുവരുന്നതിനും അവരുടെ പങ്കാളിത്തം പദ്ധതി രൂപീകരണവേളയിൽ ഉറപ്പാക്കുന്നതിനുമ്മായി സ്പെഷ്യൽ പൊതുസഭ വിളിച്ചു ചേർക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല.

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ നിർദ്ദേശങ്ങൾക്കായി കൂടിയ ഏതാനും ചില ഗ്രാമസഭായോഗങ്ങളിൽ വികലാംഗർക്കുള്ള ക്ഷേമപദ്ധതികൾ ആസൂത്രണം ചെയ്യുവാൻ തീരുമാനിച്ചെങ്കിലും പ്രസ്തുത വിഭാഗക്കാർക്കായ യാതൊരു പദ്ധതിയും പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. 2011-12 വർഷം പൊതുസഭ വിളിച്ച് ചേർത്തിട്ടില്ല. അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ആദ്യമായി 12.08.12 നാണ് ഇത്തരത്തിലുള്ള പൊതുസഭ വിളിച്ചു ചേർത്തിട്ടുള്ളത്. 2012-17 പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി വികലാംഗക്ഷേമ കാര്യത്തിനുവേണ്ടി 5% ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. തൊഴിൽ ചെയ്യാൻ തയ്യാറായവരെ തെരഞ്ഞെടുക്കുക, കുട്ടികളുടെ പഠനത്തിന് സഹായ തുക വർദ്ധിപ്പിക്കുക, കാഴ്ചശക്തി ഇല്ലാത്തവർക്ക് ചികിത്സക്കും ശസ്ത്രക്രിയയ്ക്കുമായി ധന സഹായം നൽകുക, വികലാംഗർക്ക് മരുന്നു വാങ്ങുന്നതിന് സഹായം നൽകുക എന്നിവ പദ്ധതി നിർദ്ദേശങ്ങളാണ്.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ ഉൾപ്പെടുത്തി 2011-12 വർഷം 07.07.12 ന് 132 പേർ പങ്കെടുത്ത പ്രത്യേക വാർഡ്സഭ കൂടുകയും പങ്കെടുത്തവരിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്ത് തലശ്ശേരി നഗരസഭ മാതൃക കാട്ടി.

## 19. പൊതുശൗചാലയങ്ങളും ആരോഗ്യപ്രശ്നങ്ങളും

1998 ലെ കേരള പഞ്ചായത്ത് രാജ് (പൊതു കക്കൂസുകൾ, മൂത്രപ്പുരകൾ, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങൾ പ്രകാരം ജനസാന്ദ്രതയുള്ള പഞ്ചായത്തിന് യുക്തമെന്ന് തോന്നുന്നതമായ സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യാർത്ഥം പൊതു മൂത്രപ്പുരകളും പൊതു കുളിസ്ഥലങ്ങളും സ്ഥാപിക്കേണ്ടതും അവ ദിവസവും വൃത്തിയാക്കുകയും ശരിയായ നിലയിൽ സൂക്ഷിക്കേണ്ടതുമാണ്. പൊതു കുളിസ്ഥലങ്ങൾക്കും മൂത്രപ്പുരകൾക്കും ആവശ്യമുള്ള ശുദ്ധജലം പഞ്ചായത്ത് ലഭ്യമാക്കേണ്ടതും മലിനജലം ഒഴുക്കി കളയുന്നതിനാവശ്യമായ ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തുവാനും ചട്ടം വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുശൗചാലയങ്ങളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് ശൗചാലയങ്ങൾ ഒന്നും സ്ഥാപിച്ചിട്ടില്ല. നിർമ്മൽ പുരസ്കാരമായി 2009-10 വർഷം 5,00,000/-രൂപ ലഭിച്ചെങ്കിലും തുക ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

### 'ഇ-ടോയ്ലെറ്റ്'-ആസൂത്രണം ലക്ഷ്യപ്രാപ്തിയിലെത്തിയില്ല

കൊല്ലം കോർപ്പറേഷന്റെ 2011-12 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കോർപ്പറേഷന്റെ തിരക്കേറിയ ഭാഗങ്ങളിൽ വികസനഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനായി വിഭാവനം ചെയ്ത പദ്ധതിയാണ് 'ഇ-ടോയ്ലെറ്റ് നിർമ്മാണം'. നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി 4 ഇ-ടോയ്ലെറ്റുകളാണ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടത്. ഏറം സയന്റിഫിക് സൊല്യൂഷൻസ് (പി ) ലിമിറ്റഡ് 'ഡിലൈറ്റ് ഇ-ടോയ്ലെറ്റ് ' എന്ന പേരിലാണ് ടോയ്ലെറ്റ് നിർമ്മിച്ചത്. ഇതിനായി വികസന ഫണ്ടിൽ നിന്നും 10,47,910/-രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ചിന്നക്കടയിലെ 2 ടോയ്ലെറ്റുകളുടെ പ്രവർത്തനം ആരംഭിച്ചുവങ്കിലും ഒരാഴ്ചക്കുള്ളിൽ തന്നെ അവ പ്രവർത്തന രഹിതമായി. ഇ-ടോയ്ലെറ്റുകൾ നന്നാക്കാനുള്ള നടപടികൾ കോർപ്പറേഷന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. കൂടാതെ ഇലക്ട്രോണിക് സംവിധാനം ഉപയോഗിച്ച് പ്രവർത്തിക്കുന്നതായതിനാൽ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇത് 'യൂസർ ഫ്രണ്ട്ലി ' അല്ല എന്നുള്ളതും ഇതിന്റെ പോരായ്മയാണ്.

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു പൊതുശൗചാലയം മാത്രമാണുള്ളത്. പഞ്ചായത്ത് മാർക്കറ്റിനകത്തു സ്ഥിതി ചെയ്യുന്ന ശൗചലായത്തിന്റെ സ്ഥിതി ശോചനീയമാണ്. വേണ്ട മേൽനോട്ടവും സംരക്ഷണവുമില്ലാതെ ഈ ശൗചാലയം അങ്ങേയറ്റം വൃത്തിഹീനവും നാശോന്മുഖവുമായ നിലയിലാണ്. ഇവിടെ പ്രാഥമിക ആവശ്യത്തിന് മറ്റ് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ജനങ്ങൾ ഈ ശൗചാലയം ഉപയോഗിക്കാൻ നിർബന്ധിതരാകുകയാണ്. വൃത്തിഹീനമായ ഇത്തരം ശൗചാലയങ്ങൾ രോഗവാഹികളായ അണുക്കളുടെ കേന്ദ്രമായി മാറുകയും രോഗങ്ങൾ പടരുന്നതിന് കാരണമായിത്തീരുകയും ചെയ്യും.



ചങ്ങനാശ്ശേരി നഗരസഭയിൽ പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ അവസ്ഥ ശോചനീയമാണ്. ചോർന്നൊലിക്കുന്നതും പൊട്ടിപ്പൊളിഞ്ഞതുമായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ശൗചാലയങ്ങൾ ഭൂരിഭാഗവും ഉപഭോക്താക്കളിൽ നിന്നും പ്രതിഫലം കൈപ്പറ്റി പ്രവർത്തിപ്പിക്കുന്നവയാണെങ്കിലും അവ വൃത്തിയായും വെടിപ്പായും സൂക്ഷിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.നഗരസഭ വക ഫാത്തിമാപുരത്ത് ജനവാസ കേന്ദ്രത്തിലുള്ള കക്കൂസുകളുടെ സെപ്റ്റിക് ടാങ്ക് പൊട്ടിയൊഴുകി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ആവശ്യത്തിന് പൊതുടോയ്‌ലെറ്റുകൾ നഗരത്തിലില്ലാത്ത കൊച്ചി നഗരസഭയിൽ സ്കൂളിലും പൊതുജനങ്ങൾക്കുമായി ബയോ ടോയ്‌ലെറ്റ് സംവിധാനം സ്ഥാപിച്ചുകൊണ്ടിരിക്കുന്നത് മാതൃകാപരമാണ്. നിരവധി പരിമിതികളാണ് നഗരസഭയ്ക്ക് മുന്നിൽ ഈ വിഷയവുമായി ബന്ധപ്പെട്ടുള്ളത്. അനുയോജ്യമായ സ്ഥല ലഭ്യതയാണ് ഇതിൽ പ്രധാനം.

കണ്ണൂർ ജില്ലയിലെ വേങ്ങാട് പഞ്ചായത്തിൽ രണ്ട് സ്ഥലത്താണ് പൊതുശൗചാലയങ്ങൾ ഉള്ളത്. ഒന്ന് പഞ്ചായത്തുവക ബസ്സ്റ്റാന്റിലും മറ്റൊന്ന് മമ്പറം ടൗണിലുമാണ് സ്ഥിതി ചെയ്യുന്നത്. ഈ ശൗചാലയങ്ങളുടെ നടത്തിപ്പിനായി പഞ്ചായത്ത് ശരാശരി 2000/- രൂപ പ്രതിമാസം ചെലവ് ചെയ്യുന്നത്. എങ്കിലും ശൗചാലയങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ശൗചാലയങ്ങളും അതിന്റെ പരിസരവും വൃത്തിഹീനമാണ്. ലക്ഷക്കണക്കിന് തുക ചെലവഴിച്ച് നിർമ്മിച്ച ശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നശിച്ചുകൊണ്ടിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്തിന്റെ രണ്ട് പൊതുശൗചാലയങ്ങളിൽ കൊളപ്പയിലുള്ള ശൗചാലയം പൊതുജനങ്ങൾക്കായി നാളിതുവരെ തുറന്ന് കൊടുത്തിട്ടില്ല. ഈ ശൗചാലയത്തിൽ നിലവിൽ പഞ്ചായത്ത് തെരുവ് വിളക്കുകളും ഉപകരണങ്ങളും സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ലക്ഷക്കണക്കിന് തുക ചെലവഴിച്ച് നിർമ്മിച്ച ശൗചാലയങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെ നശിക്കുന്ന സ്ഥിതിയാണ് പഞ്ചായത്തിലുള്ളത്.

കണ്ണൂർ നഗരസഭയിൽ അപര്യാപ്തമായ സ്ഥിതിയിലുള്ള രണ്ട് ശൗചാലയങ്ങൾ പ്രവർത്തിക്കുന്നു. ഇതിനു പുറമേ ബി.ഒ.ടി. ബസ് സ്റ്റാന്റിൽ ഒരു ശൗചാലയവുമാണ് പ്രവർത്തിക്കുന്നത്. വളരെയധികം ജനസാന്ദ്രതയുള്ള നഗരസഭയിൽ പൊതുജനങ്ങൾ കേന്ദ്രീകരിക്കുന്ന സ്റ്റേഡിയം കോംപ്ലക്സ്, സ്റ്റേഡിയം പവലിയൻ, മറ്റ് വ്യാപാരകേന്ദ്രങ്ങൾ എന്നിവയിലുണ്ടായിരുന്ന ശൗചാലയങ്ങൾ അടച്ചുപൂട്ടി. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 320, 321, 322, 323, 325 വകുപ്പുകൾ പ്രകാരം പൊതുജനങ്ങളുടെ ആരോഗ്യത്തിനും ശുചിത്വത്തിനും നിലകൊള്ളേണ്ട നിയമപരമായ ബാധ്യതയുള്ള നഗരസഭ പൊതു ശൗചാലയങ്ങളുടെ പരിപാലനത്തിന് വേണ്ട ശ്രദ്ധ കൊടുക്കുന്നില്ല. സ്റ്റേഡിയം കോംപ്ലക്സിനടുത്ത് പണമടച്ച് ഉപയോഗിച്ചു കൊണ്ടിരുന്ന ശൗചാലയ കെട്ടിടം ഉപയോഗശൂന്യമായത് നഗരസഭയുടെ കാര്യക്ഷമതക്കുറവാണ് സൂചിപ്പിക്കുന്നത്.

കാസറഗോഡ് ജില്ലയിലെ പുല്ലൂർ പെരിയഗ്രാമ പഞ്ചായത്തിലെ ലക്ഷംവീട് കോളനി, ഉദയനഗർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, പെരിയ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ 2010-11 വർഷത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച 6,40,000/- രൂപയും, പഞ്ചായത്ത് വിഹിതം 99,249/- രൂപയും കൂടി ആകെ 7,39,249/- രൂപ ചെലവിട്ട് നിർമ്മിച്ച പൊതു ശൗചാലയങ്ങളിൽ ലക്ഷം വീട് കോളനിയിലെ ശൗചാലയം മാത്രമാണ് ഉപയോഗിക്കുന്നത്. പെരിയ കമ്മറ്റി കമ്മ്യൂണിറ്റി ഹാൾ, ഉദയനഗർ കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലെ ശൗചാലയങ്ങൾ വെള്ളം ലഭ്യമാക്കാത്തതുകൊണ്ട് ഉപയോഗിക്കാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുകയാണ്.

## 20. നിർമ്മൽ പുരസ്കാര തുകയുടെ വിനിയോഗം

സമ്പൂർണ്ണ ശുചിത്വം കൈവരിക്കുന്നതിന് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 2003 ലാണ് ഭാരതസർക്കാർ നിർമ്മൽ ഗ്രാമപുരസ്കാരം ഏർപ്പെടുത്തിയത്. ഗ്രാമപഞ്ചായത്തുകളെ കൂടാതെ ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്കും അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ 97% ഗ്രാമപഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്കാരം നാളിതുവരെ ലഭിച്ചിട്ടുണ്ട്. 2010 വരെ നിർമ്മൽ പുരസ്കാരം ലഭിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| വർഷം | ജില്ലാപഞ്ചായത്ത് | ബ്ലോക്ക്പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് |
|---|---|---|---|
| 2005 | - | - | 1 |
| 2006 | - | - | 6 |
| 2007 | - | 6 | 219 |
| 2008 | 4 | 84 | 600 |
| 2009 | 2 | 15 | 43 |
| 2010 | - | 1 | 103 |
| **ആകെ** | **6** | **106** | **972** |

18.12.2009 ലെ ഐ.ഇ.സി/320/07സി ആർഡി നമ്പർ സർക്കുലർ പ്രകാരം നിർമ്മൽ ഗ്രാമപുരസ്കാര തുകയുടെ വിനിയോഗം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

അവാർഡ് തുകയുടെ വിനിയോഗത്തിന്റെ ഗതി മോണിട്ടറിംഗ് കമ്മിറ്റി നിരീക്ഷിക്കേണ്ടതും അവാർഡു തുകയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടവും വിശദമായി ഡോക്യുമെന്റ് ചെയ്യേണ്ടതുമാണെന്ന് സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പത്തംതിട്ടജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന് 01.02.10 നിർമ്മൽ പുരസ്കാരമായി ലഭിച്ച 5,00,000/- രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല. 2011-12 വർഷം ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രസ്തുത തുക ഉൾപ്പെടുത്തി 13.74 ലക്ഷം രൂപ അടങ്കൽ ഉള്ള ഒരു പ്രോജക്ട് തയ്യാറാക്കി പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഏറത്ത് ഗ്രാമപഞ്ചായത്തിന് ലഭിച്ച പുരസ്കാര തുകയും തനതു ഫണ്ടിൽ നിക്ഷേ പിച്ച് വക മാറ്റി ചെലവഴിക്കുകയാണ് ചെയ്യുന്നത്.

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തിന് 2011-12 ൽ ലഭിച്ച തുകയും പാലക്കാട് ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിന് 2009-10 വർഷം ലഭിച്ച നിർമ്മൽ പുരസ്കാര തുകയും ചെലവഴിക്കാതെ തനതു ഫണ്ടിൽ സൂക്ഷി ച്ചിരിക്കുകയാണ്.

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് നിർമ്മൽ പുരസ്കാര തുകയായി ലഭിച്ച തുക ഉപ യോഗിച്ചുകൊണ്ട് കെട്ടാങ്ങൽ, ചാത്തമംഗലം എന്നീ അങ്ങാടികളിലായി പൊതു ടോയ്ലെറ്റുകളുള്ള ശുചിത്വ സമുച്ചയ ങ്ങൾ ഗ്രാമപഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്. എങ്കിലും വർഷങ്ങളായിട്ടും പൊതുജനങ്ങൾക്ക് ഉപയോഗത്തിനായി തുറന്ന് കൊടുത്തിട്ടില്ല. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ചതും പൊതുജനങ്ങൾക്ക് ഏറ്റവും ഉപയോഗപ്പെടുന്നതുമായ കെട്ടിട ങ്ങൾ ഉപയോഗപ്പെടുത്താതെ നശിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണുള്ളത്.

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2008-09 വർഷത്തിൽ നിർമ്മൽ പുരസ്കാരമായി ലഭിച്ച 5 ലക്ഷം രൂപ മാലിന്യമുക്ത പദ്ധതി-പഞ്ചായത്ത് തലത്തിൽ റിക്കവറി സെന്റർ നിർമ്മാണത്തിനായി ചെലവഴിച്ചി ട്ടുണ്ട്. പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ മാലിന്യങ്ങൾ കൊണ്ടുപോയി പൊടിക്കുന്നതിന് പ്ലാസ്റ്റിക് ഷഡിംഗ് യൂണിറ് തുടങ്ങുന്നതിനുള്ള കെട്ടിടനിർമ്മാണത്തിനു വേണ്ടിയാണ് തുക ചെലവഴിച്ചത്.

## നിർമ്മൽ പുരസ്കാര തുക ചെലവഴിച്ചു നിർമ്മിച്ച നിഷ്ക്രിയ ആസ്തി

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് 2008-09 വർഷം നിർമ്മൽ പുരസ്കാരമായി ലഭിച്ച 5 ലക്ഷം രൂപ മാലിന്യമുക്ത പദ്ധതി-പഞ്ചായത്ത് തലത്തിൽ റിക്കവറി സെന്റർ നിർമ്മാണത്തിനായി ചെലവഴിച്ചു. പഞ്ചായത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ പൊടിക്കുന്നതിന് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങുന്നതിനുള്ള കെട്ടിട നിർമ്മാണത്തിന് വേണ്ടിയാണ് തുക ചെലവഴിച്ചത്. പ്രവൃത്തി 2011-12 വർഷത്തിൽ പൂർത്തീകരിച്ചു. നിർമ്മൽ പുരസ്കാരത്തുകയായ 5,00,000/-രൂപയും തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപയും ഉൾപ്പെടെ 6 ലക്ഷം രൂപ യായിരുന്നു അടങ്കൽ. 5,51,818/-രൂപ ചെലവാക്കിയാണ് ഷ്രെഡിംഗ് യൂണിറ്റിന് ഷെഡ് നിർമ്മിച്ചത്.

പ്ലാസ്റ്റ് ഷ്രെഡിംഗ് യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ മെഷിനറികൾ വാങ്ങുന്നതിന് 2011-12 വർഷത്തിൽ 2 ലക്ഷം രൂപ പദ്ധതി വിഹിതവും 1.25 ലക്ഷം രൂപ കേന്ദ്രവിഹിതവുമായ പദ്ധതി തയ്യാറാക്കുകയും അംഗീകാരം

വാങ്ങുകയും ചെയ്തെങ്കിലും ഷെഡിന് സമീപം ഒരു അങ്കണവാടിയും, 2 കുടിവെള്ള പദ്ധതികളും ഉള്ളതിനാൽ നാട്ടുകാരുടെ എതിർപ്പിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കുകയും പദ്ധതി വിഹിതമായി വകയിരുത്തിയ 2 ലക്ഷം രൂപ ഇ.എം.എസ്. ഭവന പദ്ധതിയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്.


നിഷ്ക്രിയ ആസ്തിയായ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്

പദ്ധതികൾ തയ്യാറാക്കുമ്പോൾ ആവശ്യമായ സാധ്യതാപഠനം, ഗ്രാമസഭയിൽ പദ്ധതിയെക്കുറിച്ചുള്ള ചർച്ച തുടങ്ങിയ കാര്യങ്ങൾ ആസൂത്രണഘട്ടത്തിൽ ചെയ്യാത്തതുകൊണ്ടാണ്, പദ്ധതിയിൽ വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാതെ പദ്ധതി പരാജയപ്പെട്ടതും, നിർമ്മൽ പുരസ്കാരതുക ചെലവഴിച്ചു നിർമ്മിച്ച ആസ്തി നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നതും.

## 21. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ

സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 1% പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി കാണുന്ന ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ ആദിവാസി ജനസംഖ്യ താഴെ കൊടുക്കുന്നു.

ഇടുക്കി : 50973 ; വയനാട് : 136062 ; പാലക്കാട് : 39665

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാഥമിക പരിചരണം നൽകുന്നതിന് 13 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. 5 എണ്ണം വയനാട് ജില്ലയിലും, 2 വീതം ഇടുക്കി, പാലക്കാട് ജില്ലകളിലും ഓരോന്ന് വീതം കാസർഗോഡ്, മലപ്പുറം, കണ്ണൂർ, തിരുവനന്തപുരം ജില്ലകളിലും പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾ ഓരോ മാസവും ശരാശരി 20 മെഡിക്കൽ ക്യാമ്പുകൾ വീതം മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തി വരുന്നു. 2007-08 മുതൽ 2012-13 വരെ ആരോഗ്യപരിപാലന പദ്ധതികൾക്കായി നീക്കിവച്ച തുകയും ചെലവഴിച്ച തുകയും പട്ടികയായി ചേർക്കുന്നു.

രൂപ ലക്ഷത്തിൽ

| വർഷം | പ്ലാൻ | |
|---|---|---|
| | വിഹിതം | ചെലവ് |
| 2007-08 | 1217 | 1201.62 |
| 2008-09 | 170 | 116.11 |
| 2009-10 | 80 | 79.99 |
| 2010-11 | 125 | 125 |
| 2011-12 | 174.23 | 174.23 |
| 2012-13 (31.12.12) | 180 | 73.86 |

അവലംബം: എക്കണോമിക് റിവ്യൂ 2012

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ എല്ലാവർഷവും പട്ടികവർഗ്ഗക്കാർക്കായി ട്രൈബൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു.'പട്ടികജാതി കോളനിയിലെ വൃദ്ധജനങ്ങൾക്കായി രോഗപ്രതിരോധ പ്രവർത്തനവും ആരോഗ്യസംരക്ഷണവും ' എന്ന പദ്ധതി 2011-12 ൽ നടപ്പാക്കി. ആരോഗ്യമേഖലയിൽ ജനറലായി നടപ്പിലാക്കുന്ന എല്ലാപദ്ധതികളുടെ ആനുകൂല്യവും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നുണ്ട്.

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്ത് ആദിവാസിമേഖല കേന്ദ്രീകരിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള ഹീമോഗ്ലോബിൻ പരിശോധന നടത്തുന്നതിനായി കഴിഞ്ഞ 2 വർഷങ്ങളിൽ 'പട്ടിക വർഗ്ഗ പെൺകുട്ടികൾക്ക് ഹീമോഗ്ലോബിൻ പരിശോധനാ ക്യാമ്പ് ' എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. പരിശോധനയിൽ ഹീമോഗ്ലോബിൻ കുറവാണെന്ന് കണ്ടെത്തിയ കുട്ടികൾക്ക് മരുന്ന് വിതരണവും നടത്തിയിട്ടുണ്ട്. മേലേ ധോണി, അംബേദ്കർ കോളനി എന്നിവിടങ്ങളിൽ നടത്തിയ ക്യാമ്പിൽ 105 പേരുടെ ഹീമോഗ്ലോബിൻ പരിശോധന നടത്തുകയും, ആരോഗ്യപോഷണവിദ്യാഭ്യാസ ക്യാമ്പ് സംഘടിപ്പിക്കുകയും ഉണ്ടായി.

പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ധാരാളമായി അധിവസിക്കുന്ന വയനാട് ജില്ലയിലെ മാനന്തവാടി ഗ്രാമപഞ്ചായത്തിൽ ഈ വിഭാഗങ്ങൾക്കായി ആരോഗ്യമേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടില്ല. 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി ആകെ 25000/-രൂപ ചെലവിൽ മരുന്നു വിതരണവും രോഗപരിശോധനയും മാത്രമാണ് നടത്തിയത്.

## 22. സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് ലഭിക്കുന്നതിന് കാലതാമസം

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആയുർവേദ/അലോപ്പതി ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് പണം മുൻകൂർ നൽകിയിട്ടും യഥാസമയം മരുന്ന് വിതരണം ചെയ്യുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 53981/ഡി.പി.1/06/27.02.08 13160/ഡി.എ.1/2010/തീയതി 28.11.10 എന്നിവ പ്രകാരം മരുന്ന് വാങ്ങാൻ 'ഔഷധിക്ക്' പണം മുൻകൂറായി നൽകുമ്പോൾ അവർ 60 ദിവസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യണമെന്ന് വ്യവസ്ഥപ്പെടുത്തി പ്രസ്തുത സ്ഥാപനവുമായി കരാർ ചമയ്ക്കണമെന്നും സമയപരിധി പാലി ക്കാത്തപക്ഷം ഔഷധിയിൽ നിന്നു നഷ്ടപരിഹാരം ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011-12 ലെ പദ്ധതിപ്രകാരം നാളിതുവരെ മരുന്നു നൽകുകയോ നിയമാനുസൃത നഷ്ടപരിഹാരത്തോടെ/പലിശയോടെ തുക മടക്കി നൽകുകയോ ചെയ്യാത്ത സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം | തദ്ദേശസ്വയംഭരണ സ്ഥാപനം | മരുന്ന് ലഭ്യമാക്കിയ സ്ഥാപനം | മരുന്ന് ലഭ്യമാക്കുന്നതിന് സ്ഥാപനത്തിന് നൽകിയ തുക | ലഭ്യമാക്കിയ മരുന്നുകളുടെ വില | ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|
| 1 | ആനാട് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം) | കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ് | 37670 | - | 37670 |
| 2 | മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് (കോട്ടയം) | ഔഷധി | 62821 | 50657 | 35153 |
| 3 | തൃശ്ശൂർ കോർപ്പറേഷൻ | ഔഷധി | 2712000 | 1036440 | 1675560 |
| 4 | എടവണ്ണ ഗ്രാമപഞ്ചായത്ത് (മലപ്പുറം ജില്ല) | കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ് | 214010 (2010-11, 2011-12 വർഷങ്ങളിലായി) | 46938 | 167072 |
| 5 | വടകര നഗരസഭ | ഔഷധി | 800000 | 724798 | 75202 |
| 6 | ഓമശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല | കേരള മെഡിക്കൽ സർവ്വീസ് കോ-ഓപ്പറേഷൻ ലിമിറ്റഡ് | 38000 | 33617 | |
| | | ഔഷധി | 200000 | 33190 | |

## 23. കെ.എം.എം.എൽ മുഖേനയുള്ള ആരോഗ്യപ്രശ്നങ്ങൾ

കൊല്ലം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന തീരദേശ ഗ്രാമപഞ്ചായത്തായ പന്മന അത്യപൂർവ്വ ധാതുക്കളാൽ സമൃദ്ധമായ കരിമണലിന് പേരുകേട്ട പ്രദേശമാണ്. ധാതുമണൽ ഖനനവും, സംസ്ക്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേരളത്തിലെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് (കെ.എം.എം.എൽ) ഈ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു. 1932 ൽ സ്വകാര്യ മേഖലയിൽ ആരംഭിച്ച ഈ സ്ഥാപനം 1956 ൽ സർക്കാർ ഏറ്റെടുക്കുകയും 1972 മുതൽ പബ്ലിക് ലിമിറ്റഡ് കമ്പനി ആകുകയും ചെയ്തു.

തീരദേശഭാഗത്ത് നിന്ന് ഖനനം ചെയ്യുന്ന കരിമണലിൽ നിന്ന് ഇൽമനൈറ്റ്, റൂട്ടൈൽ, സ്യൂക്ലോൺ, മോണോസൈറ്റ്, സിലിമിനൈറ്റ് തുടങ്ങിയ ധാതുക്കൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ് കെ.എം.എം.എല്ലിന്റെ മിനറൽ സെപറേഷൻ യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ഇൽമനൈറ്റിൽ നിന്ന് അയൺ ഉൾപ്പെടെയുള്ള ഘടകങ്ങൾ വേർതിരിക്കുന്നത് പലതരത്തിലുള്ള രാസപ്രക്രിയയിലൂടെയാണ്. ക്ലോറൈഡ് പ്രക്രിയയിലൂടെ റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് ഉൽപ്പാദിപ്പിക്കുന്ന ഇന്ത്യയിലെ ഏകസ്ഥാപനമാണ് കെ.എം.എം.എൽ.

ബെനിഫിഷ്യേറ്റഡ് ഇൽമനൈറ്റിൽ നിന്ന് ക്ലോറിനേഷൻ പ്രക്രിയയിലൂടെ ടൈറ്റാനിയം ടെട്രാക്ലോറൈഡ് സംസ്ക്കരിക്കുന്ന പ്രക്രിയയാണ് കെ.എം.എം.എൽ ന്റെ പ്രൊഡക്ഷൻ പിഗ്മെന്റ് യൂണിറ്റിൽ നടക്കുന്നത്. അസംസ്കൃത ടൈറ്റാനിയം ഡയോക്സൈഡിന്റെ തരംതിരിക്കലിനും സംസ്ക്കരണത്തിനുമായി ട്രീറ്റ്മെന്റ് & ഫിനിഷിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നു.

**പി.എച്ച്.സി.യുടേയും സി.എച്ച്.സി.യുടെയും ഏകോപനത്തിന് തടസ്സങ്ങൾ**

പഞ്ചായത്ത് രാജ് നിയമം 172(1)-ാം വകുപ്പ് 4-ാം പട്ടിക പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെ നിയന്ത്രണത്തിലാണ്. പ്രൈമറി ഹെൽത്ത് സെന്ററുകൾ നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യമേഖലയിലെ പ്രോജക്ടുകൾ മാത്രമേ ജി.ഒ(ആർ.ടി) 1445/09/തസ്വഭവ 17.06.2009 ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർമാരെ നിർവ്വഹണമേൽപ്പിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുകയുള്ളൂ. മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 22 വാർഡുകളിൽ 6 വാർഡുകളാണ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ പരിധിയിലുള്ളത്. ഭൂരിപക്ഷം വാർഡുകളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പരിധിയിലായിട്ടും ഗ്രാമപഞ്ചായത്തിന് പ്രോജക്ടുകൾ സി.എച്ച്.സി.യെ ഏൽപ്പിക്കാനാകുന്നില്ല. അതേ സമയം ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ മറ്റ് മൂന്ന് സി.എച്ച്.സി.കൾ കൂടി ഉള്ളതിനാൽ ബ്ലോക്ക് പഞ്ചായത്തിനെ ആരോഗ്യമേഖലയിലെ പ്രോജക്ടുകൾക്ക് നീക്കിവയ്ക്കുന്ന തുകകൾ വീതിക്കപ്പെടുന്നതുമൂലം കുറഞ്ഞ തുകയേ എടവണ്ണ സി.എച്ച്.സി.ക്ക് ലഭിക്കുന്നുള്ളൂ.

ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന രാസപദാർത്ഥങ്ങൾ, തീരദേശത്ത് ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, മഴക്കാലരോഗങ്ങൾ എന്നിവയാണ് ഗ്രാമപഞ്ചായത്ത് നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ . കരിമണൽ ഖനനവും സംസ്ക്കരണവുമായ ബന്ധപ്പെട്ട് ഗൗരവതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്ന സാഹചര്യങ്ങളും സൂചനകളും പരിശോധനയിൽ കണ്ടെത്തി.

ഉയർന്ന സ്വഭാവിക റേഡിയേഷൻ ഉള്ള പ്രദേശമാണ് 25 കിലോമീറ്റർ ദൈർഘ്യമുള്ള നീണ്ടകര-ചവറ-ശങ്കരമംഗലം തീരദേശമേഖല. മോണോസൈറ്റ് നിക്ഷേപത്താൽ സമ്പുഷ്ടമാണ് ഇവിടത്തെ കരിമണൽ. തോറിയം, യുറേനിയം, റൂട്ടൈൽ, സിലിമനൈറ്റ്, സിർക്കോൺ, ടൈറ്റാനിയം തുടങ്ങിയ അപൂർവ്വധാതുക്കൾ ഉൾക്കൊള്ളുന്നതാണ് അത്യപൂർവ്വമായ ഈ മോണോസൈറ്റ് നിക്ഷേപം.

പരമാവധി absorver dose of radiation 5.0 msv a-1 ആണ്. എന്നാൽ ഈ പ്രദേശത്ത് ഇന്ന് 35 msv a-1ആണ്. ഈ മേഖലയിലെ mean annual lack ground radiation 550 m rad/year (Range 240-3500 MR) ആണ്. സാധാരണ പ്രദേശങ്ങളിൽ ഇത് 100 m Rad/year മാത്രമാണ്.

കെ.എം.എം.എൽ.ന്റെ വിവിധ പ്ലാന്റുകളിൽ നടക്കുന്ന സംസ്ക്കരണ പ്രക്രിയയിലൂടെ പലതരം ക്ലോറൈഡുകളും അയണുമൊക്കെ പുറത്തേയ്ക്ക് തള്ളുന്നുണ്ട്. സംസ്ക്കരണ പ്രക്രിയയ്ക്ക് ശേഷമുള്ള മലിനജലം കെ.എം.എം.എൽ.ന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പ്രത്യേക കനാൽ വഴി അറബിക്കടലിലേയ്ക്ക് ഒഴുക്കി വിടുകയാണ്. ഈ ജലത്തിന് ചുവപ്പ് നിറം ആണ്. ഈ ജലം സമീപത്തുള്ള വലിയ പറമ്പുകളിൽ കെട്ടി നിൽക്കുന്നതായും കണ്ടു.

കെ.എം.എം.എൽ-ന് ചുറ്റുമുള്ള വീടുകളിലെ കിണറുകളിലും മറ്റ് ജലാശയങ്ങളിലും വെള്ളത്തിന് ചുവപ്പ് നിറമാണ്. കുടിക്കുവാനോ, മറ്റ് ആവശ്യങ്ങൾക്കോ ജനങ്ങൾ ഈ ജലം ഉപയോഗിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ജലനിധി പദ്ധതിയിലൂടെ എത്തിക്കുന്ന ജലമാണ് ജനങ്ങളുടെ ആശ്രയം. കമ്പനി കോമ്പൗണ്ടിനുള്ളിൽ ടാങ്കിൽ രാസമാലിന്യം സംഭരിക്കുന്നുണ്ട്. എങ്കിലും ഇപ്പോഴും ഇത് പുറത്തേയ്ക്ക് ഒഴുക്കി വിടാറുണ്ട്.

## 3.3.7. നിഗമനങ്ങൾ

- ആരോഗ്യമേഖല സംബന്ധിച്ച കൃത്യമായ സ്ഥിതി വിവരക്കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല.
- ആരോഗ്യമേഖലയിൽ സമഗ്ര പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കുന്നില്ല.
- സേവനമേഖലയിലെ ആകെ ചെലവിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ആരോഗ്യ മേഖലയിൽ ചെലവഴിച്ചിരിക്കുന്നത്.
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ ശോചനീയമാണ്. ഭൂരിഭാഗം ആശുപത്രികളിലും കുടിവെള്ളം ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.
- സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- ആശുപത്രി മാനേജിംഗ് കമ്മറ്റികൾ നിർജ്ജീവമാണ്. ആശുപത്രികളുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായ മേൽനോട്ടം ഉണ്ടാകുന്നില്ല. വാർഷിക വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.
- കർമ്മസമിതി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മേൽ രണ്ടു വിഭാഗങ്ങളും മേഖലയെകുറിച്ച് സമഗ്രപഠനം നടത്തി പോരായ്മകൾ പരിഹരിക്കുന്നില്ല.
- എൻ.ആർ.എച്ച്.എം, ആയുഷ് പ്രോജക്ടുകളുടെ പ്രവർത്തനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഏകോപനമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇതുമൂലം പ്രസ്തുത പദ്ധതികളുടെ പൂർണ്ണമായ ഗുണഫലം ജനങ്ങൾക്ക് ലഭ്യമാകുന്നില്ല.
- പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങളുടെ സ്ഥാപനവും പ്രവർത്തനവും തൃപ്തികരമല്ല

## 3.3.8. ശുപാർശകൾ

- ആരോഗ്യമേഖലയെ സംബന്ധിച്ച് സ്ഥിതിവിവര കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതാണ്.
- ആശുപത്രികൾ/ഡിസ്പെസറികളുടെയും സബ് സെന്ററുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
- പദ്ധതികൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് മോണിട്ടറിംഗ് കാര്യക്ഷമമാക്കണം.
- പകർച്ചവ്യാധികളും, നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളും നിയന്ത്രിക്കുന്നതിനായി പരിസര ശുചിത്വം പാലിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.
- ജീവിതശൈലീരോഗങ്ങൾക്കെതിരായ ബോധവൽക്കരണം ആരോഗ്യനയത്തിന്റെ ഭാഗമാക്കണം.
- പകർച്ചവ്യാധികളെ നിയന്ത്രിക്കുവാൻ ആരോഗ്യ വകുപ്പിനൊപ്പം വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തണം.
- അന്യദേശക്കാരായ തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്.
- ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
- ആദിവാസിമേഖല കേന്ദ്രീകരിച്ച് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം.
- ശുചിത്വസംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നിർമ്മൽ പുരസ്കാര തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കണം.

# 3.4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## പ്രവർത്തനക്ഷമതാ റിപ്പോർട്ട്

ഭാരതത്തിന്റെ ഗ്രാമീണമേഖലയിൽ സമൂലമായ മാറ്റങ്ങൾക്കു വഴിവെച്ച വേറിട്ട സംരംഭമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ഗ്രാമീണ ജനതയ്ക്ക് നൂറ് ദിവസത്തെ ഉറപ്പായ തൊഴിൽ ദിനങ്ങൾ നൽകുക വഴി ഗ്രാമങ്ങളുടെ സാമ്പത്തികവും, സാമൂഹികവുമയ ഉന്നമനമാണ് തൊഴിലുറപ്പ് പദ്ധതി ലക്ഷ്യമിട്ടത്. ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണെന്നുള്ള രാഷ്ട്ര പിതാവ് മഹാത്മാഗാന്ധിയുടെ സന്ദേശത്തെ അർഹമായ പ്രാധാന്യത്തോടെ നോക്കിക്കാണാൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഇടയാക്കിയിട്ടുണ്ട്. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം എത്രത്തോളം കാര്യക്ഷമമായി നടത്തപ്പെടുന്നു എന്നുള്ള പഠനറിപ്പോർട്ടാണിത്.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായവരിൽ വളരെക്കുറച്ച് പേർക്ക് മാത്രമാണ് 100 ദിവസവും തൊഴിൽ ലഭിച്ചതെന്നും പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണ ഗ്രാമ സഭകളിലും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലും മതിയായ ജനപങ്കാളിത്തമില്ല. സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കാനുതകുന്ന പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കാത്തതും, വേതന വിതരണത്തിലെ കാലതാമസവും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ തകർക്കാൻ ഇടയാക്കുന്നു. വ്യാപക മായ പ്രചാരണത്തിലൂടെ അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളേയും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്. യാഥാർത്ഥ്യബോധത്തോടെയുള്ള ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി എന്നിവയും തയ്യാറാക്കേണ്ടതാണ്.

| വിഷയവിവരം | ഖണ്ഡിക | പേജ് |
|---|---|---|
| ആമുഖം | 3.4.1 | 163 |
| ഓഡിറ്റ് മാനദണ്ഡങ്ങൾ | 3.4.2 | 165 |
| ഓഡിറ്റിന്റെ രീതി, വ്യാപ്തി | 3.4.3 | 166 |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 3.4.4 | 166 |
| **ഓഡിറ്റ് കണ്ടെത്തലുകൾ** | 3.4.5 | 167 |
| തൊഴിലുറപ്പു പദ്ധതിയുടെ നിർവ്വഹണ സംവിധാനം | 3.4.5.1 | 167 |
| ലേബർ ബഡ്ജറ്റും, വാർഷിക കർമ്മപരിപാടിയും | 3.4.5.2 | 169 |
| ഗ്രാമസഭകളുടെ പ്രവർത്തനം | 3.4.5.3 | 172 |
| എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ | 3.4.5.4 | 174 |
| നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിൽ വീഴ്ച | 3.4.5.5 | 175 |
| തൊഴിലുപകരണങ്ങൾ | 3.4.5.6 | 178 |
| കുടുംബശ്രീ സംവിധാനത്തിന്റെ പങ്കാളിത്തം | 3.4.5.7 | 180 |
| തൊഴിൽ സ്ഥലത്തെ ബോർഡ് | 3.4.5.8 | 182 |
| മസ്റ്റർ റോൾ | 3.4.5.9 | 182 |
| വേതനവിതരണം | 3.4.5.10 | 184 |
| സൃഷ്ടിക്കപ്പെട്ട ആസ്തികൾ | 3.4.5.11 | 188 |
| രേഖകളുടെയും, രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് | 3.4.5.12 | 189 |
| ജാഗ്രതാ മേൽനോട്ടകമ്മിറ്റികൾ | 3.4.5.13 | 191 |
| സോഷ്യൽ ഓഡിറ്റ് | 3.4.5.14 | 192 |
| **നിഗമനങ്ങൾ** | 3.4.6 | 195 |
| **ശുപാർശകൾ** | 3.4.7 | 196 |

## 3.4.1. ആമുഖം

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 56-ാം വാർഷികത്തിലാണ് 'ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് നിയമം 2005 'പാർല മെന്റ് 07.05.05 ൽ പാസ്സാക്കിയത്. അവിദഗ്ധ കായിക ജോലികൾ ചെയ്യുവാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ മേഖലയിലെ ഓരോ കുടുംബത്തിനും പ്രതിവർഷം കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഉറപ്പു നൽകുന്ന ഈ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ചെലവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 90 :10 എന്ന അനുപാതത്തിൽ വഹിക്കുന്നു.



മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെ വ്യത്യസ്തമാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലുമുള്ള നേതൃത്വപരമായ പങ്കാണ്. സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും, പ്രത്യേകിച്ച് തൊഴിലാളികളെ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്ത നങ്ങളിലും പങ്കാളികളാക്കുന്നതിനുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബാധ്യത തൊഴിലുറപ്പ് നിയമത്തിൽ വ്യ വസ്ഥ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രോജക്ടുകൾ നിശ്ചയിക്കുന്നത് ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 50:30:20 എന്ന അനുപാതത്തിലാണെങ്കിലും പദ്ധതി നിർവ്വഹണത്തിന്റെ പൂർണ്ണ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് പുറമേ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവ രെയും നിർവ്വഹണത്തിനും നടത്തിപ്പിനും ഉപയോഗിക്കാവുന്നതാണ്.

2005 ൽ പാർലമെന്റ് പാസ്സാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെട്ട് 2006 ഫെബ്രുവരി 2-ന് രാജ്യത്തെ 200 ജില്ലകളിലാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കിയത്. ഈ പദ്ധതിക്കായി കേരളത്തിൽ നിന്ന് പാലക്കാട്, വയനാട് ജില്ലകളെയാണ് തെരഞ്ഞെടുത്തത്. പ്രസ്തുത ജില്ലകളിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശ ങ്ങൾ 31.01.06 ലെ (എം.എസ്)45/2006/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചു. 01.04.07 മുതൽ ഇടുക്കി, കാസർഗോഡ് ജില്ലകളിലേക്കു കൂടി വ്യാപിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടു വിച്ചു. 01.04.2008 മുതൽ കേരളത്തിലെ എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചു.

തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കാനും തൊഴിലന്വേഷകരുടെ അലച്ചിൽ കുറയ്ക്കാനും കൃഷി സ്ഥല ത്തിന്റെ വ്യാപ്തി കൂട്ടാനും ജലസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും തൊഴിലുറപ്പു പദ്ധതി കൊണ്ട് കഴി ഞ്ഞിട്ടുണ്ട്. ജനങ്ങളുടെ തൊഴിൽ അവകാശത്തിന് മുൻഗണന നൽകുന്ന ഈ നിയമം സ്ത്രീക്കും പുരുഷനും തുല്യ ജോലിക്ക് തുല്യവേതനം ഉറപ്പാക്കുന്നു. ദാരിദ്ര്യത്തിനിടയാക്കുന്ന ഭൂമി ശാസ്ത്രപരമായ പ്രശ്നങ്ങളെ കണ്ടെത്തി പരി ഹാരം കാണുന്നതിനും പ്രകൃതി വിഭവ പരിരക്ഷണത്തിനും പ്രത്യേക പരിഗണന നൽകുന്നു. പദ്ധതി നിർവ്വഹണ ത്തിൽ കാര്യക്ഷമമായ അക്കൗണ്ടബിലിറ്റി സംവിധാനവും സുതാര്യതയും ഉറപ്പാക്കുന്നുണ്ട്.

ജനകീയ സംഘടനാ സംവിധാനങ്ങൾക്ക് സാമൂഹ്യ ഓഡിറ്റിംഗിനുള്ള അവസരവും ലഭിക്കുന്നുണ്ട്. ഇടത്തരക്കാരുടെയും കരാറുകാരുടെയും ചൂഷണത്തിൽ നിന്നും തൊഴിലാളികളെയും പ്രാദേശിക വികസനത്തെയും മോചിപ്പിക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനകം തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകണമെന്നത് പദ്ധതിയുടെ പ്രത്യേകതയാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് എത്ര തുക വേണമെങ്കിലും ലഭിക്കും. പദ്ധതി ആസൂത്രണം, പണം ചെലവഴിക്കൽ, മോണിറ്ററിംഗ് തുടങ്ങിയ ബാദ്ധ്യതകൾ മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്കുള്ളത്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 13(1)-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായവയിൽ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമസഭകൾ നിശ്ചയിക്കുന്നത് പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളുടെ ഒരു 'ഷെൽഫ് ഓഫ് പ്രോജക്ട്സ് ' തയ്യാറാക്കുക. അതിൽ നിന്നും വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് അയച്ചുകൊടുക്കുക.
2. ഗ്രാമപഞ്ചായത്തുപരിധിയിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ ഏകദേശ ചെലവും പ്രാവർത്തികമാക്കുന്നതിനുള്ള സമയക്രമവും നിശ്ചയിക്കുക.
3 തൊഴിൽ അവസരങ്ങളും തൊഴിൽ ആവശ്യകതയും തമ്മിൽ പൊരുത്തപ്പെടുത്തുക.
4 ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന എല്ലാ കുടുംബങ്ങളിലെയും തൊഴിലിന് അർഹരായ, പ്രായപൂർത്തിയായവരെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കുക.
5. അപേക്ഷകളുടെ പരിശോധന നടത്തി തൊഴിൽ കാർഡുകളുടെ വിതരണം നടത്തുക.
6. തൊഴിലാളികൾ ജോലിക്ക് ഹാജരാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
7. പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികളുടെ പട്ടിക, പരിപാടികളുടെ സമയക്രമം, രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ പട്ടിക എന്നിവ പ്രസിദ്ധീകരിക്കുക.
8. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി ഒരു ദേശസാൽകൃത ബാങ്കിൽ പ്രത്യേകം ആരംഭിക്കുന്ന അക്കൗണ്ട് വഴി പദ്ധതിക്കുള്ള ഫണ്ട് കൈകാര്യം ചെയ്യുക.
9. വാർഡ് തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പദ്ധതി നിർവ്വഹണത്തിലെ മേൽനോട്ടവും മോണിറ്ററിംഗും നടത്തുക.
10. പദ്ധതി പ്രകാരമുള്ള തൊഴിൽ വേതന വിതരണവും/തൊഴിലില്ലായ്മ വേതന വിതരണവും നടത്തുക.
11. പദ്ധതി നടത്തിപ്പ് സംബന്ധിച്ച രേഖകൾ/മസ്റ്റർറോൾ/കുടുംബ തൊഴിൽ കാർഡ്/ഓരോ വ്യക്തിക്കും നൽകിയ തൊഴിൽ അവസരങ്ങളുടെ വിവരങ്ങൾ മുതലായ വിശദാംശങ്ങൾ സൂക്ഷിക്കുക.

വരൾച്ച, മണ്ണൊലിപ്പ് എന്നിവമൂലമുണ്ടാകുന്ന ജൈവ സമ്പത്തിന്റെ ശോഷണം തടഞ്ഞ് പരിസ്ഥിതി പുനഃസ്ഥാപനത്തിന് അനുയോജ്യമായ വിധത്തിലുള്ള പ്രവൃത്തികളാണ് പ്രധാനമായും തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ടത്. ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം തൊഴിൽ നൽകുന്നതിനൊപ്പം സാമൂഹ്യ ആസ്തികളും സൃഷ്ടിക്കുക എന്നതാണ്. ഈ പദ്ധതിയിൻകീഴിൽ കോൺട്രാക്ടർമാരെയും ജോലി ലാഭിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതും വിലക്കിയിരിക്കുന്നു.

ജലസംരക്ഷണത്തിനും ഭൂവികസനത്തിനുമാണ് പദ്ധതി പ്രാഥമിക പരിഗണന നൽകുന്നത്. ഈ പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ താഴെ പറയുന്നവയാണ്.



1. ജലസംരക്ഷണവും മഴവെള്ളക്കൊയ്ത്തും.
2. വനസംരക്ഷണവും മരംവച്ചു പിടിപ്പിക്കലും അതുവഴി വരൾച്ച തടയലും.
3. ജലസേചന തോടുകൾ ഉൾപ്പെടെയുള്ള ചെറുകിട ജലസേചന പദ്ധതികൾ

4. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ജലസേചന സൗകര്യങ്ങൾ.

5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെയുള്ള പരമ്പരാഗത ജലസ്രോതസ്സുളുടെ പുനർ നിർമ്മാണം.

6. ഭൂവികസനം

7. വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുന്നത് ഉൾപ്പെടെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവർത്തനങ്ങളും മറ്റ് സംരക്ഷണ പ്രവർത്തനങ്ങളും.

8. ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഏത് കാലാവസ്ഥയിലും ഉപയോഗ യോഗ്യമായ റോഡുകളുടെ നിർമ്മാണം.

9. കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റ് ഏതൊരു ജോലിയും.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായി സുശക്തമായ ഒരു സംഘടനാസംവിധാനം നിലവിലുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിനായി ജില്ലാ കളക്ടറെ ജില്ലാ പ്രോഗ്രാം കോ-ഓഡിനേറ്ററായും, ജില്ലാ പ്രോഗ്രാം കോ-ഓഡിനേറ്ററുകളുടെ ചുമതലകളിൽ കളക്ടറെ സഹായിക്കാനായി ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർക്ക് ജോയിന്റ് പ്രോഗ്രാം കോ-ഓഡിനേറ്ററായും ചുമതല നൽകിയിട്ടുണ്ട്. ബ്ലോക്ക്തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ പോഗ്രാം ഓഫീസറായും ഗ്രാമപഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് സെക്രട്ടറിയെ രജിസ്ട്രേഷൻ ഓഫീസറായും ചുമതലപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത്-ബ്ലോക്ക് തലങ്ങളിൽ അക്രെഡിറ്റഡ് എഞ്ചിനീയർ ഓവർസീയറുടെയും, ഡേറ്റാ എൻട്രി-കം-അക്കൗണ്ടന്റിന്റെയും സേവനം പദ്ധതിയുടെ നടത്തിപ്പിനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ജോയിന്റ് പ്രോഗ്രാം കോ-ഓഡിനേറ്ററുടെ ഓഫീസിലും അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററെ പദ്ധതി പ്രവർത്തനങ്ങളുടെ നടത്തിപ്പിന് നിയമിച്ചിട്ടുണ്ട്.




## 3.4.2. ഓഡിറ്റ് മാനദണ്ഡങ്ങൾ

1. 2005 ലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം

2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര/സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ച ഉത്തരവുകൾ/സർക്കുലറുകൾ.

3. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയിട്ടുള്ള നീർത്തട വികസന മാസ്റ്റർ പ്ലാനുകൾ

4. ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി രേഖകൾ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖകൾ എന്നിവ.

### വേതന നിരക്ക്

പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന മിനിമം നിരക്ക് കൂലിയായി ലഭിക്കും. പദ്ധതിയുടെ ആരംഭഘട്ടത്തിൽ ഇത് 125 രൂപയായിരുന്നത് കേന്ദ്രസർക്കാറിന്റെ 14.01.11 ലെ എസ്.ഒ 82(ഇ) നമ്പർ വിജ്ഞാപനമനുസരിച്ച് 150 രൂപയായും 23.03.12 ലെ സ.ഉ(578)(ഇ) നമ്പർ വിജ്ഞാപനമനുസരിച്ച് 01.04.12 മുതൽ 164 രൂപയായും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ വേതന നിരക്ക് 180/- രൂപയാണ്.(എസ്.ഒ.463(ഇ) തീയതി 26.02.13 ഗ്രാമവികസന വകുപ്പ്, ഭാരത സർക്കാർ)

### പ്രവൃത്തി സമയം

പദ്ധതിയിലെ പ്രവൃത്തി സമയം 16.08.12 ലെ 223/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ (വിശ്രമം ഉൾപ്പെടെ) നിശ്ചയിച്ചിട്ടുണ്ട്. ഇതിനു മുമ്പ് രാവിലെ 8 മുതൽ 5 മണി വരെയായിരുന്നു പ്രവൃത്തി സമയം.

## 3.4.3. ഓഡിറ്റിന്റെ വ്യാപ്തി

ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 14 ജില്ലകളിലേയും തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തി.

വിവിധ പഞ്ചായത്തുകളിൽ 2012 സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ നടത്തിയ പ്രവർത്തനക്ഷമതാ പരിശോധനയ്ക്ക് പുറമെ ഫീൽഡ് സന്ദർശനത്തിലൂടെയും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ റിപ്പോർട്ടുകൾ, വിവിധ വെബ്സൈറ്റുകൾ എന്നിവയിലൂടെയും വിവരശേഖരണം നടത്തിയിട്ടുണ്ട്. പ്രവർത്തനക്ഷമതാ പരിശോധനയ്ക്ക് വിധേയമാക്കിയ ഗ്രാമപഞ്ചായത്തുകൾ **അനുബന്ധം- 9** ൽ നൽകിയിരിക്കുന്നു.

## 3.4.4. ഓഡിറ്റ് ലക്ഷ്യങ്ങൾ

ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കിയതിൽ കേന്ദ്ര തൊഴിലുറപ്പ് നിയമം, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉത്തരവുകളിലൂടെ നൽകിയ നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി പാലിച്ചിട്ടുണ്ടോ എന്നാണ് ഈ പ്രവർത്തനാവലോകനത്തിലൂടെ പരിശോധിച്ചത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന വിഷയത്തിലെ പ്രവർത്തനാവലോകനത്തിന്റെ ഓഡിറ്റ് ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. തൊഴിലുറപ്പ് പദ്ധതിയിൽ അപേക്ഷ സ്വീകരിക്കലും തൊഴിൽ കാർഡ് വിതരണവും തൊഴിൽ ലഭ്യമാക്കലും നിയമവും ഉത്തരവുകളും നിർദ്ദേശിക്കുന്ന പ്രകാരമായിരുന്നോ എന്ന് പരിശോധിക്കൽ.
2. ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും ശരിയായ രീതിയിൽ തയ്യാറാക്കിയിരുന്നോ എന്നും ആയവ യഥാർത്ഥ പദ്ധതി നിർവ്വഹണവുമായി പൊരുത്തപ്പെടുന്നുണ്ടോയെന്നും പരിശോധിക്കൽ
3. തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിൽ ഗ്രാമസഭകളുടെ പങ്കാളിത്തം ഫലപ്രദമായിരുന്നോ എന്ന് വിലയിരുത്തുക.
4. തൊഴിലുറപ്പ് പദ്ധതി പ്രകാരം നടക്കുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സർക്കാർ നിർദ്ദേശം അനുസരിച്ചായിരുന്നോ എന്ന് പരിശോധിക്കുക.
5. നീർത്തടാധിഷ്ഠിത വികസനം ഉറപ്പുവരുത്താൻ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുക.
6. തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കൽ, വാടകയ്ക്ക് നൽകൽ തുടങ്ങിയവ മാർഗ്ഗരേഖ പ്രകാരമായിരുന്നോ എന്ന് പരിശോധിക്കുക.
7. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ കുടുംബശ്രീ സംവിധാനം ഫലപ്രദമായി പങ്കാളിത്തം വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.
8. തൊഴിലുറപ്പ് പദ്ധതികളുമായി ബന്ധപ്പെട്ട് മസ്റ്റർറോൾ തയ്യാറാക്കൽ, വേതന വിതരണം എന്നിവ ക്രമപ്രകാരമാണോ എന്ന് പരിശോധിക്കുക. സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക എന്ന തൊഴിലുറപ്പ് പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കുക.
9. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും തൃപ്തികരമായി സൂക്ഷിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക. ജാഗ്രതാ മേൽനോട്ട സമിതികളുടെ പ്രവർത്തനവും സോഷ്യൽ ഓഡിറ്റ് സംവിധാനവും കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്തുക.

# 3.4.5. ഓഡിറ്റ് കണ്ടെത്തലുകൾ

## 1. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ സംവിധാനം

### രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും

ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ താമസിക്കുന്ന കായിക അദ്ധ്വാനത്തിന് സന്നദ്ധരായ ഏതൊരു കുടുംബത്തിനും തൊഴിൽ കാർഡിന് അപേക്ഷിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ ഫ്രണ്ട് ഓഫീസ് വഴി സ്വീകരിക്കേണ്ടതും, കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്. തുടർന്ന് പ്രസ്തുത അപേക്ഷകളിന്മേൽ അന്വേഷണം നടത്തി രണ്ടാഴ്ചക്കകം തൊഴിൽ കാർഡ് നൽകേണ്ടതാണ്. സ്ഥലവാസികളല്ലാത്തവർ, പ്രായപൂർത്തിയാകാത്തവർ തുടങ്ങിയവർക്ക് തൊഴിൽ കാർഡ് അനുവദിച്ച് നൽകാൻ പാടുള്ളതല്ല. വിതരണം ചെയ്യുന്ന തൊഴിൽ കാർഡുകളുടെ ഫോട്ടോകോപ്പി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. തൊഴിൽ കാർഡിലെ എല്ലാ വിവരങ്ങളും തൊഴിൽ കാർഡു വിതരണ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. തൊഴിൽ രജിസ്ട്രേഷനുള്ള സൗകര്യം വർഷം മുഴുവനും ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കേണ്ടതാണ്. രജിസ്ട്രേഷന് ശേഷം രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ വിശദവിവരങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കുകയും ഗ്രാമപഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.







ഓഡിറ്റ് നടത്തിയ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും തൊഴിൽ രജിസ്ട്രേഷന് നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല. അപേക്ഷകർക്ക് കൈപ്പറ്റ് രസീത് നൽകുന്നതിലും തൊഴിൽ കാർഡ് അനുവദിച്ചു നൽകുന്നതിലെ സമയപരിധി പാലിക്കുന്നതിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും ശ്രദ്ധിക്കുന്നുണ്ട്. എന്നാൽ ചുരുക്കം ചില പഞ്ചായത്തുകൾ ഇതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | കണ്ടെത്തിയ അപാകത |
|---|---|---|---|
| 1 | പത്തനംതിട്ട | വടശ്ശേരിക്കര | തൊഴിൽ ആവശ്യപ്പെട്ട് രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്കെല്ലാം തൊഴിൽ കാർഡ് നൽകിയിട്ടില്ല. ഉദാ: 2008-09 വർഷം 1692 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തെങ്കിലും 1368 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിൽ കാർഡ് നൽകിയത് |
| 2 | | തോട്ടപ്പുഴശ്ശേരി | പഞ്ചായത്തിൽ ആകെ 4021 കുടുംബങ്ങൾ ഉണ്ടെങ്കിലും 859 കുടുംബങ്ങൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. തൊഴിൽ കാർഡ് നൽകുന്നതിന് ഒരു മാസം വരെ കാലതാമസം വരുന്നുണ്ട്. |
| 3 | | പന്തളം തെക്കേക്കര | 6088 കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ടെങ്കിലും 2011-12 വരെ 1265 കുടുംബങ്ങൾ മാത്രമാണ് പദ്ധതിയിൽ രജിസ്റ്റർ ചെയ്തത്. |
| 4 | കോട്ടയം | മരങ്ങാട്ടുപള്ളി | തൊഴിൽ കാർഡ് രജിസ്റ്ററിൽ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കകം തൊഴിൽ കാർഡ് നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താനാകുന്നില്ല. |
| 5 | | തിരുവാർപ്പ് | തൊഴിൽ കാർഡ് രജിസ്റ്റർ/അപേക്ഷാ രജിസ്റ്റർ എന്നിവയിൽ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കകം തൊഴിൽ കാർഡ് അനുവദിച്ച് നൽകിയെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. |

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | കണ്ടെത്തിയ അപാകത |
|---|---|---|---|
| 6 | മലപ്പുറം | കോഡൂർ | രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ വിശദവിവരം ഗ്രാമസഭയിൽ അവതരിപ്പിക്കുകയോ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ ചെയ്തിട്ടില്ല. അപേക്ഷ രജിസ്റ്റർ, തൊഴിൽ കാർഡ് രജിസ്റ്റർ എന്നിവ കാലികമല്ല. |
| 7 | | അരീക്കോട് | രജിസ്ട്രേഷന് അപേക്ഷിക്കുന്ന തൊഴിലാളികൾക്ക് കൈപ്പറ്റ് രസീത് നൽകുന്നില്ല. |
| 8 | | മമ്പാട് | ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതിനു പുറമേ വാർഡുകളിൽ നിന്ന് എ.ഡി.എസ്. മുഖേന ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് തൊഴിലുറപ്പ് പദ്ധതി ജീവനക്കാർ സ്വീകരിക്കുന്നു. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നില്ല. |
| 9 | കോഴിക്കോട് | കീഴരിയൂർ | അപേക്ഷയിന്മേൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകിയിട്ടില്. തൊഴിൽ കാർഡ് നൽകുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിക്ഷിപ്തമാണെങ്കിലും സെക്രട്ടറി അപേക്ഷ സ്വീകരിച്ച് ബി.ഡി.ഒ.യ്ക്ക് അയച്ചുകൊടുത്ത് അനുമതി വാങ്ങിയശേഷമാണ് കാർഡ് നൽകി വരുന്നത്. ഇത് തൊഴിൽ കാർഡ് നൽകുന്നതിൽ കാലതാമസത്തിന് കാരണമാകുന്നു. |
| 10 | കാസർഗോഡ് | കള്ളാർ | തൊഴിൽ കാർഡ് അനുവദിച്ച് നൽകുന്നതിൽ 14 ദിവസം എന്ന പരിധി പാലിക്കുന്നില്ല. |

പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തിൽ ഒരിടത്തു പോലും വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ ഫോട്ടോ കോപ്പി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തുകളിലെ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് അനുവദിച്ചു നൽകൽ, ആകെ തൊഴിൽദിനങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ **അനുബന്ധം- 10 ൽ** നൽകിയിരിക്കുന്നു)

## തൊഴിലിന് അപേക്ഷിക്കലും തൊഴിൽ ലഭ്യമാക്കലും



ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 7(1)-ാം വകുപ്പ് പ്രകാരം തൊഴിൽ കാർഡ് കൈവശമുള്ള ഒരാൾക്ക് തൊഴിലിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകി 15 ദിവസത്തിനകം തൊഴിൽ നൽകേണ്ടതാണ്. ഇതിന് കാലതാമസമുണ്ടായാൽ തൊഴിലാളിക്ക് തൊഴിൽ രഹിത വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. (15 ദിവസം കഴിഞ്ഞ് തൊട്ടടുത്ത ദിവസം മുതൽ തൊഴിൽ നൽകുന്ന ദിവസം വരെ) തുടർച്ചയായി കുറഞ്ഞത് 14 ദിവസത്തേക്കെങ്കിലും അപേക്ഷിക്കാത്തവർക്ക് തൊഴിൽ അനുവദിച്ച് നൽകേണ്ടതില്ല. തൊഴിൽ കാർഡ് ഉടമകൾ തൊഴിലിനായി അപേക്ഷിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്താൻ പാടുള്ളതല്ല. തൊഴിലിനുള്ള അപേക്ഷയും ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രസീത് നൽകേണ്ടതാണ്. തൊഴിൽ അനുവദിച്ച വിവരം തൊഴിൽ കാർഡ് ഉടമകളെ കത്തുവഴി അറിയിക്കുകയും ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ പരസ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആകെ തൊഴിൽ ദിനങ്ങളുടെ മൂന്നിലൊന്നെങ്കിലും സ്ത്രീകൾക്ക് നൽകേണ്ടതാണ്. ഒരു കുടുംബത്തിന് അർഹതപ്പെട്ട ദിവസപരിധിയിൽ കവിഞ്ഞ് (കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും കൂടി 100 ദിവസം) തൊഴിൽ നൽകാൻ പാടില്ല. 15 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത കുടുംബങ്ങളെ RSBY (Rashtriya Swasth Bhima Yojna) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങളെല്ലാം ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പാലിക്കുന്നുണ്ട്. തൊഴിൽ കാർഡ് ലഭിച്ചിട്ടും വളരെ ചെറിയ ഒരു വിഭാഗം മാത്രമാണ്, തൊഴിൽ ആവശ്യപ്പെടുന്നത്. 100 ദിവസവും തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം തീരെ വിരളമാണ്. സ്ത്രീകളുടെയും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെയും കാര്യമായ പ്രാതിനിധ്യം

പ്രവൃത്തികളിൽ ഉണ്ടായിട്ടുണ്ട്. തൊഴിലിന് അപേക്ഷ സ്വീകരിക്കുന്നതിലും തൊഴിൽ അനുവദിച്ചു നൽകിയതിലും വീഴ്ച വരുത്തിയ ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | കണ്ടെത്തിയ അപാകത |
|---|---|---|---|
| 1 | തിരുവനന്തപുരം | ഉഴമലയ്ക്കൽ | തൊഴിൽ അനുവദിച്ച വിവരം കാർഡ് ഉടമകളെ കത്ത് വഴി അറിയിക്കുകയോ ഗ്രാമപഞ്ചായത്ത് ഓഫീസിൽ പരസ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. |
| 2 | | വാമനപുരം | തൊഴിൽ കാർഡ് ഉടമകളിൽ നിന്ന് 2010-11, 2011-12 കാലയളവിൽ അപേക്ഷ സ്വീകരിച്ചതായി കാണുന്നില്ല |
| 3 | പത്തനംതിട്ട | പന്തളം തെക്കേക്കര | ഓരോ പ്രവൃത്തിയും നിർവ്വഹണത്തിന് തയ്യാറാകുന്ന മുറയ്ക്ക് തൊഴിൽ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തൊഴിലിനായി അപേക്ഷ സ്വീകരിക്കുന്നത്. |
| 4 | | തോട്ടപ്പുഴശ്ശേരി | ഓരോ പ്രവൃത്തിയും നിർവ്വഹണത്തിന് തയ്യാറാകുന്ന മുറയ്ക്ക് തൊഴിൽ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തൊഴിലിനായി അപേക്ഷ സ്വീകരിക്കുന്നത്. |
| 5 | | വടശ്ശേരിക്കര | ഓരോ പ്രവൃത്തിയും നിർവ്വഹണത്തിന് തയ്യാറാകുന്ന മുറയ്ക്ക് തൊഴിൽ ലഭ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് തൊഴിലിനായി അപേക്ഷ സ്വീകരിക്കുന്നത്. |
| 6 | കോട്ടയം | മരങ്ങാട്ടുപ്പള്ളി | 2010-11 വർഷം ഒരു തൊഴിലാളിക്ക് 104 ദിവസത്തെ വേതനം നൽകി |
| 7 | | തിരുവാർപ്പ് | തുടർച്ചയായി 14 ദിവസത്തെ തൊഴിലിന് അപേക്ഷിക്കാത്തവർക്ക് തൊഴിൽ നൽകി. |
| 8 | ഇടുക്കി | കാമാക്ഷി | രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ തുടർച്ചയായി 14 ദിവസത്തിൽ കുറവായി ജോലിക്ക് അപേക്ഷിച്ചിട്ട്. കേവലം ഒരു ദിവസത്തേക്കുവരെ തൊഴിൽ ആവശ്യപ്പെട്ടിട്ടുള്ളതായി കാണു ന്നു. |
| 9 | കോഴിക്കോട് | എടച്ചേരി | തൊഴിലിനായി തൊഴിലാളികൾ സമർപ്പിച്ച അപേക്ഷകൾ ഫയൽ ചെയ്തു സൂക്ഷിച്ചിട്ടില്ല. ഗ്രൂപ്പുകളായി അപേക്ഷിക്കുന്ന മുറയ്ക്ക് തൊഴിൽ നൽകുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. |
| 10 | | കീഴരിയൂർ | തൊഴിലാളികളിൽ നിന്ന് നേരിട്ട് അപേക്ഷ കൈപ്പറ്റുന്നില്ല. മേറ്റുമാർ ഗ്രാമപഞ്ചായത്തിൽ നൽകുന്ന ലിസ്റ്റുപ്രകാരം തൊഴിൽ അനുവദിച്ചു നൽകുന്ന രീതിയാണ് അവലംബിക്കുന്നത്. |

## 2.ലേബർ ബഡ്ജറ്റും വാർഷിക കർമ്മപരിപാടിയും

മുൻവർഷം തൊഴിലെടുത്ത തൊഴിലാളികളുടെ എണ്ണം, തൊഴിൽ ആവശ്യക്കാർ, പ്രവൃത്തികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വർഷവും എത്ര കുടുംബങ്ങൾക്ക് തൊഴിൽ നൽകേണ്ടി വരും, എത്ര ദിവസം തൊഴിൽ കൊടുക്കണം, ഏതൊക്കെ സമയങ്ങളിലാണ് തൊഴിൽ കൊടുക്കേണ്ടത്, ഏതൊക്കെ പ്രവൃത്തികളാണ് ചെയ്യേണ്ടത്, ഇതിന് എത്ര തുക ആവശ്യമായി വരും തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുന്ന രേഖയാണ് ലേബർ ബഡ്ജറ്റ്. ഇതിനുള്ള പ്രവർത്തനം അയൽക്കൂട്ടതലത്തിൽ ആരംഭിക്കണം.

നിശ്ചിത പത്രികയിൽ അയൽക്കൂട്ടങ്ങൾ ലഭ്യമാക്കുന്ന വിവരങ്ങൾ എ.ഡി.എസ്. തലത്തിൽ ക്രോഡീകരിച്ച് ഗ്രാമസഭകളിൽ അവതരിപ്പിക്കുകയും, ഗ്രാമസഭയിൽ വിശദമായ ചർച്ചയ്ക്ക് ശേഷം അംഗീകരിക്കുന്ന നിർദ്ദേശങ്ങൾ ദാരിദ്ര്യ ലഘൂകരണ കർമ്മ സമിതി പരിശോധിച്ച് ഗ്രാമപഞ്ചായത്ത്തല ശിൽപ്പശാലയിൽ അവതരിപ്പിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തിയാണ് വാർഷിക പദ്ധതി, ലേബർ ബജറ്റ് എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകുന്നത്. വാർഷിക കർമ്മപദ്ധതി തയ്യാറാക്കുന്നത് ലേബർ ബജറ്റിനെ അടിസ്ഥാനമാക്കിയാണ്. ഗ്രാമസഭ അംഗീകരിച്ച ഷെൽഫ് ഓഫ് പ്രോജക്ടുകളിൽ നിന്നും ഒരു സാമ്പത്തിക വർഷം നടപ്പിലാക്കാവുന്ന പ്രവൃത്തികൾ കണ്ടെത്തി തൊഴിൽ ദിനങ്ങളുടെയും ആവശ്യമായ ധനവിഹിതത്തിന്റെയും അടിസ്ഥാനത്തിലാണ് വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്നത്. ഇത് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സൂക്ഷ്മപരിശോധന നടത്തി ജില്ലാപഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കണം.

പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തുകളിൽ മിക്കതിലും സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചല്ല വാർഷിക കർമ്മപദ്ധതി അംഗീകരിച്ചത്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന ആവശ്യമായ വിവരങ്ങൾ ശേഖരിച്ച്

ചർച്ചകൾ നടത്തുകയോ, ദാരിദ്ര ലഘൂകരണ കർമ്മസമിതിയോഗം കൂടുകയോ ചെയ്യുന്ന ഗ്രാമപഞ്ചായത്തുകൾ കുറ വാണ്. വിവിധ വാർഡുകളിൽ നിന്ന് അംഗീകരിച്ച പദ്ധതികൾ ഗ്രാമപഞ്ചായത്ത് അംഗീകരിക്കുകയാണ് ചെയ്യുന്നത്. ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മ പദ്ധതി എന്നിവ ഗവൺമെന്റ് നിർദ്ദേശ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെ തയ്യാറാക്കുന്നതിനാൽ ഗ്രാമപഞ്ചായത്തുകളുടെ യഥാർത്ഥ പദ്ധതി ആവശ്യങ്ങൾ, തൊഴിൽ ആവശ്യകത എന്നിവ വാർഷിക കർമ്മ പദ്ധതിയിൽ പ്രതിഫലിക്കുന്നില്ല.

നല്ലൊരു ശതമാനം ഗ്രാമ പഞ്ചായത്തുകളിലും ശരാശരി 100 ൽ താഴെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതി നുള്ള പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പരിശോധന നടത്തിയ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലേബർ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ട്. തൊഴിൽ അവസരങ്ങളും തൊഴിൽ ആവശ്യകതയും ഏറെക്കുറെ പൊരുത്തപ്പെടുന്നുണ്ട്. എങ്കിലും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താത്തതിനാൽ ലേബർ ബഡ്ജറ്റും യഥാർത്ഥത്തിൽ നിർവ്വഹണം നട ത്തിയ പ്രവൃത്തിയുമായി പ്രകടമായ തോതിലുള്ള അന്തരമുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | ലേബർ ബഡ്ജറ്റ് പ്രകാരം തൊഴിൽ ആവശ്യപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | തൊഴിൽ ചെയ്ത കുടുംബങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരം ഓരോ കുടുംബത്തിനും നൽകേണ്ട തൊഴിൽ ദിനങ്ങൾ | ശരാശരി നൽകിയ തൊഴിൽ ദിനങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ് | ആകെ ചെലവ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്ത പുരം | വാമന പുരം | 3735 | 2302 | 100 | 38 | 373500 | 141723 | 300 | 293 | 46843996 | 16699705 |
| 2 | | ഉഴമല യ്ക്കൽ | 3348 | 1660 | 100 | 28 | 334800 | 46552 | 110 | 2 | 12648000 | 8128726 |
| 3 | പത്തനംതിട്ട | വടശ്ശേരി ക്കര | 814 | 808 | 100 | 38.5 | 81400 | 31118 | 814 | 36 | 8072000 | 4088349 |
| 4 | | പന്തളം തെക്കേ ക്കര | 785 | 938 | 80 | 41 | 63192 | 38715 | 14 | 13 | 9818000 | 5530933 |
| 5 | | തോട്ടപ്പു ഴശ്ശേരി | 516 | 538 | 46 | 43 | 24000 | 23584 | 46 | 7 | 5000000 | 3589369 |
| 6 | ഇടുക്കി | മരിയാ പുരം | 2090 | 2045 | 100 | 60 | 147328 | 122298 | 378 | 322 | 17500000 | 14706579 |
| 7 | | കാമാക്ഷി | 2344 | 2917 | 100 | 39 | 209436 | 172727 | 100 | 496 | 34600000 | 24099439 |
| 8 | കോട്ടയം | ഉദയനാ പുരം | 2494 | 2494 | 100 | 65 | 249400 | 132182 | 304 | 136 | 21485000 | 14836755 |
| 9 | | മരങ്ങാട്ടു പള്ളി | 1547 | 568 | 100 | 40 | 62769 | 22774 | 342 | 11 | 13057000 | 2991000 |
| 10 | | തിരു വാർപ്പ് | 1983 | 2023 | 100 | 32.4 | 86228 | 65575 | 255 | 10 | 1793500000 | 5843900 |
| 11 | ആലപ്പുഴ | കടകര പള്ളി | 2570 | 1645 | 24 | 47 | 60480 | 77675 | 51 | 42 | 133056000 | 10074200 |
| 12 | എറണാകുളം | അശമ ന്നൂർ | 1670 | 1195 | 100 | 38 | 50334 | 45210 | 535 | 48 | | |
| 13 | തൃശ്ശൂർ | കൊരട്ടി | 848 | 935 | 88 | 32 | 74963 | 30210 | 44 | 40 | 11845000 | 3947573 |
| 14 | | അവിണി ശ്ശേരി | 270 | | 80 | | 32000 | | 140 | | 5088000 | |
| 15 | | മതിലകം | 1050 | | 55 | | 57750 | | 80 | | 9957000 | |
| 16 | പാലക്കാട് | അലന ല്ലൂർ | 1104 | | 59 | | 65153 | | 100 | | 8144000 | |
| 17 | | വിളയൂർ | 585 | | 51 | | 29835 | | 50 | | 4186416 | |
| 18 | മലപ്പുറം | കോഡൂർ | 400 | 688 | 100 | 52 | 40000 | 36166 | 400 | 137 | 500000 | 4522990 |
| 19 | | അരീ ക്കോട് | 1894 | 599 | 297 | 40 | 46880 | 23861 | 692 | 16 | 7032000 | 3638125 |
| 20 | വയനാട് | മുട്ടിൽ | 3050 | 2587 | 100 | 100 | 175898 | 95735 | 604 | 198 | 21987250 | 14360250 |
| 21 | | തരി യോട് | 2400 | 1678 | 100 | 33 | 130050 | 54788 | 260 | 47 | 27050400 | 6269275 |
| 22 | | പൊഴു തന | 1900 | 1861 | 100 | 57 | 190000 | 106582 | 1000 | 341 | 29553000 | 16136913 |
| 23 | കണ്ണൂർ | എര ഞ്ഞോളി | 665 | 436 | 226 | 54 | 34915 | 23658 | 274 | 109 | 5639000 | 3073825 |
| 24 | | എടക്കാട് | 235 | 104 | 1872 | 23.81 | 23444 | 2477 | ഇല്ല | ഇല്ല | 3907000 | 310673 |
| 25 | | കണി ച്ചാർ | 1578 | 965 | | 40.4 | 206375 | 38988 | ലഭ്യ മല്ല | 39 | 42994000 | 5150708 |
| 26 | കാസർഗോഡ് | തൃക്കരി പ്പൂർ | 632 | 1261 | 70 | 14 | 29866 | 17223 | 28 | ഇല്ല | 3733000 | 2649000 |

2010 – 11

| ജില്ല/ ഗ്രാമപഞ്ചായത്ത് | ലേബർ ബഡ്ജറ്റ് പ്രകാരം തൊഴിൽ ആവശ്യപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | തൊഴിൽ ചെയ്ത കുടുംബങ്ങൾ | നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരം സൃഷ്ടിക്കപ്പെടേണ്ട തൊഴിൽ ദിനങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | ലേബർ ബഡ്ജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ് | ആകെ ചെലവ് |
|---|---|---|---|---|---|---|---|---|---|
| വാമനപുരം (തിരുവനന്തപുരം) | *3173* | *2623* | *51* | *317300* | *161517* | *500* | *489* | *48031755* | *31449300* |
| ഉഴമലയ്ക്കൽ (തിരുവനന്തപുരം) | *2304* | *1898* | *49.5* | *230400* | *93987* | *86* | *28* | *22200000* | *14092000* |
| കിഴക്കേകല്ലട (കൊല്ലം) | *1369* | *506* | *91.49* | *136900* | *46295* | *12* | *22* | *4240476* | *6638169* |
| വടശ്ശേരിക്കര (പത്തനംതിട്ട) | *928* | *1406* | *36.08* | *50112* | *51729* | *40* | *124* | *10440000* | *7841950* |
| പന്തളം തെക്കേക്കര (പത്തനംതിട്ട) | *1050* | *1085* | *44* | *38850* | *47227* | *85* | *19* | *800000* | *7084050* |
| തോട്ടപ്പുഴശ്ശേരി (പത്തനംതിട്ട) | *863* | *656* | *40* | *24000* | *25875* | *28* | *29* | *6000000* | *3784729* |
| മരിയാപുരം (ഇടുക്കി) | *2380* | *2038* | *51* | *133333* | *103865* | *225* | *132* | *20000000* | *17021215* |
| കാമാക്ഷി (ഇടുക്കി) | *2500* | *2970* | *39* | *95000* | *165653* | *100* | *400* | *16150000* | *26723384* |
| ഉദയനാപുരം (കോട്ടയം) | *2503* | *2603* | *100* | *75* | *260300* | *183820* | *780* | *615* | *28971000* |
| മരങ്ങാട്ടുപള്ളി (കോട്ടയം) | *1984* | *746* | *100* | *39* | *64612* | *0* | *141* | *23* | *1615700* |
| തിരുവാർപ്പ് (കോട്ടയം) | *4395* | *1947* | *100* | *26.72* | *161155* | *52034* | *85* | *2* | *40289000* |
| കടകരപള്ളി (ആലപ്പുഴ) | *2723* | *2095* | *20* | *73.73* | *59385* | *154454* | *111* | *516* | *10074200* |
| കൊരട്ടി (തൃശ്ശൂർ) | *743* | *945* | *55* | *40* | *40880* | *37439* | *94* | *57* | *7000000* |
| അവിണിശ്ശേരി (തൃശ്ശൂർ) | *270* | | *80* | | *32000* | | *140* | | *5088000* |
| മതിലകം (തൃശ്ശൂർ) | *1212* | *1441* | *55* | *39* | *66660* | *56379* | *50* | *37* | *11500000* |
| അലനല്ലൂർ(പാലക്കാട്) | *1050* | *1308* | *70* | *38* | *73500* | *49280* | *248* | *47* | *11025000* |
| വിളയൂർ (പാലക്കാട്) | *571* | *562* | *100* | | *57100* | *40156* | *85* | *200* | *7513158* |
| കോഡൂർ (മലപ്പുറം) | *400* | *688* | *100* | *52* | *40000* | *36166* | *400* | *137* | *500000* |
| അരീക്കോട് (മലപ്പുറം) | *1894* | *599* | *297* | *40* | *46880* | *23861* | *692* | *16* | *7032000* |
| മുട്ടിൽ (വയനാട്) | *3050* | *2587* | *100* | *100* | *175898* | *95735* | *604* | *198* | *21987250* |
| തരിയോട് (വയനാട്) | *2200* | *1751* | *100* | *38* | *90460* | *66988* | *300* | *130* | *18996600* |
| പൊഴുതന(വയനാട്) | *3587* | *2015* | *100* | *55* | *190000* | *106582* | *380* | *340* | *29792000* |
| എടക്കാട് (കണ്ണൂർ) | *275* | *201* | *36.54* | *23444* | | | | | |

## കാഞ്ഞൂർ മാതൃക

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതികളും ഷെൽഫ് ഓഫ് പ്രോജക്ടും തയ്യാറാക്കുന്നത് ജി.ഒ(ആർ.ടി) 2885/09/തസ്വഭ തീയതി 18.10.09 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ്. ഗ്രാമസഭ നിർദ്ദേശിക്കുന്ന അനുവദനീയമായ പ്രവൃത്തികൾ പഞ്ചായത്ത്തലത്തിൽ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തിക്കൊണ്ടു തന്നെയാണ് തയ്യാറാക്കുന്നത്. തൊഴിൽ ആവശ്യപ്പെടുന്നതിന് അനുസരിച്ചാണ് കാർഡുടമകൾക്ക് തൊഴിൽ നൽകുന്നത്. ലേബർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികളാണ് ചെയ്തു വരുന്നത് എന്നുള്ളതിനാൽ ലേബർ ബഡ്ജറ്റും യഥാർത്ഥത്തിലുള്ള പദ്ധതി നിർവ്വഹണവും തമ്മിൽ പ്രത്യക്ഷമായ അന്തരം ഇല്ല.

ലേബർ ബഡ്ജറ്റും, യഥാർത്ഥ പദ്ധതി നിർവ്വഹണത്തിന്റെ കണക്കും തമ്മിലുള്ള വലിയതോതിലുള്ള വ്യത്യാസം കാണിക്കുന്നത്, മുൻവർഷങ്ങളിലെ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരശേഖരണങ്ങളോ, ഗ്രാമസഭകളിൽ ചർച്ചകളോ നടത്തിയല്ല ഓരോ വർഷവും ലേബർ ബജറ്റും, വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കുന്നത് എന്നാണ്. ഇത് കാരണം തൊഴിലാളികൾക്ക് ആവശ്യമായ തൊഴിൽ ദിനങ്ങൾ നൽകുന്നതിന് പര്യാപ്തമായ വിധം പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാനും കഴിയുന്നില്ല.

**അപാകങ്ങൾ**

1. കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ 21 വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും 98,41,000/-രൂപയുടെ ലേബർ ബഡ്ജറ്റിന് നിർദ്ദേശം വന്നെങ്കിലും, പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ തൊഴിലുറപ്പ് പദ്ധതിക്ക് മുന്നേറ്റമുണ്ടാക്കാൻ പ്രായോഗികമായി സാധിക്കില്ല എന്ന തീരുമാനത്തിൽ 47.33 ലക്ഷം രൂപയുടെ ലേബർ ബഡ്ജറ്റിന് ഗ്രാമപഞ്ചായത്ത് അംഗീകാരം നൽകി. (പഞ്ചായത്ത് തീരുമാനം 02/2011 തീയതി 05.01.2011)
2. കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിൽ 2010-11 സാമ്പത്തിക വർഷം ബി.പി.എൽ. ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ കിണർ നിർമ്മാണത്തിന് ആനുകൂല്യം നൽകുമെന്ന് ജില്ലാപഞ്ചായത്തിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 26.04.10 ലെ 67/2010 നമ്പർ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം 13 വാർഡുകളിലായി 465 പുതിയ കിണർ നിർമ്മാണത്തിനും, 92 കിണർ ആഴം കൂട്ടുന്ന പ്രവൃത്തികളും നടപ്പിലാക്കാനുള്ള തീരുമാനം അംഗീകാരത്തിനായി ജില്ലാ പഞ്ചായത്തിൽ സമർപ്പിക്കുകയും ആയതിന് 07.07.10 ന് ജില്ലാ പഞ്ചായത്ത് അംഗീകാരം നൽകുകയും ചെയ്തു. ഈ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡുകൾ | പ്രവൃത്തികളുടെ എണ്ണം | കൂലിയിനത്തിൽ വകയിരുത്തേണ്ട തുക | കൂലിയിതരയിനത്തിൽ വകയിരുത്തേണ്ട തുക | ആകെ |
|---|---|---|---|---|
| 13 | 557 | 17335000 | 8590000 | 25925000 |

എന്നാൽ ഈ പദ്ധതി 2010-11 വർഷത്തെ ലേബർ ബഡ്ജറ്റിലും കർമ്മ പരിപാടിയിലും ഉൾപ്പെട്ടിട്ടില്ല. ഇപ്രകാരം ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ട് തുക വകയിരുത്തിയിട്ടില്ലാത്ത പ്രവൃത്തിക്ക് അംഗീകാരം തേടിയത് അപാകതയാണ്.

## 3. ഗ്രാമസഭകളുടെ പ്രവർത്തനം

കേരളത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ ചുമതല ത്രിതല പഞ്ചായത്തുകൾക്കാണെങ്കിലും, അതിൽ തന്നെ ഗ്രാമപഞ്ചായത്തുകൾക്കാണ് നിർണ്ണായകമായ പങ്കുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണത്തിന്റെ ജീവനാഡിയായ ഗ്രാമസഭകൾ വഴിയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, മേൽനോട്ടം, സോഷ്യൽ ഓഡിറ്റിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്.

തൊഴിലുറപ്പ് പദ്ധതിയുടെ കർമ്മ പരിപാടി ചുവടെപ്പറയുന്ന 7 ഘട്ടങ്ങളിലൂടെയാണ് രൂപപ്പെടുന്നത്.

1. കുടുംബശ്രീ അയൽക്കൂട്ട ചർച്ച
2. ഗ്രാമസഭ
3. വാർഡ്തല കർമ്മ പരിപാടി ക്രോഡീകരണം

4. പഞ്ചായത്ത്തല ക്രോഡീകരണം
5. പഞ്ചായത്ത്തല ശിൽപ്പശാല
6. പഞ്ചായത്തിന്റെ പദ്ധതിയുമായി സംയോജിപ്പിക്കൽ
7. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കലും സാങ്കേതിക അനുമതി നൽകലും.


പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് ഗ്രാമസഭ

ഓരോ പ്രദേശത്തും തൊഴിൽദിനങ്ങളുടെ ലഭ്യത, അവ ലഭ്യമാക്കുന്ന സമയം, അധിക തൊഴിൽ ദിനങ്ങൾ, നിലവിലുള്ള കാർഷിക ജോലികളെ ബാധിക്കാതെ അവ ലഭ്യമാക്കൽ തുടങ്ങിയവ നിശ്ചയിക്കേണ്ടത് ഗ്രാമസഭകളാണ്. ഈ സമയക്രമം വിശദമായ ചർച്ചകളിലൂടെ ഒരു പ്രവർത്തന കലണ്ടറായി ഗ്രാമസഭ തയ്യാറാക്കേണ്ടതാണ്.

പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി പരിശോധന നടത്തിയതിൽ പാലക്കാട് ജില്ലയിലെ വിളയൂർ, എലപ്പുള്ളി, അലനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ മാതൃകാപരമായി തൊഴിലുറപ്പ് ഗ്രാമസഭകൾ ചേരുന്നതായി കണ്ടെത്തി. എന്നാൽ മിക്കയിടത്തും തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച് ഗ്രാമസഭകളിൽ വിശദമായ ഗ്രൂപ്പ് ചർച്ചകൾ നടത്തുകയോ അയൽക്കൂട്ടങ്ങൾ മുഖേന വിവരശേഖരണം നടത്തുകയോ ചെയ്യുന്നില്ല. തൊഴിലുറപ്പ് പദ്ധതിയുടെ സംഘാടനത്തിന് ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുക്കുന്നതിലും ഗ്രാമപഞ്ചായത്തുകൾ വേണ്ട പ്രാധാന്യം നൽകുന്നില്ല.

വരും വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ ആവശ്യപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ എണ്ണം, അവർക്ക് തൊഴിൽ നൽകേണ്ട സമയം, നൽകേണ്ട തൊഴിൽ ദിനങ്ങൾ, തൊഴിൽ നൽകുവാൻ ആവശ്യമായ പ്രവൃത്തികൾ കണ്ടെത്തുക, പ്രതീക്ഷിത ചെലവ് തിട്ടപ്പെടുത്തുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾക്ക് അയൽക്കൂട്ടങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഓരോ വാർഡിലും ഗ്രാമസഭ ഫെസിലിറ്റേറ്റർമാരെ മുൻകൂട്ടി പരിശീലനം നൽകി വിനിയോഗിക്കുന്നത്. ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകുന്നതിലും ഫെസിലിറ്റേറ്റർമാരുടെയും ഭരണസമിതി അംഗങ്ങളുടെയും യോഗം വിളിച്ചു ചേർക്കുന്നതിലും മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശ്രദ്ധിക്കുന്നില്ല.

കൂടാതെ പരിശോധന നടത്തിയ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നതിനായി പ്രത്യേക ഗ്രാമസഭകൾ ചേരുന്നില്ല. ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ സാധാരണ ചേരുന്ന ഗ്രാമസഭകളിൽ തൊഴിലുറപ്പ് പ്രവൃത്തികളുടെ അവലോകനം നടക്കാറുണ്ട്. പരിശോധന നടത്തിയ ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമസഭകളുടെ നടത്തിപ്പ് സംബന്ധിച്ച് കണ്ടെത്തിയ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമനം | ജില്ല | ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് കണ്ടെത്തലുകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം | തൊഴിലുറപ്പ് ഗ്രാമസഭകളുടെ മിനിട്സുകൾ വെള്ള പേപ്പറിലെഴുതി ഫയൽ ചെയ്ത് സൂക്ഷിക്കുന്നു. ആയത് ഗ്രാമസഭ മിനിട്ട്സ് ബുക്കിൽ ഉൾപ്പെടുത്തി കാണുന്നില്ല |
| 2 | | പോത്തൻകോട് | ഗ്രാമസഭകളിൽ മതിയായ ജനപങ്കാളിത്തമില്ല |
| 3 | കൊല്ലം | കിഴക്കേകല്ലട | പ്രത്യേക തൊഴിലുറപ്പ് ഗ്രാമസഭകൾ ചേരുന്നില്ല. പൊതുവായ ഗ്രാമസഭകളിൽ തൊഴിലുറപ്പ് പദ്ധതി പ്രത്യേക അജണ്ടയായി ഉൾപ്പെടുത്തുന്നു. ഗ്രാമസഭകളിലെ നിർദ്ദേശങ്ങളുടെയും ചർച്ചകളുടെയും വിശദാംശങ്ങൾ മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി | ഗ്രാമസഭാ സംഘാടനത്തിന് ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുത്തിട്ടില്ല. പദ്ധതിയുടെ നടത്തിപ്പിൽ ഒരു ഘട്ടത്തിലും ഗ്രാമസഭയുടെ പങ്കാളിത്തം ഉണ്ടായിട്ടില്ല |

| | | | |
|---|---|---|---|
| 5 | ആലപ്പുഴ | എടത്വാ | ഗ്രാമസഭയുടെ അംഗീകാരം നേടുവാൻ ഉതകുന്ന യാതൊരു നിർദ്ദേശങ്ങളും അയൽക്കൂട്ടങ്ങളിൽ നിന്നും ലഭ്യമായിട്ടില്ല |
| 6 | ഇടുക്കി | മരിയാപുരം | തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി പ്രത്യേക ഗ്രാമസഭ ചേരുന്നില്ല |
| 7 | കോട്ടയം | ഉദയനാപുരം | ജനപങ്കാളിത്തം കുറവ്. ഗ്രാമസഭയിൽ ചർച്ച നടത്തി അംഗീകരിച്ച ലിസ്റ്റ് പല ഗ്രാമസഭാ മിനിട്സ് ബുക്കിലും എഴുതി ചേർത്തിട്ടില്ല |
| 8 | എറണാകുളം | കാഞ്ഞൂർ | 6 മാസത്തിലൊരിക്കൽ തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടി മാത്രം ഗ്രാമസഭ കൂടി പ്രവൃത്തികളുടെ അവലോകനം നടത്തുന്നില്ല. |
| 9 | തൃശ്ശൂർ | മതിലകം | ആക്ഷൻ പ്ലാൻ അവതരിപ്പിച്ച ഗ്രാമസഭകളിൽ മതിയായ പങ്കാളിത്തമില്ല. പദ്ധതികളെക്കുറിച്ച് വിശദമായ ചർച്ച നടന്നിട്ടില്ല. |
| 10 | പാലക്കാട് | അലനല്ലൂർ | മതിയായ ജനപങ്കാളിത്തമുണ്ട്. എല്ലാ വാർഡുകളിലും കൃത്യമായി തൊഴിലുറപ്പ് ഗ്രാമസഭ കൂടാറുണ്ട്. |
| 11 | പാലക്കാട് | എലപ്പുള്ളി | മതിയായ ജനപങ്കാളിത്തമുണ്ട്. എല്ലാ വാർഡുകളിലും കൃത്യമായി തൊഴിലുറപ്പ് ഗ്രാമസഭ കൂടാറുണ്ട്. |
| 12 | മലപ്പുറം | അരീക്കോട് | പ്രത്യേക ഗ്രാമസഭ വിളിച്ചു കൂട്ടിയിട്ടില്ല. ഗ്രാമസഭായോഗങ്ങളിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദമായ ഗ്രൂപ്പ് ചർച്ചകൾ നടത്തിയിട്ടില്ല. |
| 13 | | മമ്പാട് | വ്യക്തമായ പദ്ധതികൾ തയ്യാറാക്കാതെ ഗ്രാമസഭകൾ വിളിച്ചുകൂട്ടിയതുമൂലം ഗ്രാമസഭകളിലെ ജനപങ്കാളിത്തം കുറയുകയും പദ്ധതി സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തുന്നതിനും സാധിച്ചിട്ടില്ല |
| 14 | കോഴിക്കോട് | കീഴരിയൂർ | ഗ്രാമസഭകളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമാണ്. |
| 15 | വയനാട് | മുട്ടിൽ | ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പരിപാടികളും ഗ്രാമസഭകളിൽ ചർച്ച ചെയ്തിട്ടുണ്ട്. |
| 16 | കണ്ണൂർ | എടക്കാട് | ഗ്രാമസഭകളിൽ ക്വാറത്തിന് ആവശ്യമായ അംഗങ്ങൾ പങ്കെടുത്തിട്ടുണ്ട്. എന്നാൽ പലഗ്രാമസഭ മിനിട്സുകളിലും ചർച്ച ചെയ്ത കാര്യങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. |
| 17 | | കണിച്ചാർ | ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമാണ് |
| 18 | കാസർഗോഡ് | തൃക്കരിപ്പൂർ | വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടില്ല |
| 19 | | കള്ളാർ | ഗ്രാമസഭാ ഫെസിലിറ്റേറ്റർമാരെ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എങ്കിലും ഗ്രാമസഭകളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. |

## 4. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ

നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ അവിദഗ്ധ തൊഴിലാളികൾക്ക് സർക്കാർ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന നിർദ്ദിഷ്ട തുക പ്രതിദിനം വേതനം ലഭിക്കത്തക്ക രീതിയിൽ വേണം ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇപ്രകാരമുള്ള എസ്റ്റിമേറ്റ് പ്രാദേശിക ഭാഷയിൽ ഓരോ ഇനം തിരിച്ച് തയ്യാറാക്കേണ്ടതാണ്. അംഗീകരിച്ച എസ്റ്റിമേറ്റിൽ മേറ്റിന്റെ കൂലി, തൊഴിലുപകരണങ്ങളുടെ വാടക, പ്രവൃത്തി സ്ഥലത്ത് സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവ്, തൊഴിലാളികൾ എത്ര പേർ (അവിദഗ്ധ, അർദ്ധ വിദഗ്ധ, വിദഗ്ധ) എന്നിവയും വേണ്ടി വരുന്ന സാധന സാമഗ്രികളുടെ കണക്കും (ലോറി, ലോഡ് എന്ന നിരക്കിൽ) ഉണ്ടായിരിക്കണം. ഈ തരത്തിൽ ഉണ്ടാക്കുന്ന എസ്റ്റിമേറ്റുകൾ പ്രവൃത്തി ഏറ്റെടുക്കുന്ന തൊഴിലാളികളുടെ ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് ഒരു ധാരണയിലെത്തുകയും ആയതിന്റെ പകർപ്പ് പ്രവൃത്തി ഏറ്റെടുക്കുന്ന ഗ്രൂപ്പിൽ നൽകുകയും പരസ്യപ്പെടുത്തുകയും വേണം.

പ്രവൃത്തികൾക്ക് പഞ്ചായത്ത് ഭരണസമിതി ഭരണാനുമതി നൽകുന്നു. സാങ്കേതികാനുമതി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, എൻ.ആർ.ഇ.ജി.എസ്. ഓവർസീയർ, സാങ്കേതിക യോഗ്യതയുള്ള ഒരു അംഗം എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത്തല സാങ്കേതിക ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്. നീർത്തടാധിഷ്ഠിത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മണ്ണ് സംരക്ഷണ വകുപ്പിന്റെ ഷെഡ്യൂൾ നിരക്ക് പ്രകാരവും

വന മേഖലയിലുള്ള പ്രവൃത്തികൾക്ക് ഫോറസ്റ്റ് ഷെഡ്യൂൾ നിരക്ക് പ്രകാരവുമാണ് തയ്യാറാക്കേണ്ടത്.

പരിശോധന നടത്തിയതിൽ മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലും പാലക്കാട് ജില്ലയിലെ അലനല്ലൂർ, എലപ്പുള്ളി ഗ്രാമപഞ്ചായത്തുകളിലും കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിലും തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിലും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും തുടർ അനുമതികൾ നേടുന്നതിലും നിർദ്ദിഷ്ട നടപടിക്രമങ്ങളെല്ലാം പാലിക്കുന്നതായി കണ്ടെത്തി.എന്നാൽ മറ്റു ചില ഗ്രാമപഞ്ചായത്തുകളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ലയിലെ പോത്തൻ കോട് ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പെരുപ്പിച്ച് കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത്തല സാങ്കേതിക സമിതി രൂപീകരിച്ചിട്ടില്ല. പല എസ്റ്റിമേറ്റുകളിലും തയ്യാറാക്കിയ ഓവർസീയറുടെ പേരും കൈയ്യൊപ്പും പതിപ്പിച്ചിട്ടില്ല.

ആലപ്പുഴ ജില്ലയിലെ എടത്വാ ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 എന്നീ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പല പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി കൃത്യമായ അളവുകളുടെ അടിസ്ഥാനത്തിലല്ലെന്ന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം തെറ്റായ അളവിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കപ്പെടുകയും പ്രവൃത്തി പൂർത്തീകരണത്തിന് ശേഷവും സ്ഥലപരിശോധന നടത്തി അളവ് രേഖപ്പെടുത്താതെ എസ്റ്റിമേറ്റിലെ അതേ അളവുകൾ തന്നെ അളവ് പുസ്തകത്തിലേക്ക് രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തുന്നത് അധിക ചെലവിന് കാരണമാകുന്നു. ഉദാഹരണമായി എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഒരേയിനം പ്രവൃത്തികൾക്ക്, പ്രവൃത്തി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുക്കാതെ പൊതുവായ ഒരു എസ്റ്റിമേറ്റ് ഉപയോഗിക്കുന്നതായി കാണുന്നു.

അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും വിഭിന്നമായി പ്രവൃത്തികൾ മുഴുവനായി ഏറ്റെടുക്കാതെ, പ്രത്യേക കാരണമില്ലാതെ പാതിവഴിയിൽ ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് തൊഴിൽ ദിനങ്ങളിൽ കുറവു വരുന്നതിനും പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പാഴ്ചെലവുണ്ടാകുന്നതിനും കാരണമാകുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിൽ 2010-11 വർഷത്തിൽ നടപ്പിലാക്കിയ ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞതിനു വിപരീതമായിട്ടാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. വിശദവിവരം ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ട പ്രവൃത്തി | നടത്തിയ പ്രവൃത്തി | സ്ഥല ഉടമയുടെ പേര് |
|---|---|---|---|
| 1 | കുളം നിർമ്മാണം | കിണർ നിർമ്മാണം | മിനിടോമി, പറക്കയം, വാട്ടർഷെഡ് |
| 2 | കുളം നിർമ്മാണം | കിണർ നിർമ്മാണം | ബൈജു, കൊശപ്പള്ളി, അയ്യങ്കാവ്, വാട്ടർഷെഡ് |
| 3 | കുളം നിർമ്മാണം | കിണർ നിർമ്മാണം | സിബി.പി.സി (ബി.പി.എൽ) |
| 4 | കുളം നിർമ്മാണം | കിണർ നിർമ്മാണം | ജോസഫ്, ഇല്ലിത്തടത്തിൽ, പറക്കയം |

## 5. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിൽ വീഴ്ച

ചെറുതോ വലുതോ ആയ ഏതൊരു നീർച്ചാലിനും അതിലേക്ക് ഒഴുകിയെത്തുന്ന വെള്ളം സമാഹരിക്കുന്ന ഒരു ഭൂവിഭാഗം ചുറ്റുമായി ഉണ്ടാകും. ഈ ഭൂഭാഗത്തെയാണ് പ്രസ്തുത നീർച്ചാലിന്റെ നീർത്തടം എന്നു പറയുന്നത്. നാം പരിഗണിക്കുന്ന നീർച്ചാലിന്റെ നീളത്തിനനുസരിച്ച് നീർത്തടത്തിന്റെ വിസ്തൃതിയും വ്യത്യസ്തമാകുന്നു. ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും, ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിനും, ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും അതിലൂടെ ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും കാർഷിക ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള ഇടപെടൽ പ്രവർത്തനങ്ങൾ നീർത്തടമെന്ന പ്രകൃതിദത്ത യൂണിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണം നടത്തേണ്ടത്. കൃഷി, ജലസേചനം, മൃഗസംരക്ഷണം, മത്സ്യകൃഷി, സാമൂഹ്യ വനവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഉദ്ഗ്രഥനം ചെയ്ത് ഒരു സമഗ്ര നീർത്തട വികസന കാഴ്ചപ്പാടോടുകൂടിയാണ് ഇടപെടലുകൾ ഏറ്റെടുക്കേണ്ടത്.

### ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ

1. **മഴക്കുഴി നിർമ്മാണം-** ഒഴുകി പാഴാകുന്ന വെള്ളം കെട്ടിനിർത്തി ഭൂമിയിലേക്ക് ആഴ്ത്തുന്നതിനുള്ള കുഴികളും വെള്ളക്കെട്ടുകളും നിർമ്മിക്കാവുന്ന സ്ഥലങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.
2. **തടയണ നിർമ്മാണം-** വെള്ളത്തിന്റെ ശക്തമായ ഒഴുക്ക് തടസ്സപ്പെടുത്തുന്നതിന് കല്ലടുക്കിയും ചെടികൾ വച്ച് പിടിപ്പിച്ചും പാഴ്ത്തടികൾ ഇട്ടും തടസ്സങ്ങൾ സൃഷ്ടിക്കാവുന്ന സ്ഥലങ്ങൾ.
3. **വിയർ നിർമ്മാണം-** വെള്ളം ഒഴുകി കുത്തനെ വീഴുന്ന സ്ഥലങ്ങളിൽ ചെറിയ കുളങ്ങൾ നിർമ്മിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക.
4. **കോണ്ടൂർ ബണ്ടിംഗ്-** വലിയ ചരിവുള്ള പ്രദേശങ്ങളിൽ ചരിവിനു കുറകെ കയ്യാല നിർമ്മിക്കാവുന്ന സ്ഥലങ്ങൾ
5. **ബണ്ടുകൾ-** പുല്ല്, മരങ്ങൾ എന്നിവ വച്ചുപിടിപ്പിക്കേണ്ട സ്ഥലങ്ങൾ.
6. -ധാരാളം വേര് പടലങ്ങളുള്ള ഗിനി ഗ്രാസ്, രാമച്ചം മുതലായ പുല്ലുവർഗ്ഗങ്ങളും മരങ്ങളും വച്ച് പിടിപ്പിക്കാവുന്ന സ്ഥലങ്ങൾ നിശ്ചയിക്കുക.
7. **നീർച്ചാലുകൾ വൃത്തിയാക്കൽ-** മണ്ണ് വീണ് മൂടിയ നീർച്ചാലുകൾ തെളിച്ച് നീരൊഴുക്കിനുള്ള തടസ്സം മാറ്റേണ്ട നീർച്ചാലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ.
8. **ജൈവ വേലി-** വട്ട, ശീമക്കൊന്ന, ബാബൂൾ തുടങ്ങിയ ജൈവവളമായി ഉപയോഗിക്കാൻ പറ്റിയ മരങ്ങൾ പുറമ്പോക്കുകളുടെ അതിരുകളിലും നീർച്ചാലുകളുടെ കരകളിലും വച്ച് പിടിപ്പിക്കാൻ പറ്റിയ സ്ഥലങ്ങൾ നിശ്ചയിക്കൽ.
9. **നീർച്ചാലുകളിൽ പാഴ്ത്തടികൾ ഉപയോഗിച്ച് തടയണ നിർമ്മാണം**

ഓരോ പ്രദേശത്തും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഉണ്ടാകുന്ന നിർമ്മാണ പ്രവർത്തനങ്ങളിലൂടെ കൈവരുന്ന പുരോഗതി അവിടുത്തെ ദുർബല ജനവിഭാഗങ്ങൾക്ക് ഗുണകരമാണെന്ന് ഉറപ്പ് വരുത്തണം. കേരളത്തിലെ കാർഷിക മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമായ വിധത്തിൽ നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടോടെ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്രീകരിച്ച് നീർത്തട വികസന മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി നടപ്പാക്കണമെന്ന് 28.12.06 ലെ (എം.എസ്) 296/06/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലും ആയത് നിർവ്വഹണം നടത്തുന്നതിലും ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇത് തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ കുറവു വരാൻ കാരണമായി. ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ വിവിധ തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികളും സ്വകാര്യ കൃഷി ഭൂമിയിൽ നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളും മാത്രമാണ് നീർത്തട മാസ്റ്റർ പ്ലാനിൽ നിർദ്ദേശിക്കപ്പെട്ടത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പത്തനംതിട്ട ജില്ലയിലെ പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം സ്വകാര്യ ഭൂവുടമകളിൽ നിന്നും നീർത്തട പദ്ധതി പ്രകാരം ഭൂവികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അപേക്ഷ സ്വീകരിക്കുകയോ തൊഴിൽ കാർഡ് നൽകുകയോ ചെയ്തിട്ടില്ല. 2012-13 വർഷം 1308 കുടുംബങ്ങളിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഭൂവികസന പ്രവൃത്തികൾ ഒന്നും നടപ്പാക്കിയിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ മൊത്തം പദ്ധതിയുടെ അടങ്കലിന്റെ 2.09% തുക മാത്രമേ 2011-12 വർഷം വരെ ചെലവഴിക്കാനായുള്ളൂ. നീർത്തട പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുന്നതിനും, ഇതിനായി പരമാവധി കുടുംബങ്ങളെ പദ്ധതിയിൻകീഴിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനും ഫലപ്രദമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ല.

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ (പത്തനംതിട്ട) വർക്കിംഗ് ഗ്രൂപ്പും നീർത്തട കമ്മിറ്റികളും രൂപീകരിച്ചിട്ടില്ല. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ അംഗീകരിക്കുന്നതിന് നീർത്തട ഗ്രാമസഭ വിളിച്ചു ചേർത്തിട്ടില്ല. കൂടാതെ പൊതു ഗ്രാമസഭയിലും അവതരിപ്പിച്ച് അംഗീകാരം നേടിയില്ല. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ ഒന്നും പാലിക്കാതെ പഞ്ചായത്ത് കമ്മിറ്റിയിൽ വച്ച് അംഗീകാരം വാങ്ങുകയാണുണ്ടായത്.

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിൽ 2010-11, 2011-12 വർഷങ്ങളിൽ പൊതുഭൂമിയിൽ നിർദ്ദേശിക്കപ്പെട്ട ഇടപെടലുകൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്നതിൽ കാര്യമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. ഭക്ഷ്യോൽപ്പാദനരംഗത്തെ ഗ്രാമപഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ മാസ്റ്റർ പ്ലാനിൽ നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും ഇത്തരത്തിലുള്ള ഒരു പദ്ധതി പോലും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിൽ മണ്ണൊലിപ്പ് തടയാനും കാലിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും പുല്ല് വെച്ച് പിടിപ്പിക്കൽ, മൺ വരമ്പ് നിർമ്മാണം, മഴക്കുഴി നിർമ്മാണം, തെങ്ങിന് തടം തുറക്കൽ, പുതയിടൽ, കുളങ്ങൾ നവീകരണം, പാടശേഖരത്തിന് വരമ്പൊരുക്കൽ, ജൈവവേലി നിർമ്മാണം, തട്ടുതിരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ശുപാർശ ചെയ്യപ്പെട്ടുവെങ്കിലും ഈ വിഭാഗത്തിൽ പ്രവൃത്തികൾ നടത്താനായില്ല.





കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ നീർത്തടാധിഷ്ഠിത പദ്ധതികൾ

കോഴിക്കോട് ജില്ലയിലെ എടച്ചേരി ഗ്രാമപഞ്ചായത്തിൽ പഞ്ചായത്തിന്റെ തരിശും പുറമ്പോക്കും കൃഷി യോഗ്യമാക്കുന്നതിനുള്ള പ്രോജക്ടുകളൊന്നും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടില്ല. കൃഷിഭവൻ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ പങ്കാളിയാകാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഭൂവിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ പോലും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടാതിരുന്നതിന് കാരണമായി. 2008-09 മുതൽ 2012-13 വരെയുള്ള 5 വർഷക്കാലയളവിൽ 10,21,239 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും 12,75,60,081/-രൂപ ചെലവാക്കാനും ലക്ഷ്യമിട്ടുവെങ്കിലും കേവലം 70,004 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും 1,05,85,110 രൂപ ചെലവഴിക്കാനും മാത്രമാണ് സാധിച്ചത്.

കാസർഗോഡ് ജില്ലയിലെ കള്ളാർ ഗ്രാമപഞ്ചായത്തിൽ (എം.എസ്)296/06/തസ്വഭവ തീയതി 28.12.06 നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്കനുസരിച്ചല്ല നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി മുന്നൊരുക്കങ്ങൾ നടത്തിയിട്ടുള്ളത്. നീർത്തട മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നുണ്ടെങ്കിലും പ്രധാനമായും നടപ്പാക്കിയിട്ടുള്ളത് നീർക്കുഴി നിർമ്മാണം, കിണർ ആഴം കൂട്ടൽ തുടങ്ങിയവ മാത്രമാണ്.

എന്നാൽ മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിന്റെ നീർത്തട മാസ്റ്റർ പ്ലാനിന് അംഗീകാരം ലഭിച്ചില്ലെങ്കിലും ഭൂവികസനം, മണ്ണൊലിപ്പ് തടയൽ, ജലസംരക്ഷണം തുടങ്ങിയ മാതൃകാപരമായ പ്രോജക്ടുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പാക്കുകയുണ്ടായി. 2010-11 വർഷത്തിൽ നടപ്പാക്കിയ ഏതാനും നീർത്തടാധിഷ്ഠിത പദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ചെലവ് |
|---|---|---|
| 1 | പള്ളിക്കുന്ന് എസ്.സി.കോളനി ഭൂമി സംരക്ഷണം | 93580 |
| 2 | മണ്ണുരുട്ടി ഹരിജൻ കോളനി കൃഷി യോഗ്യമാക്കൽ | 89981 |
| 3 | പാലപ്പറമ്പ് കമ്പനിമുക്ക് കോളനിയിലെ മണ്ണൊലിപ്പ് തടയൽ | 114483 |
| 4 | കാരച്ചാർ കോളനി മണ്ണ് ജല സംരക്ഷണം | 89882 |
| 5 | മുണ്ടാൻതോട് മാടം കോളനി മണ്ണൊലിപ്പ് തടയൽ | 46765 |
| 6 | പി.എച്ച്.സി. ഭൂമി സംരക്ഷണം | 56437 |
| 7 | പന്തലിങ്ങൽ-കുഞ്ഞാറ്റക്കുന്ന് എസ്.സി.കോളനി മണ്ണ് സംരക്ഷണം | 98440 |
| 8 | വടംപുറം പുഴയ്ക്ക് തടയണ നിർമ്മാണം | 110730 |
| 9 | വീട്ടിക്കുന്ന് ഹരിജൻ കോളനി മണ്ണൊലിപ്പ് തടയൽ | 110075 |
| 10 | പൊങ്ങല്ലൂർ ലിഫ്റ്റ് ഇറിഗേഷൻ തടയണ നിർമ്മാണം | 111070 |
| | ആകെ | 921443 |

2011-12 വർഷത്തിൽ നടപ്പാക്കിയ ഏതാനും നീർത്തടാധിഷ്ഠിത പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി | ചെലവ് |
|---|---|---|
| 1 | ചാലിയാർ പുഴയ്ക്ക് തടയണ നിർമ്മാണം | 91600 |
| 2 | കരിന്താർ കോളനി ഭൂമി സംരക്ഷണം | 144210 |
| 3 | പി.എച്ച്.സി.ഭൂമി സംരക്ഷണം | 91042 |
| 4 | എസ്.സി.കോളനി ഭൂമി സംരക്ഷണം | 138483 |
| 5 | എസ്.ടി.കോളനി ഭൂമി സംരക്ഷണം | 141789 |
| 6 | കക്കുംവള്ളിതോട് തടയണ നിർമ്മാണം | 82700 |
| | ആകെ | 689824 |

## 6. തൊഴിലുപകരണങ്ങൾ

15.05.2010 ലെ 18539/ഡി.ഡി.2/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഉപയോഗിക്കേണ്ട ഉപകരണങ്ങളുടെ വാങ്ങൽ, ഉപയോഗം, അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവൃത്തികൾക്കാവശ്യമായ തൊഴിലുപകരണങ്ങൾ ഗ്രാമപഞ്ചായത്തുകൾ വികസന ഫണ്ട്/പൊതു ആവശ്യ ഗ്രാന്റ്/തനത് വരുമാനം എന്നിവയിൽ നിന്നും വാങ്ങേണ്ടതാണ്. ഓരോ പഞ്ചായത്തിനും പ്രാദേശികമായി ആവശ്യമായ തൊഴിലുപകരണങ്ങൾ ഏതെന്ന് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി നിർണ്ണയിക്കേണ്ടതാണ്. തൊഴിലുപകരണങ്ങൾ ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ്, റെയ്ഡ്കോ, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയിൽ നിന്നോ അല്ലെങ്കിൽ സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങൾക്ക് വിധേയമായി മത്സരാധിഷ്ഠിത ടെണ്ടറിലൂടെയോ പഞ്ചായത്തുകൾ വാങ്ങേണ്ടതാണ്.



പഞ്ചായത്ത് വാങ്ങുന്ന തൊഴിലുപകരണങ്ങൾ ഓരോ വാർഡിലും നിലവിലുള്ള പ്രാദേശിക വികസന സമിതികൾക്ക് (ADS) കൈമാറേണ്ടതാണ്. ഈ സമിതികൾ ലഭ്യമായിട്ടുള്ള തൊഴിലുപകരണങ്ങൾ വാർഡിലെ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗ്രൂപ്പ് തൊഴിലാളികൾക്ക് വാടകയ്ക്ക് നൽകുന്ന സാമ്പത്തിക പ്രവൃത്തിയായി ഏറ്റെടുക്കുന്നതിന് ചുമതലപ്പെടുത്തേണ്ടതാണ്. യൂണിറ്റുകൾ പഞ്ചായത്ത് നിശ്ചയിക്കുന്ന പ്രാദേശിക വാടക നിരക്ക് ഈടാക്കേണ്ടതാണ്. തൊഴിലുപകരണങ്ങളുടെ വാടക പ്രവൃത്തിയുടെ മെറ്റീരിയൽ കമ്പോണന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, മൂർച്ചകൂട്ടൽ മാറ്റി വാങ്ങൽ എന്നിവയ്ക്കുവേണ്ടി വരുന്ന ചെലവുകൾ വാടകയിൽ നിന്നും സംഘത്തിന് വഹിക്കാവുന്നതാണ്. ഇതിലേയ്ക്കായി ADS പ്രത്യേക ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതുണ്ട്. തൊഴിലാളികൾ സ്വന്തം ആയുധങ്ങൾ ഉപയോഗിക്കുന്നെങ്കിൽ ജില്ലാതല സാങ്കേതിക സമിതി നിശ്ചയിച്ച വാടക തൊഴിലാളിക്ക് അക്കൗണ്ടിലൂടെ നൽകേണ്ടതാണ്. തൊഴിലുപകരണങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ കാലാകാലങ്ങളിൽ പുതുക്കി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ തൊഴിലുപകരണങ്ങൾ ആവശ്യമായ എണ്ണം വാങ്ങി നൽകുന്നതിലും സ്റ്റോക്ക് രജിസ്റ്റർ കാലാകാലങ്ങളിൽ പുതുക്കി എഴുതി സൂക്ഷിക്കുന്നതിലും ഗ്രാമപഞ്ചായത്ത് നൽകിയ തൊഴിലുപകരണങ്ങളുടെ വാടക നിശ്ചയിച്ച് ADS ന്റെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിലും പരിശോധന നടത്തിയ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും ഗുരുതരമായ അനാസ്ഥയാണ് കാണിക്കുന്നത്.

ജില്ലാതല സാങ്കേതിക സമിതി ഗ്രാമപഞ്ചായത്തിന് ആവശ്യമായ തൊഴിൽ ഉപകരണങ്ങൾ ഏതൊക്കെയെന്ന് നിശ്ചയിച്ച് നൽകിയിട്ടില്ല. തൊഴിലുപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വാടക ഈടാക്കുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. എ.ഡി.എസ്സു.കൾ അക്കൗണ്ട് തുറക്കാത്തതിനാൽ തൊഴിലുപകരണങ്ങളുടെ വാടകയിനത്തിലെ തുക നഷ്ടമാകുന്നു.

ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ പരിമിതമായ തൊഴിലുപകരണങ്ങളാണ് വാങ്ങി നൽകുന്നത്. തൊഴിലാളികളുടെയും അതാത് വാർഡിലെ മേറ്റുമാരുടെ അധീനതയിലുള്ള ഉപകരണങ്ങളുമാണ് കൂടുതലായും ഉപയോഗിക്കുന്നത്.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|
| 1 | കൊല്ലം | കിഴക്കേകല്ലട | ഗ്രാമപഞ്ചായത്ത് നാളിതുവരെ യാതൊരു തൊഴിൽ ഉപകരണവും വാങ്ങി നൽകിയിട്ടില്ല |
| 2 | ഇടുക്കി | മരിയാപുരം | |
| 3 | എറണാകുളം | കാഞ്ഞൂർ | |
| 4 | തൃശ്ശൂർ | കൊരട്ടി | |
| 5 | പാലക്കാട് | അലനല്ലൂർ | |
| 6 | പാലക്കാട് | എലപ്പുള്ളി | |
| 7 | പാലക്കാട് | വിളയൂർ | |
| 8 | കണ്ണൂർ | എരഞ്ഞോളി | |

എന്നാൽ പാലക്കാട് ജില്ലയിലെ വിളയൂർ, എലപ്പുള്ളി, അലനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**തൊഴിലുപകരണങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ**

തൊഴിലുറപ്പ് പദ്ധതി പ്രകാരം **ADS** ന് കൈമാറിയ തൊഴിലുപകരണങ്ങൾ ഉപയോഗിച്ചാൽ ആയതിന്റെ വാടക **ADS** കൾക്ക് ഈടാക്കാവുന്നതാണ് എന്നും തൊഴിലുപകരണങ്ങളുടെ വാടകയിനത്തിൽ ലഭിക്കുന്ന വരുമാനം **ADS** ന്റെ പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നല്ലൊരു ശത മാനം ഗ്രാമപഞ്ചായത്തുകളിലും ഭൂരിഭാഗം വാർഡുകളിലെയും **ADS** കൾ ഈ ആവശ്യത്തിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് തുറന്നില്ല. ഇത് വഴി **ADS** കൾക്ക് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ **ADS** കളെ സഹായിക്കേണ്ടത് **CDS** ന്റെ ചുമതലയാണ്. ആയതിനാൽ ബാങ്ക് അക്കൗണ്ട് തുടങ്ങാത്തതുവഴി **ADS** കൾക്കുണ്ടാകുന്ന വരുമാന നഷ്ടത്തിന്റെ ഉത്തരവാദിത്തം **CDS** നാണ്.

നല്ലൊരു ശതമാനം **ADS** കളും തങ്ങൾക്ക് ലഭിച്ചതും വാങ്ങിയതുമായ തൊഴിലുപകരണങ്ങളുടെ കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല. ചില **ADS** കൾ ശരിയായ ബോധവൽക്കരണത്തിന്റെ അഭാവത്തിൽ ബാങ്ക് അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുന്നു. അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനോ തുക കാര്യമായി ഉപയോഗപ്പെടുത്തുന്നില്ല.ഇപ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം | എ.ഡി.എസ്.ന് ലഭിച്ച വാടക സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയില്ല |
| 2 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി | വാടക ഈടാക്കുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല |
| 3 | കോട്ടയം | ഉദയനാപുരം | എ.ഡി.എസ്.കൾക്ക് ലഭിച്ച വാടക അക്കൗണ്ടിൽ സൂക്ഷിക്കുന്നു. അറ്റകുറ്റപ്പണികൾക്കും പുതിയവ വാങ്ങുന്നതിനും ഉപയോഗപ്പെടുത്തുന്നില്ല. |
| 4 | | മരങ്ങാട്ടുപ്പള്ളി | വാടകയിനത്തിൽ ലഭിക്കുന്ന തുക ആവശ്യങ്ങൾക്ക് ഉപയോഗിക്കാതെ ബാങ്ക് അക്കൗണ്ടിൽ തന്നെ സൂക്ഷിക്കുന്നു.ചെലവിനത്തിലെ കൃത്യമായ കണക്കുകൾ ലഭ്യമല്ല |
| 5 | എറണാകുളം | കാഞ്ഞൂർ | വാടകയിനത്തിൽ നാളിതുവരെ എത്ര തുക കിട്ടിയെന്നോ, എത്ര തുക ചെലവഴിച്ചു എന്നോ, നീക്കിയിരുപ്പ് എത്രയെന്നോ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല. |
| 6 | | അശമന്നൂർ | എ.ഡി.എസ്-ന്റെ പൊതുവായ അക്കൗണ്ടിലാണ് വാടക തുക നിക്ഷേപിക്കുന്നത്. ആയതിനാൽ വാടകയിനത്തിൽ ഓരോ വർഷവും ലഭിച്ച തുക കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല |
| 7 | തൃശ്ശൂർ | കൊരട്ടി | എ.ഡി.എസ്.കൾ നിർദ്ദിഷ്ട ഫോറത്തിലെ കണക്കു പുസ്തകം എഴുതി സൂക്ഷിക്കുന്നില്ല.. വൻതുകകൾ പിൻവലിച്ച് ദിവസങ്ങളോളം ചെലവഴിക്കാതെ കൈവശം വയ്ക്കുന്നു. |

എന്നാൽ പരിശോധന നടത്തിയതിൽ ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ ഈടാക്കിയ വാടക എ.ഡി.എസ്.ന്റെയും തൊഴിലാളികളുടെയും അക്കൗണ്ടുകളിൽ കൃത്യമായി നിക്ഷേപിക്കുകയും എ.ഡി.എസ്. അവ ഉപയോഗപ്പെടുത്തി പണിയായുധങ്ങൾ ശരിയാക്കുകയും പുതിയവ വാങ്ങുകയും ചെയ്യുന്നുണ്ട്.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | പാലക്കാട് | അലനല്ലൂർ |
| 2 | പാലക്കാട് | എലപ്പുള്ളി |
| 3 | പാലക്കാട് | വിളയൂർ |
| 4 | മലപ്പുറം | മമ്പാട് |
| 5 | കോഴിക്കോട് | എടച്ചേരി |

തൊഴിലുപകരണങ്ങൾക്ക് നിശ്ചയിച്ച വാടകയും ഉപകരണത്തിന്റെ യഥാർത്ഥ സംരക്ഷണച്ചെലവും തമ്മിലുള്ള അന്തരംമൂലം ഉപകരണങ്ങൾ യഥാവിധി സംരക്ഷിക്കപ്പെടാതെ നശിക്കുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉപകരണങ്ങളുടെ സംരക്ഷണ ചെലവ് വളരെ കൂടിയതിനാൽ ഇപ്പോൾ നൽകുന്ന വാടക നിരക്കിൽ ഉപകരണങ്ങൾ സംരക്ഷിക്കാൻ സാധിക്കുന്നില്ലായെന്ന് ഓഡിറ്റിന്റെ ഭാഗമായി നടന്ന ചർച്ചയിൽ എ.ഡി.എസ്. അഭിപ്രായപ്പെട്ടത് ശരിയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലഭിക്കുന്ന വാടകയേക്കാൾ തുക ഉപകരണ അറ്റകുറ്റപ്പണിക്ക് ചെലവഴിക്കേണ്ടി വരുന്നുണ്ട്.

## 7. കുടുംബശ്രീ സംവിധാനത്തിന്റെ പങ്കാളിത്തം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിൽ കുടുംബശ്രീ സംവിധാനത്തിന് വളരെയധികം ഉത്തരവാദിത്തങ്ങളുണ്ട്. പദ്ധതിയെക്കുറിച്ച് വേണ്ട രീതിയിൽ പ്രചാരണം നടത്തുന്നതിനും പൊതുജനങ്ങളെ ബോധവൽക്കരിച്ച് പങ്കാളിത്തം ഉറപ്പുവരുത്താനും ഫലപ്രദമായ ഇടപെടലുകൾ കുടുംബശ്രീ സംവിധാനത്തിന് നടത്താവുന്നതാണ്.

തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹിക്കുന്ന ഓരോ പ്രവൃത്തിയുടെയും മേൽനോട്ടം വഹിക്കുന്നതിനും, പ്രവൃത്തി സംബന്ധമായ രേഖകൾ സൂക്ഷിക്കുന്നതിലും നിശ്ചിത യോഗ്യതയുള്ള തൊഴിലാളികളെ മേറ്റുമാരായി (തൊഴിൽ സ്ഥലത്ത് മേൽനോട്ടം വഹിക്കുന്നതിന്) നിയമിക്കേണ്ടതാണ്. ഇപ്രകാരം മേറ്റുമാരായി നിയമിക്കപ്പെടുന്നവർക്ക് പദ്ധതികൾ ചർച്ച ചെയ്യുക, വർക്ക് സൈറ്റിൽ അപകടം പറ്റിയാൽ ചെയ്യേണ്ട കാര്യങ്ങൾ, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ, മസ്റ്റർറോൾ കൈകാര്യം ചെയ്യൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകേണ്ടതാണ്. പരിശോധന നടത്തിയ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പരിശീലനം സിദ്ധിച്ചവരെ തന്നെയാണ് മേറ്റ്മാരായി നിയമിച്ചിട്ടുള്ളത്.

മേറ്റ്കൾക്ക് ടേപ്പ്, കാൽക്കുലേറ്റർ എന്നിവയും തൊഴിലാളികൾക്ക് പ്രവൃത്തിക്കിടയിൽ അപകടം സംഭവിച്ചാൽ ആവശ്യമായ പ്രഥമശുശ്രൂഷാ സാമഗ്രികളും പഞ്ചായത്ത് നൽകേണ്ടതാണ്. പ്രഥമശുശ്രൂഷ സാമഗ്രികൾ മേറ്റ്മാർക്ക് കൃത്യമായി നൽകാറുണ്ടെങ്കിലും മറ്റ് ഉപകരണങ്ങൾ നൽകുന്നതിൽ മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തും, കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തും, വീഴ്ച വരുത്തിയിട്ടുണ്ട്.

40 തൊഴിലാളികളെങ്കിലും ജോലി ചെയ്യുന്ന പ്രവൃത്തികൾക്ക് മാത്രമേ മെയ്റ്റിനെ പ്രത്യേകമായി നിയമിക്കാവൂ. ഇത്തരം പ്രവൃത്തികളിൽ നിശ്ചിത ദിവസം കഴിയുമ്പോൾ മെയ്റ്റിനെ മാറ്റി പുതിയയാൾക്ക് ചുമതല നൽകേണ്ടതാണ്. ഇതിനായി പരിശീലനം ലഭിച്ച മെയ്റ്റിന്റെ ലഭ്യത എല്ലായ്പ്പോഴും ഉറപ്പു വരുത്തുന്നതിനായി ഒരു ഗ്രാമപഞ്ചായത്ത് വാർഡിൽ കുറഞ്ഞത് 9 പേർക്കെങ്കിലും പരിശീലനം നൽകണമെന്ന് സർക്കാർ നിഷ്ക്കർഷിച്ചിരുന്നു. എന്നാൽ പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ ഓരോ വാർഡിലേക്കും വർഷം മുഴുവൻ ഒരേ മെയ്റ്റിനെത്തന്നെ നിയോഗിക്കുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. കാലാകാലങ്ങളിൽ മെയ്റ്റുമാരെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകി സജ്ജരാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കുന്നില്ല. അവലോകനം നടത്തിയ മറ്റു ജില്ലകളിലെല്ലാം കൃത്യമായ ഇടവേളകളിൽ മെയ്റ്റിനെ മാറ്റി പുതിയയാൾക്ക് ചുമതല നൽകുന്നുണ്ട്. എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ഒരു ദിവസം 40 തൊഴിലാളികളെ ഉപയോഗിക്കുന്ന പ്രവൃത്തികൾ കുറവായതിനാൽ ഭൂരിഭാഗം പ്രവൃത്തികളിലും തൊഴിലാളികളിൽ ഒരാൾ മേറ്റിന്റെ ചുമതല ഏറ്റെടുക്കുകയും തൊഴിലാളികൾ തൊഴിലുപകരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തു വരുന്നു.

പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ് പ്രവൃത്തി സ്ഥലത്ത് പണിയിൽ ഏർപ്പെടുന്നവരുടെ യോഗം വിളിച്ചു ചേർക്കുകയും ആയതിന്റെ മിനിട്സും ഹാജരും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടത് മെയ്റ്റിന്റെ ചുമതലയാണ്. പ്രവൃത്തി പൂർത്തീകരിച്ച ശേഷവും ഫോട്ടോ എടുക്കുക, പ്രവൃത്തിയുടെ ബോർഡ് സ്ഥാപിക്കുക എന്നിവയെല്ലാം മേറ്റുമാരുടെ ചുമതലകളാണ്. എന്നാൽ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ (പത്തനംതിട്ട ജില്ല) ഇപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ മേറ്റുമാരുടെ ഭാഗത്തു നിന്ന് വീഴ്ചയുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി.

പദ്ധതി പ്രവർത്തനങ്ങൾക്ക് തൊഴിലാളികൾ, തൊഴിൽ ഉപകരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിൽ മേറ്റ്മാർ വീഴ്ച വരുത്തിയിട്ടില്ല. പരിശോധന നടത്തിയതിൽ പത്തനംതിട്ട ജില്ലയിലൊഴികെ (തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്) തൊഴിലാളികളുടെ യോഗങ്ങൾ സംഘടിപ്പിക്കുന്നതിലും തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ജനങ്ങളുടെ ഇടയിൽ വേണ്ട രീതിയിൽ പ്രചാരണം നടത്തുന്നതിനും, അയൽക്കൂട്ടങ്ങളെ ഗ്രാമസഭയിൽ പങ്കെടുപ്പിക്കുന്നതിനും മേറ്റുമാർ ശ്രദ്ധിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് പണിയുടെ നടത്തിപ്പിനാവശ്യമുള്ള തൊഴിൽ ഉപകരണങ്ങൾ ബന്ധപ്പെട്ട എ.ഡി.എസു. കാർക്ക് നൽകേണ്ടതാണ്. തൊഴിലുപകരണങ്ങൾ ഡി.എൽ.റ്റി.എ.ജി. നിശ്ചയിച്ച വാടകനിരക്കുകൾ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി എ.ഡി.എസിന് നൽകുന്നു. എ.ഡി.എസ്. ഈ വാടക അവരുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും തൊഴിലുപകരണങ്ങളുടെ അറ്റകുറ്റപ്പണി ആവശ്യമായി വരുമ്പോൾ ഈ തുക ഉപയോഗിച്ച് നടത്തുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചകൾ ഓഡിറ്റിൽ കണ്ടെത്തിയത് ചുവടെ ചേർക്കുന്നു.

ആലപ്പുഴ ജില്ലയിലെ എടത്വാ ഗ്രാമപഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ പണിയായുധങ്ങളുടെ കൈപ്പറ്റു വിവരങ്ങളോ, അതിന്റെ സ്റ്റോക്ക് രജിസ്റ്ററോ ഒരു എ.ഡി.എസ്. പോലും സൂക്ഷിച്ചിട്ടില്ല. പല പണിയായുധങ്ങളും നഷ്ടപ്പെട്ടതായും നഷ്ടപ്പെട്ടവ ബന്ധപ്പെട്ട വ്യക്തികളിൽ ബാദ്ധ്യത നിർണ്ണയിച്ച് തിരികെ ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ലെന്നും ഓഡിറ്റിൽ കണ്ടെത്തി. പണിയായുധങ്ങൾ കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിനും എ.ഡി.എസ്.കൾക്ക് ആയത് നൽകുമ്പോൾ അവയുടെ എണ്ണവും, ഇനവും മൂല്യവും രേഖപ്പെടുത്തി കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്ത് അലംഭാവം കാണിച്ചു.

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിലും ADS ന് കൈമാറിയ പണിയായുധങ്ങൾ സംബന്ധിച്ച് കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ ADS കൾ സൂക്ഷിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ എ.ഡി.എസിന് പണിയായുധങ്ങളുടെ വാടകയിനത്തിൽ എത്ര തുക കിട്ടിയെന്നോ, ആയതിൽ എത്ര തുക ചെലവഴിച്ചു എന്നോ, ബാക്കി നീക്കിയിരുപ്പ് എത്രയെന്നോ സംബന്ധിച്ച് കൃത്യമായ കണക്കുകൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് വാങ്ങിയ ഉപകരണങ്ങൾ തികയാതെ വരുമ്പോൾ, കൂടുതലായി വേണ്ടി വരുന്ന പണിയായുധങ്ങൾ തൊഴിലാളികൾ ഉപയോഗിച്ച് അതിന്റെ വാടക 15.05.2010 ലെ 18539/ഡി.ഡി.2/2010/തസ്വഭവ ഉത്തരവ് പ്രകാരം DL TAG നിശ്ചയിച്ച നിരക്കിൽ നൽകാൻ വ്യവസ്ഥയുണ്ട്.

അവലോകനം നടത്തിയ പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലും തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിലും ADS അക്കൗണ്ടുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. ഇക്കാരണത്താൽ ADS ന് ലഭിച്ച വാടകയുടെ വിനിയോഗം സുതാര്യമല്ല. മതിലകം ഗ്രാമപഞ്ചായത്തിൽ മേറ്റിന്റെ വേതനം ADS അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായും ഓഡിറ്റ് കണ്ടെത്തി. പല ADS കളിലും ലഭിച്ച വാടക, പണിയായുധങ്ങൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിനോ ഉപയോഗപ്പെടുത്തിയിട്ടില്ല.

07.08.08 ലെ 52729/ഡി.ഡി.2/08/തസ്വഭവ സർക്കുലർ പ്രകാരം ADS ന്റെ വരവ്-ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിന് നിശ്ചിത ഫോറത്തിൽ കണക്കുപുസ്തകം ഉപയോഗിക്കേണ്ടതും വരവും ചെലവും അന്നന്നു തന്നെ ADS സെക്രട്ടറി രേഖപ്പെടുത്തി ഒപ്പ് വച്ച് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പരിശോധിച്ച മിക്ക പഞ്ചായത്തുകളിലും ADS അക്കൗണ്ടുകൾ ഒന്നും തന്നെ മേൽ പ്രകാരം എഴുതി സൂക്ഷിക്കുന്നില്ല.

## 8. തൊഴിൽ സ്ഥലത്തെ ബോർഡ്




ഓരോ തൊഴിൽ സ്ഥലത്തും തൊഴിലിന്റെ പേര്, പ്രവൃത്തി ഘടകങ്ങൾ, എസ്റ്റിമേറ്റിന്റെ വിവരം, ആവശ്യമായ തൊഴിൽ ദിനങ്ങൾ, ഓരോ ദിവസവും പണിചെയ്യുന്നവരുടെ എണ്ണം എന്നിവ ഉൾപ്പെടുന്ന ബോർഡ് വായിക്കാൻ പാകത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. തൊഴിൽ ആരംഭിക്കുന്നതിന് മുമ്പ് തന്നെ പ്രസ്തുത പ്രദേശത്തെ ബഹുജനങ്ങളുടെയും അവിടെ തൊഴിലിൽ ഏർപ്പെടാൻ പോകുന്നവരുടെയും പൊതുയോഗം ചേർന്ന് എസ്റ്റിമേറ്റിലെ വിവരങ്ങളും ബോർഡിൽ ഉൾപ്പെടുത്തിയ വിവരങ്ങളും അവതരിപ്പിച്ച് ചർച്ച ചെയ്യേണ്ടതാണ്. ബോർഡ് സ്ഥാപിക്കൽ ഒരു പ്രചാരണ പരിപാടി കൂടിയാണ്.

പരിശോധന നടത്തിയ ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളിലും പ്രവൃത്തിയുടെ വിവരങ്ങൾ കാണിച്ചുകൊണ്ടുള്ള ബോർഡ് എല്ലാ സൈറ്റുകളിലും പ്രദർശിപ്പിക്കാറുണ്ട്. പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് പ്രവൃത്തി നടക്കുന്ന സ്ഥലത്ത് തൊഴിലാളികളുടെ യോഗം ചേർന്ന് ചർച്ച ചെയ്യുന്നുമുണ്ട്. എന്നാൽ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകൾ ഇതിൽ വീഴ്ച വരുത്തുന്നുണ്ട്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം | എല്ലാ സൈറ്റുകളിലും ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല |
| 2 | പാലക്കാട് | വിളയൂർ | താൽക്കാലിക ബോർഡുകൾ സ്ഥാപിക്കുന്നു. ബോർഡുകളിലെ വിവരങ്ങൾ വ്യക്തമല്ല. സ്വകാര്യ വ്യക്തികളുടെ പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥിരം ബോർഡും സ്ഥാപിക്കുന്നില്ല |
| 3 | | എലപ്പുള്ളി | താൽക്കാലികാടിസ്ഥാനത്തിലുള്ള ബോർഡാണ് പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കുന്നത്. ബോർഡുകളിലെ വിവരം അപൂർണ്ണമാണ്. |
| 4 | | അലനല്ലൂർ | വിശദമായ ബോർഡ് എല്ലാ പ്രവൃത്തി സ്ഥലത്തും സ്ഥാപിച്ചിട്ടില്ല |
| 5 | കണ്ണൂർ | എടക്കാട് | നാളിതുവരെ നടത്തിയ ഒരു പ്രവൃത്തിക്കും ബോർഡ് സ്ഥാപിച്ചിട്ടില്ല |
| 6 | കാസർഗോഡ് | കള്ളാർ | നാളിതുവരെ നടത്തിയ ഒരു പ്രവൃത്തിക്കും ബോർഡ് സ്ഥാപിച്ചിട്ടില്ല |

## 9. മസ്റ്റർ റോൾ

ഒരു പ്രവൃത്തിയിൽ പങ്കെടുക്കുന്ന തൊഴിലാളികളുടെ പേര്, തൊഴിൽ കാർഡ് നമ്പർ, ഹാജരാകുന്ന ഓരോ തൊഴിലാളിയുടെയും അതാതു ദിവസത്തെ ഒപ്പ്, തൊഴിൽ ചെയ്ത ആകെ ദിനങ്ങൾ, ചെയ്ത തൊഴിലിന് അർഹമായ വേതനം മുതലായവ രേഖപ്പെടുത്തുന്നതിനുദ്ദേശിച്ച് ഓരോ പ്രവൃത്തിയ്ക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ വിതരണം ചെയ്യുന്നതാണ് മസ്റ്റർ റോൾ.

തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്താനായി പഞ്ചായത്തിലേക്ക് മസ്റ്റർ റോൾ ഇഷ്യൂ ചെയ്യേണ്ടത് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഒപ്പോടെ ആയിരിക്കണം. പ്രവൃത്തിയെ സംബന്ധിച്ച വിവരങ്ങളും ഏതു കാലയളവിലെ ഉപയോഗത്തിനാണ് ഓരോ മസ്റ്റർ റോൾ എന്നതും തൊഴിൽ അലോട്ട് ചെയ്യപ്പെട്ടിട്ടുള്ള മുഴുവൻ തൊഴിലാളികളുടെ പേരും തൊഴിൽ കാർഡ് നമ്പരും മസ്റ്റർ റോളിൽ രേഖപ്പെടുത്തേണ്ടത് ബി.പി.ഒ.യുടെ ചുമതലയാണ്. ഓരോ പ്രവൃത്തിയുടെയും മസ്റ്റർ റോൾ 7-ാം ദിവസം ക്ലോസ് ചെയ്യണം. ഇപ്രകാരം ക്ലോസ് ചെയ്ത മസ്റ്റർ റോൾ അടുത്ത ദിവസം തന്നെ മേറ്റ് പഞ്ചായത്തിലെ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ഏൽപ്പിക്കേണ്ടതാണ്. 7-ാം ദിവസം ക്ലോസ് ചെയ്യുന്ന മസ്റ്റർ റോൾ അനുസരിച്ചുള്ള മൂല്യനിർണ്ണയം/അന്തിമ മെഷർമെന്റ് പരമാവധി രണ്ടു ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഓവർസീയർ/അസിസ്റ്റന്റ് എഞ്ചിനീയർ/സാങ്കേതിക വിദഗ്ധർ നടത്തേണ്ടതാണ്. മസ്റ്റർ റോൾ പ്രകാരമുള്ള M.I.S ഡേറ്റാ എൻട്രി ഓപ്പറേറ്റർ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.




ഇ - മസ്റ്റർറോൾ - അലനല്ലൂർ ഗ്രാമപഞ്ചായത്ത്

പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലും എലപ്പുള്ളി ഗ്രാമപഞ്ചായത്തിലും മസ്റ്റർ റോൾ കൃത്യതയോടെ തയ്യാറാക്കുകയും ഫലപ്രദമായ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലും മസ്റ്റർ റോൾ കൃത്യമായി തയ്യാറാക്കി വരുന്നു.

എന്നാൽ മസ്റ്റർ റോൾ കൈകാര്യം ചെയ്യുന്നതിലും തുടർ നടപടികൾ സ്വീകരിക്കുന്നതിലും ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചകൾ കണ്ടെത്തിയത് ചുവടെ ചേർക്കുന്നു.

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ പല മസ്റ്റർ റോളുകളും കൈയ്യൊപ്പിന് പകരം X മാർക്ക് ആണ് നൽകിയിരിക്കുന്നത്. മസ്റ്റർ റോളിൽ തീയതി വച്ച് ഒപ്പിടുന്നില്ല. വൈറ്റ് ഫ്ളൂയിഡ് ഉപയോഗിച്ചുള്ള തിരുത്തലുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നൽകിയ വേതനം, തൊഴിലാളികളുടെ കൈപ്പറ്റ് എന്നിവ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ A.D.S. ന് ഗ്രാമപഞ്ചായത്തിൽ നിന്നും മസ്റ്റർറോൾ നൽകുമ്പോൾ കൈപ്പറ്റ് വിവരം രേഖപ്പെടുത്തി വാങ്ങുന്നില്ല. മസ്റ്റർ റോളുകൾ ഗ്രാമപഞ്ചായത്തിൽ മടക്കി നൽകുമ്പോഴും മേറ്റ് പേരെഴുതി തീയതി രേഖപ്പെടുത്തി ഒപ്പിട്ടിട്ടില്ല. വിശദമായ പരിശോധനയിൽ മസ്റ്റർ റോളുകളുടെ ഇഷ്യൂ വിവരം കാണിക്കുന്ന രജിസ്റ്ററിലെ രേഖപ്പെടുത്തലിൽ നിന്ന് വ്യത്യസ്തരായിട്ടുള്ളവർ പലപ്പോഴും യഥാർത്ഥത്തിൽ മസ്റ്റർ റോളുകൾ കൈപ്പറ്റിയതായും കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | മസ്റ്റർ റോൾ നമ്പർ | ഇഷ്യൂ തീയതി | രജിസ്റ്റർ പ്രകാരം നൽകിയത് | മസ്റ്റർ റോളിൽ കൈപ്പറ്റിയ തായി രേഖപ്പെ ടുത്തിയത് |
|---|---|---|---|---|
| അക്കരപ്പാടം നീർത്തട വികസനം - വിവിധ പ്രോജക്ടുകൾ | | | | |
| 350/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 10045 മുതൽ 10048 വരെ | 25.02.11 | രമണി | ശ്രീദേവി |
| 344/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 9821, 9824, 9825, 9826 | 17.02.11 | രജിത | വൽസല |
| 374/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 10371, 10372, 10509 | 09.03.11 | വിജയമ്മ (എം.ആർ 10509) | അമ്മിണി വിജയൻ |
| 384/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 10387 മുതൽ 10392 വരെ | 11.03.11 | രാധാമണി | മിനി രതീശൻ |
| 385/10 - 11 | കെ.എൽ.010 - 001 - 006 - 016 - എം.ആർ 10393 മുതൽ 10398 വരെ | 11.03.11 | മിനി രതീശൻ | രാധാമണി |

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലും മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലും 7-ാം ദിവസം മസ്റ്റർ റോൾ ക്ലോസ് ചെയ്ത് അടുത്ത ദിവസം തന്നെ ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ഏൽപ്പിക്കുന്നില്ല. തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ പണി പൂർത്തീകരിച്ചതിനുശേഷം മാത്രമാണ് മസ്റ്റർ റോൾ കൈമാറുന്നത്. ഇതുമൂലം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ സെക്ഷൻ 3 (3) ൽ നിർദ്ദേശിക്കുന്ന സമയ പരിധിക്കകം വേതന വിതരണം നടത്താൻ സാധിക്കുന്നില്ല.

## 10. വേതന വിതരണം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വകുപ്പ് 3 ഉപവകുപ്പ് 3 പ്രകാരം പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ വേതനം ആഴ്ച തോറും തൊഴിൽ കഴിഞ്ഞ് പരമാവധി 14 ദിവസത്തിനകം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വേതന വിതരണത്തിന് കാലതാമസം വന്നാൽ തൊഴിലാളികൾ 1936 ലെ വേതന വിതരണ നിയമം അനുശാസിക്കും പ്രകാരം തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ അർഹരാണ്. തൊഴിലാളികൾക്ക് നിയമം അനുശാസിക്കും പ്രകാരം സമയബന്ധിതമായി വേതനം ലഭ്യമാക്കുന്നതിനും ഭരണപരമായ കാലതാമസം ഒഴിവാക്കുന്നതിനും ബന്ധപ്പെട്ടവർക്ക് ഉത്തരവാദിത്തവും കാലഗണനയും സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ട് (സ.ഉ.17508/ ഡി.ഡി.2/2011 തസ്വഭവ 09.05.2011).

| ക്രമ നം | പ്രവർത്തനം | കാലഗണന | ഉത്തരവാദപ്പെട്ടയാൾ |
|---|---|---|---|
| 1 | മസ്റ്റർറോളും അനുബന്ധ ബില്ല്/ വൗച്ചറുകൾ പൂർത്തിയാക്കൽ | പ്രവൃത്തി തുടങ്ങി 6-ാം ദിവസം | മെയ്റ്റ് |
| 2 | പൂർത്തീകരിച്ച മസ്റ്റർ റോളും ബിൽ/വൗച്ചറുകളും അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് കൈമാറൽ | പ്രവൃത്തി തുടങ്ങി 7-ാം ദിവസം | മെയ്റ്റ് |
| 3 | അക്രഡിറ്റഡ് അസിസ്റ്റന്റ് എൻജിനീയർ/ഓവർസീയർക്ക് പ്രവൃത്തി ഫയൽ മസ്റ്റർ റോൾ ബിൽ/വൗച്ചറുകൾ സഹിതം നൽകൽ | പ്രവൃത്തി തുടങ്ങി 7-ാം ദിവസം | അക്കൗണ്ടന്റ്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 4 | പ്രവൃത്തിയുടെ അളവെടുക്കൽ | പ്രവൃത്തി തുടങ്ങി 8 & 9 -ാം ദിവസം | അക്രഡിറ്റഡ് അസിസ്റ്റന്റ് എൻജിനീയർ/ഓവർസീയർ, അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) (ചുമതലാനുസൃതം) |
| 5 | ചെക്ക് മെഷർമെന്റ് നടത്തലും തിരികെ ഫയൽ (എം-ബുക്ക് പരിഷ്ക്കരിച്ച മൂല്യനിർണ്ണയ ഫോറം സഹിതം) മെഷർ ചെയ്യപ്പെട്ട ഉദ്യോഗസ്ഥന് നൽകലും | മസ്റ്റർറോൾ ഉപയോഗിച്ച് പ്രവൃത്തി തുടങ്ങി 10-ാം ദിവസം | അസിസ്റ്റന്റ് എൻജിനീയർ/ഓവർസീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (തസ്വഭവ) (ചുമതലാനുസൃതം) |
| 6 | i.മസ്റ്റർറോൾ വിവരങ്ങൾ എം.ഐ.എസിൽ രേഖപ്പെടുത്തൽ<br>ii.പേയ്മെന്റ് സ്ലിപ്പ് തയ്യാറാക്കൽ | മസ്റ്റർറോൾ ഉപയോഗിച്ച് പ്രവൃത്തി തുടങ്ങി 10 & 11 ദിവസം | അക്കൗണ്ട്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 7 | ബില്ല് പരിശോധിച്ച് ചെലവ് അനുവാദം നൽകി ഫയൽ തിരികെ അക്കൗണ്ട്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്ററെ ഏൽപ്പിക്കൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 11 & 12 ദിവസം | ഗ്രാമപഞ്ചായത്ത് അക്കൗണ്ട് & സെക്രട്ടറി |
| 8 | ഓരോ ബാങ്കിനുമുള്ള പേയ്മെന്റ് ഓർഡറും ചെക്കും തയ്യാറാക്കൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 13-ാം ദിവസം | അക്കൗണ്ട്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ |
| 9 | i.ചെക്ക് ഒപ്പ്വയ്ക്കൽ<br>ii.പേയ്മെന്റ് ഓർഡറും ചെക്കും അതാത് ബാങ്കുകളിൽ എത്തിക്കൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 13-ാം ദിവസം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 10 | വ്യക്തിഗത ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം വരവ് വയ്ക്കൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 14-ാം ദിവസം | ബാങ്ക് മാനേജർ/പോസ്റ്റ് മാസ്റ്റർ/സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി |
| 11 | പേയ്മെന്റ് വിവരങ്ങൾ MIS ൽ രേഖപ്പെടുത്തൽ | മസ്റ്റർറോൾ ഉപയോഗിച് പ്രവൃത്തി തുടങ്ങി 15 & 16 ദിവസം | അക്കൗണ്ട്-കം-ഡേറ്റാ എൻട്രി ഓപ്പറേറ്റർ |

## വേതനവിതരണത്തിലെ കാലതാമസം

പരിശോധന നടത്തിയതിൽ ചില പഞ്ചായത്തുകൾ വേതനം കൃത്യമായി വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. നിയമാനുസൃത സമയപരിധിക്കുള്ളിൽ വേതനം വിതരണം ചെയ്യാത്തപക്ഷം പേമെന്റ് ഓഫ് വേജസ് ആക്ട് പ്രകാരമുള്ള നഷ്ട പരിഹാരത്തിന് തൊഴിലാളികൾക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം കൃത്യമായി വേതനം വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. ചില ഗ്രാമപഞ്ചായത്തുകളിൽ വേതന വിതരണത്തിന് ഏകദേശം 6 മാസം വരെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പൂർത്തീകരിച്ച തീയതി | വേതനം വിതരണം ചെയ്തത് |
|---|---|---|---|---|---|
| 1 | കൊല്ലം | കിഴക്കേകല്ലട | മണ്ണൊലിപ്പ് തടയുന്നതിന് കയ്യാല നിർമ്മാണം വാർഡ് 10 (2011-12 വർഷം) | 21.01.11 | 25.04.11 |
| | | | അമ്പിത്തോട് പരിച്ചേരി നാവിങ്കര ഏലാത്തോട് ചേർന്ന ബണ്ട് ബലപ്പെടുത്തൽ വാർഡ് 10 (2011-12 വർഷം) | 12.01.11 | 25.04.11 |
| 2 | ആലപ്പുഴ | എടത്വ | കളത്തിൽപ്പടി ആട് ചക്കാലയ്ക്കൽ വരെ തോട് വാർഡ് 7 | 22.03.10 | 21.04.10 |
| | | | പാണങ്കരിപ്പള്ളി മുട്ടുതറ വരെ മോട്ടോർ റോഡ് വാർഡ് 9 | 19.03.10 | 29.04.10 |
| | | | കാട്ടാമ്പള്ളി കിഴക്കേപ്പുറം തോട് ശുചീകരണം വാർഡ് 11 | 31.03.10 | 29.04.10 |
| | | | 10-ാം വാർഡിന്റെ അതിർത്തി മുതൽ റോഡ് കുഴിപോള വാരി വൃത്തിയാക്കൽ | 17.03.10 | 30.04.10/ 05.05.10 |
| | | | ബദനിപ്പടിമുതൽ മാപ്പിളശ്ശേരി കലുങ്ക് K.S.R.T.C പരിസര ശുചീകരണം (വാർഡ് 7) | 28.04.10 | 29.05.10 |
| | | | പുതുവേലിപ്പടി ഐരാവള്ളിതോട് വൃത്തിയാക്കൽ വാർഡ് 8 | 30.03.10 | 29.04.10 |
| 3 | കോട്ടയം | ഉദയനാപുരം | അക്കരപ്പാടം നീർത്തടം | | |
| | | | പ്രോജക്ട് നം.388/10-11 | 30.03.11 | 23.05.11 |
| | | | 379/10-11 | 30.03.11 | 23.05.11 |
| | | | 345/10-11 | 10.03.11 | 19.05.11 |
| | | | 350/10-11 | 19.03.11 | 19.05.11 |
| | | | 357/10-11 | 19.03.11 | 19.05.11 |
| | | | 344/10-11 | 10.03.11 | 19.05.11 |
| | | | 374/10-11 | 29.03.11 | 19.05.11 |
| | | | 387/10-11 | 31.03.11 | 19.05.11 |
| | | | 384/10-11 | 29.03.11 | 23.05.11 |
| | | | 385/10-11 | 29.03.11 | 23.05.11 |
| | | | 338/10-11 | 29.03.11 | 23.05.11 |

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | പൂർത്തീകരിച്ച തീയതി | വേതനം വിതരണം ചെയ്തത് |
|---|---|---|---|---|---|
| 4 | തൃശ്ശൂർ | മതിലകം | തോട് സംരക്ഷണം- പുതിയ കാവ് റേഷൻകട മുതൽ പെരുന്തോട് വരെ (വാർഡ് 12) | 07.06.11 | 13.07.11 |
| | | | മറിയാമ്മ ടീച്ചർ- കനോലി കനാൽ റോഡ് സംരക്ഷണം (വാർഡ് 6) | 14.06.11 | 13.07.11 |
| | | | വില്ലേജ് ഓഫീസിന് സമീപ ത്തുള്ള തോട് സംരക്ഷണം | 22.06.11 | 26.07.11 |
| | | | റോഡ് സൈഡ് ഓട കെട്ടി വൃത്തിയാക്കൽ (വാർഡ് 1) | 23.06.11 | 29.07.11 |
| 5 | മലപ്പുറം | അരീക്കോട് | തലാപ്പിൽ ഇടവഴി പുനരുദ്ധാരണം | 03.02.12 | 03.03.12 |
| | | | അഴിഞ്ഞിലം കടവ് റോഡ് കാട് വെട്ടലും ഡ്രൈനേജ് നിർമ്മാണവും | 03.11.11 | 31.03.12 |
| | | | മരതകക്കോട് കനാൽ നന്നാക്കൽ | 23.12.11 | 27.03.12 |
| | | | വാച്ചാക്കൽ കുന്നുമ്മൽ കനാൽ പുനരുദ്ധാരണം | 05.01.12 | 31.03.12 |
| | | | പുളിക്കൽ സ്കൂൾ കടവ് ശുചിയാക്കി മണ്ണ് നീക്കൽ | 23.12.11 | 27.03.12 |
| | | | കുന്നത്തൊടി കടവ് നന്നാക്കൽ | 30.12.11 | 31.03.12 |
| | | | എരഞ്ഞിക്കൽ കടവ് നന്നാക്കൽ | 30.12.11 | 27.03.12 |
| | | | 12-ാം വാർഡിലെ പട്ടികജാതി ഭൂമികളിൽ ഭൂവികസനം | 29.02.12 | 31.03.12 |
| | | | എസ്.സി.കോളനി ഭൂവിക സനം (കാരമുറ്റം എസ്.സി. കോളനി) | 17.03.12 | 31.03.12 |
| | | | ബി.പി.എൽ.എസ്.സി. ഭൂവികസനം (വാർഡ് 15) | 17.03.12 | 31.03.12 |
| | | | ചുള്ളിക്കൽ വാലിൻകുന്ന് നീർച്ചാൽ തെളിയിക്കൽ | 17.03.12 | 31.03.12 |
| | | | ചോലക്കുളം താഴെ കൊഴ ക്കോട്ടൂർ നീർച്ചാൽ തെളി യിക്കൽ (ചോലക്കുളം ചെറിയ ചോലക്കുളം) | 10.01.12 | 31.03.12 |

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിൽ പ്രവൃത്തിക്ക് വേണ്ടി ഉപയോഗിക്കുന്ന മസ്റ്റർ റോളുകൾ അടുത്ത പ്രവൃത്തി ദിനം തന്നെ മേറ്റ് ഗ്രാമപഞ്ചായത്തിൽ നൽകുന്നുണ്ടെങ്കിലും അളവെടുക്കൽ, ആയതിന്റെ ചെക്ക് മെഷർമെന്റ്, ബിൽ തയ്യാറാക്കൽ, അംഗീകാരം എന്നിങ്ങനെയുള്ള വിവിധതലങ്ങൾ കഴിയുമ്പോഴേക്കും വേതനവിതരണം വൈകുന്നു. വിവിധ പ്രവൃത്തികൾ ഒരേ സമയത്ത് ആരംഭിക്കുന്നതും, ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയറുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നതും അളവുകൾ ചെക്ക് മെഷർ ചെയ്തു ലഭിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നു. തൊഴിലാളിക ളുടെ കൂലിയിനത്തിൽ ലഭിക്കുന്ന ചെക്ക് പ്രകാരമുള്ള പണം അടുത്ത പ്രവൃത്തി ദിവസങ്ങളിൽത്തന്നെ തൊഴിലാളിക ളുടെ അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടത് ബാങ്കിന്റെ ചുമതലയാണ്. എങ്കിലും തുക വരവ് വയ്ക്കുന്നതിൽ ഒരു മാസം വരെ കാലതാമസം ഉണ്ടാകുന്നുണ്ട്. ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലും ഇതേ അപാകത ശ്രദ്ധയിൽപ്പെട്ടു.

മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായത്തിലാണ് വേതനവിതരണത്തിൽ ഏറ്റവും കൂടുതൽ വീഴ്ച കണ്ടെത്തിയത്. ഒരു പ്രവൃത്തിയിൽപ്പോലും നിശ്ചിത സമയത്തിനകം വേതനം വിതരണം ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ 7 പ്രവൃത്തികളുടെ വേതനം നൽകിയത് 2 മുതൽ 3 മാസം വരെയും 18 പ്രവൃത്തികളുടെ വേതനം 3 മാസത്തിലധികവും വൈകിയാണ് നൽകിയിട്ടുള്ളത്.

കോഴിക്കോട് ജില്ലയിലെ കീഴരിയൂർ ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം വേതനത്തിനുള്ള ആകെ ചെലവു തുകയുടെ 70% വും 2011-12 ൽ 62.64% വും വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

| വർഷം | 15 മുതൽ 30 വരെ കാലതാമസം വന്ന പ്രവൃത്തികൾ | | 30 മുതൽ 60 വരെ കാലതാമസം വന്ന പ്രവൃത്തികൾ | | 60 മുതൽ 90 വരെ കാലതാമസം വന്ന പ്രവൃത്തികൾ | | ആകെ മസ്റ്റർ റോൾ | ആകെ തുക (ലക്ഷത്തിൽ) | ആകെ ചെലവ് തുക (ലക്ഷത്തിൽ) | കാലതാമസം വന്ന വേതനത്തിന്റെ ശതമാനം |
|---|---|---|---|---|---|---|---|---|---|---|
| | മസ്റ്റർ റോൾ എണ്ണം | തുക (ലക്ഷത്തിൽ) | മസ്റ്റർ റോൾ എണ്ണം | തുക (ലക്ഷത്തിൽ) | മസ്റ്റർ റോൾ എണ്ണം | തുക (ലക്ഷത്തിൽ) | | | | |
| 2010-11 | 84 | 4.984 | 335 | 20.972 | 2 | .159 | 421 | 26.116 | 32.279 | 70.05 |
| 2011-12 | 385 | 17.381 | 441 | 17.572 | 131 | 5.405 | 957 | 40.356 | 64.456 | 62.61 |

കണ്ണൂർ ജില്ലയിലെ എടക്കാട് ഗ്രാമപഞ്ചായത്തിൽ 2010-11 ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 48 തവണ വേതന വിതരണം നടത്തിയതിൽ 22 തവണയും 2011-12 ൽ 155 തവണ വേതന വിതരണം നടത്തിയതിൽ 47 തവണയും സമയപരിധി പാലിച്ചിട്ടില്ല. കണ്ണൂർ ജില്ലയിൽ പരിശോധന നടത്തിയ കണിച്ചാൽ ഗ്രാമപഞ്ചായത്തിലും സമാനമായ അപാകത കണ്ടെത്തി.

തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കൃത്യമായി ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കാത്തതിനാലും വേതന വിതരണത്തിൽ കാലതാമസം നേരിടുന്നുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ എന്തു തന്നെയായിരുന്നാലും നിയമത്തിൽ നിഷ്കർഷിക്കും വിധം വേതനം വിതരണം ചെയ്യാനാവാത്തത് വീഴ്ച തന്നെയാണ്.

## ബാങ്ക് അക്കൗണ്ട്

പരിശോധന നടത്തിയ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ സംയുക്ത അക്കൗണ്ട് തുറന്നിട്ടുണ്ട്. കൂടാതെ എല്ലാ തൊഴിലാളികളുടെയും പേരിൽ പോസ്റ്റ് ഓഫീസിലോ ബാങ്കിലോ അക്കൗണ്ട് തുറന്നിട്ടുണ്ട്. വേതന വിതരണം അക്കൗണ്ടുകളിലൂടെ മാത്രമേ നടത്തിയിട്ടുള്ളൂ.

## ബാങ്ക് ചാർജ്

സർക്കാർ ഉത്തരവ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ബാങ്ക് സേവനങ്ങൾ സൗജന്യമാണ്. എന്നാൽ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ ബാങ്ക് ചാർജ് ഈടാക്കിയത് ശ്രദ്ധയിൽപ്പെട്ടു. ആയത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | വർഷം | ഈടാക്കിയ തുക |
|---|---|---|---|---|
| 1 | ഇടുക്കി | മരിയാപുരം | 2010-11 | 320 |
| | | | 2011-12 | 3825 |
| 2 | തൃശ്ശൂർ | കൊരട്ടി | 2010-11 | 1510 |
| | | | 2011-12 | 1320 |
| 3 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി | 2010-11 | 815 |
| | | | 2011-12 | 260 |
| 4 | പാലക്കാട് | അലനല്ലൂർ | ചെക്ക് ബുക്കുകൾ അനുവദിക്കുമ്പോൾ 1 ബുക്കിന് (20 ലീഫ്) 23 രൂപ ബാങ്ക് ചാർജ് ഈടാക്കുന്നു | |
| 5 | പാലക്കാട് | വിളയൂർ | പുതിയ ചെക്ക് ബുക്ക് അനുവദിക്കുമ്പോൾ ബാങ്ക് ചാർജ് ഈടാക്കുന്നു. 04/12 മുതൽ 67 രൂപ ഈടാക്കുന്നു. | |

# 11. തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികൾ

തൊഴിലുറപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യം തൊഴിൽ നൽകുന്നതിനോടൊപ്പം സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ്. ഈടുനിൽക്കുന്ന, പ്രത്യക്ഷമായ ആസ്തി നിർമ്മാണത്തിന് സഹായകമായ പ്രവൃത്തികളാണ് തൊഴിലുറപ്പ് പദ്ധതിയിൽ കഴിവതും ഏറ്റെടുക്കേണ്ടത്. പരിശോധന നടത്തിയ ഭൂരിഭാഗം പഞ്ചായത്തുകളിലും സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളൊന്നും ഏറ്റെടുത്തിട്ടില്ല. ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയിലൂടെ നാമമാത്രമായെങ്കിലും ആസ്തികൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ആയത് ചുവടെ പട്ടികയിൽ നൽകിയിരിക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്തിന്റെ പേര് | വർഷം | സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ എണ്ണം | ചെലവഴിച്ച തുക | തൊഴിൽ ദിനങ്ങൾ | ആസ്തികളുടെ വിവരം |
|---|---|---|---|---|---|---|---|
| 1 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി | 2010-11 | 1 | 38681 | 260 | റോഡ് നിർമ്മാണം |
| 2 | മലപ്പുറം | അരീക്കോട് | 2011-12 | 1 | 51894 | 335 | പൂവ്വത്തിപ്പറമ്പ് മേലേപറമ്പിൽ റോഡ് 250 മീറ്റർ നീളത്തിൽ പുതുതായി നിർമ്മിച്ചു |
| 3 | വയനാട് | മുട്ടിൽ | 2010-11 | 23 | 666171 | 5411 | കയ്യാല റോഡ് നിർമ്മാണം കമ്പോസ്റ്റ്, ഡ്രൈനേജ് പൈപ്പിടൽ |
| 4 | കാസർഗോഡ് | കള്ളാർ | 2010-11 | 18 | 358073 | 2283 | കിണർ-14<br>കുളം - 3<br>റോഡ് - 4<br>സ്കൂൾ ഗ്രൗണ്ട്- 1 |
| | | കള്ളാർ | 2011-12 | 16 | 350317 | 2294 | കിണർ-10<br>റോഡ് - 4<br>കിണർ പുനരുദ്ധാരണം -2 |

കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപഞ്ചായത്ത് 2012-13 ൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പരിശോധന നടത്തിയ വിളയൂർ, എലപ്പുള്ളി, അലനല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനും തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടന്നിരുന്ന അലനല്ലൂർ ഗ്രാമപഞ്ചായത്തിലെ ഞരളം ക്ഷേത്രക്കുളം, മലയിടിഞ്ഞിക്കുളം, വെള്ളാരത്തിൽ ചെറിയകുളം, വിളയൂർ ഗ്രാമപഞ്ചായത്തിലെ മൂർത്തടികുളം, മുത്തശ്ശാർ കുളം തുടങ്ങി നിരവധി കുളങ്ങൾ ചെളി നീക്കം ചെയ്തും ആഴം കൂട്ടിയും ഉപയോഗയോഗ്യമാക്കി. ഇതിലൂടെ പരിസരപ്രദേശത്തെ കുടുംബങ്ങൾക്കും കൃഷിക്കും കാര്യമായ പ്രയോജനം ലഭിക്കുന്നുണ്ട്.



പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിലെ മൂർത്തടി കുളം വാർഡ് 15

2010-11, 2011-12 വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ യാതൊരു ആസ്തിയും സൃഷ്ടിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം, പോത്തൻകോട് |
| 2 | കൊല്ലം | കിഴക്കേ കല്ലട |
| 3 | കോട്ടയം | ഉദയംപേരൂർ |
| 4 | ഇടുക്കി | മരിയാപുരം |
| 5 | തൃശ്ശൂർ | മതിലകം |
| 6 | കോഴിക്കോട് | കീഴരിയൂർ |
| 7 | മലപ്പുറം | മമ്പാട് |
| 8 | മലപ്പുറം | കോടൂർ |
| 9 | കാസർഗോഡ് | തൃക്കരിപ്പൂർ |

സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കാനുതകുന്ന പ്രവൃത്തികൾ തെരഞ്ഞെടുക്കേണ്ട ആവശ്യകതയിലേക്കാണ് ഇവ വിരൽ ചൂണ്ടുന്നത്.

## 12. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ചുവടെ പറയുന്ന രജിസ്റ്ററുകൾ നിർബന്ധമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

**എ. അപേക്ഷ രജിസ്ട്രേഷൻ രജിസ്റ്റർ**

ഈ രജിസ്റ്ററിൽ തൊഴിലിന് അപേക്ഷിക്കുന്നവരുടെ പേരുവിവരം, തൊഴിലുറപ്പ് പദ്ധതിക്ക് രജിസ്ട്രേഷനായി നൽകിയ അപേക്ഷ ലഭിച്ച തീയതി, തൊഴിൽ കാർഡ് അനുവദിച്ച തീയതി, തൊഴിൽ കാർഡ് അനുവദിച്ചില്ലെങ്കിൽ ആയതിന്റെ കാരണം തുടങ്ങിയവ രേഖപ്പെടുത്തുന്നു.

**ബി. തൊഴിൽ കാർഡ് രജിസ്റ്റർ**

തൊഴിലിന് രജിസ്റ്റർ ചെയ്ത കുടുംബത്തിന്റെ രജിസ്ട്രേഷൻ നമ്പർ, അപേക്ഷകന്റെ പേര്, വിലാസം തുടങ്ങിയ വിശദവിവരങ്ങളാണ് ഈ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നത്.

**സി. തൊഴിൽ രജിസ്റ്റർ**

ആവശ്യപ്പെട്ട തൊഴിൽ, അനുവദിച്ചത്, നടന്ന പ്രവൃത്തി എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പേടുത്തുന്നു.

**ഡി. ആസ്തി രജിസ്റ്റർ**

തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട ആസ്തികളെ സംബന്ധിച്ച വിശദാംശങ്ങൾ എഴുതി സൂക്ഷിക്കുന്നു. അനുമതി ലഭിച്ചതും, നടപ്പിലാക്കിയതും പൂർത്തീകരിച്ചതുമായ എല്ലാ പ്രവൃത്തികളും സംബന്ധിച്ച വിവരങ്ങൾ ഈ രജിസ്റ്ററിലുണ്ടാകും.

**ഇ. മസ്റ്റർ റോൾ കൈപ്പറ്റ് രജിസ്റ്റർ**

**എഫ്. പരാതി രജിസ്റ്റർ**

**രേഖകൾ**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും പ്രോജക്ട് ഫയൽ ഉണ്ടായിരിക്കേണ്ടതാണ്. ഫയലിൽ ചുവടെ പറയുന്ന എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതുമാണ്.

1. പ്രോജക്ട് എസ്റ്റിമേറ്റ്
2. ജനകീയ എസ്റ്റിമേറ്റ്
3. ഭരണാനുമതി പകർപ്പ്
4. സാങ്കേതികാനുമതി രേഖ
5. പ്രോജക്ട് ഇനിഷിയേഷൻ മീറ്റിംഗിന്റെ ഫോട്ടോയും മിനിട്ട്സും
6. മസ്റ്റർ റോൾ
7. ബിൽ/മൂല്യനിർണ്ണയ ഫോറം പകർപ്പ്
8. പേയ്മെന്റ് സ്ലിപ് വിവരം

9. ബാങ്കിലേക്ക് പണം കൈമാറിയ  നടപടിക്രമം

10. പ്രവൃത്തി ഫോട്ടോകൾ (പ്രവൃത്തിയുടെ മുമ്പേ, നടക്കുമ്പോൾ, ശേഷം)

11. പ്രവൃത്തിയെടുക്കുന്നവരുടെ ഗ്രൂപ്പ് ഫോട്ടോ

12. അംഗീകരിക്കപ്പെട്ട പെറ്റി വൗച്ചറുകളുടെ പകർപ്പ്

13. മെഷർമെന്റ് ബുക്ക് പ്രസക്ത പേജുകളുടെ ഫോട്ടോകോപ്പി

14. പ്രവൃത്തി രേഖാ ട്രാക്കിംഗ് ചെക്ക് ലിസ്റ്റ്

*(പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫുകൾ ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യണം)*

ഓരോ പ്രോജക്ടിന്റെയും നിർവ്വഹണം പൂർത്തീകരിച്ച് പേയ്മെന്റുകൾ നൽകി കഴിഞ്ഞാൽ ഫയൽ കൃത്യമായി തുന്നിക്കെട്ടി പ്രത്യേകമായി സൂക്ഷിക്കേണ്ടതും അതാത് സമയത്ത് ഓഡിറ്റ്/സോഷ്യൽ ഓഡിറ്റ്/പൗരന്മാരുടെ പരിശോധനകൾക്ക് സമർപ്പിക്കേണ്ടതുമാണ്. ഓഫീസിൽ ഫയൽ സൂക്ഷിക്കാനുള്ള സൗകര്യം നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരുക്കേണ്ടതാണ്. ഫയൽ സൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്തം ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്കാണ്. രജിസ്റ്ററുകളും ഫയലുകളും കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതിൽ ചില ഗ്രാമപഞ്ചായത്തുകൾ വീഴ്ച വരുത്തിയിട്ടുണ്ട്. തൊഴിൽ കാർഡ് രജിസ്റ്ററിൽ ഫോട്ടോ പതിക്കാത്തതും സെക്രട്ടറി ഒപ്പിടാതിരിക്കുന്നതും ചില രജിസ്റ്ററുകൾ നാളിതുവരെ എഴുതിയിട്ടില്ലാത്തതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രജിസ്റ്ററുകളും ഫയലുകളും കൃത്യമായി എഴുതി സൂക്ഷിക്കാത്തത് പദ്ധതി നടത്തിപ്പിന്റെ സുതാര്യത പോലും ചോദ്യം ചെയ്യപ്പെടാനിടയാക്കും.

രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിൽ കണ്ടെത്തിയ അപാകതകൾ പട്ടികയിൽ ചേർത്തിരിക്കുന്നു.

| ക്രമ നം | ജില്ല | തദ്ദേശസ്വയം ഭരണ വകുപ്പ് | അപാകതകൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | പോത്തൻകോട് ഗ്രാ.പ. | രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നില്ല. തൊഴിൽ രജിസ്റ്ററും ആസ്തി രജിസ്റ്ററും അപൂർണ്ണം |
| 2 | | വാമനപുരം ഗ്രാ.പ. | തൊഴിൽ രജിസ്റ്റർ അപൂർണ്ണം. തൊഴിൽ അപേക്ഷകൾ, തൊഴിൽ അറിയിപ്പുകൾ, ഷെൽഫ് ഓഫ് പ്രോജക്ട് എന്നിവ സൂക്ഷിച്ചിട്ടില്ല. |
| 3 | കൊല്ലം | കിഴക്കേകല്ലട ഗ്രാ.പ. | തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ കാർഡിനായുള്ള അപേക്ഷ രജിസ്റ്റർ എന്നിവ നിർദ്ദിഷ്ട മാതൃകയിൽ അല്ല സൂക്ഷിച്ചിരിക്കുന്നത് |
| 4 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി ഗ്രാ.പ. | തൊഴിൽ അപേക്ഷ രജിസ്റ്റർ, തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ രജിസ്റ്റർ എന്നിവ അപൂർണ്ണം. ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ നാളിതുവരെ എഴുതി സൂക്ഷിച്ചിട്ടില്ല. മസ്റ്റർറോൾ കൈപ്പറ്റ് രജിസ്റ്റർ 2012-13 മുതൽ മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. പ്രവൃത്തികളുടെ ഫയൽ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. |
| 5 | കോട്ടയം | ഉദയനാപുരം ഗ്രാ.പ. | തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവയിൽ കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 6 | മലപ്പുറം | അരീക്കോട് ഗ്രാ.പ. | തൊഴിൽ രജിസ്ട്രേഷൻ രജിസ്റ്റർ, തൊഴിൽ കാർഡ് രജിസ്റ്റർ, തൊഴിൽ രജിസ്റ്റർ എന്നിവ അപൂർണ്ണം. മസ്റ്റർ റോൾ ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. |
| 7 | | മമ്പാട് ഗ്രാ.പ. | തൊഴിൽ കാർഡ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൊഴിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 8 | കണ്ണൂർ | എടക്കാട് ഗ്രാ.പ. | പ്രോജക്ട് ഫയൽ സൂക്ഷിക്കുന്നില്ല |
| 9 | കാസർഗോഡ് | തൃക്കരിപ്പൂർ ഗ്രാ.പ. | ആസ്തി രജിസ്റ്റർ, തൊഴിൽ ഡിമാന്റ് രജിസ്റ്റർ, മസ്റ്റർ റോൾ വിതരണ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. തൊഴിൽ കാർഡ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 10 | | കള്ളാർ ഗ്രാ.പ. | മസ്റ്റർ റോൾ രജിസ്റ്റർ, തൊഴിൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ അപൂർണ്ണം. ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തൊഴിൽ രജിസ്ട്രേഷനുള്ള അപേക്ഷ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. |

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ലയിലെ അലനല്ലൂർ, എലപ്പുള്ളി ഗ്രാമപഞ്ചായത്തുകൾ, തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്ത്, എന്നിവിടങ്ങളിൽ രജിസ്റ്ററുകളും ഫയലുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതായും കണ്ടെത്തി.

## 13. ജാഗ്രതാ മേൽനോട്ട കമ്മിറ്റികൾ (Vigilance and Monitoring Committee)

പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട എല്ലാ പ്രവൃത്തികൾക്കും, ഒരു പ്രാദേശിക ജാഗ്രതാ, മേൽനോട്ട കമ്മിറ്റി ഉണ്ടായിരിക്കണം. പണി നടക്കുന്ന സ്ഥലത്തെ നിവാസികൾ ഉൾക്കൊള്ളുന്ന ഈ കമ്മിറ്റി പണിയുടെ പുരോഗതിയും, ഗുണമേന്മയും ശ്രദ്ധിക്കുകയും ഉറപ്പുവരുത്തുകയും ചെയ്യും. ജാഗ്രതാ മേൽനോട്ട കമ്മിറ്റിയിൽ 7 അംഗങ്ങൾ ഉണ്ടായിരിക്കും. ഈ കമ്മിറ്റിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതും അതിൽ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെയും സ്ത്രീകളുടെയും പ്രാതിനിധ്യം ഉറപ്പാക്കുന്നതും ഗ്രാമസഭയായിരിക്കും. നിർവ്വഹണ ഏജൻസി പണിയെക്കുറിച്ചും, സമയ പരിധിയെക്കുറിച്ചും, ഗുണനിലവാര അളവുകോലുകളെക്കുറിച്ചുമുള്ള വിവരങ്ങൾ ഈ കമ്മിറ്റിയെ അറിയിക്കേണ്ടതാണ്. കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് കംപ്ലീഷൻ സർട്ടിഫിക്കറ്റിനോടൊപ്പം ചേർക്കുകയും ഇത് പണി നടപ്പാക്കപ്പെട്ട പഞ്ചായത്തിലെ ഗ്രാമസഭയുടെ അടുത്ത യോഗത്തിൽ വയ്ക്കുകയും ചെയ്യണം. പ്രാദേശിക ജാഗ്രതാ മേൽനോട്ട സമിതികളും ഗുണഭോക്താക്കളുടെ സമിതികൾ പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് രൂപീകരിക്കണം. ഓരോ പ്രവൃത്തിയും വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി തുടർ നിരീക്ഷണത്തിന് വിധേയമാക്കണം.

പരിശോധന നടത്തിയതിൽ നല്ലൊരു ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിജിലൻസ് ആന്റ് മോണിട്ടറിംഗ് സമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭകളിൽ വിജിലൻസ് ആന്റ് മോണിട്ടറിംഗ് സമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നുണ്ടെങ്കിലും അംഗങ്ങൾ എല്ലാ സൈറ്റുകളിലും പരിശോധന നടത്തുന്നില്ല. വർക്ക് ഫയലുകളിൽ മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തുന്നില്ല. സൈറ്റ് സന്ദർശിക്കുന്ന വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മിറ്റി അംഗങ്ങൾ സൈറ്റ് ഡയറികളിൽ ഏതെങ്കിലും വിധത്തിലുള്ള അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ രേഖപ്പെടുത്തുന്നില്ല. ഇപ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയ ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | തിരുവനന്തപുരം | വാമനപുരം |
| 2 | പത്തനംതിട്ട | തോട്ടപ്പുഴശ്ശേരി |
| 3 | കോട്ടയം | ഉദയനാപുരം |
| 4 | തൃശ്ശൂർ | മതിലകം |
| 5 | | കൊരട്ടി |
| 6 | | അവിണിശ്ശേരി |
| 7 | മലപ്പുറം | അരീക്കോട് |
| 8 | | കോഡൂർ |
| 9 | കോഴിക്കോട് | കീഴരിയൂർ |
| 10 | കണ്ണൂർ | കണിച്ചാർ |
| 11 | | എടക്കാട് |
| 12 | | എരഞ്ഞോളി |
| 13 | കാസർഗോഡ് | തൃക്കരിപ്പൂർ |
| 14 | | കള്ളാർ |

എന്നാൽ ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രതാ സമിതികൾ കൃത്യമായി തൊഴിൽ സ്ഥലം പരിശോധിക്കുകയും സൈറ്റ് ഡയറിയിൽ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എല്ലാ പ്രവർത്തികളുടെയും ഫൈനൽ ബില്ലിനോടൊപ്പം കമ്മിറ്റിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നുണ്ട്.

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് |
|---|---|---|
| 1 | എറണാകുളം | കാഞ്ഞൂർ |
| 2 | പാലക്കാട് | എലപ്പുള്ളി |
| 3 | | അലനല്ലൂർ |
| 4 | | വിളയൂർ |

## 14. സോഷ്യൽ ഓഡിറ്റ്

### സോഷ്യൽ ഓഡിറ്റ് ടീമിന്റെ പ്രവർത്തനം




വികസന പ്രവർത്തനത്തിന്റെ ഗുണനിലവാരം, സമയബന്ധിതമായ നിർവ്വഹണം, ഗുണഭോക്തൃ പ്രദേശം/ഗുണഭോക്താക്കളുടെ നീതിയുക്തമായ തെരഞ്ഞെടുപ്പ് എന്നിവ ഉറപ്പാക്കി മികച്ച ഫലപ്രാപ്തി കൈവരിക്കാൻ സഹായകമായ ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപാധിയാണ് സോഷ്യൽ ഓഡിറ്റ്. ഗ്രാമസഭാ പ്രദേശത്തെ ജനങ്ങൾ അവരുടെ അനുഭവത്തിന്റെയും ലഭ്യമായ രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ നേരിട്ട് നടത്തുന്ന വിലയിരുത്തലാണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും, ഗുണനിലവാരം പരിശോധിക്കുന്നതിനും അനുയോജ്യമായ സാങ്കേതിക വിദഗ്ധരെയോ, സ്ഥാപനങ്ങളെയോ ഗ്രാമസഭയ്ക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. സോഷ്യൽ ഓഡിറ്റ് എന്നത് വികസന പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചെലവാക്കുന്നതിനെപ്പറ്റിയും സമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവും നിർഭയവുമായ പരിശോധനയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്യുന്നതുമുതൽ തൊഴിൽ കാർഡു നൽകൽ, തൊഴിലിനപേക്ഷ സ്വീകരിക്കൽ, തൊഴിൽ നൽകൽ, കൂലി നൽകൽ, പ്രോജക്ടുകൾ തയ്യാറാക്കൽ, അനുമതി വാങ്ങൽ എന്നിങ്ങനെ ഈ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളുടെയും നടത്തിപ്പ്, ജയപരാജയങ്ങൾ, അപാകതകൾ തുടങ്ങി എല്ലാ വിഷയങ്ങളും പരിശോധിക്കുവാനും അതുവഴി പദ്ധതി നടത്തിപ്പിന്റെ സമഗ്രമായൊരു വിവരം ഗുണഭോക്താക്കൾക്കു ലഭിക്കുന്നുവെന്നുറപ്പു വരുത്തുകയുമാണ് സോഷ്യൽ ഓഡിറ്റ് ലക്ഷ്യം വയ്ക്കുന്നത്.

തൊഴിലുറപ്പ് പദ്ധതിയുടെ വാർഡ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഗ്രാമസഭയിൽ നിന്നും താഴെപ്പറയും പ്രകാരം സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുക്കേണ്ടതാണ്.

1. ഗ്രാമസഭ ഐകകണ്ഠേന തെരഞ്ഞെടുക്കുന്ന വ്യക്തി (ചെയർപേഴ്സൺ)
2. വിദഗ്ധ(ൻ) (സെക്രട്ടറി )
3. ഗ്രാമസഭയിൽ നിന്നും തെരഞ്ഞെടുക്കുന്ന 3 പേർ (2 പേർ സ്ത്രീകളായിരിക്കണം)
4. വാർഡിന് പുറത്ത് താമസക്കാരായ 2 സാമൂഹ്യപ്രവർത്തകർ (ഒരാൾ സ്ത്രീയായിരിക്കണം)
5. തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധമില്ലാത്ത ഒരു എഞ്ചിനീയർ
6. പട്ടികജാതി പ്രതിനിധി
7. പട്ടികവർഗ്ഗ പ്രതിനിധി
8. കർഷക പ്രതിനിധി
9. കർഷക തൊഴിലാളി പ്രതിനിധി

സോഷ്യൽ ഓഡിറ്റ് ടീമിലെ അംഗങ്ങളിൽ ചുരുങ്ങിയത് 50% എങ്കിലും സ്ത്രീകളായിരിക്കണം. അതുപോലെ വാർഡിലെ ജനസംഖ്യയ്ക്കാനുപാതികമായ പ്രാതിനിധ്യം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ടീമിൽ ഉറപ്പുവരുത്തേണ്ടതാണ്.

പാലക്കാട് ജില്ലയിലെ അലനല്ലൂർ ഗ്രാമപഞ്ചായത്തിലും എലപ്പുള്ളി ഗ്രാമപഞ്ചായത്തിലും സോഷ്യൽ ഓഡിറ്റ് ഏറെക്കുറെ കൃത്യമായി നടന്നുവരുന്നു. എന്നാൽ സോഷ്യൽ ഓഡിറ്റിന്റെ അടിസ്ഥാനത്തിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് തൊട്ടടുത്ത ഗ്രാമസഭയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല.

## സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ

2005 ലെ ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ 17-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പ്രോജക്ടു കളുടെയും പദ്ധതികളുടെയും നിർവ്വഹണത്തിൽ ഫലപ്രാപ്തി, ധനവിനിയോഗം, ഗുണഭോക്തൃ പ്രദേശത്തിന്റെ തെര ഞ്ഞെടുപ്പ് തുടങ്ങിയ ഘടകങ്ങളെപ്പറ്റി വിലയിരുത്താൻ പൊതുജനങ്ങൾക്കും സേവനത്തിന്റെ അവകാശികൾക്കും അവസരം നൽകുക എന്നതാണ് സോഷ്യൽ ഓഡിറ്റിന്റെ അടിസ്ഥാന ലക്ഷ്യം. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ സഭയിൽ അവതരിപ്പിക്കേണ്ടതും വിശദമായി ചർച്ച നടത്തേണ്ടതുമാണ്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടി ക്കാട്ടിയുള്ള അപാകതകൾ പരിഹരിക്കാൻ സമയബന്ധിതമായി നടപടിയെടുക്കേണ്ടതും ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമസഭയിൽ സമർപ്പിക്കേണ്ടതുമാണ്.

പരിശോധിച്ച മിക്ക ജില്ലകളിലെയും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളിലെ ജനപങ്കാളിത്തം കുറവാണ്. ഗ്രാമസഭകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയോ യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. സോഷ്യൽ ഓഡിറ്റ് ടീമുകൾക്ക് ആവശ്യമായ പരിശീലനം നൽകുകയോ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭകളിൽ വച്ച് ചർച്ച ചെയ്യപ്പെടുകയോ ചെയ്യുന്നത് വിരളമായി ട്ടാണ്. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്ന അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ മിക്ക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും എടുക്കുന്നില്ല. പ്രവർത്തനാവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി പരിശോധന നട ത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ അവതരി പ്പിച്ചിട്ടുണ്ടെങ്കിലും വിശദമായി ചർച്ച നടത്തിയതിന്റെ രേഖകളില്ല. മലപ്പുറം ജില്ലയിലെ അരീക്കോട് ഗ്രാമപഞ്ചായ ത്തിൽ സോഷ്യൽ ഓഡിറ്റ് കമ്മിറ്റി രൂപീകരിച്ചുവെങ്കിലും കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് ഒരു ഗ്രാമസഭയിലും അവതരിപ്പിച്ചിട്ടില്ല. കൂടാതെ അടുത്ത ഗ്രാമസഭ സംബന്ധിച്ച തീരുമാനവും ഗ്രാമസഭകളിൽ എടുത്തിട്ടില്ല. ഗ്രാമപ ഞ്ചായത്തിലെ ആകെയുള്ള 18 വാർഡുകളിൽ 3 വാർഡുകളിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തിയിട്ടില്ല. കണ്ണൂർ ജില്ലയിലെ എടയ്ക്കാട് ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ കോറം തികഞ്ഞിട്ടില്ല. ശരാശരി 35 പേർ മാത്രമേ യോഗത്തിൽ പങ്കെടുത്തിട്ടുള്ളൂ. സോഷ്യൽ ഓഡിറ്റിനായുള്ള പ്രത്യേക ഗ്രാമസഭയുടെ അദ്ധ്യക്ഷ പദവി പഞ്ചായത്തിനുവെളിയിലുള്ള പൊതു സമ്മതനായ ഒരു വ്യക്തിക്ക് നൽകേണ്ടതാണെങ്കിലും എടയ്ക്കാട് ഗ്രാമപഞ്ചായ ത്തിലെ (സോഷ്യൽ ഓഡിറ്റ്) ഗ്രാമസഭകളിൽ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മെമ്പർമാർ എന്നിവരാണ് അദ്ധ്യക്ഷ്യം വഹിച്ചിരിക്കുന്നത്. ജാഗ്രതാ മേൽനോട്ട കമ്മിറ്റി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, എ.ഡി.എസ്. വോളണ്ടിയർമാർ എന്നിവർ ഒന്നും തന്നെ ഗ്രാമസഭയിൽ പങ്കെടുത്തിട്ടില്ല. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ നിർബ ന്ധിത അജണ്ട പാലിച്ചിട്ടില്ല.

എന്നാൽ (സോഷ്യൽ ഓഡിറ്റ്) ഗ്രാമസഭകളിലെ ജനപങ്കാളിത്തത്തിന്റെ കാര്യത്തിലും, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ വിശദമായ ഗ്രൂപ്പ് ചർച്ചയ്ക്ക് വിധേയമാക്കി തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിലും പാലക്കാട് ജില്ലയിലെ അലനല്ലൂർ, എലപ്പുള്ളി ഗ്രാമപഞ്ചായത്തുകൾ ഉത്തമ മാതൃകയാണ്.

സോഷ്യൽ ഓഡിറ്റ് നടത്തുന്നതിൽ ഗുരുതരമായ വീഴ്ചകളാണ് പരിശോധന നടത്തിയ മറ്റുള്ള ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടെത്തിയത്.

തിരുവനന്തപുരം ജില്ലയിലെ വാമനപുരം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് അംഗങ്ങൾ പണി നടന്നു കൊണ്ടിരിക്കുമ്പോൾ പരിശോധന നടത്താറില്ല. പദ്ധതി നടത്തിപ്പിന്റെ വിവിധ വശങ്ങൾ പരിശോധിക്കുകയോ ശുപാർശ കൾ നൽകുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിയ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ പദ്ധ തിയുടെ പേരും അതിന്റെ ചെലവും മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്.

പത്തനംതിട്ടയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി അംഗീകരിച്ചതിനുശേഷം നാളി തുവരെ കാര്യമായ രീതിയിലുള്ള സോഷ്യൽ ഓഡിറ്റിംഗ് നടത്തിയിട്ടില്ല. 2011-12 വർഷത്തെ സോഷ്യൽ ഓഡിറ്റ് സംഗമം ഓഡിറ്റ് പരിശോധന നടത്തിയ കാലയളവിൽ പോലും നടത്തിയിട്ടില്ല. 2008-09 വർഷം മാത്രമാണ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

ഇടുക്കി ജില്ലയിലെ മരിയാപുരം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്ക് നൽകിയിട്ടുണ്ടെങ്കിലും ഭരണ സമിതി റിപ്പോർട്ട് ചർച്ച ചെയ്തിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ മതിലകം ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ അപാകത കൾ പരിഹരിക്കാൻ പഞ്ചായത്ത് അധികൃതർ നടപടി സ്വികരിക്കുകയോ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല.

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് സമിതിയെ തെരഞ്ഞെടുക്കുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചതായി കാണുന്നില്ല. പല വാർഡുകളിലും സോഷ്യൽ ഓഡിറ്റ് സമിതി അംഗങ്ങളായി ഏതാനും പേരെ തെരഞ്ഞെടുത്തു എന്ന് എഴുതി പേര് രേഖപ്പെടുത്തുക മാത്രമാണ് ചെയ്തത്. തെരഞ്ഞെടുത്ത ഒരു സമിതി പോലും പരിശോധനാ കലണ്ടർ തയ്യാറാക്കുകയോ, പ്രവൃത്തി സ്ഥലങ്ങളുടെ പരിശോധന, വിവരശേഖരണം, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തിയിട്ടില്ല. മലപ്പുറം ജില്ലയിൽ ഓഡിറ്റ് നടത്തിയ അരീക്കോട് ഗ്രാമപഞ്ചായത്തിലും സമാനമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് തയ്യാറാക്കിയ അംഗങ്ങളുടെ പേരു വിവരം സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലില്ല. റിപ്പോർട്ട് ഒന്നും തന്നെ സോഷ്യൽ ഓഡിറ്റ് ടീം ഒപ്പ് വച്ചിട്ടില്ല. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന്റെ വിവരം ലഭ്യമല്ല. സോഷ്യൽ ഓഡിറ്റ് ടീമിന് പരിശീലനം നൽകിയതിന്റെയും സാമൂഹ്യക ണക്കെടുപ്പ് ഭൗതിക പരിശോധന, പബ്ലിക് ഹിയറിംഗ് എന്നിവ നടത്തിയതിന്റെയും വിവരങ്ങൾ ഒന്നും ലഭ്യമല്ല. പരി ശോധനാ കലണ്ടർ തയ്യാറാക്കിയിട്ടില്ല. കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിലും , കാസർഗോഡ് ജില്ല യിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലും സമാനമായ അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഓഡിറ്റ് പരിശോധന നടത്തിയതിൽ പാലക്കാട് ജില്ല ഒഴികെയുള്ള സ്ഥലങ്ങളിൽ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് പൊതുവായി കണ്ട അപാകതകൾ ഇവയാണ്.

1. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് മിക്കയിടത്തും ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല.
2. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല.
3. മിക്ക സ്ഥലങ്ങളിലും സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ പണി നടന്നുകൊണ്ടിരിക്കുമ്പോൾ പരിശോ ധനകൾ ഒന്നും നടത്തുന്നില്ല.

വേതന വിതരണം കൃത്യമായി നടക്കുന്നില്ല എന്ന പരാമർശം മിക്ക സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിലുമുണ്ട്. തൊഴിലുറപ്പ് പദ്ധതിക്കായി പഞ്ചായത്ത് ചെലവഴിച്ച പണത്തെ സംബന്ധിച്ചുള്ള ഒരു ഓഡിറ്റ് മാത്രമായി സോഷ്യൽ ഓഡിറ്റ് സംവിധാനത്തെ കാണാതെ പദ്ധതി നടത്തിപ്പിലെ പരാതികൾ എന്തെല്ലാമാണെന്നും തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന അധികാരാവകാശങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്നുള്ള ജനകീയ പരിശോധനയും നടത്തേണ്ടതാണ്. പരാതികൾ തുറന്ന വേദിയിലൂടെ തന്നെ പരിഹരിക്കേണ്ടതുമാണ്. സോഷ്യൽ ഓഡിറ്റ് സംവിധാന ത്തിലെ പാളിച്ചകൾ പരിശോധിച്ച് അവയുടെ പ്രവർത്തനം ലക്ഷ്യത്തിലെത്തിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 3.4.6. നിഗമനങ്ങൾ

1. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിന് വേണ്ടി അപേക്ഷ സ്വീകരിക്കുന്നതിലും തൊഴിൽ കാർഡ് വിതരണത്തിലും വീഴ്ചകളുണ്ട്. പ്രചാരണത്തിന്റെ അഭാവംമൂലം അർഹതപ്പെട്ട കുടുംബങ്ങളുടെ രജിസ്ട്രേഷൻ നടക്കുന്നില്ല.
2. ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മ പദ്ധതി എന്നിവ സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കാതെ തയ്യാറാക്കുന്നതിനാൽ യഥാർത്ഥ പദ്ധതി ആവശ്യങ്ങൾ, തൊഴിൽ ആവശ്യകത എന്നിവ വാർഷിക കർമ്മ പദ്ധതിയിൽ പ്രതിഫലിക്കുന്നില്ല.
3. തൊഴിലുറപ്പ് പദ്ധതിയുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും മേൽനോട്ടത്തിലും ഗ്രാമസഭകളുടെ പങ്കാളിത്തം തൃപ്തികരമല്ല.
4. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പെരുപ്പിച്ചു കാണിക്കുന്ന പ്രവണത ഗ്രാമപഞ്ചായത്തുകളിൽ നിലനിൽക്കുന്നു.
5. നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് പ്രവൃത്തികൾ നടത്തുകയും ചെയ്യണമെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾ ഗൗരവത്തോടെ നടപ്പാക്കിയില്ല.

6 തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിലും സംരക്ഷിക്കുന്നതിലും വീഴ്ച കാണുന്നു. ഉപകരണങ്ങളുടെ വാടക ഇടപാടുകളും തൃപ്തികരമല്ല.

7. പദ്ധതി നിർവ്വഹണത്തിൽ കുടുംബശ്രീയുടെ പങ്കാളിത്തം ഫലപ്രദമായിരുന്നു. ഗ്രാമീണ വനിതകളെ പദ്ധതിയിലേക്ക് ആകർഷിക്കാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്.
8. പ്രവൃത്തികളുടെ മസ്റ്റർ റോൾ തയ്യാറാക്കുന്നതിൽ ക്രമക്കേട് നടക്കുന്നുണ്ട്. കൃത്യസമയത്ത് ഫണ്ട് ലഭ്യമാക്കാത്തതും, പ്രവൃത്തികളുടെ ബിൽ തയ്യാറാക്കുന്നതിലെ കാലതാമസവും കാരണം വേതനവിതരണത്തിൽ കാലതാമസമുണ്ട്. വേതനം കുറവായതുമൂലം പുരുഷന്മാർ പദ്ധതി പ്രവർത്തികളിൽ ജോലിക്ക് വരുന്നില്ല.
9. സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക എന്ന പദ്ധതി ലക്ഷ്യം നടപ്പാക്കാൻ മിക്ക ഗ്രാമപഞ്ചായത്തുകൾക്കും കഴിഞ്ഞിട്ടില്ല.
10. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ ചില സ്ഥാപനങ്ങൾ വീഴ്ച വരുത്തിയിട്ടുണ്ട്.
11. പദ്ധതിയുടെ വിജിലൻസ് & മോണിറ്ററിംഗ് സമിതികളും സാമൂഹ്യ ഓഡിറ്റ് സംവിധാനവും ഫലപ്രദമല്ല.

# 3.4.7. ശുപാർശകൾ

1. അർഹതപ്പെട്ട മുഴുവൻ കുടുംബങ്ങളും എല്ലാവർഷവും തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തെന്ന് ഉറപ്പുവരുത്താൻ പ്രചാരണം, സർവ്വേ, രജിസ്ട്രേഷൻ വാരാചരണം എന്നിവ നടത്താൻ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുക.
2. തൊഴിൽ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി എന്നിവ സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിക്കാതെ തയ്യാറാക്കുന്ന സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം കൈമാറാതിരിക്കുക.
3. തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമസഭകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ ഫലപ്രദമാക്കുന്നതിനും പഞ്ചായത്ത് അംഗങ്ങൾക്കും ഗ്രാമസഭാ കോ-ഓഡിനേറ്റർമാർക്കും പ്രത്യേക പരിശീലനം നൽകുക.
4. തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ തകർക്കുന്ന രീതിയിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പെരുപ്പിച്ച് കാണിക്കുന്നത് തടയാൻ പ്രത്യേക പരിശോധനാ സംവിധാനം ഏർപ്പെടുത്തുക.
5. നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കാനും അതനുസരിച്ച് പ്രവർത്തികൾ ഏറ്റെടുക്കാനും കർശന നിർദ്ദേശം നൽകുക. നെൽകൃഷിയുമായി ബന്ധപ്പെട്ട മുഴുവൻ ജോലികളും തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകുക.
6. തൊഴിൽ ഉപകരണങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്ത്തലത്തിൽ തൊഴിലുപകരണ വാടക കേന്ദ്രങ്ങൾ ആരംഭിക്കുക.

7 തൊഴിലുറപ്പ് പദ്ധതിയിൽ മാതൃകാപരമായി പങ്കാളിത്തം വഹിക്കുന്ന കുടുംബശ്രീ സി.ഡി.എസ്സുകൾക്കും എ.ഡി.എസ്സുകൾക്കും ജില്ലാ-സംസ്ഥാനതലത്തിൽ അവാർഡ് ഏർപ്പെടുത്തുക.

8 തൊഴിലുറപ്പ് പദ്ധതിയിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന വേതനത്തിന് പുറമെ സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി വേതന ഘടന പരിഷ്ക്കരിച്ച് പദ്ധതി ആകർഷകമാക്കുക. വേതനവിതരണത്തിലെ കാലതാമസം ഒഴിവാക്കുക.

9 മൊത്തം പദ്ധതി ചെലവിന്റെ നിശ്ചിത ശതമാനം സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കാൻ മാറ്റിവയ്ക്കണമെന്ന നിബന്ധന ഏർപ്പെടുത്തുക.

10 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകളും, രജിസ്റ്ററുകളും പൂർണ്ണമായും കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കാൻ നടപടി സ്വീകരിക്കുക.

11. പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് മാർഗ്ഗരേഖ പുനഃപരിശോധിച്ച് അപ്രായോഗിക നിർദ്ദേശങ്ങൾ ഒഴിവാക്കുക. പഞ്ചായത്ത്തല സോഷ്യൽ ഓഡിറ്റ് സംവിധാനം പുനഃക്രമീകരിക്കുക.

## അധ്യായം – 4

# തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ശ്രദ്ധേയമായ ഓഡിറ്റ് നിരീക്ഷണങ്ങൾ

## 4.1. കൊല്ലം ജില്ല

### 4.1.1. പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

**കുളക്കട ഗ്രാമപഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2010 – 11**
**ഖണ്ഡിക 3(9)**

- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി, ധനസഹായാർഹത പരിശോധിക്കാതെയും, അധികരിച്ച നിരക്കിലും സബ്സിഡി വിതരണം ചെയ്തു.
- പദ്ധതി നടപ്പിലാക്കാനുള്ള അടിസ്ഥാന ഘടകങ്ങൾ സൊസൈറ്റിക്കുണ്ടോ എന്ന് വിലയിരുത്താതെ ആനുകൂല്യം നൽകി.
- വികസന ഫണ്ടിൽ നിന്നും 5,02,052/- രൂപ ചെലവഴിച്ച പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി സർവ്വീസ് സഹകരണ സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് വാങ്ങി നൽകുന്നതിന് വികസനഫണ്ടിൽ നിന്നും 5,02,052/- രൂപ (ബിൽ നം.252/10-11/10.08.2010) ചെലവഴിച്ചു. (പ്രോജക്ട് നം. 181/2011) പ്രസ്തുത യൂണിറ്റിന് പേപ്പർ ഗ്ലാസ്സ്, പേപ്പർ പ്ലേറ്റ്, പേപ്പർ ബാഗ് എന്നിവ ഉണ്ടാക്കുന്നതിനുള്ള മെഷീൻ, അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി നൽകിയതിനാണ് തുക ചെലവഴിച്ചത്. ജി.ഒ(എം. എസ്) 183/07/തസ്വഭവ, തീയതി 24.07.2007, ജി.ഒ(ആർ.ടി) 3246/09/തസ്വഭവ, തീയതി 07.12.2009 എന്നിവ പ്രകാരം സൊസൈറ്റി ആനുകൂല്യത്തിനർഹമാണോ എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ട് ചെലവിന്റെ 50% മാത്രമേ സബ്സിഡി നൽകാവൂ എന്ന വ്യവസ്ഥയും പാലിക്കാതെ 100% സബ്സിഡി അനുവദിച്ചു നൽകുകയും ചെയ്തു. ഉപകരണങ്ങൾ 31.07.2010 ൽ പഞ്ചായത്ത് സെക്രട്ടറി സഹകരണ സംഘത്തിന് കൈമാറിയെങ്കിലും ബന്ധപ്പെട്ട കരാർ ചമച്ചിരിക്കുന്നത് 12.08.2010 ൽ മാത്രമാണ്.

പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. 31.07.2010 മുതൽ നാളിതുവരെ കേവലം 650/-രൂപയുടെ വരവ് മാത്രമേ സൊസൈറ്റിക്ക് ഉണ്ടായിട്ടുള്ളൂ. ഇതിൽ നിന്നും സൊസൈറ്റിക്ക് വരുമാന വർദ്ധനവ് എന്ന ലക്ഷ്യം കൈവരിച്ചില്ല എന്നത് വ്യക്തമാകുന്നു. യന്ത്രോപകരണങ്ങളും അസംസ്കൃത വസ്തുക്കളും സൊസൈറ്റിയിൽ ഉപയോഗശൂന്യമായി സൂക്ഷിച്ചിരിക്കുന്നതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം, തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം, ധനസഹായത്തിനുള്ള അർഹത തുടങ്ങിയ പദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളൊന്നും വിലയിരുത്താതെ 100% സബ്സിഡിയിൽ ഉപകരണങ്ങൾ വിതരണം ചെയ്തത് നീതികരിക്കാവുന്നതല്ല.

21.01.2013 ലെ കൊല്ലം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ എൽ.എഫ്.ക്യൂ.പി.ജി/1747/2012-ാം നമ്പർ കത്ത് മുഖേന മേൽ പരാമർശം സമാഹൃത റിപ്പോർട്ടിലേക്ക് ഉൾപ്പെടുത്തുന്ന വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**ഉത്തരവാദിയായ ഉദ്യോഗസ്ഥൻ** : ശ്രീ ജോസ് .ജി
സെക്രട്ടറി
"പൂർണ്ണിമ" പന്തപ്ലാവ് പി.ഒ, പട്ടാഴി
കൊല്ലം.

## 4.1.2. റോഡ് പുനർനിർമ്മാണ നിരക്ക് ഈടാക്കിയതിൽ കുറവ് – നഷ്ടം 1,20,69,104/– രൂപ

**പരവൂർ നഗരസഭ** — **ഓഡിറ്റ് റിപ്പോർട്ട് 2009–10**
**ഖണ്ഡിക 3(15)**

- റോഡ് റസ്റ്ററേഷൻ ചാർജിന് വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ അംഗീകരിച്ചത് മൂലം നഷ്ടം
- അനുവദനീയമായ നിരക്ക് മുനി.എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയെങ്കിലും യഥാസമയം കൗൺസിലിനെ ബോധ്യപ്പെടുത്തിയില്ല.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മീനാട് ശുദ്ധജല വിതരണ പദ്ധതിക്കു വേണ്ടി കുഴിച്ച മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള 82 റോഡുകൾ പുന : നിർമ്മിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നും പി.ഡബ്ല്യൂ.ഡി നിരക്കിൽ തുക ഈടാക്കാതിരുന്നത് മൂലം നഗരസഭയ്ക്ക് 1,20,69,104/- രൂപയുടെ നഷ്ടം ഉണ്ടായി.

മുനിസിപ്പൽ റോഡ് റസ്റ്ററേഷൻ കരാറുകാരന്റെ പരിധിയിൽ വരുന്നതല്ല എന്ന വാട്ടർ അതോറിറ്റിയുടെ 25.08.2009 ലെ KWA/JBIC/HQ/M Section/3174/07 vol.II (Part) നം. ഉത്തരവ് പ്രകാരം റോഡുകളുടെ പുനർനിർമ്മാണം യഥാവിധി നടപ്പാക്കിയില്ല. കൂടാതെ വാട്ടർ അതോറിറ്റി ഈ ചുമതല മുനിസിപ്പാലിറ്റിയെ ഏൽപ്പിച്ചു. എം$^2$ ന് 333/-രൂപ നിരക്കിൽ റോഡ് റസ്റ്ററേഷൻ ചാർജ് നൽകാമെന്ന വാട്ടർ അതോറിറ്റിയുടെ ഓഫർ 27.07.2009 ലെ കൗൺസിൽ യോഗം 2-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം വാട്ടർ അതോറിറ്റി രണ്ടു ഘട്ടങ്ങളിലായി 1,06,64,510/-രൂപ നൽകി (26,011 എം$^2$ റോഡ് പുന: സ്ഥാപിക്കുന്നതിന് എം$^2$ ന് 410/-രൂപ നിരക്കിലാണ് നൽകിയത്).

01.04.2009 ലെ പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ പ്രകാരം റോഡ് പുനർനിർമ്മാണത്തിന്റെ നിരക്ക് എം$^2$ ന് 874/- രൂപയാണെന്ന് മുനി. എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സെക്രട്ടറിയോ, മുനിസിപ്പൽ എഞ്ചിനീയറോ, നഗരസഭാ കൗൺസിലിനെ വസ്തുതകൾ ബോധ്യപ്പെടുത്തിയിട്ടില്ല. അക്കാരണത്താൽ വാട്ടർ അതോറിറ്റിയുടെ കുറഞ്ഞ നിരക്കിലുള്ള ഓഫർ അംഗീകരിച്ച മുനിസിപ്പൽ കൗൺസിലിന്റെ തീരുമാനം 1,20,69,104/-രൂപയുടെ നഷ്ടത്തിന് ഇടയാക്കി (26,011 x 874 = 2,27,33,614 - 1,06,64,510).

മേൽ പരാമർശം സമാഹൃത റിപ്പോർട്ടിലുൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് കൊല്ലം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21.01.2013 ലെ എൽ.എഫ്.ക്യൂ/പി.ജി/1747/2013-ാം നമ്പർ കത്തിന് മറുപടി ലഭ്യമാക്കിയില്ല.

**ഉത്തരവാദിയായ ഉദ്യോഗസ്ഥർ** :

1) ശ്രീ. കെ. രാജേന്ദ്രൻ പിള്ള
മുനിസിപ്പൽ എഞ്ചിനീയർ
ചൈത്രം, കോട്ടപ്പുറം
പരവൂർ, കൊല്ലം

2) ശ്രീ. ബി. മോഹനൻ നായർ
സെക്രട്ടറി
കളത്തിൽ, റ്റി.സി 31/825(1)
പള്ളിയിൽ ലെയിൻ
പേട്ട, തിരുവനന്തപുരം